അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി - ജനകീയ പദ്ധതി

ആര്യൻകോട്
ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസനരേഖ

## 1997 - 2002

2-5

"നമ്മളെന്തു ചെയ്യണം
നമ്മൾ നിശ്ചയിക്കണം"

## ഒൻപതാം പദ്ധതി
## ജനകീയ പദ്ധതി

# സമഗ്ര വികസന റിപ്പോർട്ട്...

ആര്യൻകോട്
ഗ്രാമ പഞ്ചായത്ത്

# TRIVANDRUM DISTRICT





# സമർപ്പണം

*മണ്ണിൻെറ മണമുള്ള ഈ*
*പഞ്ചായത്തിലെസമസ്ത*
*ജനങ്ങളുടേയും നിത്യജീവിതത്തെ*
*സംപുഷ്ടമാക്കി നാടിൻെറ*
*പ്രതിച്ഛായ മാറ്റാൻ, ആവുന്നത്ര*
*വിധത്തിൽ ഈ വികസന*
*റിപ്പോർട്ടിലൂടെ ശ്രമിച്ചിട്ടുണ്ട്*
*വിലയേറിയ ചർച്ചയ്ക്കും*
*നിർദ്ദേശങ്ങൾക്കും വേണ്ടി*
*ബഹുജന സമക്ഷം സമർപ്പിക്കുന്നു.*

*സവിനയം*

***പി. കരുണാകരൻ നായർ***
*പ്രസിഡൻറ്*

# ഒരുവാക്ക്......

ഒൻപതാംപദ്ധതി ജനകീയപദ്ധതിയായി രൂപപ്പെടുത്തി വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി ആസൂത്രണം ചെയ്യപ്പെടുകയാണല്ലോ. ഈ പ്രക്രിയ ജനങ്ങൾക്കിടയിൽ കുടികൊള്ളുന്ന നിസംഗത മാറ്റുകയും വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വളരെ വർദ്ധിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആര്യൻകോട് പഞ്ചായത്തിൽ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമതയോടും ഊർജ്ജസ്വലതയോടും കൂടിനടത്തുവാൻ കഴിഞ്ഞു എന്ന് അഭിമാനത്തോടെ അറിയിച്ചുകൊള്ളട്ടെ. ഇവിടെ വിശേഷാൽഗ്രാമസഭകൾ മുതൽ പ്രാഥമികവിവരശേഖരണം, ദ്വിതീയവിവരശേഖരണം, പഠനപര്യടനം, കാരണവർ സമ്മേളനം ചരിത്രപഠനം എന്നീ പ്രവർത്തികൾ വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടി നടത്തി. അത്തരത്തിൽ ഒരു സമഗ്രമായ വികസനരേഖ തയ്യാറാക്കാൻ സഹകരിച്ച എല്ലാവരോടുമുള്ള കടപ്പാട് സ്നേഹാദരപൂർവ്വം സ്മരിച്ചുകൊണ്ട്.....

കെ. ചന്ദ്രമതിയമ്മ
കൺവീനർ ഡി.ആർ.പി



"സ്വന്തം ശ്രമംകൊണ്ട് തങ്ങളുടെ
സ്ഥിതിക്ക് മാറ്റം വരുത്താമെന്ന്
എപ്പോൾ ജനസമൂഹത്തിന് തോന്നുന്നുവോ
അപ്പോൾ മാത്രമാണ് ഭാരതം
പൂർണ്ണ സ്വാതന്ത്ര്യം നേടുക."

# സന്ദേശം

തിരുവനന്തപുരം
20-12-1996



ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്

സുഹൃത്തേ,

18-12-96ന്റെ കത്തുകിട്ടി.
നിങ്ങളുടെ സംരംഭങ്ങൾക്ക്
എന്റെ ആശംസകൾ

സ്നേഹപൂർവ്വം

ഒപ്പ്

# സന്ദേശം

തിരുവനന്തപുരം
24-12-1996



ഇ.കെ. നായനാർ
കേരള മുഖ്യമന്ത്രി

ആര്യൻകോട് ഗ്രാമ പഞ്ചായത്തിൻെറ
വികസന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു
എന്നറിഞ്ഞതിൽ സന്തോഷം.
ഈ സംരംഭത്തിൻെറ വിജയത്തിന്
എല്ലാവിധ ആശംസകളും.

ഇ.കെ. നായനാർ
ഒപ്പ്

# സന്ദേശം

തിരുവനന്തപുരം
23-12-1996



**എ.കെ. ആൻറണി**
**പ്രതിപക്ഷനേതാവ്**

ആര്യൻകോട് ഗ്രാമ പഞ്ചായത്ത് ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ഒരു വികസന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു എന്ന് അറിയുന്നതിൽ സന്തോഷമുണ്ട്.


എന്റെ സ്നേഹനിർഭരമായ ആശംസകൾ

എ.കെ. ആൻറണി

ഒപ്പ്

# സന്ദേശം

തിരുവനന്തപുരം
24-12-1996



**പാലൊളി മുഹമ്മദ്കുട്ടി**
**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി**

പ്രിയപ്പെട്ട പ്രസിഡൻറ്

ആര്യൻകോട് പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ജനകീയ ആസൂത്രണ പരിപാടിയോട് അനുബന്ധിച്ച് നടക്കുന്ന വികസന സെമിനാറിന് ഭാവുകങ്ങൾ നേരുന്നു.

ജനകീയ പങ്കാളിത്തത്തോടെ ആസൂത്രണ രംഗത്ത് പുതിയൊരു മാറ്റം സൃഷ്ടിക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. വികസന രംഗത്ത് നിലനിൽക്കുന്ന മുരടിപ്പിന് വിരാമമിടാൻ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതികൾക്ക് കഴിയും എന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്. സ്വന്തം പഞ്ചായത്തിൻെറ സംസ്കാരവും ചരിത്രവും മനസ്സിലാക്കാനും പരിമിതികളും സാദ്ധ്യതകളും വിലയിരുത്താനും വികസന സെമിനാറിന് കഴിയട്ടെ എന്നാശംസിക്കുന്നു.

സസ്നേഹം,

പാലൊളി മുഹമ്മദ്കുട്ടി

ഒപ്പ്

# സന്ദേശം

തിരുവനന്തപുരം
24-12-1996



**ഡി. ആംബ്രോസ്**
പ്രഥമ പഞ്ചായത്ത് പ്രസിഡൻറ്

ആര്യൻകോട് ഗ്രാമ പഞ്ചായത്തിൻെറ വികസന രേഖ തയ്യാറാക്കിയതിൽ എൻെറ അറിവുകളും അഭിപ്രായങ്ങളും പ്രയോജനപ്പെടുത്തി എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ലക്ഷ്യത്തിൽ എത്തട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

ആംബ്രോസ്
ഒപ്പ്

ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്
സ്മരണ പുതുക്കുന്നു.

ജി. റസാലം
മുൻ പഞ്ചായത്ത് മെമ്പർ


കാവല്ലൂർ
എൻ. ജനാർദ്ദനൻ നായർ
മുൻ പഞ്ചായത്ത് മെമ്പർ

വികസന റിപ്പോർട്ട്
തയ്യാറാക്കുന്ന
ഈ വേളയിൽ
ഇവരെക്കുറിച്ച്
നാം ഓർമ്മിക്കുന്നു.

തിരുവനന്തപുരം ജില്ല
നെയ്യാറ്റിൻകര താലൂക്ക്
കീഴാറൂർ വില്ലേജ്
ആര്യൻകോട് പഞ്ചായത്ത്

# ആര്യൻകോട് ഗ്രാമപഞ്ചായത്ത് ഭൂപടം

വിസ്തീർണ്ണം. 2,177.58 ഹെക്ടർ (21.78 Sq.K.M.)



## നിലവിലുള്ള പഞ്ചായത്ത്
## ഭരണ സമിതി അംഗങ്ങൾ



ശ്രീമതി. ജെ. ലില്ലിഭായി
വൈസ് പ്രസിഡൻറ്



ശ്രീമതി. പി. തങ്കം
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

ശ്രീ. എസ്. തുളസീധരൻ നായർ
*സ്റ്റാൻറിംഗ് കമ്മിറ്റി അംഗം*
ശ്രീ. എം. വർഗ്ഗീസ്
*സ്റ്റാൻറിംഗ് കമ്മിറ്റി അംഗം*

ശ്രീ. ജി. രാജശേഖരൻ നായർ
ശ്രീ. ആർ. ആൽബർട്ട്
ശ്രീ. വി. തങ്കമണി
ശ്രീമതി. റ്റി. ശൈലജകുമാരി തങ്കച്ചി
കുമാരി രാജാമേബൽ

ശ്രീ. പി. കരുണാകരൻ നായർ
*പ്രസിഡൻറ്*
ശ്രീ. എം. അപ്പുക്കുട്ടൻ
*സെക്രട്ടറി*

# തയ്യാറാക്കിയവരും സഹായികളും

- ശ്രീമതി. കെ. ചന്ദ്രമതിയമ്മ (ഡി.ആർ.പി കൺവീനർ)
- ശ്രീ. കെ. വിജയകുമാരൻ നായർ (ഡി.ആർ.പി ജോയിൻറ് കൺവീനർ)
- ശ്രീ. കെ. എസ്. സുന്ദരേശൻ നായർ (ഡി.ആർ.പി)
- ശ്രീ. കെ. കൃഷ്ണൻ നായർ (ഡി.ആർ.പി)
- ശ്രീ. എസ്. വിവിൽകുമാർ (ഡി.ആർ.പി)
- ശ്രീ. കെ. എസ്. മോഹനൻ (ഡി.ആർ.പി)
- ശ്രീ. കെ. എസ്. ഭുവനേന്ദ്രൻ (ഡി.ആർ.പി)
- ശ്രീ. എം.പി. മിഖായേൽ (ഡി.ആർ.പി)
- ശ്രീ. എസ്. തുളസീധരൻ (ഡി.ആർ.പി)
- ശ്രീ. എം. ബിനു (ഡി.ആർ.പി)
- ശ്രീ. വി. ഹരീന്ദ്രപ്രസാദ് (ഡി.ആർ.പി)
- ശ്രീ. എൻ. സെൽവൻസിംഗ് (ഡി.ആർ.പി)
- ശ്രീ. കുടവിളാകം മോഹനൻ (ഡി.ആർ.പി)
- ശ്രീ. വി. മോഹനൻ (ഡി.ആർ.പി)
- ശ്രീമതി. ആർ. രമണി (ഡി.ആർ.പി)
- ശ്രീമതി. എൽ. ഉഷ (ഡി.ആർ.പി)
- ശ്രീമതി. സുദർശനകുമാരി (ഡി.ആർ.പി)
- ശ്രീമതി. ജയ (കൃഷി ഓഫീസർ, ആര്യൻകോട്)
- ഡോ. രാജേന്ദ്രൻ (പി.എച്ച്.സി, ചെമ്പൂര്)
- ഡോ. ജ്യോതിഷ്കുമാർ (മൃഗഡോക്ടർ, മണ്ണാംകോണം)
- ശ്രീ. വി. സോമശേഖരൻ നായർ (കീഴാറൂർ വില്ലേജ് ആഫീസർ)
- ശ്രീ. രവീന്ദ്രൻനായർ (സബ് എൻജിനിയർ, കെ.എസ്.ഇ.ബി, കാട്ടാക്കട)
- ശ്രീ. ആർ. ചന്ദ്രശേഖരൻ നായർ (കെ.എസ്.ആർ.റ്റി.സി, പേരൂർക്കട)
- ശ്രീ. പി. ശങ്കരൻ നായർ (കെ.എസ്.ആർ.റ്റി.സി, കാട്ടാക്കട)
- ശ്രീ. വി. സുകുമാരൻ നായർ (ഫസ്റ്റ്ഗ്രേഡ് ഓവർസിയർ. പി.ഡബ്ല്യു.ഡി)
- ശ്രീ. വി. സുകുമാരൻ നായർ (എച്ച്.സി. തുറവൂർ)
- ശ്രീ. ശ്രീകുമാരൻ നായർ (വി.ഇ.ഒ, ആര്യൻകോട്)
- സി. എഡ്മണ്ട് ജോൺ, നാറാണി (ഡിസൈൻ & ലേഔട്ട്)
- ഡി.കെ. പ്രസ്സ്, കുന്നത്തുകാൽ (പ്രിൻറിംഗ്)
- കെൻറ് കംപ്യൂട്ടർ സെൻറർ തിരുവനന്തപുരം (ടൈപ്പ് സെറ്റിംഗ്)

"എല്ലാം പൂർണ്ണമല്ല"
"എന്നാൽ പൂർണ്ണമാണ്"

## എഡിറ്റോറിയൽ ബോർഡ്


- ശ്രീ. പി. കരുണാകരൻ നായർ
  (ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്)
- ശ്രീ. കെ. എസ്. സുന്ദരേശൻ നായർ
  (ഡി.ആർ.പി സ്വാഗതസംഘം വൈസ് ചെയർമാൻ)
- ശ്രീ. എൻ.എസ്. പരമേശ്വരൻ
  (സ്വാഗതസംഘം ജോയിൻറ് സെക്രട്ടറി)
- ശ്രീമതി. കെ. ചന്ദ്രമതിയമ്മ
  (ഡി.ആർ.പി കൺവീനർ)
- ശ്രീ. കെ. വിജയകുമാരൻ നായർ
  (ഡി.ആർ.പി ജോയിൻറ് കൺവീനർ)
- ശ്രീ. എസ്. തുളസീധരൻ
  (ഡി.ആർ.പി)

# വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആധാരമായ രേഖകൾ

1. ഗ്രാമസഭാ റിപ്പോർട്ട്
2. പഞ്ചായത്ത് ഭൂപടം
3. പ്രാഥമിക വിവരശേഖരണം
4. കുടുംബ സർവ്വേ
5. പഠന പര്യടനം
6. ദ്വിതീയ വിവരശേഖരണം
7. വകുപ്പുതല റിവ്യൂ- റിപ്പോർട്ടുകൾ
8. ചരിത്ര രേഖകളും പഠനങ്ങളും
9. കാരണവർ സംഗമം
10. വിദഗ്ദ്ധരുടെ ഉപദേശം

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 27 |
| 2. | പൊതു വിവരങ്ങളും ഭരണസമിതി ചരിത്രവും | 29 |
| 3. | സാമൂഹ്യസാംസ്കാരിക ചരിത്രം | 32 |
| 4. | കാനേഷുമാരി കണക്കുകൾ | 34 |
| 5. | കൃഷിയും ജലസേചനവും | 35 |
| 6. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 46 |
| 7. | വിദ്യാഭ്യാസം | 53 |
| 8. | ആരോഗ്യം കുടിവെള്ളം | 58 |
| 9. | വ്യവസായം | 63 |
| 10. | ഗതാഗതം ഊർജ്ജം മാർക്കറ്റ് | 66 |
| 11. | ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും | 77 |
| 12. | വനിത | 80 |
| 13. | സഹകരണം | 83 |
| 14. | പട്ടികജാതി പട്ടികവർഗ്ഗം | 86 |
| 15. | സംസ്കാരം | 90 |
| 16. | വിഭവസമാഹരണം | 98 |
| 17. | ഉപസംഹാരം | 103 |

# പഞ്ചായത്ത് ജീവനക്കാർ

- ശ്രീ.എം. അപ്പുകുട്ടൻ (സെക്രട്ടറി)
- ശ്രീമതി. എസ്സ്. പ്രഭാവതി (എച്ച്.സി)
- ശ്രീമതി. കെ. മീനാക്ഷി (യു.ഡി.സി)
- ശ്രീമതി. ആർ. ശാന്ത (യു.ഡി.സി)
- ശ്രീ. എ. സെൽവരാജ് (യു.ഡി.സി)
- ശ്രീമതി. വി. കുമാരി (എൽ.ഡി.സി)
- ശ്രീമതി. എം. ജഗദമ്മ (എൽ.ഡി.സി)
- ശ്രീമതി. എസ്സ്. ലീല (പ്യൂൺ)
- ശ്രീ. ബി. ശങ്കരൻകുട്ടി (പാർട്ട്ടൈം)
- ശ്രീ. വി. മണികുട്ടൻ (പാർട്ട്ടൈം)

# ആമുഖം

ഭൗതിക ജീവിത നിലവാരം ഉയർത്തുന്നതിന് ജനങ്ങളുടെ കൂട്ടായ്മയും വികസനവും കൂട്ടിയിണിക്കിക്കൊണ്ട് ഒരു പുത്തൻ സംസ്കാരത്തിന് തുടക്കം കുറിക്കുകയാണ് ജനകീയാസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം.

വൈവിദ്ധ്യമാർന്ന ഇന്ത്യയിൽ കേന്ദ്രീകൃതമായ ആസൂത്രണ ഫലമായി അസന്തുലിത വികസനവും, ജനതയുമാണ്, കഴിഞ്ഞകാല പഞ്ചവത്സരപദ്ധതിമൂലം സംജാതമായിട്ടുള്ളത്. അതിനു തികച്ചും വ്യത്യസ്തമായി ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലെ ജനങ്ങൾ, ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ തയ്യാറാക്കുന്ന വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയാണ് ജനകീയ ആസൂത്രണ പദ്ധതിയുടെ പ്രഥമവും, പ്രധാനവുമായ ലക്ഷ്യം.

ഇന്നലെകളിൽ നിന്നും തികച്ചും വ്യത്യസ്തമായി ആസൂത്രണം താഴേനിന്നും മുകളിലേക്ക് എന്ന ആശയവും ഇതോടൊപ്പം പ്രാവർത്തികമാകുകയാണ്.

നമ്മുടെ പ്രദേശത്തെ വിഭവങ്ങൾ എന്തെന്ന് കണ്ടെത്തി ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും മാനസികവും സുസംഘടിതവുമായ ഐക്യമേഖല കെട്ടിപ്പടുക്കുകയും കൂടിയാണ് ഈ ആസൂത്രണ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ വികസന പ്രക്രിയയിൽ കൃഷിക്കും വ്യവസായത്തിനും പ്രാമുഖ്യം കൊടുത്തിരിക്കുന്നു. ഒൻപതാം പദ്ധതിയുടെ അടങ്കൽ തുകയുടെ 40% വരെ ത്രിതല പഞ്ചായത്ത് സംവിധാനം വഴി ചെലവാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികൾക്കും ചെലവാക്കിയതിനേക്കാൾ കൂടുതൽ തുകയായിരിക്കും ഇത്.

**കേരളത്തിന്റെ പദ്ധതി വിഹിതം**

| പദ്ധതി | വർഷം | ആകെ നിക്ഷേപം (കോടിരൂപ) |
|---|---|---|
| ഒന്ന് | 1951-56 | 28.89 |
| രണ്ട് | 1956-61 | 80.22 |
| മൂന്ന് | 1961-66 | 182.31 |
| വാർഷിക പദ്ധതികൾ | 1966-69 | 144.37 |
| നാല് | 1969-74 | 345.76 |
| അഞ്ച് | 1974-78 | 691.00 |
| വാർഷിക പദ്ധതി | 1978-79 | |
| വാർഷിക പദ്ധതി | 1979-80 | 239.54 |
| ആറ് | 1980-85 | 1801.62 |
| ഏഴ് | 1985-90 | 2546.91 |
| വാർഷിക പദ്ധതി | 1990-92 | 1672.23 |
| എട്ടാംപദ്ധതി ആദ്യനാലുവർഷം | 1992-96 | 4989.75 |
| ആകെ | | 12719.60 |

ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ 1996 സെപ്റ്റംബർ 8,9,10 എന്നീ ദിവസങ്ങളിൽ ജില്ലാതല ട്രെയിനിംഗ് നെയ്യാറ്റിൻകര ടൗൺഹാളിൽ വച്ച് നടന്നു. ഡി.ആർ.പി മാരെ നിയമിച്ചു. 14-9-96ൽ ഒന്നാം ഘട്ട പഞ്ചായത്തുതല ശില്പശാലയോടെ പ്രവർത്തനം ആരംഭിച്ചു. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടേയും സന്നദ്ധ പ്രവർത്തകരുടേയും യോഗങ്ങൾ ഇതിനകം പലതവണ വിളിച്ചുകൂട്ടി പ്ലാൻ തയ്യാറാക്കിയാണ് ശില്പശാല നടത്തിയത്. ഇവിടെയുള്ള 10 വാർഡിലെയും വിശേഷാൽ ഗ്രാമസഭകൾ 96 സെപ്റ്റംബർ മാസം 19-ാം തീയതി മുതൽ ഒക്ടോബർ 1 വരെ കൊണ്ട് സമാപിച്ചു. പോസ്റ്ററുകൾ, നോട്ടീസുകൾ, വീട് വീടാന്തരമുള്ള പ്രചരണങ്ങൾ വിശേഷാൽ ഗ്രാമസഭകൾക്ക് ജനപങ്കാളിത്തം ഉറപ്പുവരുത്തി. അതിന്റെ ഫലമായി പഞ്ചായത്തിൽ താമസക്കാരായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും സാമൂഹിക, സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കുന്നവരും ഗ്രാമസഭകളിൽ പങ്കെടുത്തു.

എണ്ണം കൊണ്ടും, സ്ത്രീ പങ്കാളിത്തം കൊണ്ടും കുറ്റിയണിക്കാട് ഗ്രാമസഭ ശ്രദ്ധേയമായി.

| വിശേഷാൽ ഗ്രാമസഭ ഒറ്റനോട്ടത്തിൽ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | വാർഡ് | തീയതി | ആകെ പങ്കെടുത്തവർ | പുരുഷന്മാർ | സ്ത്രീ |
| 1 | മണ്ണാംകോണം | 19-9-96 | 100 | 60 | 40 |
| 2 | ചിലമ്പാറ | 20-9-96 | 76 | 45 | 31 |
| 3 | ചെമ്പൂര് | 23-9-96 | 132 | 82 | 50 |
| 4 | ഇടവാൻ | 24-9-96 | 144 | 96 | 48 |
| 5 | തുടലി | 25-9-96 | 87 | 57 | 30 |
| 6 | മൈലച്ചൽ | 26-9-96 | 194 | 144 | 50 |
| 7 | വെള്ളാംഗൽ | 27-9-96 | 183 | 124 | 59 |
| 8 | ആര്യംകോട് | 28-9-96 | 156 | 132 | 24 |
| 9 | കുറ്റിയണിക്കാട് | 30-9-96 | 281 | 147 | 134 |
| 10 | കീഴാറൂർ | 1-10-96 | 128 | 90 | 38 |

ജനകീയ ആസൂത്രണത്തിൻെറ രണ്ടാംഘട്ടം, വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി പെരുങ്കടവിള ബ്ലോക്ക് ആഫീസിൽ വച്ച് 1996 ഒക്ടോബർ 26,27,28 തീയതികളിൽ നടത്തിയ ജില്ലാ പരിശീലന ക്യാമ്പിൽ ആര്യങ്കോട് ഗ്രാമപഞ്ചായത്തിൽ നിന്നും ഡി.ആർ.പികളായി 19 - പേർ പങ്കെടുത്തു. നവംബർ 4ന് ആര്യങ്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി. കരുണാകരൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും ഡി.ആർ.പി മാരും പങ്കടുത്തു ആസൂത്രണ പരിപാടികൾ - ചർച്ചചെയ്ത് ഭാവിപരിപാടികൾക്ക് രൂപം നൽകി.

നവംബർ 8,9 തീയതികളിൽ ഈ പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകളിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ട വാർഡുതല ചെയർമാന്മാരുടെയും, കൺവീനർമാരുടേയും യോഗം 12 ഗ്രൂപ്പുകളായി കൂടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

നവംബർ 11ന് ഈ പഞ്ചായത്തിലെ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, സാമൂഹ്യ സാംസ്കാരിക നേതാക്കൾ, കർഷക സംഘടനാ പ്രതിനിധികൾ, മഹിളാ സമാജം ഭാരവാഹികൾ, പെൻഷൻ പറ്റിയ ഉദ്യോഗസ്ഥന്മാർ, മുൻ പഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെ ഒരു യോഗം മൈലച്ചൽ സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ പഞ്ചായത്ത് പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടി നൂറ്റിഒന്നു പേരടങ്ങുന്ന സ്വാഗതസംഘം രൂപീകരിച്ചു.

| | |
|---|---|
| ചെയർമാൻ | ശ്രീ. P. കരുണാകരൻ നായർ (ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്) |
| വൈസ് ചെയർമാൻ | ശ്രീ. K..S സുന്ദരേശൻ നായർ |
| ജനറൽ കൺവീനർ | ശ്രീ. A. അപ്പുക്കുട്ടൻ പഞ്ചായത്ത് സെക്രട്ടറി |
| ജോയിൻറ് കൺവീനർ | ശ്രീ. N.S പരമേശ്വരൻ |

എന്നിവരെ തെരഞ്ഞെടുത്തു.

അന്നേദിവസം ഉച്ചയക്ക് 2 മണിക്ക് മൈലച്ചൽ സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ വച്ച് പഞ്ചായത്ത് പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പഞ്ചായത്ത് മെമ്പറന്മാർ, ഡി.ആർ.പി മാർ ഗവ. ഉദ്യോഗസ്ഥന്മാർ ഈ പഞ്ചായത്തിനകത്തുള്ള ആഫീസ് മേധാവികൾ എന്നിവർ പങ്കെടുക്കുകയും രണ്ടാംഘട്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

നവംബർ 12 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ ഈ പഞ്ചായത്തിലെ എല്ലാ വീടുകളും അതാതു വാർഡു മെമ്പറന്മാരുടേയും ഡി.ആർ.പി. മാരുടേയും, സ്വാഗതസംഘം പ്രവർത്തകരുടേയും, വാർഡുതലത്തിലെ ഗ്രൂപ്പ് ചെയർമാന്മാരുടേയും കൺവീനർമാരുടേയും കൂട്ടായ സഹകരണത്തോടെ സന്ദർശിച്ച് പ്രാഥമിക വിവരശേഖരണ സർവ്വേ പൂർത്തീകരിച്ചു. മാത്രമല്ല വാർഡുതലത്തിൽ വിഷയവിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കാനും കഴിഞ്ഞു.

നവംബർ 21 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ദ്വിതീയ വിവരണശേഖരണം നടത്തി റിപ്പോർട്ടു തയ്യാറാക്കി. 30-11-96ൽ കീഴാറൂർ ഹൈസ്കൂളിൽ വച്ച് ശില്പശാലയും വികസന റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള വീഡിയോ പ്രദർശനവും നടത്തുകയുണ്ടായി.

ഡിസംബർ ഒന്ന്, രണ്ട് തീയതികളിൽ ശ്രീ. കെ.എസ്. സുന്ദരേശൻ നായരുടേയും ശ്രീ. എൻ.എസ്. പരമേശ്വരൻേറയും ഡി.ആർ.പി ശ്രീ. തുളസീധരൻേറയും ശ്രീ. എൻ. ശങ്കരൻനായരുടേയും നേതൃത്വത്തിൽ ഈ പഞ്ചായത്തിലെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് ചരിത്രപഠന വിവരശേഖരണവും നടത്തി.

ഡിസംബർ 5,6,7 തീയതികളിൽപഞ്ചായത്ത് ശിശു മന്ദിരത്തിൽ വച്ച് ഒന്നാംഘട്ടത്തിൽ ലഭിച്ച പ്രാഥമിക വിവരങ്ങളും, വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ടും, രണ്ടാം ഘട്ടത്തിൽ നടത്തിയ കുടുംബ സർവ്വയുടെ വാർഡുതല റിപ്പോർട്ടും ദ്വിതീയ

വിവരശേഖരണത്തിൽ ലഭിച്ച വിവരങ്ങളും പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ഡി.ആർ.പി മാരേയും എൽ.ആർ.പി മാരേയും സ്വാഗതസംഘം പ്രവർത്തകരേയും ഗ്രാമസഭാ ചെയർമാന്മാരേയും, കൺവീനറന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ശില്പശാലയിൽ വച്ച് വിഷയാടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിൽ റിപ്പോർട്ട് തയ്യാറാക്കി.

ഡിസംബർ 9ന് മൈലച്ചൽ എസ്.സി.ബി ഹാളിൽ വച്ച് കാരണവർ സംഗമം നടത്തി. ഡിസംബർ 11ന് ഈ പഞ്ചായത്തിൻെറ മദ്ധ്യഭാഗമായ മൈലച്ചൽ ഹൈസ്കൂൾ ജംഗ്ഷനിൽ വച്ച് മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ഡി. ആംബ്രോസ് ഉദ്ഘാടനം ചെയ്ത പഠനപര്യടനസംഘം പഞ്ചായത്തിൻെറ ഏറ്റവും ഉയർന്ന പ്രദേശമായ പന്തംപാച്ചി മലമുകളിലെത്തി. അവിടെ വച്ച് 30 പേർ വീതമടങ്ങുന്ന രണ്ട് സംഘങ്ങളായി പിരിഞ്ഞു. ഒരുസംഘം പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ മറ്റൊരു സംഘം പടിഞ്ഞാറൻ മേഖലയിലും പഞ്ചായത്ത് ഭൂപടം വച്ച് തയ്യാറാക്കിയ മാർഗ്ഗരേഖകളിൽകൂടി സഞ്ചരിച്ചു. വൈകുന്നേരം 2 പഠന പര്യടനസംഘങ്ങളും ഇടവാൽ മുക്ക് തലയ്ക്കൽ ജംഗ്ഷനിൽ സമാപന സമ്മേളനത്തോടെ പിരിഞ്ഞു.

14-12-96 02.30 P.Mന് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി. കരുണാകരൻ നായരുടെ അദ്ധ്യക്ഷതയിൽ ഭരണ സമിതി അംഗങ്ങളുടേയും ഡി.ആർ.പി മാരുടേയും സംയുക്ത യോഗം പഞ്ചായത്ത് ഓഫീസ് ഹാളിൽ കൂടി. ഇന്നലെ വരെ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് കൺവീനർ ശ്രീമതി. ചന്ദ്രമതിഅമ്മ അവതരിപ്പിച്ചു. വിശദ ചർച്ചകൾക്കുശേഷം 18-12-96ന് വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കി പഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ പഞ്ചായത്ത് തല വികസന റിപ്പോർട്ട് ആക്കി എഴുതി തയ്യാറാക്കുന്നതിന് ഒരു എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ചു. ഭരണ സമിതി അംഗങ്ങളെ കൂടാതെ ശ്രീ. കെ.എസ്. സുന്ദരേശൻ നായർ, എൻ.എസ്. പരമേശ്വരൻ, ശ്രീമതി. ചന്ദ്രമതിയമ്മ, കെ. വിജയകുമാരൻ നായർ, കെ. തുളസീധരൻ എന്നിവരെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി തെരഞ്ഞെടുത്തു.

### വികസന സെമിനാർ

1996 ഡിസംബർ 21, 22, 23 തീയതികളിൽ കൂടിയ പഞ്ചായത്ത് ഭരണസമിതി വികസന റിപ്പോർട്ട് അംഗീകരിക്കുകയും 1997 ജനുവരി 1ന് കീഴാറൂർ ഹൈസ്കൂളിൽ ആര്യൻകോട് ഗ്രാമപഞ്ചായത്ത് വികസന സെമിനാർ നടത്താൻ തീരുമാനിച്ചു.

1953ൽ പെരുങ്കടവിള പഞ്ചായത്ത് നിലവിൽ വന്നപ്പോൾ പെരുങ്കടവിള എ, ബി എന്നീ രണ്ടു വില്ലേജുകൾ ഉൾപ്പെട്ടിരുന്നു. 1963ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പുതിയ പഞ്ചായത്ത് ഭരണസമിതി 1964 ജനുവരി 1ന് ശ്രീ. ഡി. ആംബ്രോസ് നേതൃത്വം കൊടുത്തുകൊണ്ട് നിലവിൽ വന്നു.

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| *പഞ്ചായത്തിൻെറ പേര്* | ആര്യൻകോട് ഗ്രാമപഞ്ചായത്ത് |
| *ഉൾപ്പെടുന്ന വില്ലേജ്* | കീഴാറൂർ വില്ലേജ്<br>(പെരുങ്കടവിള ബി. വില്ലേജ്) |
| *ബ്ലോക്ക് പഞ്ചായത്ത് മണ്ഡലം* | ആര്യൻകോട് |
| *ബ്ലോക്ക്പഞ്ചായത്ത്* | പെരുങ്കടവിള |
| *താലൂക്ക്* | നെയ്യാറ്റിൻകര |
| *ജില്ലാ പഞ്ചായത്ത് മണ്ഡലം* | വെള്ളറട |
| *അസംബ്ലി മണ്ഡലം* | നെയ്യാറ്റിൻകര |
| *പാർലമെൻറ് മണ്ഡലം* | തിരുവനന്തപുരം |
| *വിസ്തീർണ്ണം* | 2,200 ഹെക്ടർ<br>(5050 ഏക്കർ) |

| | |
|---|---|
| *അതിരുകൾ* | |
| *വടക്ക് പടിഞ്ഞാറ്* | കാട്ടാക്കട പഞ്ചായത്തും, നെയ്യാറും, മാറനെല്ലൂരും |
| *വടക്ക്* | ചിറ്റാറും, ഒറ്റശേഖരമംഗലം പഞ്ചായത്തും |
| *കിഴക്ക്* | വെള്ളറട, കുന്നത്തുകാൽ പഞ്ചായത്തും |
| *തെക്ക്* | വെള്ളറട, കുന്നത്തുകാൽ, പെരുങ്കടവിള പഞ്ചായത്തുകൾ |
| *പടിഞ്ഞാറ്* | പെരുങ്കടവള, മാറനല്ലൂർ, പെരുമ്പഴുതൂർ പഞ്ചായത്തുകൾ |
| *ജനസംഖ്യ* | 23, 517 (1991 കാനേശുമാരി 22212) |
| *വാർഡുകൾ* | 10 |
| *പ്രസിഡൻറ്* | ശ്രീ. പി. കരുണാകരൻ നായർ |
| *വൈസ് പ്രസിഡൻറ്* | ശ്രീമതി. ജെ. ലില്ലിഭായി |
| *സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ* | ശ്രീമതി. പി. തങ്കം |
| *സെക്രട്ടറി* | ശ്രീ. എം. അപ്പുക്കുട്ടൻ |

പുതിയ ഭരണ ക്രമമനുസരിച്ച് 1971 ആഗസ്റ്റ് 1-ാം തീയിതി പെരുങ്കടവിള ബി വില്ലേജ് മുഴുവനായി ഉൾപ്പെടുത്തിക്കൊണ്ട് ആര്യൻകോട് ആസ്ഥാനമാക്കി, ആര്യൻകോട് പഞ്ചായത്ത് നിലവിൽ വരികയും മൈലച്ചൽ സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ബി വില്ലേജിൽ ഉൾപ്പെട്ടിരുന്ന 5 വാർഡിലേയും മെമ്പറന്മാർ ചേർന്ന് ശ്രീ. ഡി. ആംബ്രോസിനെ പ്രസിഡൻറായി തെരഞ്ഞെടുത്തു.

ഈ അഞ്ചു വാർഡുകളിൽ ഒന്നാമത്തെ വാർഡായ ചിലമ്പറയിൽ ശ്രീ. ഡി. ആംബ്രോസ്, രണ്ടാമത്തെ വാർഡായ ചെമ്പൂര് ശ്രീ. ബി. തങ്കപ്പനും, മൂന്നാമത്തെ വാർഡായ ഇടവാൽ ശ്രീ. കെ. ഗംഗാധരൻ നായരും നാലമത്തെ വാർഡായ മൈലച്ചൽ ശ്രീ. എ. വിക്രമൻ നായരും, അഞ്ചാമത്തെ വാർഡായ കീഴാറൂർ ശ്രീ. കെ. മാധവൻപിള്ളയും ആയിരുന്നു മെമ്പറന്മാർ. 1973ൽ പെരുങ്കടവിള ബി വില്ലേജിനെ കീഴാറൂർ വില്ലേജെന്ന് നാമകരണം ചെയ്ത് കുറ്റിയായണിക്കാട് പ്രവർത്തനം ആരംഭിച്ചു.

1980ൽ ഈ പഞ്ചായത്ത് ഒൻപത് വാർഡുകളായി പുനർ നിർണ്ണയിക്കുകയും തുടർന്ന് നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. ഡി. ആംബ്രോസ് പ്രസിഡൻറായും ശ്രീ. പി. കരുണാകരൻനായർ വൈസ് പ്രസിഡൻറായും ഒൻപതംഗ ഭരണ സമിതി നിലവിൽ വന്നു. അന്നത്തെ വാർഡുകളുടേയും മെമ്പറന്മാരുടേയും പേരുകൾ ചുവടെ ചേർക്കുന്നു.

| വാർഡുകളുടെ പേര് | മെമ്പറന്മാരുടെ പേര് |
|---|---|
| 1. മണ്ണാംകോണം | ശ്രീ. ജി. വേദനായകം |
| 2. ചിലമ്പറ (വനിതാ സംവരണം) | ശ്രീമതി. വി. ആനന്ദം |
| 3. ചെമ്പൂര് | ശ്രീ. ഡി. അമ്പ്രോസ് |
| 4. ഇടവാൽ | ശ്രീ. കെ. ഗംഗാധരൻ നായർ |
| 5. ആര്യൻകോട് (ഹരിജൻ സംവരണം) | ശ്രീ. കെ. ബാബു |
| 6. മൈലച്ചൽ | ശ്രീ. പി. കരുണാകരൻ നായർ |
| 7. തുടലി | ശ്രീ. എസ്. ചെല്ലൻ പണിക്കർ |
| 8. കുറ്റിയാണിക്കാട് | ശ്രീ. കാവല്ലൂർ എൻ. ജനാർദ്ദനൻ നായർ |
| 9. കീഴാറൂർ | ശ്രീ. ജെ. ജെസ്റ്റസ് |

1989ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് അധികാരത്തിൽ വന്ന ഭരണസമിതിയിൽ ശ്രീ. ഡി. ആംബ്രോസിനെ പ്രസിഡൻറായും ശ്രീ. പി. കരുണാകരൻ നായരെ വൈസ് പ്രസിഡൻറായും വീണ്ടും തെരഞ്ഞെടുത്തു. ഒൻപതംഗ മെമ്പറന്മാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| വാർഡുകളുടെ പേര് | മെമ്പറന്മാരുടെ പേര് |
|---|---|
| 1. മണ്ണാംകോണം | ശ്രീ. എസ്. ദാനം |
| 2. ചിലമ്പറ | ശ്രീ. ജി. റസാലം |
| 3. ചെമ്പൂര് | ശ്രീ. ഡി. അമ്പ്രോസ് |
| 4. ഇടവാൽ | ശ്രീ. എൻ.എസ്. പരമേശ്വരൻ |
| 5. ആര്യൻകോട് | ശ്രീ. പി. കുട്ടപ്പൻ (ഹരിജൻ സംവരണം) |
| 6. മൈലച്ചൽ | ശ്രീ. പി. കരുണാകരൻ നായർ |
| 7. തുടലി | ശ്രീമതി. പി. പ്രസന്നകുമാരി (വനിതാ സംവരണം) |
| 8. കുറ്റിയായണിക്കാട് | ശ്രീ. കാവല്ലൂർ എൻ. ജനാർദ്ദനൻ നായർ |
| 9. കീഴാറൂർ | ശ്രീമതി. എസ്.കെ. ചന്ദ്രിക (വനിതാ സംവരണം) |

പഞ്ചായത്ത് രാജിൻെറ നടപടിക്രമങ്ങൾക്ക് വിധേയമായി ത്രിതല പഞ്ചായത്ത് നിലവിൽ വരികയും ആര്യൻകോട് പഞ്ചായത്ത് പത്തു വാർഡുകളായി തിരിക്കുകയും, നാല് വനിതാ സംവരണം, ഒരു ഹരിജൻ സംവരണം, അഞ്ച് ജനറൽ സീറ്റുകളായി തെരഞ്ഞെടുപ്പ് നടക്കുകയും ചുവടെ ചേർക്കുന്നവരെ തെരഞ്ഞെടുക്കുകയും ചെയ്തു.

| വാർഡുകളുടെ പേര് | മെമ്പറന്മാരുടെ പേര് |
|---|---|
| 1. മണ്ണാംകോണം | കുമാരി രാജമേബൽ (വനിതാ സംവരണം) |
| 2. ചിലമ്പറ | ശ്രീമതി. ജെ. ലില്ലിബായി (വനിതാ സംവരണം) |
| 3. ചെമ്പൂര് | ശ്രീ. വി. തങ്കമണി (ഹരിജൻ സംവരണം) |
| 4. ഇടവാൽ | ശ്രീ. ജി. രാജശേഖരൻ നായർ |
| 5. തുടലി | ശ്രീ. ആർ. ആൽബർട്ട് (ജനറൽ) |
| 6. മൈലച്ചൽ | ശ്രീ. പി. കരുണാകരൻ നായർ (ജനറൽ) |
| 7. വെള്ളാംഗൽ | ശ്രീ. എസ്. തുളസീധരൻ നായർ (ജനറൽ) |
| 8. ആര്യൻകോട് | ശ്രീമതി. റ്റി. ശൈലജാകുമാരി തങ്കച്ചി (വനിതാ സംവരണം) |
| 9. കുറ്റിയായണിക്കാട് | ശ്രീമതി. പി. തങ്കം (വനിതാ സംവരണം) |
| 10. കീഴാറൂർ | ശ്രീ. എം. വർഗ്ഗീസ് (ജനറൽ) |

പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ ശ്രീ. പി. കരുണാകരൻ നായരെ പ്രസിഡൻറായും ശ്രീമതി. ലില്ലിബായിയെ വൈസ് പ്രസിഡൻറായും ശ്രീമതി. പി. തങ്കം സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനായും തെരഞ്ഞെടുത്തു.

◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆

# സാമൂഹ്യ – സാംസ്കാരിക ചരിത്രം

തിരുവനന്തപുരം ജില്ലയിലെ അഗസ്ത്യ സഹ്യ പർവ്വത സാനുക്കളോട് തൊട്ടുരുമ്മി പ്രകൃതി മനോഹരമായ കുന്നുകളും ചരിവുകളും ഏലാകളും ഉൾപ്പെട്ട ഒരു മലയോര ഗ്രാമ പ്രദേശമാണ് ആര്യൻകോട് ഗ്രാമ പഞ്ചായത്ത്. പുരാതനമായ ഒരു സ്ഥല നാമ ചരിത്രം ഈ പഞ്ചായത്തിനുണ്ട്. പ്രാചീന സംഘ കാലത്തെ കുലശേഖര ഭരണത്തിൽ ക്ഷേത്രഭരണ മുഖ്യനായ ആര്യന്റെ സങ്കേത സ്ഥാനമായ ആര്യങ്കോട് തറവാട്ട് പേര് ചന്തയ്ക്കും തുടർന്ന് പഞ്ചായത്തിനും ഉണ്ടായി. ജാതി മതങ്ങൾ ഉണ്ടാകുന്നതിന് മുമ്പ് ആയി മന്നൻമാർ അധിവാസിച്ചിരുന്ന ഈ പ്രദേശങ്ങളിൽ ചേര, ചോള, പാണ്ഡ്യ സംസ്ക്കാരങ്ങളായ ദ്രാവിഡ സംസ്ക്കാരം ഉണ്ടായിരുന്നു. ഇവിടത്തെ സ്ഥലനാമ ചരിത്രങ്ങൾ പരിശോധിച്ചാൽ ഈ പഞ്ചായത്തിന്റെ ആദി ചരിത്രം അർത്ഥവത്താകുന്നു. ഉടയൻകാവും പള്ളിക്കപറമ്പും ഇതിന് തെളിവുകളാണ്.

പാണ്ഡവൻ പാറയും പഴിഞ്ഞിപ്പാറയും പാണ്ഡവൻ പാറയിലെ ശിലാവിഗ്രഹങ്ങളും ശിലാരേഖകളും ഈ പഞ്ചായത്തിന്റെ പ്രാചീനതയെ എടുത്ത് കാട്ടുന്നു. നയന മനോഹരമായ ഈരാറ്റിൻപുറവും പ്രകൃതി മനോഹരമായ പന്തംപാച്ചി മലയും കരിമ്പാറകളും കോളൂർ വെള്ളച്ചാട്ടവും കിഴക്കൻ മലയും കദളിവാഴ ചുനയും ചരിത്ര സ്മാരകങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. നാടുവാഴികളും തറവാട്ടുകാരും ഊരാളൻമാരും കരയാളൻമാരും പരസ്പരം സഹകരിച്ച് നെൽകൃഷി പ്രോൽസാഹിപ്പിച്ച് പൈതൃകമായി വളർന്നു വന്ന കാർഷിക സാംസ്ക്കാരിക ചരിത്രം ഈ പഞ്ചായത്തിനുണ്ട്.

നാടുവാഴികളിൽ പ്രമുഖനായ ദേവ ത്രിവിക്രമൻ കുറ്റിയായണിക്കാട് ആസ്ഥാനമായി കൊട്ടാരവും കോവിലും കോട്ടയും വച്ച് വാണരുളിയ അഞ്ചു തമ്പുരാൻ തെക്കത് ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിക്കുന്നു.

തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡവർമ്മയുടെ ഒളിവുകാലഘട്ടം കുറ്റിയായണിക്കാട് കേന്ദ്രമാക്കി ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. അന്നത്തെ മാടമ്പിമാരുടേയും എട്ടുവീട്ടിൽ പിള്ളമാരുടേയും ആക്രമണം ഉണ്ടായിരുന്നിട്ടും കുറ്റിയാണിക്കാട് കേന്ദ്രമാക്കി പടയൊരുക്കി നെടുമങ്ങാട് രാജാവിനെ തോല്പിക്കുകയും ചെയ്ത ഒരു ഭരണക്രമ ചരിത്രം ഈ പഞ്ചായത്തിനുണ്ട്. ക്ഷേത്രങ്ങളും ക്രിസ്തീയ പള്ളികളും മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്.

കൊല്ലവർഷം 1108 -ൽ ഈ പ്രദേശത്ത് ഭീകരമായ വെള്ളപ്പൊക്കമുണ്ടായി. തുടർന്നുണ്ടായ മാരകമായ മലമ്പനിയിൽ അനേകം കുടുംബങ്ങൾ ചത്തൊടുങ്ങി. ഇതറിഞ്ഞ അമ്മ മഹാറാണിയും ശ്രീ ചിത്തിര തിരുനാളും വലിയ ഡോക്ടറും സംഘത്തോടൊപ്പം 1112 മിഥുനം 6-ാം തീയതി ആര്യൻകോട് സ്ഥിതി ചെയ്യുന്ന ഒറ്റശേഖരമംഗലം പോലീസ് ഔട്ട് പോസ്റ്റിൽ എഴുന്നെള്ളുകയും പ്രജകൾക്ക് കൊയ്നയും ഗുളികകളും സൗജന്യമായി നൽകുകയും ചെയ്തു. ജനങ്ങളുടെ പരാതി പ്രകാരം അതുവരെ കാട്ടു പാതയായിരുന്ന ഒറ്റശേഖരമംഗലം ചെമ്പൂർ- വെള്ളറട റോഡ് ജനോപകാരപ്രദമായി വെട്ടുന്നതിന് മുട്ടിയറ പാക്യനാഥൻ നാടാർക്ക് കല്പനയായി. അങ്ങനെ നിർമ്മിച്ച ഇന്നത്തെ ചെമ്പൂര് വെള്ളറട റോഡ് പാക്യനാഥൻ റോഡ് എന്ന് പഴമക്കാർ പറയുന്നു. റോഡ് തെളിഞ്ഞതോടനുബന്ധിച്ച് ചെമ്പൂര് തുറന്നിരിക്കുന്ന ആശുപത്രിസ്ഥാനത്ത് മുട്ടിയറ കുടുംബക്കാരുടെ 10 സെൻറ് തറയിൽ കൊയ്ന കൊടുക്കുവാൻ ഓലഷെഡ് വച്ചു കെട്ടിയതാണ് ഇന്നത്തെ പ്രൈമറി ഹെൽത്ത് സെൻററായി പ്രവർത്തിക്കുന്നത്.

ഈ പഞ്ചായത്തിൽ ആര്യൻകോട് കേന്ദ്രമാക്കി ഒരു അഞ്ചൽ ആഫീസും ഉണ്ടായിരുന്നു. ഈ അഞ്ചൽ ആഫീസാണ് ഇന്നത്തെ ഒറ്റശേഖരമംഗലം പോസ്റ്റ് ആഫീസ്.

കാഞ്ഞില കുടുംബക്കാരുടെ അധീനതയിൽ നടന്ന കുടിപ്പള്ളിക്കൂടമാണ് കാലാന്തരത്തിൽ മൈലച്ചൽ ഹൈസ്ക്കൂളായി മാറിയത്. അതാണ് പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂൾ. നാട്ടുകാരുടേയും പഞ്ചായത്തിൻേറയും ശ്രമഫലമായി ഇന്ന് അത് ഹൈസ്ക്കൂളായി ഉയർന്നു.

ക്രിസ്ത്യൻ മിഷനറിമാർ ഈ പഞ്ചായത്തിൽ സ്ഥാപിച്ച ആദ്യത്തെ ക്രൈസ്തവ ദേവാലയമാണ് (ആർ. സി.) ആര്യൻകോടിന് സമീപത്ത് മൈലച്ചൽ

സ്ഥിതിചെയ്യുന്ന തിരുഹൃദയ കുടുംബദേവാലയം തുടർന്ന് എൽ എം എസ്കാരും മറ്റു സഭകളും ഈ പഞ്ചായത്തിൽ വ്യാപകമായി ക്രൈസ്തവ ദേവാലയങ്ങൾ സ്ഥാപിച്ചു. മിഷനറിമാർ ചെമ്പൂര് എൽ എം എസ് പള്ളിയിൽ ആരംഭിച്ച മലയാളം സ്ക്കൂളാണ് ആദ്യത്തെ ഇംഗ്ലീഷ് മിഡിൽ സ്ക്കൂളായി ഉയർത്തിയത്. മൊട്ടവിളയിൽ റോമൻ കാത്തലിക് സ്ക്കൂളും കീഴാറൂർ സർക്കാർ വക പ്രൈമറി സ്ക്കൂളും മൈലച്ചൽ സർക്കാർ പ്രൈമറി സ്ക്കൂളും ചെമ്പൂര് എൽ എം എസ്സ് പ്രൈമറി സ്ക്കൂളും മിഡിൽ സ്ക്കൂളും മണ്ണാംകോണം സ്വകാര്യ മാനേജ്മെൻറിൻെറ കീഴിൽ ജ്ഞാനോദയം സ്ക്കൂളും വിദ്യാഭ്യാസ മേഖലയിൽ ആരംഭിച്ചു.

1050-ൽ ശ്രീമൂലം തിരുനാൾ മാഹാരാജാവിൻെറ കാലത്ത് കാവൽ മാടമായി ആരംഭിച്ച ഇന്നത്തെ 'ഒറ്റശേഖരമംഗലം ഔട്ട്പോസ്റ്റ്' രണ്ട് പോലീസുകാരുള്ള ഔട്ട് പോസ്റ്റായി ഇന്നും ആര്യൻകോട് നിലനിൽക്കുന്നു. പാലംതല കുടുംബത്തിൽ നിന്നും സൗജന്യമായി നൽകിയ 26 സെൻറ് ഭൂമിയിലാണ് പോലീസ് ഔട്ട്പോസ്റ്റ് സ്ഥിതി ചെയ്യുന്നത്. അന്നത്തെ കെട്ടിടം കാലഘട്ടത്തിൻെറ മാറ്റങ്ങൾ ഉൾക്കൊള്ളാതെ ഇന്നും അവഗണനയിലാണ്.

ഈ പഞ്ചായത്തിൽ പുരാതന കാലം മുതൽ രാജകുടുംബവുമായി ബന്ധപ്പെട്ടുള്ള ഒരു സംസ്ക്കാരം നിലനിന്നിരുന്നു. ഈ പഞ്ചായത്തിൽ ജനിച്ച ഒരാളാണ് ഈശ്വരപിള്ള വിചാരിപ്പുകാരൻ. അദ്ദേഹം ആട്ടക്കഥയിൽ മഹാരാജാവിൻെറ വീരശൃംഖല വാങ്ങിയിട്ടുണ്ട്. അദ്ദേഹം ഈ പഞ്ചായത്തിൽ നാനാവിധങ്ങളായ സാംസ്ക്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതായി പഴമക്കാർ പറയുന്നു. ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെ മുറജപം നടത്തുന്നതിനും രാജസദസ്സിൽ ഐവരുകളി നടത്തുന്നതിനും പട്ടം കിട്ടിയ കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. കാക്കാരിശ്ശി നാടകം, കോൽക്കളി, തിരുവാതിര കളി, പരിച കളി, മുതലായി വില്ലടിച്ചാൻ പാട്ട്, രാപ്പാട്ട്, നന്തുണിപ്പാട്ട് എന്നിവയും നിലനിന്നിരുന്നു.

കൊല്ലവർഷം 1098- ൽ പുലകൽ എ. നാരായണ പിള്ള പ്രസിഡൻറായി ഈ പഞ്ചായത്തിൽ പരസ്പര സഹായ സഹകരണ സംഘം സ്ഥാപിതമായി. അക്കാലത്ത് സാമൂഹ്യ പ്രശ്നങ്ങൾക്കും കുടുംബ പ്രശ്നങ്ങൾക്കും തീരുമാനം എടുക്കുന്നതിനുള്ള അധികാരവും ഈ പരസ്പര സഹായ സഹകരണ സംഘത്തിനുണ്ടായിരുന്നു.

ഇൻഡ്യൻ സ്വാതന്ത്ര്യ സമര ചരിത്രം പരിശോധിച്ചാൽ ഈ പഞ്ചായത്തിൽ പറയത്തക്ക ദേശീയ നവോത്ഥാന പ്രവർത്തനങ്ങൾ നടന്നിട്ടില്ല. എന്നാൽ ചില വ്യക്തികൾ ദേശീയ പ്രസ്ഥാനത്തിന് വേണ്ടി രംഗത്ത് വരുകയും അവരുടേതായ മേഖലകളിൽ പ്രവർത്തിക്കുകയും ചെയ്തു. സ്വാതന്ത്ര്യ സമരത്തിൽ പ്രവർത്തിച്ചവരിൽ ജി. കുമാരപിള്ള (അമ്മനത്തു കുട്ടൻപിള്ള), നവോത്ഥാന പ്രസ്ഥാന മേഖലയിൽ പ്രവർത്തിച്ചവരിൽ ഒരാളായിരുന്നു. അയ്യപ്പൻപിള്ള (ഹിന്ദി സാർ), ഹരിജൻ നവോത്ഥാന പ്രസ്ഥാനങ്ങൾ നടത്തി, കൈലാസപുരത്ത് കേരളാ ഹിന്ദു മിഷൻ സ്ഥാപിച്ച് ഈ പഞ്ചായത്തിൽ അനേകം പട്ടിക ജാതിക്കാരെ ഹിന്ദുവാക്കിയ ഡേവിഡ് വാദ്ധ്യാരെന്നറിയപ്പെടുന്ന ശിവദാസൻ എന്നിവരെപ്പറ്റിയാണ് കാരണവർ സമ്മേളനത്തിൽ നിന്ന് കിട്ടിയ വിവരങ്ങൾ.

## ഭൂപ്രകൃതി

സഹ്യപർവ്വത സാനുക്കളിൽ തൊട്ടുരുമ്മി കിടക്കുന്ന ആര്യൻകോട് ഗ്രാമപഞ്ചായത്തിൻെറ തെക്ക്, കിഴക്ക്, പടിഞ്ഞാറു ഭാഗങ്ങളെ ചുറ്റി അംബര ചുംബികളായ കുന്നുകളും, പാറക്കെട്ടുകളും, മദ്ധ്യ ഭാഗത്ത് സഹ്യനുതുല്യമായി ഒറ്റയാനായി ചരിത്ര സാക്ഷിയായി ഉയർന്നു നിൽക്കുന്ന പഴിഞ്ഞിപ്പാറയും, നയനമനോഹരമായ ഭൂപ്രകൃതിക്ക് തിലകം ചാർത്തുന്നു.

സഹ്യപർവ്വത സാനുക്കളിൽ നിന്ന് ഒഴുകി വരുന്ന കുഞ്ഞരുവികൾ ചിറ്റാറായും നെയ്യാറായും ഈ പഞ്ചായത്തിൻെറ വടക്ക് തുടക്കം മുതൽ ഒടുക്കം വരെ ജല സംപുഷ്ടികൊണ്ട് ഫലഭൂയിഷ്ടമാക്കിയിരിക്കുന്നു.

## മാനവശേഷി

പടവാൾ പിടിച്ച പാരമ്പര്യവും പകലന്തിയോളം പാടത്തു പണിയെടുത്ത കർമ്മശേഷിയും പരമ്പരാഗത തൊഴിലുകളിൽ വൈദഗ്ദ്ധ്യവും ഒത്തിണങ്ങിയ ജനസമ്പത്താണ് നമ്മുടെ കൈമുതൽ. അന്ധമായ വർണ്ണവൈരുദ്ധ്യമില്ലാതെ ഒരുമയോടെ കഴിയുന്ന ജനങ്ങളാണ് ഈ ഗ്രാമത്തിൻെറ മുഖമുദ്ര. വളരാൻ കൊതിക്കുന്ന ജനതയ്ക്ക് ഭൗതിക സാഹചര്യത്തിൻെറ അഭാവം ഒരു തീരാശാപമാണ്.

നമ്മുടെ ജനസംഖ്യ 23,571

നമ്മുടെ ഭൂവിസ്തൃതി 50,50 ഏക്കർ

അതിൽ 390 ഏക്കർ പലയിനം പൊതുവസ്തു ക്കളും ബാക്കി വരുന്ന 4660 ഏക്കർ സ്വകാര്യ ഭൂമിയുമാണ്. ശരാശരി ആളോഹരി നോക്കിയാൽ ഒരാളിന് 19.8 സെൻറിന് ഉടമസ്ഥാവകാശമുള്ളതായി വിവരശേഖരണങ്ങളിൽ നിന്നു മനസ്സിലാക്കുന്നു. 20% കുടുംബങ്ങളും വെറും 4 സെൻറിൽ കഴിയുന്നവരാണ്. ഈ കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ ജനങ്ങൾ ഭൂമിയിൽ അദ്ധ്വാനിച്ച് നിത്യവൃത്തി കഴിക്കുവാനുള്ള ശേഷി ഇല്ലാതിരിക്കുന്ന ഭൗതിക സാഹചര്യത്തിൽ നാം പുതിയ മേഖലകൾ കണ്ടത്തേണ്ടിയിരിക്കുന്നു.

## ജലവിഭവശേഷി

നമ്മുടെ പഞ്ചായത്തിൻെറ ജലവിഭവശേഷി പ്രകൃതിയുടെ വരദാനത്താൽ അനുഗ്രഹീതമാണ്. പാറമുകളിലെ ചുനപ്രവാഹങ്ങളും, കുന്നിൻ ചരിവിലേയും, വയലേലകളിലേയും നീരുറവകളും വടക്കുഭാഗത്ത് തഴുകി തലോടുന്ന ചിറ്റാറും നെയ്യാറും പഞ്ചായത്തിനെ നെടുകെ കീറി മുറിച്ചു പോകുന്ന നെയ്യാർ ഇടതുകര ചാനലും അതിൻെറ ശാഖയായി ഒഴുകുന്ന ചാനലുകളും, തോടുകളും, അരുവികളും എല്ലാറ്റിനുമതീതമായി പഴിഞ്ഞിപ്പാറയിൽ നിന്ന് ഊറിവരുന്ന ജലസ്രോതസ്സും മാർത്താണ്ഡവർമ്മ തിരുമനസ്സ് പട്ടം ചാർത്തിയ കദളിവാഴ ചുനയും ഈ കൊച്ചു ഗ്രാമത്തെ ജലസമൃദ്ധമാക്കുന്നു. എന്നാൽ അശാസ്ത്രീയമായ കൃഷിരീതിയും ജലവിനിയോഗവും മണലൂറ്റും ഇന്ന് കൃഷിക്കും മനുഷ്യനും വേണ്ടുംവണ്ണം ഉപയുക്തമല്ല.

## 1991ലെ കനേഷുമാരി കണക്കുകൾ
## ആര്യൻകോട് ഗ്രാമപഞ്ചായത്തിൻെറ സ്ഥിതിവിവരം

| ഭൂമി | | | | | ജനം | | | 6 വയസ്സിന് താഴെയുള്ള കുട്ടികൾ | | | ഹരിജൻ | | | ഗിരിജൻ | | | സാക്ഷരർ | | | കുടുംബങ്ങൾ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂവിസ്തൃതി ഏക്കറിൽ | | ഭൂവിസ്തൃതി ഹെക്ടറിൽ | | ചതുരശ്രമൈൽ | ആകെ | പുരുഷൻ | സ്ത്രീകൾ | ആകെ | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ വീട് | ആകെ താമസ കുടുംബങ്ങൾ |
| ഏ | സെ | ഹെ | ആർ | | | | | | | | | | | | | | | | | | |
| 5380 | 94 | 2177 | 58 | 9 | 22212 | 11099 | 11113 | 2997 | 1322 | 1475 | 2357 | 1227 | 1130 | 34 | 13 | 21 | 16856 | 8680 | 8176 | 5068 | 5136 |

# കൃഷിയും ജലസേചനവും

## കാർഷിക ചരിത്രം

ഈ പ്രദേശത്തെ കാർഷിക ചരിത്രം പരിശോധിച്ചാൽ സംഘകാലം മുതൽ ദേശങ്ങളെ തറകളായും ഊരുകളായും കരകളായും കോടുകളായും വിഭജിച്ചു കൊണ്ടുള്ള സാമൂഹ്യക്രമത്തിൽ അധിഷ്ഠിതമാണ് ഈ പഞ്ചായത്തിലെ സ്ഥലനാമങ്ങൾ വിശകലനം ചെയ്യുമ്പോഴും ഈ ചരിത്രം മനസ്സിലാക്കാവുന്നതാണ്.'തറ'കളായ തറവാടുകളും, 'ഊരു'കളായ കോളൂര്, ചെമ്പൂര്, കീഴാറൂര് തുടങ്ങിയവയും ആര്യൻകോട്, ചെമ്പിയാർകോട്, മഞ്ചംകോട് മുതലായ 'കോടുകളും' നമ്മുടെ കാർഷിക സംസ്ക്കാരത്തിൻെറ നാഴികകല്ലുകളാണ്. തറവാട് കാരണവൻമാരുടെ നാട്ടുക്കൂട്ടവും ഊരാളൻമാരായ നാട്ടുപ്രമാണിമാരും കരയാളൻമാരായ തൊഴിലാളിവർഗ്ഗവും ഏകോദര സഹോദരങ്ങളായി ജാതിമത ചിന്തകൾക്കതീതമായി ഒരു ആദിസംസ്കാരം ഈ പഞ്ചായത്തിൽ നിലനിന്നിരുന്നു. നാലുകെട്ടും വീടും പടിപ്പുരയും, അറപ്പുരയും,കളപ്പുരയും തൊട്ടിയും ഉരക്കളവും കളിയലും തൊഴുത്തും,വയ്ക്കോൽ പന്തലും പന്തലുവിളയും നമ്മുടെ പൈതൃകസംസ്കാരത്തിൻെറ ഭാഗങ്ങളാണ്. ഈ സംസക്കാരത്തെയോർത്ത് ഊറ്റം കൊള്ളുന്നവരും നിരാശഭാവിക്കുന്നവരും ഇന്നും ജീവിച്ചിരിപ്പുണ്ട്.

## കാർഷിക ഭൂപ്രകൃതി

ആര്യൻകോട് ഗ്രാമപഞ്ചായത്ത് ഒരു മലയോര പഞ്ചായത്താണ്. കൃഷിയും മാടുവളർത്തലുമാണ് പരമ്പരാഗത ഗ്രാമിണശൈലി. 90 ശതമാനം ഗ്രാമീണരും ഉപജീവനത്തിനുവേണ്ടി പ്രകൃതി വിഭവങ്ങളെയും ,കാർഷികസമ്പത്തിനെയും ആശ്രയിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 4536 ഏക്കർ 95 സെൻറ് പുരയിടവും 555 ഏക്കർ 50 സെൻറ് നിലവുമുണ്ട്.

ഭൂപ്രകൃതി അനുസരിച്ച് ഈ ഗ്രാമപ്രദേശങ്ങളെ മൂന്നായി തരം തിരിക്കാം

1. കുന്നിൻപ്രദേശം
2. താഴ്‌വര പ്രദേശം
3. പാടശേഖരങ്ങൾ

### *1. കുന്നിൻപ്രദേശം*

ഈ പ്രദേശം പാറക്കെട്ടുകൾകൊണ്ട് നിറഞ്ഞ വയാണ്. പാറയിടങ്ങളിൽ കരിമണ്ണ്, ചരൽചേർന്ന മണ്ണ്,ചെമ്മണ്ണ്,മണൽമണ്ണ് ഇവ കാണപ്പെടുന്നു. ഈ കുന്നിൻ പ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ മഹത്തായ ജലസ്രോതസ്സുകൾ കാണാം. മരച്ചീനി കൃഷി നടത്തിവന്ന പ്രദേശങ്ങൾ റബ്ബർ കൃഷിയിലേക്ക് മാറിക്കഴിഞ്ഞു. 10 വാർഡുകളിലേയും കുന്നിൻപ്രദേശത്തിൻെറ വിവരം ഗ്രാമസഭ റിപ്പോർട്ടിൽ പ്രകാരം ചാർട്ടുകളിൽ കാണിക്കുന്നു.

### *2. താഴ്‌വര പ്രദേശങ്ങൾ*

ഈ പ്രദേശങ്ങൾ അടിവാര തീരപ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിൽ ചരൽ ചേർന്നചെമ്മണ്ണ്, കരിമണ്ണ്,പശിമശാശിമണ്ണ്,കളിമണ്ണ്, മണൽ ഇവ ധാരാളമായി കാണുന്നു. ഇവിടത്തെ പ്രധാന വിളകൾ, കമുക്, തെങ്ങ്, മാവ്, പ്ളാവ്, വെറ്റിലക്കോടി, കുരുമുളക്കൊടി, വാഴ,ചേന,ചേമ്പ്,കാച്ചിൽ മുതലായവ ആണ്. റബ്ബർകൃഷിയും ധാരാളം ഉണ്ട്. നീർച്ചാലുകളും കൈതോടുകളും, അരുവികളും, ഉറവകളും ധാരാളമായി ഉണ്ട്. എല്ലാ ഭക്ഷ്യവിളകൾക്കും, നാണ്യവിളകൾക്കും , തോട്ടവിളകൾക്കും അനുയോജ്യമായ മണ്ണാണ് ഉള്ളത് ഈ സ്ഥലങ്ങൾ നീർമറി പ്രദേശങ്ങളും കൂടിയാണ്.

### *3. പാടശേഖരങ്ങൾ*

നമ്മുടെ പാടശേഖരങ്ങൾ നെൽകൃഷിയുടെ ഈറ്റില്ലമായിരുന്നു. ആ നെൽകൃഷി ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഈ വയലേലകളിലെ മൺതരങ്ങൾ, സമൃദ്ധമായ പശിമരാശിമണ്ണും, കളിമണ്ണും, മണലും ചേർന്നതാണം, കട്ടക്കാലുകളും, പടുവങ്ങളും ആയ നിലങ്ങളാണ് ഇവിടെയുള്ളത്. ഇന്ന് നെൽകൃഷിക്കുപകരം വാഴയും, മരച്ചീനിയും, റബ്ബറും, കുരുമുളകും, വെറ്റിലകൊടിയും കൃഷി ചെയ്യുന്നു. വാർഡുകളിലെ പാടശേഖരങ്ങളുടെ വിവരം ചാർട്ട് 3 നോക്കുക

ഈ പഞ്ചായത്തിൻെറ ഭൂമിയുടെ ഏകദേശ വിവരം വില്ലേജ് ആഫീസിൽ നിന്നും തയ്യാറാക്കിയ അനുബന്ധം ഇതോടൊപ്പം ചേർക്കുന്നു. ചാർട്ട് 4

## പട്ടിക 1. വാർഡുകളും കുന്നിൻ പ്രദേശങ്ങളും

| | |
|---|---|
| 1. മണ്ണാംകോണം | ആയക്കാവ്, ഗ്ലാംകുന്ന് |
| 2. ചിലമ്പറ | കരിംപാറ, എരുമോടു മല, കീപ്പാറ, കാപ്പിയോട് മുള്ളംകുഴി |
| 3. ചെമ്പൂര് | പേപ്പാറ, പുലിപ്പാറ കല്ലുവിള, കാഞ്ചിയോട് പുളിംകുടി |
| 4. ഇടവാൽ | പേപ്പാറക്കോണം കല്ലുവിള മുകൾ കൊട്ടറക്കോണം |
| 5. തുടലി | ആയക്കാവ്, കലങ്ങൽ വള്ളിച്ചിറ, ആടോട്ടു കോണം, വരിപ്പാറ |
| 6. മൈലച്ചൽ | വിട്ടിയോട്, ചിറക്കുന്ന്, വലിയറക്കോണം, പൂഴിക്കുന്ന്, ഞെടിഞ്ഞിക്കുന്ന് |
| 7. വെള്ളാംഗൽ | പുഴിക്കുന്ന്, അവിയംകോട് ചിറക്കുന്ന്, ചിറ്റിക്കോട് |
| ആര്യൻകോട് | കിഴക്കൻമല, മീനാകോട് ശാസ്താംകുഴി, പൂവൻകുഴി |
| കുറ്റിയണിക്കാട് | നീർമാലി, മണ്ണ്ക്കാല പാലോട്ടുകോണം, കാവല്ലൂർ, പട്ടംചിറ |
| കീഴാറൂർ | ചിറ്റുമല, അരുവിക്കര പശുവെണ്ണറ, എലിവാലൻ കോണം, കൂക്കുറുണി, നെട്ടുണി |

## പട്ടിക 2. താഴ്‌വര പ്രദേശങ്ങൾ

| വാർഡ് | താഴ്‌വര പ്രദേശം / നീർമറി |
|---|---|
| മണ്ണാംകോണം | ആയക്കാവ്, പാലോട്ടുകോണം, ചിലവൂർ, മയിലൂർ, മണ്ണാംകോണം, തേമ്പാച്ചൽ |
| ചിലമ്പറ | എരുമോട്, തവരുകോണം, മുള്ളംകുഴി, കരിമ്പാലൂർ, ചിലമ്പറ, കീഴ്പാറ, അരുമ്പയം |
| ചെമ്പൂര് | പേപ്പാറ, പുളിങ്കുടി, പന്തപ്ലാവുവിള, അമ്പലപ്പാറ, അണ്ണറകുഴി, വെൺമനനട |
| ഇടവാൽ | പേപ്പാറകോണം, മണലിവിളാകം, പള്ളിക്കപറമ്പ്, ചേണിയാംകോട്, പുല്ലച്ചൽകോണം |
| തുടലി | കുഴിച്ചെല്ലൂർ, കലങ്ങൽ, പുലകൽകോണം, ആടോട്ടുകോണം, ആനാകോട്, പാരിക്കുടി പഴിഞ്ഞിക്കോണം, കുന്നത്ത്കുഴി |
| മൈലച്ചൽ | കുറ്റിക്കാട്ടുവിള, വെമ്പലംകോട്, മാവറത്തലവട്ടം, വേങ്കാടുകുഴി, കന്യാകുഴി, വലിയറക്കോണം വേയ്ക്കോട്ടുകോണം, മുണ്ടുകുഴി, തേവരുകോണം, തുമ്പക്കാവ്, പുതുവൽ, വെട്ടുവിള, തുടലി |
| വെള്ളാംഗൽ | അവിയംകോട്ടുകോണം, ചിറ്റിക്കോട്, നാണികുളം, ചിറത്തലയ്ക്കൽ, എരുമോട്, നക്കോട്ടുകോണം, ആണ്ടിക്കുഴി, തേവനാശ്ശേരി, തെങ്ങിൻ തകിടി |
| ആര്യൻകോട് | കുണ്ടയത്തുകോണം, പൂവൻകുഴി, പണ്ടാരക്കോണം, കണ്ണൻകര, മൂന്നാറ്റിൻമുക്ക് കാവടിക്കുഴി, നെല്ലിക്കാല, മൈലക്കര, കുന്നത്ത്വിളാകം |
| കുറ്റിയണിക്കാട് | നീർമാലി, അടിവാരം, പാലോട്ടുകോണം, പട്ടംചിറ, മുക്കലംപാട്, ഇടപ്രകോണം, പിറളക്കോട്, കാവല്ലൂർ, വഴുതോട്ടുകോണം, കൂറ്റുവിളാകം |
| കിഴാറൂർ | തൂയൂർ, ചിറ്റുമലയടിവാരം, പശുവണ്ണറ, എലിവാലൻകോണം, ശാസ്താംകോണം തെങ്ങുവിളാകം കോലിയക്കോട്, ഈയക്കുഴി, നെടുങ്ങോട്, കുക്കുറുണി, മണിയാറംകോണം, മങ്കോട്ടുകോണം |

പട്ടിക 3. പാടശേഖരങ്ങൾ

| വാർഡ് | പാടശേഖരങ്ങൾ |
|---|---|
| മണ്ണാംകോണം | ചിലവൂർ, തേംപാച്ചൽ, ചെറുനെല്ലിയോട്, പാലോട്ടുകോണം |
| ചിലമ്പറ | ചിലമ്പറ, അരുമ്പയം, തവരുകോണം, മുള്ളംകുഴി, കരിംപാലൂർ |
| ചെമ്പൂര് | വിലംഗറ തുടങ്ങി പുളിംകുടി, പാലോട്ടുകോണം, പുല്ലച്ചൽകോണം, പുമയ്ക്കോണം, തണ്ണിപ്പട്ടം,ചിലവൂർ |
| ഇടവാൽ | ചിറക്കോണം തുടങ്ങി മണ്ണടിക്കടവ്, പറമ്പനാട്, പേപ്പാറകോണം, കുളത്തൂർകോണം, ചേണിയാംകോട് |
| തുടലി | കുഴിച്ചെല്ലൂർ, ആലുംകുഴി, പുളിംകുടി, ആനാകോട്, പുലകൽകോണം, കോവിലുവിള, ആടോട്ടുകോണം, പാരിക്കുടി |
| മൈലച്ചൽ | ആര്യംകോട് മുക്കു തോടുമുതൽ കോവിലുവിളവരെ വേയ്ക്കോട്ടുകോണം,കുറ്റിക്കാട്ട്കോണം |
| വെള്ളാംഗൽ | അവിയംകോട്, ചിറയ്ക്കോണം, വലിയവീട്ട്നട |
| ആര്യൻകോട് | മച്ച, മണ്ണടിഭാഗം, മീനാവോട്വരെ, മൂന്നാറ്റിൻമുക്ക് മുതൽ മുക്ക് തോടുവരെ |
| കുറ്റിയായണിക്കാട് | കാവല്ലൂർ, കുഞ്ചുകോണം, ഇടപ്രക്കോണം, മീനാവോട്, കുണ്ടയത്തുകോണം, കുറ്റിയായണിക്കാട്, പിറളക്കോട്, കല്ലയക്കാംപാട്, കുന്നത്ത് വഴുതോട്ടു ഭാഗം |
| കീഴാറൂർ | കീഴാറൂർ റോഡിന് കീഴ്വശം മുതൽ ആറ്റുകടവ്വരെ, പുളിയറ, മണ്ണടിക്കടവ്, നെട്ടണി, ആറ്റുകടവ്, നെടുങ്ങോട്, കുക്കുറുണി, പശുവണ്ണറ, തൂയൂർ |

2.1. ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. A രജിസ്റ്റർ, B.T രജിസ്റ്റർ, വില്ലേജ് ഓഫീസ്)

| വില്ലേജിന്റെപേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 1 പുരയിടം | 2 നിലം | 3 പുറമ്പോക്ക് | 4 തരിശ് | 5 ആകെ സെൻറ് | 6 1-10 സെൻറ് | 7 10-25 സെൻറ് | 8 25-50 സെൻറ് | 9 50-100 സെൻറ് | 10 1-2 ഏക്കർ | 11 2-5 ഏക്കർ | 12 5ന് മേൽ |
| കീഴാറൂർ | 4536.95 | 555.50 | 321.72 | 20.90 | 5435.07 | 4115 | 4224 | 812 | 722 | 420 | 58 | 12 |
| ആകെ | 4536.95 | 555.50 | 321.72 | 20.90 | 5435.07 | 4115 | 4224 | 812 | 722 | 420 | 58 | 12 |

## ഭക്ഷ്യവിളകൾ

*നെല്ല്*

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നെൽകൃഷി പരമ്പരാഗതതൊഴിലാണ്. നെൽകൃഷിയിലധിഷ്ഠിതമായ സാമൂഹ്യക്രമവും സാംസ്ക്കാരിക പൈതൃകവും ചരിത്രവും ഇതിനുണ്ട്. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന വിത്തിനങ്ങൾ ഇന്ന് കാണാനില്ല. തുളുനാടൻ,കരിമ്പുവാലി, ഈഞ്ചക്കാടൻ, ചിറയാടി, വാങ്ക്, രാജമേനി, ഞവര, തവളകണ്ണൻ തുടങ്ങിയ വയാണ് ഇതിൽ ഔഷധഗുണമുള്ള നെല്ലുകളും, ആരോഗ്യദായകമായ നെല്ലുകളും ഉണ്ട്. ഇന്ന് ഇത് അന്യംപോയി പാടങ്ങളെല്ലാം വലിയവിളവുള്ള നെല്ലുവിത്തുകൾ കൃഷിചെയ്തിരുന്ന പ്രദേശങ്ങൾ

ആണ്. ഇരുപ്പൂകൃഷിയും മൂപ്പുകൃഷിയും നിലനിന്നിരുന്നു. മരകലപ്പയും, നുകംപൂട്ടിയ കാളകളും പോത്തുകളും ഉപയോഗിച്ചായിരുന്നു കൃഷി, തൂമ്പകൾകൊണ്ടും നിരത്തുമരം കൊണ്ടും പാടങ്ങൾ ഒരുക്കിയിരുന്നു. ഓര്, മാറ്റുന്നതിന് ചാരവും, കുമ്മായവും വിതറിയിരുന്നു. ചാണകവും പച്ചില വളങ്ങളും, ജൈവവളവും, സമയാസമയങ്ങളിൽ കൃഷിക്ക് ഉപയോഗിച്ചിരുന്നു. കീടനാശിനികളായി ചാരവും ചളയോലയും,ചളമ്പൂവും,പന്തവും പാടങ്ങളിൽ നിർത്തിയിരുന്നു. പുഴുവിലക്ക്, ഏഴിയൻവിലക്ക് എന്നീ പുരാതനരീതികളും നിലനിന്നിരുന്നു. നടവുപാട്ടും, കൊയ്തു പാട്ടും, ആലപിച്ചിരുന്നു. കൃഷിവലൻെറ കാൽപാദങ്ങൾക്ക് പിന്നിൽ കീടങ്ങൾകൊത്തിപറക്കാൻ വിഴുന്ന കൊക്കുകളും കാക്കകളും,തലകുനിക്കുമ്പോൾ കതിർകുല മുറിയാനെത്തുന്ന പനങ്കിളികളും സ്വപ്നത്തിൽമാത്രം. കാരണം നെൽകൃഷി വളരെ ചുരുങ്ങി യഥാർത്ഥ 'കർമ്മയോഗി' കർഷകനാണ്. സകല പ്രാണികളെയും തീറ്റിപോറ്റുന്നു. ജനസംഖ്യ വർദ്ധനവും ഭൂമിയുടെ പരിമിതിയും ഉൽപാദനക്ഷമതയുടെ പരമോന്നത വർദ്ധനയുമായപ്പോൾ കാർഷികയന്ത്രങ്ങളെയും പുതിയ കൃഷിസമ്പ്രദായങ്ങളെയും നല്ലയിന് സങ്കർവിത്തുകളെയും പുതിയ കീടനാശിനികളെയും ആശ്രയിക്കുന്നു. ആയതിനാൽ കഴിഞ്ഞകാലങ്ങളെ സുവർണ്ണകാലങ്ങളെന്ന് വിളിക്കുമ്പോൾ ആധുനികതയെ തിരസ്കരിയ്ക്കാനാവില്ലല്ലോ? അതുകൊണ്ട് കഴിഞ്ഞതിനെ തിരിച്ചുവിളിക്കാൻ ശ്രമിക്കാതെ വരും കാലത്തെ ശാസ്ത്രീയമാർഗ്ഗങ്ങളെ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയണം

വൈവിദ്ധ്യമാർന്ന ഭക്ഷ്യോൽപന്നങ്ങൾ എണ്ണക്കുരുക്കൾ, സുഗന്ധവിളകൾ, ഔഷധങ്ങൾ എന്നുവേണ്ട പുൽതൈല പുൽകൊടിമുതൽ മാമരം വരെ വിലപിടിപ്പുള്ള മലഞ്ചരക്കുവ്യാപാരോല്പന്നങ്ങളും നമ്മുടെ ഗ്രാമപ്രദേശത്തുണ്ട്.

*നെൽകൃഷിയിലെ വെല്ലുവിളികൾ*

1. ജലസംഭരണികൾ പാടശേഖരങ്ങളെക്കാൾ താഴുകയും, ഉറവ വറ്റുകയും ചെയ്തു, ജലസ്രോതസ്സുകൾ വേണ്ടവിധം പരിരക്ഷിക്കാത്തതിനാൽ ജലശേഷിഇല്ലാതെ പോകുന്നു. ആറ്റിലെയും.തോടിലെയും മണലൂറ്റുകാരണം ഭൂജലം വളരെ താണുപോകുകയും ബണ്ടുകൾ മഴകാലങ്ങലിൽ തകർന്നും ചോർന്നും പോകുന്നു. തോടുകൾ നിലത്തിനേക്കാൾ താഴ്ന്നു കിടക്കുന്നു.
2. നെല്ലിന് വിപണരംഗത്ത് വിലക്കുറവ് ഉണ്ടായി. എന്നാൽ കൃഷിചെലവ് വർദ്ധനവ് അമിതമായിരിക്കുന്നു. നെല്ലിന് താങ്ങുവിലയില്ല. പരമ്പരാഗത കൃഷിക്കാർ ആദായമുള്ള നാണ്യവിളയിലേക്ക് മാറികൊണ്ടിരിക്കുന്നു.
3. രാസവളം വേണ്ടത് വേണ്ട സമയത്ത് ലഭിക്കുന്നില്ല. അമിതമായ വില. സബ്സിഡി കുറവ് വാർഡുകളിൽ വളം ഡിപ്പോകളില്ല.
4. കാർഷികരംഗത്ത് കൂലിവർദ്ധനവ് മറ്റൊരു കാരണം കർഷകതൊഴിലാളിക്ക് സ്ഥിരമായി കൃഷിതൊഴിൽ ലഭ്യമാക്കാൻ കഴിയില്ല. കാരണം കൃഷി സീസണലാണ്. തൊഴിലാളികൾ സ്ഥിരം തൊഴിൽ മേഖലയിലേക്ക് പോകുന്നു.
5. കാലവർഷക്കെടുതിയിലും, പ്രകൃതിക്ഷോഭത്തിലും കൃഷിയും കൃഷിസ്ഥലവും നശിച്ചാൽ പഞ്ചായത്തിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല, കൃഷി വകുപ്പ് നിസ്സഹായരായി നില്ക്കുന്നു. ഉദാ , 1996 ഒക്ടോബറിൽ മഴമൂലം ഈ പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ബണ്ടുകൾ തകർന്ന് കൃഷി പൂർണ്ണനാശം സംഭവിച്ചു.
6. ജലസ്രോതസ്സുകൾ വറ്റിയാൽ ജലസേചനത്തിന് മറ്റു മാർഗ്ഗങ്ങളില്ല. വേനൽക്കാലത്ത്
7. കാർഷികവായ്പാ സൗകര്യം കുറഞ്ഞപലിശയ്ക്ക് വേണ്ട സമയത്ത് ലഭിക്കുന്നില്ല. കാർഷിക കടം കൊണ്ട് കർഷകൻ തകരുന്നു. കാരണം കാർഷികോൽപ്പന്നത്തിൻെറ വില ഇടിവ്.
8. നിലംനികത്തി മറ്റു കൃഷികൾ ചെയ്യുന്നു അതുകൊണ്ട് കീടങ്ങളും ചോലകളും ഒറ്റപ്പെട്ട നെൽകൃഷിയെ ബാധിക്കുന്നു.
9. ഗ്രാനൈറ്റ്,അഭ്രം,വൈഡൂര്യം മുതലായവ ഖനനം ചെയ്യുന്നതുമൂലം പരിസ്ഥിതി തകർച്ച ഉണ്ടാകുന്നു, ഇത് കർഷകനെ സാരമായി ബാധിക്കുന്നു,

*നെൽകൃഷി പോഷണം*

പുതിയയിനം ഉൽപാദനക്ഷമത കൂടിയ നെൽവിത്തുകൾ കർഷകന് നൽകണം. വിത്തും വളവും കാർഷിക ഓഫീസ് വഴി സൗജന്യമായി ലഭ്യമാകണം.

കൃഷിസ്ഥലം ഒരുക്കുവാൻ കാർഷികവായ്പ കാലതാമസംവിന കുറഞ്ഞപലിശയ്ക്ക് കർഷകന് നൽകണം. വായ്പ തിരിച്ചടയ്ക്കുന്നത് ധാന്യവിള സഹകരണനിയന്ത്രണ മാർക്കറ്റിലൂടെയാവണം. ധാന്യവിളയ്ക്ക് (നെല്ല്) താങ്ങുവില നിശ്ചയിക്കണം. നെല്ല് ഉല്പാദക സഹകരണസംഘം രൂപികരിക്കണം. കർഷകതൊഴിലാളിക്ക് വിളയിലൊരംശവും നിശ്ചയിക്കപ്പെടുന്ന കൂലിയും നൽകണം. കാർഷികമേഖലയിൽ പ്രത്യേകിച്ച് പാടശേഖര തൊഴിലാളികൾക്ക് ഒരു വർഷത്തിൽ 250 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തണം. മണ്ണിന്റെ ഫലപുഷ്ടി നിലനിർത്താൻ രാസവള പ്രയോഗം ആവുന്നത്ര കുറയ്ക്കാനും ജൈവവള പ്രയോഗം കൂട്ടാനും ശ്രമിക്കണം. ഒരു വീടിന് ജൈവവളക്കുഴിയും കാലിയും നിലനിർത്താൻ വേണ്ടുന്ന ബോധവൽക്കരണവും സൗജന്യധനസഹായവും ഉണ്ടാവണം. ശാസ്ത്രീയമായ കാർഷികബോധവൽക്കരണം അത്യാവശ്യമാണ്. കൂട്ടുകൃഷിയോ,മാതൃകാ കൃഷിപാടമോ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തണം. സർക്കാർ ആനുകൂല്യങ്ങൾ കൃഷിക്കുള്ളവ കൃത്യമായി വിനിയോഗിക്കുന്നോയെന്ന് കൃഷി അധികൃതർ ശ്രദ്ധിക്കണം. പാടശേഖരസമിതികൾ പുനസംഘടിപ്പിക്കുകയും പ്രവർത്തനക്ഷമമാക്കുകയും വേണം

### 3.9 കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകൻ (1. ഹെ. താഴെ) | ചെറുകിട കർഷകൻ (1-2 ഹെ.) | വൻകിട കർഷകൻ (2 ഹെ. മുകളിൽ) |
|---|---|---|---|
| 1 മുതൽ 10 വരെ | 2507 | 2375 | 96 |

*തെങ്ങ്*

തെങ്ങിന് അനുയോജ്യമായ മണ്ണും കാലാവസ്ഥയും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ തെങ്ങുകൃഷിക്ക് പ്രാമുഖ്യം കുറയുന്നു. നാളികേരത്തിന്റെ വിലയിടിവ്,. കൃഷിചെലവ്, തെങ്ങ്കയറ്റകൂലി, തൊഴിലാളികളുടെ അഭാവം പലതരത്തിലുള്ള രോഗങ്ങൾ തുടങ്ങിയ കാരണങ്ങളാൽ തെങ്ങുകൃഷി ഇന്ന് മന്ദീഭവിച്ചുകാണുന്നു. എന്നാൽ കൃഷി ഓഫീസ് വഴി വളവും കീടനാശിനിയും നൽകുന്നുണ്ട്. എങ്കിലും പ്രായോഗികതലത്തിൽ ഉദ്ദേശിക്കുന്നത്രഫലം ഉണ്ടാകുന്നില്ല. നീർമറിപ്രദേശങ്ങൾ തെങ്ങുകൃഷിക്ക് അനുയോജ്യമാണ്. അതു പരിപോഷിപ്പിക്കണം നാളികേരത്തിന് താങ്ങുവില നിശ്ചയിക്കണം എണ്ണയുടെ വിലയും ക്ളിപ്തപ്പെടുത്തണം തെങ്ങുകയറ്റയന്ത്രം നൽകുകയും, വാർഡുതലത്തിൽ തൊഴിലാളികളെ പരശീലിപ്പിക്കുകയും വേണം. നാളികേര വിപണസംഘങ്ങളും അനുബന്ധമായി ചെറുകിടവ്യവസായ യൂണിറ്റുകളും വാർഡുതലത്തിൽ ആരംഭിക്കണം. ജലസേചനത്തിന് ആവശ്യമായ പമ്പുകളും ലോണുകളും നൽകണം. ഇത് തെങ്ങില്ലാത്ത കർഷകർക്ക് ദുർവിനിയോഗം ചെയ്യാൻ അനുവദിക്കരുത്. നിലനിൽക്കുന്ന കേരകർഷകസംഘടനകളെ ശക്തിപ്പെടുത്തുകയും പ്രനർത്തനങ്ങളെ വിപുലീകരിച്ച് കുറ്റമറ്റതാക്കുകയും ചെയ്യണം, കുറഞ്ഞകാലയളവിൽ കായ്ക്കുന്നതും കൂടുതൽ കായ്ഫലങ്ങളുള്ള തെങ്ങിൽ തൈകൾ വച്ചുപിടിപ്പിക്കാൻ കേരകർഷക സമിതി മുന്നോട്ടുവരണം കർഷകന് കുറഞ്ഞത് അഞ്ചുതെങ്ങിൻതൈകൾ നിർബന്ധമായും നൽകണം

*വാഴ*

നമ്മുടെ നാട്ടിൽ കൂടുതലായി കൃഷി ചെയ്യുന്നത് നേന്ത്ര-വാഴയും പടറ്റി വാഴയുമാണ്. കപ്പവാഴകളും ധാരാളം കൃഷി ചെയ്യുന്നു. വാഴകൃഷി വളരെ ലാഭകരമായ ഒന്നാണ്. നല്ലയിനം വാഴതൈകൾ കൃഷി അധികൃതർ നിർദ്ദേശിക്കേണ്ടതാണ്. വാഴതോട്ടങ്ങൾ വച്ചുപിടിക്കാൻ അധികൃതർ ബോധവൽക്കരണം നൽകണം. മാർക്കറ്റിംഗ് സൗകര്യം ഉണ്ടാകണം. ഒരു പച്ചക്കറിസംഘം രൂപികരിച്ചാൽ വാഴക്കുലകൾ സംഘം വഴി മറ്റു സംസ്ഥാനങ്ങളിലേക്ക് അയയ്ക്കാം. വാഴകായ് കൊണ്ട് വറ്റലിനങ്ങൾ കുടിൽ വ്യവസായമായിനടത്താൻ സാധിക്കും. എല്ലാ വാർഡുകളിലും ഇത് പ്രാവർത്തികമാക്കാം. പച്ച ഏത്തക്കായ് പൊടിയാക്കിയും, ജാം ആക്കിയും വിൽക്കാവുന്നതാണ്. ഔഷധമൂല്യമുള്ള കദളി, അണ്ണാൻ, പേയൻ, മൊന്തൻ, പൂവൻ, ചെങ്കദളി തുടങ്ങിയവ നശിക്കാതെ നിലനിർത്തേണ്ടതാണ്. വാഴയിലയും, തടയും, കൂമ്പും എന്നുവേണ്ട എല്ലാം ഔഷധമൂല്യമുള്ളതാണ്. രാസവളപ്രയോഗം കുറയ്ക്കുകയും, ജൈവവളം കൂടുതൽ ഉപയോഗിക്കുകയും വേണം.

## 3.2 വിള വിസ്തീർണ്ണവും ഉൽപാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത (ഹെ.) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 20 Ha | 50,000 Kg | 2500 Kg |
| നെല്ല് (രണ്ടാംവിള) | 16 Ha | 34,400 Kg | 2150 Kg |
| നെല്ല് (മൂന്നാംവിള) | | | |
| പയർ | 4 Ha | 2,000 Kg | 500 Kg |
| എള്ള് | 3.4 Ha | 1020 Kg | 300 Kg |
| പച്ചക്കറികൾ | 17 Ha | 2,55,000 Kg | 15000 Kg |
| തെങ്ങ് | 254.48 Ha | 32,06448 Kg | 12600 എണ്ണം |
| വാഴ | 187 Ha | 6545,000 Kg | 35000 Kg |
| മരച്ചീനി | 180 Ha | 45,00,000 Kg | 25000 Kg |
| കുരുമുളക് | 47 Ha | 413600 Kg | 8800 Kg |
| പ്ലാവ് | 4725 എണ്ണം | | |
| മാവ് | 5200 എണ്ണം | | |
| കശുമാവ് | 6 Ha | 19200 Kg | 3200 Kg |
| റബ്ബർ | 1100 Ha | 4675000 Kg | 4250 Kg |
| കവുങ്ങ് | 158 Ha | 47,40,000 Kg | 30,000 Kg |
| ഗ്രാമ്പ് | 780 എണ്ണം | | |
| ജാതി | 130 എണ്ണം | | |
| വെറ്റില | 5 Ha | 75,00,000 രൂപ | 15,00,000 രൂപ |

## 3.7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം(ഹെക്ടറിൽ) | കായ്ക്കുന്നത് | കായ്ക്കാത്തത് | ആകെ | റൂട്ട് വിൽറ്റ് |
|---|---|---|---|---|---|
| 1 | 12.60 | 58.24 | 424 | 6248 | 31 |
| 2 | 14.02 | 1837 | 656 | 2493 | 183 |
| 3 | 17.60 | 6401 | 2311 | 8712 | |
| 4 | 19.06 | 3845 | 642 | 4487 | |
| 5 | 23.90 | 5797 | 6059 | 11856 | |
| 6 | 35.40 | 12515 | 7486 | 20001 | 7 |
| 7 | 13.60 | 9414 | 1421 | 6835 | |
| 8 | 39.90 | 13755 | 6015 | 19770 | |
| 9 | 32.20 | 11512 | 1857 | 13369 | |
| 10 | 46.00 | 20910 | 11770 | 32680 | |

*റബ്ബർ*

റബ്ബർകൃഷിക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയും നമ്മുടെ പഞ്ചായത്തിലുണ്ട്. എല്ലാ താഴ്വരപ്രദേശങ്ങളും കുന്നിൻപ്രദേശങ്ങളും പാടങ്ങളും വരെ റബ്ബർകൈയടക്കികൊണ്ടിരിക്കുന്നു. റബ്ബർ ഉൽപാദകർ താരതമ്യേന വർദ്ധിച്ചുവരുന്നതായി കാണാം. റബ്ബർകർഷകർക്കൊരു സഹസംഘം ആവശ്യമാണ്. ഇന്ന് പല സംഘങ്ങളും നിലനിൽക്കുന്നുണ്ടങ്കിലും കാലാകാലങ്ങളിൽ വളം ഇടാനും പണിചെയ്യാനും മുൻകൂട്ടി ധനസഹായം നൽകുന്നവയില്ല. റബ്ബർഉൽപ്പന്നങ്ങൾ സ്വീകരിക്കുകയും,ഉൽപാദനംകൂടുകയും, കുറയുകയും ചെയ്യുന്ന സമയങ്ങളിൽ ഒരേ പോലെ വിലയും വിപണനവും സാദ്ധ്യമാക്കണം. റബ്ബർബോർഡിന്റെ ഒരു യൂണിറ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉണ്ടാവണം കുറച്ച് മരങ്ങൾ ഉള്ള കർഷകനും ആനുകൂല്യം നൽകേണ്ടതാണ്. റബ്ബർഉത്പാദക സംഘങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കണം.

*മരച്ചീനി*

മരച്ചീനിയും മത്സ്യവും ഒരു സമീകൃത ആഹാരം ആയിരുന്നു. നമ്മുടെ പഞ്ചായത്തിലെ ആളുകൾക്ക് മുഖ്യ ആഹാരം മരച്ചീനിയായിരുന്നു. മരച്ചീനികൃഷിക്ക് വളരെ അനുയോജ്യമായ മണ്ണും കാലാവസ്ഥയുമുണ്ട് എന്നാൽ മരച്ചീനി കൃഷി അപ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കെയാണ്. 180 ഹെക്ടറിൽ മാത്രമാണ് ഇന്ന് മരച്ചീനികൃഷിയുള്ളത്. കയ്യാലചാടിയും. ആനമറവനും, കലികാലനും മറ്റും ഇന്ന് അന്യം നിന്നുപോയി. എന്നാൽ മേൽപറഞ്ഞവയ്ക്ക് 8 മാസം മുതൽ 12 മാസം വരെ പ്രായം വേണം വിളവെടുക്കാൻ. മൂന്നു മാസംകൊണ്ട് വിളവെടുക്കുന്ന പുതിയ മരച്ചീനി ഇനങ്ങൾ നമ്മുടെ പഞ്ചായത്തിൽ എത്തിയിട്ടുണ്ട്. അത് വ്യാപകമാക്കണം നാണ്യവിളകൾക്ക് കൈമാറേണ്ടിവരുമ്പോൾ ഈ പുതിയ ഇനം മരച്ചീനി സമഗ്രകൃഷിയിലേക്ക് കൊണ്ടുവരണം. അരിയുടെ വിലവർദ്ധനവിനെ ഒരു പരിധിവരെ ചെറുക്കാൻ മരച്ചീനിക്കും കഴിയണം. മരച്ചീനികൃഷിക്ക് പോഷണവും, ബോധവൽക്കരണവും ആവശ്യമാണ്. ഈ കൃഷിക്ക് വളവും കീടനാശിനിയും നല്കി കൃഷിനാശത്തിൽ നിന്നും രക്ഷിക്കണം. ആയതിനാൽ പുതിയമരച്ചീനി കൃഷിയിലെ നേട്ടങ്ങളേപ്പറ്റിയും ഉല്പന്നസംസ്ക്കരണത്തിലൂടെ തുടങ്ങാവുന്ന ചെറുകിട വ്യവസായത്തെപ്പറ്റിയും (ബിസ്ക്കറ്റ്, പർപ്പടം, ശിശുആഹാരം) ശാസ്ത്രീയമായി അറിവുപകർന്നുകൊടുക്കാവാനുള്ള സംവിധാനം ഉണ്ടാകണം.

കരകൃഷിനശിച്ചെങ്കിലും വയലുകളിൽ നടത്തുന്ന മരച്ചീനികൃഷി ലാഭകരമായികാണുന്നു. പക്ഷേ അവിടെയും പെരുച്ചാഴിയും, എലിയും ഈ മേഖലയെ തകർക്കുന്നു.

*കമുക്*

നമ്മുടെ പഞ്ചായത്തിൽ നീർമറി പ്രദേശങ്ങളിലും തെങ്ങിൻതോട്ടങ്ങളുടെ ഇടയിലും ധാരാളം കമുക് കൃഷി ഉണ്ടായിരുന്നു. ഈ പഞ്ചായത്തിൽ നിന്നും അടയ്ക്ക കയറ്റി അയച്ച ചരിത്രം ഉണ്ട്. മാത്രമല്ല അടയ്ക്ക വെള്ളത്തിൽ പാക്കായും, കൊട്ടപാക്കായും വ്യാവസായിക അടിസ്ഥാനത്തിൽ നമ്മുടെ ചന്തകളിൽ വിറ്റു വരുന്നു. ഒരു ഉപവിളയായി കിട്ടിയിരുന്ന പാക്ക്, വില കുറവായതുകാരണം കർഷകർ കമുക് മരത്തെ സംരക്ഷിക്കാതെ അന്യം നിന്നുപോയി

ഇന്ന് പാക്ക് ഉപയോഗിച്ച് പലയിനം ആധുനിക ഉല്പന്നങ്ങൾ ഉണ്ടാകുന്നത് കാരണം പാക്കിന്റെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നു. പ്രാചീനകാലം മുതലേ കമുക്, ദരിദ്രവർഗ്ഗത്തിന്റെ കിടപ്പാടത്തിനും കാർഷികവിളകളെ സംരക്ഷിക്കുന്നതിനുള്ള ഊന്നായും താങ്ങായും ഉപയോഗിച്ചിരുന്നു. ചണങ്ങ് ചൂലിന് ഉപയോഗിച്ചിരുന്നു. കായ്ക്കാത്ത കമുകിന്റെ വേരും ഇലയും മഞ്ഞനോവിനും പട്ടിയ്ക്കും കോഴിക്കും ചെള്ളും പേനും മാറുന്നതിനുള്ള മരുന്നായും പഴമക്കാർ ഉപയോഗിച്ചിരുന്നു. കമുകിൻപൂവ് ഹൈന്ദവക്ഷേത്രങ്ങളിൽ പൂജയ്ക്കു ഉപയോഗിക്കുന്നു. ഈ വിധ പ്രാധാന്യമുള്ള കമുക് നമ്മുടെ നാട്ടിൽ അന്യം നിന്നുപോയി. പുതിയ ഇനം അടയ്ക്കാ (ഉൽപാദനശേഷിയുള്ളത്) നടീൽ വസ്തുവായി നൽകി പരിപോഷിപ്പിക്കണം.

*ഇഞ്ചി*

പുരാതനകാലം മുതലേ ഇഞ്ചി ഈ പഞ്ചായത്തിന്റെ പ്രധാന നാണ്യവിളയും,ഔഷധ സുഗന്ധവിളയും ആയിരുന്നു. പോർട്ടുഗീസുകാരുടെ കാലം മുതലേ ഇഞ്ചി കയറ്റി അയച്ചിരുന്നു. ചുക്കും, പുൽതൈലവും, ആലപ്പുഴകൊണ്ടുപോയി വിറ്റിരുന്ന ചരിത്രം പഴമക്കാർ പറയുന്നു. കരയിലും, വയലിലും ഇഞ്ചികൃഷി ചെയ്തിരുന്നത് പലകാരണങ്ങൾകൊണ്ടും കുറഞ്ഞ്കൊണ്ടിരിക്കുന്നു. ഇടവിളയായി കൃഷി ചെയ്ത് കർഷകന് ഇടലാഭം ഉണ്ടാക്കുന്ന ഈ കൃഷി പഞ്ചായത്തിൽ വ്യാപകമായി സംരക്ഷിക്കണം.

*പച്ചക്കറി*

നമ്മുടെ പഞ്ചായത്തിൽ പച്ചക്കറിക്ക് അനുയോജ്യമായ കാലാവസ്ഥയും മണ്ണുമാണുള്ളത്. ഇവിടെ കൃഷിചെയ്തുവരുന്ന പ്രധാനപ്പെട്ട പച്ചക്കറികൾ വെള്ളരി, വെണ്ട, കത്തിരി, വഴുതന, പാവൽ, പടവലം, പയറുവർഗ്ഗം, പച്ചമുളക് തുടങ്ങിയവയാണ്. പച്ചക്കറി ഔഷധഗുണമുള്ള വയാണ് ഇവയുടെ കൃഷി വാർഡ് തലത്തിൽ പരിപോഷിപ്പിക്കുന്നതിന് ഓരോ വാർഡിലും മാതൃക പച്ചക്കറിതോട്ടം ആരംഭിക്കേണ്ടതാണ്.

പച്ചക്കറി നമ്മുടെ പഞ്ചായത്തിൽ വ്യാപകമായ ഒരു കൃഷിഅല്ല. വീട്ടുമുറ്റത്തും വാഴക്കിടയിലും മറ്റും മലക്കറി നട്ട് അൽപ്പം ആദായമുണ്ടാക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്.

ഈ പഞ്ചായത്തിൽ വളരെ സാദ്ധ്യതയുള്ളതും 80% ത്തോളം കുടുംബങ്ങൾക്ക് കൊച്ചാദായം ഉണ്ടാക്കുന്നതിനും ശുദ്ധമായ പച്ചക്കറി നമ്മുടെ നാട്ടിൽ കിട്ടുന്നതിനും വ്യാപകമായി പച്ചക്കറികൃഷി ചെയ്യുന്നതിനും ഒരു പദ്ധതി ഉണ്ടാക്കി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് വിത്തും വളവും കീടനാശിനികളും സാങ്കേതിക ഉപദേശങ്ങളും ധനസഹായങ്ങളും നല്ക്കുന്നതിന് പച്ചക്കറി സഹകരണസംഘങ്ങൾ നിലവിൽവരേണ്ടതാണ്. വളർന്നുവരുന്ന കുട്ടികൾക്ക് കൃഷിയിൽ താല്പര്യം ജനിപ്പിക്കാനും അങ്ങനെ സ്വയംതൊഴിൽ തിരഞ്ഞെടുക്കാൻ ഒരു അവസരവും ഉണ്ടാക്കാം അതിനുവേണ്ടി അംഗനവാടികളിലും, സ്കൂളുകളിലും കലാസാംസ്ക്കാരികസ്ഥാപനങ്ങളിലും മാതൃകാകൃഷി തോട്ടങ്ങൾ നടത്തി ബോധവല്ക്കരിക്കേണ്ടതാണ്. അങ്ങനെ മാർക്കറ്റിംഗ്, സംസ്ക്കരണം,വിപണനം തുടങ്ങിയ മേഘലകളെ കുറിച്ച് ബോധവൽക്കരണം നൽകണം. പുതിയ വിത്തും കീടനാശിനികളും ജൈവവളപ്രയോഗങ്ങളും അത്യാവശ്യമാണ്. രാസവളപ്രയോഗവും കീടനാശിനികളും ആവുന്നത്ര കുറച്ചാൽ കായ്ഫലങ്ങളിലുള്ള വിഷാംശം കുറയ്ക്കാനും കഴിയും. അതുപോലെ പുകയില കഷായം, ചാരം, തുടങ്ങിയ കീടനാശിനികൾ ഉപയോഗിച്ചാൽ പച്ചക്കറികൾ വിഷാംശം ഇല്ലാതെ ഉപയോഗിക്കാൻ കഴിയുകയും ചെയ്യും.

**3.5 നടീൽ വസ്തു വിവരണം**

| ഇനം | | എണ്ണം | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 250 | 665 | 455 |
| കശുമാവ് | | 160 | 490 |
| കുരുമുളക് | 1500 | 5400 | 10900 |
| കവുങ്ങ് | | - | |
| ഗ്രാമ്പ് | 30 | - | 112 |
| കറുകപ്പട്ട | | - | 114 |
| കിഴങ്ങുവർഗ്ഗം | 12കിറ്റ് | - | 5 കിറ്റ് |
| നെൽവിത്ത് | 500K.g | 500K.g | 1710K.g |
| പച്ചക്കറിവിത്ത് | 2670കിറ്റ് | 877കിറ്റ് | 1007കിറ്റ് |

*ചെറുകൃഷി*

നമ്മുടെ പഞ്ചായത്തിലെ മൂന്നിൽ രണ്ട് ഭാഗവും റബ്ബറും തെങ്ങുമാണ് തെങ്ങിന്റെ ഇടകളിലും ബണ്ടുകളിലും ഇട കൃഷിയായി ചേന,ചേമ്പ്, എള്ള്, തിന. മുക്കിഴങ്ങ്, ചെറുകിഴങ്ങ്, നനകിഴങ്ങ്, കാച്ചിൽ, തുടങ്ങിയവ കൃഷി ചെയ്യാം . ഈ ചെറുകൃഷികളിൽ പലതും വർഗ്ഗം നശിച്ചിരിക്കുന്നു. ഉദാഹരണത്തിന് വാളരി, കോവൽ,നിത്യകല്യാണി, ഓടൽ, കൊങ്ങൻ ഇവയുടെ വർഗ്ഗം നശിക്കാതെ കൃഷി ഓഫീസുവഴി കർഷകന് നൽകേണ്ടതാണ്. ഇലക്കറികളും മലക്കറികളും പൂക്കളും ഇന്നും നമ്മുടെ നാട്ടിൽ കൃഷി ചെയ്ത് വരുന്നു.

ഒരു പച്ചക്കറി കൃഷി സ്കീം നടപ്പിലാക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ നാല് സെൻറ് മുതൽ ഒരേക്കർ ഭൂമിവരെയുള്ള ആളുകളാണ്, ബഹുഭൂരിപക്ഷം. ഇവർക്ക് സ്വയംതൊഴിൽ ചെയ്യാവുന്ന രീതിയിൽ പച്ചക്കറി കൃഷി തോട്ടം നിർമ്മിച്ചാൽ അനുഗ്രഹമായിരിക്കും. പൂകൃഷി വളരെ ആദായകരമായ ഒന്നാണ് പിച്ചി, റോസ, കുറ്റിമുല്ല, ജമന്തി, താമര, മുതലായവ കൃഷി ചെയ്താൽ നമ്മുടെ ഗ്രാമങ്ങളിൽ വിൽക്കുകയും മിച്ചമുള്ളവ വിൽക്കുകയും പുഷ്പകൃഷി സഹകരണസംഘം സ്ഥാപിക്കുകയും വിത്തും വളവും കീടനാശിനിയും സഹായവും നൽകുകയും പൂക്കൾ

സംഘം വാങ്ങി വിപണനം ചെയ്യുകയും വേണം എന്നാൽ കൃഷിക്കാർക്ക് ന്യായമായവിലയും സഹകരണമേഘലയൽ പ്രവർത്തിക്കുന്നവർക്ക് തൊഴിലും ലഭ്യമാക്കും.

*രോഗങ്ങൾ*

| | |
|---|---|
| നെല്ല് | - മഞ്ഞളിപ്പ്, ഓലപ്പുഴു, ചാഴി, തണ്ടുചീയൽ |
| റബ്ബർ | - ചീക്ക്, ഇലകൊഴിച്ചിൽ, പട്ടമരപ്പ് |
| തെങ്ങ് | - ഓലപഴുക്കൽ, ചെമ്പൻചെല്ലി, കാറ്റു വീഴ്ച,കുമിൾരോഗം,മണ്ടചീയൽ |
| വാഴ | - കരിച്ചകേട്, കുറുനാമ്പ് രോഗം |
| ഇഞ്ചി | - തണ്ടുചീയൽ, ഓലപഴുക്കൽ, പുഴുക്കേട് |
| മരച്ചീനി | - മൊസയിക്ക് രോഗം |

മേൽ വിവരിച്ച രോഗങ്ങൾ നമ്മുടെ പഞ്ചായത്തിലെ കൃഷി തോട്ടങ്ങളിൽ കണ്ടുവരുന്നു. പുതിയ തരം കീടനാശിനികളും അത് തളിക്കാനുള്ള പമ്പുകളും കർഷകന് വാർഡ് അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. നമ്മുടെ കൃഷിനാശത്തിന് കാരണവും ഒരു പരിധി വരെ പുതിയ തരം രോഗങ്ങളും കീടങ്ങളുമാണ്. ആയതിനാൽ രോഗങ്ങളെ കുറിച്ചും കീടങ്ങളെ കുറിച്ചും നിർമ്മാർജ്ജന രീതികളെക്കുറിച്ചും ബോധവൽക്കരണം നൽകണം. കഴിവതും ജൈവവള പ്രയോഗവും ജൈവ കീടനാശിനികളും പ്രാബല്യത്തിൽ കൊണ്ടുവരണം.

*പരിഹാരങ്ങളും നിർദ്ദേശങ്ങളും*

1. യന്ത്രവൽകൃത കൃഷി സമ്പ്രദായം ഏർപ്പെടുത്തണം.
2. മണ്ണു പരിശോധനയും വിദഗ്ധ നിർദ്ദേശങ്ങളും ആധുനിക യന്ത്രവൽകൃത സംവിധാനങ്ങളും ഈ മേഖലയിൽ പരമാവധി ഉപയോഗിച്ച് വിഭവശേഷി ഉയർത്തേണ്ടതാണ്.
3. കുറഞ്ഞ വിലയ്ക്ക് വളവും കാർഷിക വായ്പാ സൗകര്യങ്ങളും ജലസേചന സൗകര്യത്തിലെ പാളിച്ചകൾ തീർത്ത് ഭൗതിക സംവിധാനങ്ങൾ ഉയർത്തണം.
4. കൃഷി വായ്പയും രാസവളവും വിപണന സൗകര്യങ്ങളും പരമാവധി കർഷകർക്കും കാലോചിതമായി കിട്ടണം.
5. കാർഷിക ഉല്പന്നങ്ങൾക്ക് താങ്ങുവിലയും സർക്കാർ ആനുകൂല്യങ്ങളുടെ ദുർവിനിയോഗം ഇവ പരമാവധി പരിഹരിക്കാൻ ശ്രമിക്കണം.
6. നാണ്യ വിളയ്ക്ക് വേണ്ടി ഭക്ഷ്യവിള വഴിമാറുന്നത് ആവുന്നത്ര തടയുകയും കൂട്ടുകൃഷിയും മാതൃകാ തോട്ടങ്ങളും ഉണ്ടാക്കി കർഷകരെ ബോധ്യപ്പെടുത്തണം
7. രാസവളം കുറച്ച് ജൈവവളം കൂട്ടാൻ ആടുമാടു വളർത്തൽ വീടുവീടാന്തരമാക്കണം.
8. കർഷകന് കാലി വളർത്താനും കൃഷി ചെയ്യാനും ഉണ്ടാകുന്ന ചെലവുകളുടെ അൻപത് ശതമാനം സബ്സിഡിവ്യവസ്ഥയിൽ നൽകേണ്ടതാണ്.
9. സ്ത്രീകൾക്ക് കാർഷികമേഖലയിൽ മുൻഗണന നൽകി പരിശീലിപ്പിച്ച് ഈ മേഖലയിലേക്ക് ആകർഷിപ്പിക്കണം.
10. കർഷകന് സമൂഹത്തിൽ പ്രധാന പദവി നൽകി മാതൃകാ കൃഷിക്കാരനെ കാലാകാലങ്ങളിൽ ആദരിക്കുകയും ക്യാഷ് അവാർഡുകൾ നൽകുകയും ചെയ്യണം. കർഷകന്റെ കുട്ടികൾക്ക് പഠിക്കുവാൻ സഹായങ്ങളും സബ്സിഡികളും ഗ്രാമറ്റുകളും നൽകേണ്ടതാണ്.
11. വാർഡുതലത്തിൽ കാർഷികസെല്ലുകൾ രൂപികരിക്കുകയും ഇൻഫമേഷൻ സെൻററുകൾ ഉൾപെടുത്തുകയും കൃഷി ആഫീസിലെ ഉദ്യോഗസ്ഥൻമാരുടെ പ്രത്യക ശ്രദ്ധ ഈ സെല്ലുകളിൽ ഉണ്ടായിരിക്കേണ്ടതും ഈ സെല്ലുകൾക്ക് പ്രത്യകകെട്ടിടവും ആസ്ഥാനവും ഉണ്ടാക്കി കർഷകനനാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അടിസ്ഥാന സഹായസഹകരണങ്ങൾ നടത്തുന്നതിനുള്ള ഒരു കേന്ദ്രീകൃത പ്രസ്ഥാനമായി പ്രവവർത്തിക്കേണ്ടതാണ്.
12. ഓരോ വാർഡിലും സൗകര്യാനുസരണം കാർഷിക കർമ്മസമിതികൾ രൂപികരിച്ച് തൊഴിലില്ലാതെ കഷ്ടത അനുഭവിക്കുന്ന യുവതികളെയും യുവാക്കളെയും കൃഷിക്കും പ്രയോഗിക പരുശീലനം നൽകി കൃഷിയിടങ്ങളിൽ ജോലിക്ക് ഇറക്കുവാൻ പ്രത്യക സംവിധാനങ്ങൾ ഉണ്ടാകണം ഒപ്പം തന്നെ ഈ മേഖലയിൽനിന്ന് അകന്ന്പോയിരിക്കുന്ന കർഷക തൊഴിലാളി

കളെ ദ്രുതകർമ്മ കാർഷിക സമിതികളുമായി ബന്ധപ്പെടുത്തി കൃഷിപ്പണി ചെയ്യുവാൻ പ്രേരിപ്പിക്കുക.

13. കാർഷികമേഖലയിൽനിന്നും കർഷക തൊഴിലാളികൾ മറ്റു മേഘലയിലേക്ക് ചേക്കേറുന്നത് കൂലിയിലുണ്ടായിരിക്കുന്ന വ്യത്യസമാണ് ഇവരെ തിരച്ച് ഈ മേഖലയിൽ കൊണ്ടുവരുന്നതിന് മറ്റ് മേഖലയിലെ കൂലിക്ക് ഒപ്പമുള്ള കതുകയുമായുള്ള വ്യത്യാസം കണക്കാക്കി അത്രയും തുക സർക്കാരോ പഞ്ചായത്തോ വാർഷിക ബോണസായി നൽകി നില നിർത്തണം.

14. കൃഷി മുഖ്യഉപജീവനമാർഗ്ഗമായ ഈ പഞ്ചായത്തിൽ നടീൻ വസ്തുക്കൾ കിട്ടാൻ വളരെ പ്രയാസമുണ്ടാകുന്നു. അതുകൊണ്ട് പഞ്ചായത്തിൻെറ വക കൃഷിഭവൻവേളയിൽ ഉള്ള ഒരു ഏക്കർ വസ്തുവിൽ ഒരു മാതൃകാകാർഷിക നഴ്സറി സ്ഥാപിക്കണം.

15. നമ്മുടെ പഞ്ചായത്തിൻെറ മൂന്നിൽ രണ്ടു ഭാഗം കുന്നും മലയും അടിവാരങ്ങളുമാണ് വഷകാലങ്ങളിൽ ഉണ്ടാകുന്ന അതിയായ മണ്ണൊലിപ്പ് ശാസ്ത്രീയമായി ബണ്ടുകളുണ്ടാക്കി സംരക്ഷിക്കുന്നതിന് സർക്കാരിൻെറ മണ്ണ് സംരക്ഷണ വിഭാഗം മേധാവികളെ കൊണ്ട് ചെയ്യിപ്പിക്കേണ്ടതാണ്.

16. തോട്ടങ്ങളും അരുവികളും ജലസ്രോതസുകളും കുളങ്ങളും നെയ്യാറും ചിറ്റാറും നെയ്യാറിൻെറ ഇടതുകര ചാനലും ഒഴുകുന്ന ഈ പഞ്ചായത്തിൽ ഇവകളെ ശാസ്ത്രീയമായി സംയോജിപ്പിച്ച് ആധുനിക വാട്ടർഷെഡ് സമ്പ്രദായം നടപ്പിലാക്കിയാൽ കൃഷിയും കുടിവെള്ളത്തിനും ഇന്നുള്ള ജല ദൗർലഭ്യം പരിഹരിക്കാൻ സാധിക്കും

17. റബ്ബർ ഉല്പന്ന ചെറുകിട വൻകിട വ്യവസായങ്ങൾ ആരംഭിക്കണം

## ജലസേചനം

ഈ പഞ്ചായത്തിൻെറ എല്ലാവിഭാഗങ്ങളിലുള്ള നിലങ്ങളിൽ മഴക്കാലത്ത് വർദ്ധിച്ച ജല ലഭ്യതയുണ്ട് താഴ്വാരങ്ങളും നീർറി പ്രദേശങ്ങളും നീർചാലുകളും കൈച്ചാലുകളും എല്ലാവാർഡുകളിലും ഉണ്ട്. മൂന്നിൽകുറയാത്ത ജലസംഭരണികൾ ഉണ്ട്. നെയ്യാർ കനാലുകൾ, പമ്പ് വെൽസ്, വാൽകിണറുകൾ, പഞ്ചായത്ത് കിണറുകൾ ഇവയുണ്ട്. ആര്യൻകോട് പഞ്ചായത്ത് കൃഷിക്ക് അനുയോജ്യമായ പ്രദേശമാണ് ഈ പഞ്ചായത്തിൽ 28 കുളങ്ങളും 39 തോടുകളും 80 നീർചാലുകളും 3 ചാനലുകളും ഉണ്ട്. ഇവ കൂടാതെ 28 പൊതുകിണറുകളും 24 കുഴൽകിണറുകളും 10 ആയകെട്ടുകളും ഉണ്ട്. ബന്ധപ്പെട്ട ചാർട്ട് നോക്കുക പല വാർഡുകളിലും കുളങ്ങൾ നികന്ന് കിടക്കുന്നവയുണ്ട്. ചില കുളങ്ങൾ ചോർച്ച തീർത്ത് സംരക്ഷിക്കേണ്ടതുണ്ട് ചുരുക്കി പറഞ്ഞാൽ നമ്മുടെ ജല സ്രോതസുകളെല്ലാം സംരക്ഷിക്കേണ്ടതുണ്ട് നീർമറി പ്രദേശങ്ങളിൽ പുതിയ നീർതടപദ്ധതികൾ നടപ്പാക്കണം നീർമറി പ്രദേശങ്ങളായ കദളി വാഴചുനയും പാണ്ഡവൻ കിണറും പഴിഞ്ഞിപ്പാറ നീർമാലി നീരുറവയും സംരക്ഷിക്കണം. മേൽ വിവരിച്ച പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനങ്ങളിലൂടെ താഴ്വാപ്രദേശങ്ങളിൽ ജലസേചനം നടത്താം. ഓരോ വാർഡിലേയും നീർമറി പ്രദേശങ്ങൾ ബന്ധപ്പെട്ട പട്ടികയിൽ കാണാം.

**3.3 ജലസ്രോതസ്സുകൾ**

| വാർഡ് | കുളങ്ങൾ | തോടുകൾ | നീർചാലുകൾ | ചാനൽ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 1 | 3 | 4 | |
| 2 | 2 | 4 | 6 | |
| 3 | 4 | 3 | 12 | |
| 4 | 3 | 6 | 15 | |
| 5 | 2 | 4 | 8 | |
| 6 | 1 | 6 | 13 | |
| 7 | 4 | 3 | 5 | 1 |
| 8 | 2 | 3 | 4 | 1 |
| 9 | 5 | 3 | 6 | 1 |
| 10 | 9 | 7 | 12 | |

### 3.4 ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതുകിണർ | കുഴൽകിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 6 | 2 | 1 | | |
| 2 | | | | | |
| 3 | | | | | |
| 4 | 5 | 5 | 3 | | |
| 5 | | | | | |
| 6 | 7 | 3 | 1 | | |
| 7 | 5 | 4 | 5 | | |
| 8 | | | | | |
| 9 | | | | | |
| 10 | 5 | 1 | 9 | | 10 |

### 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | | |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക(രൂപ) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | | 12.8Ha | | - | 64 | 41225 |
| 1994-95 | 21Ha | 14Ha | | - | 70 | 112980 |
| | | | | 104 | 56750 | |
| 1995-96 | 36Ha | | | - | 464 | 288189 |

*സാദ്ധ്യതകൾ*

1. നെയ്യാർ ചാനലിന്റെ വെള്ളം എത്തിക്കാവുന്നിടത്തോളം കൈചാനൽവഴി എത്തിച്ച് ചോർച്ച തീർത്തകുള ങ്ങളിൽ ശേഖരിക്കുക.
2. എല്ലാ ജലസ്രോതസുകളും ചോർച്ച തീർത്ത് വെള്ളം നിറച്ച് സൂക്ഷിക്കാം.
3. വേനൽക്കാലങ്ങളിൽ ജലം വേണ്ടവിധം ഉപയോഗിക്കുക. വേണ്ടവിധം മത്സ്യം വളർത്തുക
4. എല്ലാതോടുകളും പുതുക്കി പണിയണം തടകൾവച്ച് ജലംസംഭരിക്കാം ചെറിയപമ്പുകൾ ഫിറ്റ് ചെയ്ത് ജലം നിലങ്ങളിൽ ഉപയോഗിക്കാം.
5. മേൽ വിവരിച്ച കുന്നിൻ പ്രദേശങ്ങൾ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഉണ്ടാക്കാം.
6. തോടുകളുടെയും ആറുകളുടെയും തീരങ്ങളിൽ കരിമ്പ്, ഈറ്റ, മുള, വാറ്റുപുല്ല്, നാരു വൃക്ഷങ്ങൾ ഇവ വച്ചു പിടിപ്പിക്കുക.
7. പഞ്ചായത്ത് തീരങ്ങളിലുള്ള ഈറ്റ, മുള, തുടങ്ങിയവ കുടിൽ വ്യവസായത്തിന് വിനിയോഗിക്കാം.
8. തെങ്ങഎണ്ണ, അച്ചാർ, തുടങ്ങിയ ചെറിയ വ്യവസായങ്ങൾക്ക് കാർഷിക വ്യവസായിക മേഖലയിൽ ഉൾക്കൊള്ളിക്കാം.
9. ഒരു പച്ചക്കറി ഉല്പാദന സ്കീം നടപ്പിലാക്കുക.
10. കാർഷിക സമിതികളുടെ പ്രവർത്തനത്തിൽ ജനാധിപത്യം ഉറപ്പാക്കാൻ കാലാകാലങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തണം

***താഴെ പറയുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കണം***

1. ആയക്കാവ് പദ്ധതി, 2. കല്ലുവിള മുകൾ പദ്ധതി
3. കരിമ്പാറമുകൾ പദ്ധതി, 4. വിലങ്ങറ പദ്ധതി
5. പ്ലാങ്കുന്ന് പദ്ധതി, 6. വള്ളിച്ചിറ പദ്ധതി
7. ചിറ്റിക്കോട് പദ്ധതി, 8. വിട്ടിയോട് പദ്ധതി
9. കൈതക്കുഴി പദ്ധതി, 10. പുതുവൽ പദ്ധതി
11. ചുറ്റുമല പദ്ധതി, 12. ശാസ്താംകുഴി പദ്ധതി
13. നിർമാല പദ്ധതി, 14. കാവല്ലൂർ പദ്ധതി
15. മൈലക്കര പദ്ധതി
16. വോക്കോട്ടുകോണം പദ്ധതി

എള്ളുകൃഷി ഇല്ല. സാദ്ധ്യതയേയുള്ളൂ.

കശുമാവ് തോട്ടമായി കൃഷിയില്ല.

കർഷകരുടെയും കർഷകതൊഴിലാളികളുടെയും ആശ്രിതർക്ക് കാർഷിക മേഖലയിലുള്ള ഉദ്യോഗങ്ങളിലും കാർഷിക മേഖലയുടെ 50% സംവരണം ഏർപ്പെടുത്തുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

*ആമുഖം*

കുന്നും മലകളും താഴ്വരയും അടിവാരങ്ങളും വയലോലകളും നിറയെ വളർന്ന കാട്ട് പുല്ലും കാലി വളർത്തലിന് പ്രചോദനം ഉണ്ടാക്കി. പരസ്പരപൂരിതമായ കൃഷിയും മൃഗസംരക്ഷണവും ഈ പഞ്ചായത്തിൻെറ ഗ്രാമീണ തനിമയുള്ള ഒരു സംസ്ക്കാരമായി വളർന്നുയർന്നു.

മുട്ടുവരെ തോർത്ത് ഉടുത്ത് പാദം മണ്ണിൽ പതിച്ച് അർദ്ധനഗ്നരായി പാളതൊപ്പി തലപ്പാവാക്കി മാടുകളെ അഴിച്ച്വിട്ട് മേച്ചും, വല്ലത്തിൽ പുല്ല് അറുത്ത് പുല്ലു അറപ്പത്തി ഇടുപ്പിൽ ചെരുകി പകലന്തിയോളം കാലിപോഷണവും കൃഷിയിടങ്ങളിൽ പണിയെടുത്തും നിത്യവൃത്തി നടത്തി വന്ന ഒരു ഗ്രാമീണ സംസ്ക്കാരം ഈ പഞ്ചായത്തിനുണ്ടായിരുന്നു.

കുലത്തൊഴിലായും, കുടിൽ തൊഴിലായും കാലി വളർത്തി ഉപജീവനം നടത്തിയവരും പദവിയ്ക്കും പ്രൗഢിയ്ക്കും പാമ്പര്യത്തിനും കാലി വളർത്തിയ ചരിത്രവും നമുക്കുണ്ട്. കന്നുകാലികളെ ഭക്തിയാദരപുരസരം കുളിപ്പിച്ച് കുറിയിട്ട് വളർത്തിയ ആര്യ സംസ്ക്കാരവും നമുക്കുണ്ടായിരുന്നു.

പ്രാചീന രീതിയിൽ പോത്തുകളെ ഉപയോഗിച്ച് കൃഷി പണികൾ ചെയ്തിരുന്നു. നാടൻ ഇനം പശുക്കളും എരുമയും ആടുകളും വളർത്തിയിരുന്നു. ഇവയ്ക്ക് നാടൻ വൈദ്യ സഹായം വളരെ ഫലപ്രദം ആയിരുന്നു. ഭാരം വലിക്കുവാൻ കാളവണ്ടികളും, ചെക്കടിക്കാൻ കാളകളേയും പ്രൗഢിയ്ക്ക് സഞ്ചരിയ്ക്കാൻ വില്ല് വണ്ടികളും പണ്ട് ഉപയോഗിച്ചിരുന്നു. പഴയ ഇനം കാലികളുടെ വംശ നാശം ആധുനിക യന്ത്രങ്ങളുടെ ആവിർഭാവത്തോടെ അന്യം നിന്നുപോയി. പച്ചപുല്ലുകളും വൈക്കോലും അടുത്ത കാലം വരെ സുലഭമായിരുന്നു. എന്നാൽ ഇന്ന് ആധുനിക തീറ്റകളാണ് കാലിപരിപോഷണത്തിന് ഉപയോഗിക്കുന്നത്.

കേരളത്തിൻെറ സാമ്പത്തിക വ്യവസ്ഥയിൽ മൃസംരക്ഷണവകുപ്പ് ശ്രദ്ധേയമായ പങ്ക് വഹിച്ച് വരുന്നു. സാമ്പത്തിക നവോത്ഥാനത്തിന് അടിയന്തിരമായി ആവശ്യപ്പെടുന്ന കേരളം മൃസംരക്ഷണ മേഖലയെ ഒരു പ്രധാനപ്പെട്ട ഉറവിടമായി കരുതുന്നു. ചുരുങ്ങിയ കാലയളവ് കൊണ്ട് ദേശീയ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സാധ്യമാകുമെന്ന് സാമ്പത്തിക വിദഗ്ധർ ചൂണ്ടി കാണിക്കുന്നു. അടുത്ത അഞ്ചുവർഷം കൊണ്ട് സംസ്ഥാന സമ്പദ്ഘടനയെ മാറ്റം സൃഷ്ടിക്കുവാൻ ഉതകുമാറ് പുത്തൻ ഉറവിടങ്ങൾക്കായി മൃഗസംരക്ഷണമേഖല വളരെ പ്രയോജനപ്പെടും.

പാൽ, മുട്ട, മാംസ എന്നിവയുടെ പരമാവധി വർദ്ധനയ്ക്ക് മുൻതൂക്കം നൽകികൊണ്ട് ഗ്രാമീണ തലത്തിൽ കാര്യമായ വികസന പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തുവാൻ സർക്കാരിന് ഉദ്ദേശമുണ്ട്.

ആര്യൻകോട് പഞ്ചായത്തിൽ വ്യക്തമായ ലക്ഷ്യത്തോടുകൂടി സമഗ്രമായ പദ്ധതി തയ്യാറാക്കി മൃഗസംരക്ഷണം മെച്ചപ്പെടുത്തണം. കാലി, ആട്, കോഴി, പന്നി, മുയൽ, താറാവ് എന്നിവ വളർത്തുന്നതിനുള്ള ഭൂപ്രകൃതിയും കാലാവസ്ഥയും ഒത്തിണങ്ങിയ മേഖലയാണ് ഈ പഞ്ചായത്ത് പ്രദേശം.

*കാലിവളർത്തൽ*

ഒരു കാർഷിക ഗ്രാമമായ നമ്മുടെ ഗ്രാമ പഞ്ചായത്തിലെ കർഷകരുടെ ഒരു പ്രധാന തൊഴിലാണ് കാലിവളർത്തൽ. പാൽ ഉല്പാദിപ്പിക്കുന്നതിനാണ് കൂടുതലായി കാലികളെ ആശ്രയിക്കുന്നത്. ഏറ്റവും കൂടുതലായി വളർത്തുന്നത് പശുവാണ്. ക്ഷീര വിപണനകേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ മണ്ണാം കോണം, ചെമ്പൂര്, വെള്ളാംഗൽ എന്നീ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു. സാധാരണക്കാരായ കർഷകർക്ക് 7 രൂപയ്ക്കും 8 രൂപയ്ക്കും ഇടയ്ക്ക് മാത്രമേ ലിറ്ററിന് വില ലഭിക്കുന്നുള്ളൂ. ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിന് ഏകദേശം 15 രൂപയോളം ചെലവ് വരുമെന്ന് കണക്കാക്കപ്പെടുന്നു. ചായക്കടയിൽ 1 ലിറ്റർ പാലിന് 9 രൂപയും 10 രൂപയും കിട്ടും. ഉല്പാദിപ്പിക്കുന്ന പാലിന് ഉല്പാദന ചെലവിന് ആനുപാതികമായി വില കിട്ടാത്തത് കൊണ്ടാണ് കാലിവളർത്തലിൻെറ എണ്ണം ഗണ്യമായി കുറയുന്നത്.

നമ്മുടെ പഞ്ചായത്തിൽ എരുമ വളർത്തൽ വളരെ കുറവാണ് കാരണം അമിതമായ തീറ്റവിലയും

പരിപാലിക്കുന്നതിന് കൂടുതൽ അദ്ധ്വാനവും വേണ്ടതായിവരുന്നു എന്നുള്ളതാണ്.

*ആട് വളർത്തൽ*

നമ്മുടെ പഞ്ചായത്തിൽ പണ്ട് കാലം മുതലേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലാണ് ആടുവളർത്തൽ സർവ്വസാധാരണയായി ഉള്ളത്. ആവശ്യത്തിന് പാലും അത്യാവശ്യത്തിന് കാശും ലഭിക്കുന്ന തൊഴിലാണ് ആട് വളർത്തൽ കുറ്റിക്കാടുകളും പുൽമേടുകളും ഉണ്ടായിരുന്ന കാലത്ത് ആട് വളർത്തൽ വളരെ ലാഭകരമായിരുന്നു. എന്നാൽ ഇന്ന് കൈത്തീറ്റ കൊടുത്ത് വളർത്തേണ്ടിയിരിക്കുന്നതിനാൽ ആട് വളർത്തലിന് ചെലവ് കൂടുതലാണ്. മാത്രമല്ല നല്ല സങ്കരയിനം കിട്ടുന്നില്ല.

*കോഴി വളർത്തൽ*

നമ്മുടെ പഞ്ചായത്തിൽ പണ്ട് മുതലേ ദാരിദ്ര കുടുംബങ്ങൾക്ക് ഒരു അത്താണിയാണ് കോഴി വളർത്തൽ. സമ്പന്നരും ദരിദ്രരുമായ എല്ലാ കുടുംബങ്ങളിലും കോഴി വളർത്തലുണ്ട്. ഇതിൽ 60% പേരും കോഴി വളർത്തുന്നത് ഒരു ഉപതൊഴിലായി മുട്ടയ്ക്കും മാംസത്തിനും വേണ്ടിയാണ്. ആര്യൻകോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇരുപത്തിയഞ്ചോളം പൗൾട്രി ഫാമുകളുണ്ട്. അതുപോലെതന്നെ കോഴി വളർത്താൻ താല്പര്യമുള്ള ധാരാളം യുവതീയുവാക്കളുമുണ്ട്. കോഴി വളർത്തൽ രണ്ട് വിധത്തിലുണ്ട്. മുട്ടയ്ക്കും ഇറച്ചിയ്ക്കും.

*പന്നിവളർത്തൽ*

പന്നി വളർത്തുന്നതിനുള്ള പശ്ചാത്തലം ഈ പഞ്ചായത്തിൽ ധാരാളമുണ്ട് തൊഴിലില്ലാത്തവർക്ക് ഒരു പ്രധാന തൊഴിലായി പന്നി വളർത്തൽ തുടങ്ങാവുന്നതാണ്. ഈ പഞ്ചായത്തിൽ പുല്ലച്ചൽക്കോണം എന്ന സ്ഥലത്ത് ഒരു യുവാവ് നൂറോളം പന്നികൾ ലാഭകരമായി വളർത്തിയിരുന്നു.

*മുയൽ വളർത്തൽ*

മുയൽ നമ്മുടെ നാട്ടിലെ ഒരു കാട്ടുജീവിയാണെങ്കിലും ഉപതൊഴിലായി ഇത് വളർത്തി ലാഭമുണ്ടാക്കാൻ കഴിയുന്ന ഒരു തൊഴിലാണ്. വളരെ രുചിയുള്ള മാംസവും വിലയുള്ള തുകലും ലഭിക്കുന്നു. വ്യവസായികാടിസ്ഥാനത്തിലും മുയൽ കൃഷിചെയ്യാവുന്നതാണ്.

*താറാവ് വളർത്തൽ*

ഈ പഞ്ചായത്തിൽ താറാവ് വളർത്തൽ ഒരു കൃഷിയായി ആരും ചെയ്തുവരുന്നതായി വിവരശേഖരണത്തിൽ കാണുന്നില്ല. എങ്കിലും കുറെ വീടുകളിൽ 5ഉം 10ഉം ആയി വളർത്തുന്നുണ്ട്. ഇത് ലാഭകരമായി വ്യവസായികാടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള ഭൂപ്രകൃതി നമുക്കുണ്ട്.

*മൃഗസംരക്ഷണം*

അത്യുല്പാദനശേഷി ഉള്ള സങ്കരയിനം പശുക്കളാണ് ഇവിടെ കൂടുതൽ ഉള്ളത്. എന്നാൽ പെട്ടന്ന് ഉണ്ടാകുന്ന അകിട് വീക്കം, കുളമ്പ്രോഗം, മുടന്തൻപനി, എന്നിവ കർഷകരെ തളർത്തുന്നു. ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണ് ഉള്ളത്. അത് പഞ്ചായത്തിൽ കിഴക്കേയറ്റം തൊട്ടുരുമ്മിയാണ് സ്ഥിതിചെയ്യുന്നത്. ഈ ആശുപത്രിയുടെ പ്രയോജനം പഞ്ചായത്ത് മുഴുവൻ ലഭിക്കുന്നില്ല. കൃത്രിമ ബീജസങ്കലനം നടത്തുന്നതിന് 3 കേന്ദ്രങ്ങളുണ്ട്. മണ്ണാംകോണം, ചെമ്പൂര്, വെള്ളാംങ്ങൽ എന്നീ ക്ഷീരസംഘങ്ങളോടനുബന്ധമായി പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം തൃപ്തികരമാണ്. പക്ഷെ വാർഡുകളുടെ കിടപ്പ് അനുസരിച്ച് ബഹുദൂരം സഞ്ചരിക്കേണ്ട ഒരു അവസ്ഥയും ഉണ്ട്.

*ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങൾ*

1. ക്ഷീര കർഷകന് ദൂരത്തിൽ സഞ്ചരിച്ച് പാൽ വിപണനസംഘങ്ങളിൽ എത്തുന്നതിന് വളരെ പ്രയാസകരമാണ്.
2. ഉല്പാദനത്തിന് ആനുപാതികമായി വില ലഭിയ്ക്കുന്നില്ല.
3. കാലിത്തീറ്റ ദൗർലഭ്യവും ഉയർന്ന വിലയും.
4. മൃഗസംരക്ഷണ കേന്ദ്രങ്ങളുടെ അപര്യാപ്തത.
5. കോഴിത്തീറ്റയുടെ വില കൂടുതൽ
6. കന്നുകാലി ലോൺ സർക്കാരിൽ നിന്നും വളരെ കുറച്ച് ആളുകൾക്ക് മാത്രമേ ലഭിക്കുന്നുള്ളു.
7. പേപ്പട്ടി ശല്യം.
8. പകർച്ച വ്യാധികൾക്കെതിരായി ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങളുടെ അഭാവം.
9. പച്ചപുൽത്തോട്ടത്തിന്റെ അഭാവം.

10. വൈക്കോലിന്റെ വർദ്ധിച്ച വില.

11. കന്നുകാലികൾ വളർത്തുന്നതിനുള്ള സാമ്പത്തിക പരാധീനത.

12. ക്ഷീരകർഷകരെ നിലവിലുള്ള ക്ഷേമകാര്യ ഏജൻസികൾ കാര്യമായി സഹായിക്കുന്നില്ല.

*പരിഹാരങ്ങളും നിർദ്ദേശങ്ങളും*

1. ഈ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി പഞ്ചായത്ത് ഉടമയിലോ, സ്വകാര്യ ഉടമയിലോ ആരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

2. കാലിത്തീറ്റ വിലക്കുറച്ച് കിട്ടുന്നതിനും പാലിന് ഉല്പാദന ചെലവിന് ആനുപാതികമായി കാലാകാലങ്ങളിൽ വില നിശ്ചയിക്കുന്നതിനും കഴിയ്ണം.

3. പഞ്ചായത്തിന്റെ ഓരോ വാർഡുകളിലും പ്രദേശങ്ങളിലും സൗകര്യാനുസരണം ഒന്നു വീതം ക്ഷീര സംഘവും സംഘങ്ങളുടെ കീഴിൽ കളക്ഷൻ സെൻററുകൾ സ്ഥാപിക്കുക

4. ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റ സബ്സിഡി നിരക്കിൽ കർഷകർക്ക് നല്കുക.

5. ഈ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് കൊണ്ട് കന്നുകാലി വായ്പ ഉദാരമാക്കുകയും ഉരുവിനെ ജാമ്യമാക്കി 50,000 രൂപ വരെ വായ്പാ അനുവദിക്കുകയും സർക്കാർ ഏജൻസികളിൽ നിന്നും കിട്ടുന്ന സബ്സിഡി ക്ഷീര കർഷകർക്ക് മുൻഗണന നല്കി കാലിയ്ക്ക് എടുക്കുന്ന ലോൺ 50% സബ്സിഡിയായി ഉദാരമാക്കുക.

6. ഈ പഞ്ചായത്തിലെമൃപരിപാലന കർഷകർക്ക് അംഗത്വം നല്കികൊണ്ടുള്ള ഒരു ക്രെഡിറ്റ് സൊസൈറ്റി രജിസ്റ്റർ ചെയ്യണം.

7. ഈ പഞ്ചായത്തിലെ മുഴുവൻ വളർത്ത് മൃഗങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നല്കി കർഷകരുടെ സാമ്പത്തിക നഷ്ടം ഒഴിവാക്കുക.

8. എല്ലാ വാർഡുകളിലും പ്രദേശങ്ങളിലും ഐ.സി.ഡി.പി. സബ്സെൻററുകൾ തുടങ്ങുക.

9. ഈ പഞ്ചായത്തിന്റെ മധ്യ ഭാഗത്തായി മൊബൈൽ സംവിധാനത്തോട് കൂടിയുള്ള ഒരു മൃഗാശുപത്രി അത്യാവശ്യമാണ്. ആധുനിക സജ്ജീകരണങ്ങൾ ഇതിന് ഉണ്ടാവണം.

10. ഈ പഞ്ചായത്തിന്റെ വിവധ പ്രദേശങ്ങളിൽ നിലവിലുള്ള പഞ്ചായത്ത് വക സർക്കാരും മറ്റുമായ തരിശുകൾ, ബണ്ടുകൾ മുതലായ വയിൽ ശാസ്ത്രീയ രീതിയിൽ പുൽത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഫോഡർ ഫാമും സൈലേജും ഉണ്ടാക്കേണ്ടതാണ്.

11. നിലവിലുള്ള മൃഗാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആധുനിക ഉപകരണങ്ങൾ, മരുന്നുകൾ, വാക്സിനുകൾ, ഫ്രിഡ്ജ് എന്നിവ ആവശ്യമാണ്.

12. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ ഉയർത്തുന്നതിന് ഉതകുന്നതാണ് ആട് വളർത്തൽ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ തെരഞ്ഞെടുക്കപ്പെടുന്നു. ഓരോ കുടുംബത്തിനും സൗജ്യമായി രണ്ട് പെണ്ണാടും ഒരു ആൺ ആടും അടങ്ങുന്ന ഒരു യൂണിറ്റ് കൊടുക്കുകയും അവയിൽ നിന്ന് കിട്ടുന്ന ആദ്യത്തെ കുട്ടികൾ പഞ്ചായത്തിനെ തിരികെ ഏല്പിക്കുകയും ഗ്രാമസഭയുടെ നേതൃത്വത്തിൽ സമിതികൾ രൂപീകരിച്ച് ഈ ആട്ടിൻ കുട്ടികളെ ഓരോ യൂണിറ്റുകളായി തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് കൊടുത്ത് ഒരു റൊട്ടേഷൻ സംവിധാനത്തിൽ ഈ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയാൽ തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും ഒരു പരിതിവരെ പരിഹാരമാകും.

13. ഒരു ആൺ പന്നികുഞ്ഞും. 2 പെൺ പന്നി കുഞ്ഞും ചേർന്ന ഒരു യൂണിറ്റ് ഒരു വാർഡിൽ 5 കുടുംബങ്ങൾക്ക് പഞ്ചായത്ത് ചെലവിൽ വാങ്ങികൊടുക്കുകയും. ആട് വിതരണം പോലെ റൊട്ടേഷൻ സംവിധാനം ഇതിലും ഏർപ്പെടുത്താവുന്നതാണ്.

14. ഒരു ആൺ മുയലും 5 പെൺ മുയലും എന്ന ക്രമത്തിൽ പ്രതിവർഷം 25 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കണം.

15. ഒരു പൂവനും പത്ത് പിടയും ഉൾപ്പെട്ട താറാകോഴി കുഞ്ഞുങ്ങളുടെ 50 യൂണിറ്റ്

സൗജന്യമായി കർഷകർക്ക് നല്കി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

16. കോഴി വളർത്തൽ ദാരിദ്ര്യ കുടുംബങ്ങളെ സംരക്ഷിക്കുവാനുള്ള ഒരു വലിയ സംവിധാനമാണ്. ഓരോ വാർഡിലും തിരഞ്ഞെടുക്കപ്പെടുന്ന 50 കുടുംബങ്ങൾക്ക് 1 പൂവൻകോഴി 10 പിടകോഴി കുഞ്ഞുങ്ങളും അടങ്ങുന്ന ഒരു യൂണിറ്റ് പഞ്ചായത്തിൻെറ ചെലവിൽ ഗ്രാമസഭയുടെ നേതൃത്വത്തിൽ കൊടുക്കേണ്ടതാണ്.

17. ഈ പഞ്ചായത്തിൽ 25-ൽ ഏറെ ഇറച്ചിക്കോഴി ഫാമുകളുണ്ട്. പ്രതിദിനം ശരാശരി 2000 കിലോ. ചിക്കൻ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നു. ഒരു വാർഡിൽ കുറഞ്ഞത് 25 കുടുംബങ്ങൾ വച്ച് 250-ഓളം കുടുംബങ്ങളെ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും ഒരു സൊസൈറ്റി വഴി വിപണനം നടത്തുന്നതും ലാഭകരം ആയിരിയ്ക്കും. മുട്ട വിരിയിക്കുന്നതിന് ഒരു ഹാക്ച്ചറിംഗ് തുടങ്ങണം.

18. കാലിത്തീറ്റ ഫാക്ടറിയിൽ തന്നെ കോഴിത്തീറ്റയും ഉല്പാദിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് നല്കുന്നത് സഹായകരമായിരിക്കും.

19. പ്രാദേശികമായി കോഴി ചെലവാകുന്നതിന് ഓരോ പ്രധാന കവലകളിൽ ഫാസ്റ്റ് ഫുഡ് സെൻററുകൾ ആരംഭിക്കേണ്ടതാണ്. ഇത് തൊഴിൽ സാദ്ധ്യതയുള്ള പരിപാടിയാണ്.

20. ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന വിവിധയിനം ഇറച്ചികൾ വിറ്റഴിക്കുന്നതിനും കേട് കൂടാതെ സൂക്ഷിക്കുന്നതിനും ഫ്രീസറോടുകൂടിയ രണ്ട് കോൾഡ് റെസ്റ്ററേജുകൾ സ്ഥാപിക്കേണ്ടതും ഡോക്ടർ പരിശോധിച്ച് സർട്ടിഫൈ ചെയ്ത മാംസങ്ങൾ മാത്രമെ ഈ സ്ഥാപനങ്ങൾ വഴി വില്ക്കാനുള്ള സവിധാനം ഏർപ്പെടുത്തുകയും വേണം.

21. ഈ പഞ്ചായത്തിലുള്ള നായ്ക്കളെ കാലാകാലങ്ങളിൽ പ്രതിരോധ വാക്സിൻ നല്കുകയും ഉടമസ്ഥർ ഉള്ള പട്ടികൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും അലഞ്ഞ് നടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിനും ഉള്ള നടപടികൾ സ്ഥിരീകരിച്ച് പേപ്പട്ടി ശല്യം ഒഴിവാക്കണം. മിൽക്ക് സൊസൈറ്റികളോടനുബന്ധിച്ച് ബേബിക്രഷ്കൾ സ്ഥാപിക്കണം.

*സാദ്ധ്യതകൾ*

മേല്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിച്ച് പഞ്ചായത്തിൻെറ തൊഴിലില്ലായ്മയും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്യാവുന്നതാണ്. ഒരു വീടിനൊരു പശു എന്ന പദ്ധതി നടപ്പിൽ വന്നാൽ ജൈവ വള ഉല്പാദനം വർദ്ധിപ്പിക്കാം. അലങ്കാരത്തിന് വേണ്ടി പക്ഷികളും, കളർ മത്സ്യങ്ങളും വ്യവസായകാടിസ്ഥാനത്തിൽ ഫലപ്രദമാണ്. പഞ്ചായത്തിലെ തൊഴിൽ രഹിതരായ വനിതകൾക്ക് ക്ഷീരോല്പന്ന നിർമ്മാണത്തിൽ പരിശീലനം കൊടുത്ത് പഞ്ചായത്തിൽ ക്ഷീരോല്പന്ന ഉല്പാദനം നിലവിൽ വരണം.

## മത്സ്യബന്ധനം

മത്സ്യകൃഷി പ്രധാനമായും രണ്ട് തരത്തിലാണ് ശുദ്ധമത്സ്യകൃഷിയും സമുദ്ര ജല മത്സ്യ കൃഷി. നമ്മുടെ പഞ്ചായത്തിൽ ചെറിയ തോതിൽ ശുദ്ധജലമത്സ്യകൃഷി നിലവിലുണ്ട്. ചെറിയ കുളങ്ങളിലാണ് ഇത് ചെയ്തുവരുന്നത്. അതിന് പ്രത്യേക സംഘടനകളോ ഏജൻസികളോ ഇല്ല. മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ പഞ്ചായത്ത് കുളങ്ങൾ ഉണ്ട്. അവ മത്സ്യ കൃഷിയ്ക്കായി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും.

*നിർദ്ദേശങ്ങൾ*

1. വാർഡ് തലങ്ങളിൽ സ്വകാര്യ വ്യക്തികൾക്ക് സൗജന്യമായി മത്സ്യകുഞ്ഞുങ്ങളെ കൊടുത്ത് മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കും.
2. മത്സ്യകൃഷി ചെയ്യുന്നതിന് വാർഡ് തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ച് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുക.

## 4.1 വളരത്തു മൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റു ള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | | | 2 | 1 | 5 | 2 | 210 | 108 | 33 | 12 | 2 | 519 | 101 | - |
| II | | | 1 | 1 | 3 | 2 | 190 | 125 | 8 | 7 | 2 | 410 | 82 | - |
| III | | | 2 | 2 | 4 | 3 | 202 | 116 | 6 | 5 | 2 | 390 | 86 | - |
| IV | | | 2 | | 3 | 1 | 194 | 102 | 3 | 2 | 3 | 386 | 74 | - |
| V | | | 1 | 1 | 2 | 1 | 160 | 80 | 4 | 1 | 3 | 330 | 58 | - |
| VI | | | 2 | 1 | 3 | 2 | 196 | 119 | 4 | 2 | 4 | 145 | 91 | - |
| VII | | | 2 | | 1 | | 90 | 56 | 2 | 2 | 2 | 115 | 82 | - |
| VIII | | | 2 | 1 | 1 | 1 | 203 | 90 | 25 | 11 | | 260 | 102 | - |
| IX | | | 2 | 2 | 3 | 2 | 292 | 130 | 40 | 25 | 2 | 240 | 85 | - |
| X | | | 1 | 1 | 1 | 1 | 310 | 95 | 29 | 5 | 2 | 514 | 121 | - |
| Total | | | 17 | 10 | 27 | 15 | 2047 | 998 | 154 | 72 | 22 | 3359 | 882 | - |

## 4.2 രോഗ വിവരങ്ങൾ (ശതമാനകണക്കിൽ)

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | ദഹനസംബന്ധമായവ | 20 | 12 | 8 | | | | |
| 2 | ശ്വാസകോശസംബന്ധം | 8 | 5 | 3 | | | 10 | |
| 3 | ഉപാപചയസംബന്ധം | 6 | 2 | 2 | | | | |
| 4 | ത്വക്ക് രോഗങ്ങൾ | 8 | 1 | 6 | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 10 | 3 | 1 | | | 5 | |
| 6 | പരാദരോഗങ്ങൾ | 7 | 2 | 4 | | | | |
| 7 | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 4 | 2 | 2 | | | | |
| 8 | വന്ധ്യത | 5 | 3 | 2 | | | | |
| 9 | അകിടുവീക്കം | 12 | 2 | 8 | | | | |
| 10 | മുടന്തൻപനി | 22 | 4 | | | | | |
| 11 | പകർച്ച വ്യാധികൾ | 5 | 2 | 3 | | | 50 | 20 |

## 4.3 പേവിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി |
|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം | | | | 250 |
| കടിയേറ്റതിനുശേഷം കുത്തിവയ്പ് നൽകിയവയുടെ എണ്ണം | 20 | | 40 | 65 |

## 4.4 വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടകോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 310 | 2800 | 1230 | 10 | 50 | 10 |
| II | 335 | 1900 | 1050 | 15 | 65 | 7 |
| III | 245 | 1101 | 900 | 8 | 45 | 9 |
| IV | 275 | 990 | 860 | 9 | 48 | 6 |
| V | 210 | 1010 | 960 | 6 | 36 | 8 |
| VI | 340 | 2060 | 1080 | 8 | 38 | 4 |
| VII | 280 | 1080 | 670 | 4 | 31 | 7 |
| VIII | 275 | 980 | 880 | 5 | 25 | 5 |
| IX | 415 | 7700 | 4300 | 9 | 55 | 12 |
| X | 395 | 3900 | 2300 | 10 | 40 | 13 |

## 4.5 കൃത്രിമ ബീജസംകല വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധിക തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1340 | 855 | 155 |
| കിടാരി | 416 | 308 | 137 |
| എരുമ | 80 | 65 | 15 |

# വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസത്തിന് നൂറ്റാണ്ടിന്റെ ചരിത്രമുണ്ട്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ മൈലച്ചലും കീഴാറൂറും രണ്ടു പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തനം ആരംഭിച്ചിരുന്നു.

മൈലച്ചൽ കാഞ്ഞില കുടുംബം നടത്തിവന്ന കുടിപള്ളിക്കൂടം 1076-ൽ സർക്കാർ ഏറ്റെടുത്തതോടെ ഈ വിദ്യാലയം നെയ്യാറ്റിൻകര താലൂക്കിലെ രണ്ടാമത്തെ പൊതുമേഖലാ വിദ്യാഭ്യാസ കേന്ദ്രമായി മാറി. ക്രിസ്ത്യൻ മിഷനറിമാരുടെ പങ്കാളിത്തവും ഈ മേഖലയിൽ നിർണ്ണായകമാണ്. ചെമ്പൂരിൽ എൽ എം എസ് നേതൃത്വത്തിൽ മലയാളം പ്രൈമറി വിദ്യാലയമായി ആരംഭിച്ച് പിൽക്കാലത്ത് 8-ാം (LMS, EMS) ക്ലാസ്സുവരെയായി ഉയർത്തിയ ഇംഗ്ലീഷ് മിഡിൽ സ്കൂളാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസ കേന്ദ്രം.

ഇന്നു നിലവിൽ 6 എൽ പി സ്കൂളുകളും 3 യു പി സ്കൂളുകളും 3 ഹൈസ്ക്കൂളുമാണുള്ളത്. ഇതിൽ ക്രസ്ത്യൻ മിഷനറിമാർ നടത്തുന്ന 2 എൽ പി സ്ക്കൂളുകളും ഒരു യൂ പി സ്ക്കൂളും സ്വകാര്യ മേഖലയിൽ 2 എൽ പി സ്ക്കൂളുകളും സർക്കാർ മേഖലയിൽ 2 എൽ പി സ്ക്കൂളുകളും 2 യൂപി സ്ക്കൂളുകളും 2 ഹൈസക്കൂളുകളും നിലവിലുണ്ട്. പഞ്ചായത്തിന്റെയും നാട്ടുകാരുടെയും പ്രത്യേക പരിശ്രമ ഫലമയാണ്, മൈലച്ചൽ കീഴാറൂർ എൽ.പി സ്ക്കൂൾ യൂ പി സ്ക്കൂളായും, യൂപി സ്ക്കൂൾ ഹൈസ്ക്കൂളായും മാറിയത്.

1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 23,000 ആണ്. 2187.58 ഹെക്റ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ സ്ക്കൂളുകൾ തമ്മിലുള്ള അകലം ഹൈസ്ക്കൂൾ തലത്തിൽ 4 കി മി ഉണ്ടെങ്കിലും എൽപി തലത്തിൽ 3 കി മി മുകളിലാണ്. 60 വയസ്സ് കഴിഞ്ഞവർ ഒഴികെ നിരക്ഷരർ പൊതുവെ കുറവാണ്. പ്രാഥമിക വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ എൽ കെജി യു കെജി നിലവാരത്തിലുള്ള 306 കുട്ടികളും കോളേജ് തലത്തിൽ 452 കുട്ടികളും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 177 കുട്ടികളും പഠിക്കാൻ കഴിയാത്തവരായി 110 കുട്ടികളും 3 വയസ്സിന് താഴെ പ്രായമുള്ള 265 കുട്ടികളും സ്ക്കൂൾ തലത്തിൽ പഠിക്കുന്ന 4217 കുട്ടികളും നമ്മുടെ പഞ്ചായത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്ന് മറ്റു സ്ക്കൂളുകളിൽ പോയി പഠനം നടത്തുന്ന 240 കുട്ടികളുമുണ്ട്.

*പഞ്ചായത്തിലെ സ്ക്കൂളുകൾ*

1. ജ്ഞാനോദയം എൽ പി എസ് മണ്ണാംകോണം സ്വകാര്യമേഖല
2. എൽ എം എസ് എൽ പി എസ് ചെമ്പൂര് (Corporate Management)
3. എൽ എം എസ് യൂപി എസ് ആൻറ് എച്ച് എസ് - ചെമ്പൂര്
4. ആർ സി എൽ പി എസ് മൊട്ടവിള - കീഴാറൂർ (കാത്തലിക് മിഷൻ)
5. ഗവ. എൽ പി എസ് യു പി എസ് ആൻറ് എച്ച് എസ് - മൈലച്ചൽ സർക്കാർ
6. ഗവ എൽ പി എസ് യു പി എസ് ആൻറ് എച്ച് എസ് കീഴാറൂർ സർക്കാർ

പഞ്ചായത്ത് നഴ്സറി സ്ക്കൂൾ ഇടവാൻ, മൈലച്ചൽ ചെമ്പൂര് സ്ക്കൂളുമായി ബന്ധപ്പെട്ട പ്രി-പ്രൈമറി സ്ക്കൂളുകൾ - ശ്രീരാമദാസമിഷൻ ഇംഗ്ളീഷ് മീഡിയം സ്കൂൾ, മുക്കുതലയക്കൽ ഇവ കൂടാതെ ബാലവാടികൾ, നഴ്സറി സ്ക്കൂളുകൾ, ക്രഷ്, പ്രീപ്രൈമറി, പാരലൽ കോളേജുകൾ, ട്യൂഷൻ സെൻററുകൾ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലും സാമൂഹ്യ സംഘടനകൾ വഴിയും പഞ്ചായത്ത് വഴിയും പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ കാര്യത്തിൽ ഇന്ന് സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്ന അക്ഷരവേദി, വിജ്ഞാനവേദി, ഡി പി ഈ പി എസ് എസ് എൽ സി വിജയ ശതമാനം ഉയർത്തൽ, വിദ്യാലയങ്ങളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് മുൻകൈ പ്രവർത്തനം നടത്തുന്നു.

പഞ്ചായത്തിലെ സ്ക്കൂളുകളുടെ അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത, ഭൗതിക സാഹചര്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ എസ് സി, എസ് റ്റി വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ പ്രത്യേകമായി ചേർത്തിട്ടുണ്ട്.

പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാർത്ഥികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. ഇത് വിദ്യാഭ്യാസ നിലവാരത്തെ ഗുരുതരമായി ബാധിക്കുന്നു. പ്രവർത്തിപരിചയ മേളകളിലും കലാകായിക മേളകളിലും ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളും നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. ഇതിനു ഭാരിച്ച സാമ്പത്തിക ബാദ്ധ്യത വരുമെന്നുള്ളതിനാൽ കൂടുതൽ ശ്രദ്ധിക്കാൻ നമ്മുടെ പഞ്ചായത്തിൽ കഴിയാതെ പോകുന്നു.

നമ്മുടെ സ്ക്കൂളുകളിലെ പി റ്റി എ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സജീവമാണ്. രാഷ്ട്രപതിയുടെ ദേശീയ അവാർഡു നേടിയ ശ്രീ. എ. വിക്രമൻ നായർ സാറിനെ ഈ ഘട്ടത്തിൽ വിസ്മരിക്കാൻ കഴിയില്ല.

*നിലവാര തകർച്ചയ്ക്ക് കാരണമായ ചില പ്രശ്നങ്ങൾ കൂടിയുണ്ട്.*

1. അഭിരുചിക്കൊത്ത ബോധന രീതിയുടെ അപര്യാപ്തത.
2. ചടങ്ങിൽ മാത്രം ഒതുങ്ങുന്ന മോണിറ്ററിംഗ് സമ്പ്രദായം.
3. വീടുകളിലെ പഠന സാഹചര്യത്തിലെ പരിമിതികൾ
4. സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ.
5. പരീക്ഷ ലക്ഷ്യ പഠന രീതി.
6. പ്രാദേശിക സാമൂഹത്തിന് വിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ.

*പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച ചില നിർദ്ദേശങ്ങൾ*

1. പ്രാഥമിക മേഖലയിൽ അവബോധവും അക്ഷര ബോധവും വിലയിരുത്തി സമയബന്ധിതമായ പരിഹാര ബോധനം നടത്തേണ്ടതാണ്.
2. എല്ലാ വിഷയങ്ങളിലും കുട്ടികൾക്ക് അടിസ്ഥാന ധാരണ ഉണ്ടായിയെന്ന് എല്ലാ ക്ലാസ്സിലും ഉറപ്പു വരുത്തുക.
3. വർഷത്തിൽ 2 പ്രാവശ്യം പഞ്ചായത്ത് തലത്തിൽ അദ്ധ്യാപക ശിൽപശാല സംഘടിപ്പിക്കുക.
4. Entertainment teaching, Gifted teaching ഇവ ഓരോ ക്ലാസ്സിലും പ്രത്യേകിച്ച് എസ്.എസ്.എൽ.സി. നിലവാരത്തിൽ സംഘടിപ്പിക്കുക.
5. സ്കൂളുകളിൽ കുറഞ്ഞ ചെലവിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.
6. ജനകീയ മോണിറ്ററിംഗ് സമ്പ്രദായം നടപ്പാക്കാനുള്ള പദ്ധതി നടപ്പിലാക്കുക.

*പ്രശ്നപരിഹാരങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന് ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ.*

1. നിലവിലുള്ള 2 സർക്കാർ ഹൈസ്ക്കൂളികളിൽ ഒന്നിൽ വി.എച്ച്.സിയും. ഒന്നിൽ എച്ച്.എസ്.സിയും ആരംഭിക്കക്കേണ്ടതാണ്.
2. പഞ്ചായത്ത് കേന്ദ്രീകരിച്ച് സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കേണ്ടതാണ്.
3. എല്ലാ വാർഡിലും കഴിയുന്നതും എൽ.പി.സ്ക്കൂൾ ആരംഭിയ്ക്കണം.
4. എല്ലാ വാർഡിലും നെഴ്സറി സ്ക്കൂളുകളോ, പ്രീപ്രൈമറി സ്ക്കൂളുകളോ ആരംഭിയ്ക്കേണ്ടതാണ്.
5. സ്ഥലപരിമിതികൾ ഉള്ള സ്ക്കൂളുകളിൽ ബഹുനില കെട്ടിടം പണിയേണ്ടതാണ്.
6. സ്ക്കൂൾ കോമ്പൗണ്ടുകൾ, മതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.
7. നാടൻ കലാ പഠനകേന്ദ്രങ്ങൾ ആരംഭിയ്ക്കുക.
8. കലാകായിക വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് പ്രോത്സാഹനം നൽകുക.
9. ചെമ്പൂര് എച്ച്.എസിൽ ഹൈയർ സെക്കണ്ടറി വിദ്യാലയം ആരംഭിയ്ക്കണം.
10. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഐ.റ്റി.സി. സ്ഥാപിക്കണം.

*വിദ്യാഭ്യാസ നിലവാരം മോശമാവാനുള്ള ചില പൊതു സാഹചര്യങ്ങൾ*

1. വിദ്യാലയങ്ങളുടെ സൗകര്യക്കുറവ്.
2. യഥാസമയങ്ങളിൽ സർക്കാർ സ്ക്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാതിരിക്കുക.
3. സാദ്ധ്യായ ദിവസങ്ങൾ പല കാരണങ്ങളാൽ കുറയുന്നത് സിലബസ് പൂർത്തീകരിക്കാൻ കഴിയാതിരിയ്ക്കുക.
4. ദൃശ്യ ശ്രവ്യ ഉപകരണങ്ങളുടെ കുറവ്.
5. യഥാസമയങ്ങളിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നല്കാതിരിക്കുക.
6. അശാസ്ത്രീയമായ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം.
7. നിലവാരം പരിശോധിക്കാതെയുള്ള ക്ലാസ്സ്കയറ്റം
8. യാത്രാക്ലേശം
9. രക്ഷകർത്താക്കളുടെ ശ്രദ്ധകുറവ്.
10. സ്ക്കൂളുകളിലെ പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത.

*സാദ്ധ്യതകൾ*

1. പി.റ്റി.എ. സജീവമാകണം. ക്ലാസ്സ് പി.റ്റി.എ.കളും സംഘടിപ്പിയ്ക്കണം.
2. അദ്ധ്യാപക-വിദ്യാർത്ഥി രക്ഷകർതൃബന്ധം കൂടുതൽ ദൃഢമാക്കണം.
3. മാതൃസംഗമത്തിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണം
4. ഭാഷാ-ഗണിത-ശാസ്ത്ര വിഷയങ്ങൾക്ക് കടുതൽ പ്രാധാന്യം നൽകണം.
5. കുട്ടികളുടെ ആരോഗ്യസ്ഥിതി മൂന്നു മാസത്തിലൊരിക്കൽ പരിശോധിച്ച് ഹെൽത്ത് കാർഡ് നൽകണം.
6. കലാ-കായിക-പാഠ്യേതര പരിചയങ്ങൾ എന്നിവ പ്രൈമറിതലം മുതൽ ശ്രദ്ധിക്കണം.
7. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നിലവിലുള്ള പദ്ധതികൾ നടപ്പാക്കാൻ, ഒഴിവുസമയം ക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
8. വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായി സിലബസ് ആവിഷ്ക്കരിക്കണം.
9. സ്ക്കൂൾ ലൈബ്രറികൾ, സയൻസ് ക്ലബ്ബുകൾ, സ്പോർട്ട്സ് ക്ലബ്ബുകൾ, റേഡിയോ ക്ലബ്ബുകൾ ക്വിസ് ക്ലബ്ബുകൾ ഇവ സംഘടിപ്പിക്കുകയും, പഞ്ചായത്തിലെ സ്കൂളുകൾ തമ്മിൽ മൽസരം സംഘടിപ്പിച്ച് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താൻ പ്രോത്സാഹനം നൽകണം.
10. അദ്ധ്യാപകരെ പാഠ്യേതര പ്രവർത്തനങ്ങളിൽ നിന്നും പൂർണ്ണമായും വിമുക്തമാക്കണം.
11. മേലധാകാരികൾ ചടങ്ങു പരിശോധന ഒഴിവാക്കി ഇടയ്ക്കിടെ സ്കൂളുകൾ സന്ദർശിച്ച് നിലവാരം വർദ്ധിപ്പിക്കണം.
12. സ്കൂൾ ആരംഭത്തിൽ തന്നെ അദ്ധ്യാപക നിയമനവും പാഠപുസ്തകവിതരണവും ഉറപ്പാക്കണം.

സ്ക്കൂളുകൾ സംബന്ധിക്കുന്ന വിവരങ്ങൾ ദ്വിതീയ വിവരശേഖരണാടിസ്ഥാനത്തിൽ

***1. ജ്ഞാനോദയം എൽ.പി.എസ്. മണ്ണാംകോണം***

| | |
|---|---|
| ആകെ വിദ്യാർത്ഥികൾ | 322 |
| ആൺകുട്ടികൾ | 180 |
| പെൺകുട്ടികൾ | 142 |
| എസ്.സി.എസ്.റ്റി. | 28 |
| ആകെ അദ്ധ്യാപകർ | വേണ്ടത് 10<br>നിലവിൽ 10 |
| ആകെ വസ്തു | 1 ഏക്കർ 50 സെൻറ് |
| കെട്ടിടം | 3 |
| ആകെ മുറികൾ | 12 |
| ആകെ ഡിവിഷൻ | 10 |
| ബ്ലാക്ക്ബോർഡ് | 5 |
| മൂത്രപ്പുര | 2 |
| പാചകമുറി | 1 |
| സയൻസ്ക്ലബ്ബ് | ഉണ്ട് |
| റേഡിയോ | ഉണ്ട് |
| കുടിവെള്ളം | ഉണ്ട് |

*ആവശ്യങ്ങൾ*

| | |
|---|---|
| ബ്ലാക്ക്ബോർഡ് | 5 |
| ഫർണിച്ചർ | |
| ഡസ്ക് | 5 |
| ബഞ്ച് | 10 |
| മേശ | 2 |
| കസേര | 5 |

ഓഫീസ് ഫർണിച്ചർ പഠനോപകരണങ്ങൾ ചുറ്റു മതിൽ ഗേറ്റ്.

*1. ഗവ. ഹൈസ്ക്കൂൾ, മൈലച്ചൽ*

| | |
|---|---|
| ആകെ വിദ്യാർത്ഥികൾ | 799 |
| ആൺകുട്ടികൾ | 395 |
| പെൺകുട്ടികൾ | 404 |
| എസ്.സി.എസ്.റ്റി. | 122 |
| ആകെ അദ്ധ്യാപകർ | വേണ്ടത് 24<br>നിലവിൽ 23 |
| ആകെ വസ്തു | 2..97 സെൻറ് |
| കെട്ടിടം | 4 |
| ആകെ മുറികൾ | 30 |
| ആകെ ഡിവിഷൻ | 20 |
| ലൈബ്രറി | ഉണ്ട് |
| ലബോറട്ടറി | ഉണ്ട് |
| സിനിമാ പ്രൊജക്റ്റർ | ഉണ്ട് |
| പാചകമുറി | ഉണ്ട് |
| മൂത്രപ്പുര | ഉണ്ട് |
| കുടിവെള്ളം | ഉണ്ട് |
| ബ്ലാക്ക്ബോർഡ് | 25 |

*ആവശ്യങ്ങൾ*

1. ചുറ്റുമതിൽ, ഗേറ്റ്
2. വാഹനസൗകര്യം
3. പഠനോപകരണങ്ങൾ
4. ഫർണിച്ചർ

| | |
|---|---|
| ഡസ്ക് | 50 |
| ബഞ്ച് | 50 |
| മേശ | 10 |
| കസേര | 10 |
| ബ്ലാക്ക് ബോർഡ് | 10 |

*3. ഗവ. ഹൈസ്ക്കൂൾ, കീഴാറൂർ*

| | |
|---|---|
| ആകെ കുട്ടികൾ | 1,194 |
| ആൺകുട്ടികൾ | 605 |
| പെൺകുട്ടികൾ | 589 |
| എസ്.സി.എസ്.റ്റി. | 130 |
| പഠനം നിർത്തിയവർ | 31 |
| ആകെ അദ്ധ്യാപകർ | വേണ്ടത് 46<br>നിലവിൽ 45 |
| ആകെ വസ്തു | 1 ഏക്കർ 50സെൻറ് |
| ആകെ കെട്ടിടം | 6 സ്ഥിരം 4 |
| ആകെ മുറികൾ | 18 |
| ലൈബ്രറി | ഉണ്ട് |
| ലബോറട്ടറി | ഉണ്ട് |
| കുടിവെള്ളം | ഉണ്ട് |
| കക്കൂസ് | 1 |
| കിണർ | 1 |
| പാചകമുറി | 1 |

*ആവശ്യങ്ങൾ*

ചുറ്റുമതിൽ, ഗേറ്റ്

| | |
|---|---|
| കെട്ടിടം | 1 |
| മുറികൾ | 11 |
| മൂത്രപ്പുര | 3 |

*ഫർണിച്ചർ*

| | |
|---|---|
| ഡസ്ക് | 75 |
| ബഞ്ച് | 50 |
| മേശ | 15 |
| കസേര | 25 |

*4. എൽ.എം.എസ്. എച്ച്.എസ്. ചെമ്പൂർ.*

| | |
|---|---|
| ആകെ കുട്ടികൾ | 1075 |
| ആൺകുട്ടികൾ | 555 |
| പെൺകുട്ടികൾ | 520 |
| എസ്.സി.എസ്.റ്റി. | 176 |
| ആകെ അദ്ധ്യാപകർ | 44 |
| ആകെ വസ്തു | 4.59 സെൻറ് |
| കെട്ടിടം | 6 |
| ക്ലാസ്സ് മുറി | 33 |
| ഡിവിഷൻ | 27 |

*ആവശ്യങ്ങൾ*

| | |
|---|---|
| മൂത്രപ്പുര | 4 |
| ബ്ലാക്ക് ബോർഡ് | 20 |

*ഫർണിച്ചർ*

| | |
|---|---|
| ഡസ്ക്ക് | 125 |
| ബഞ്ച് | 75 |
| മേശ | 20 |
| കസേര | 20 |

ഓഫീസ് ഫർണിച്ചർ

*5. ആർ സി എൽ പി എസ് മൊട്ടവിള*

| | |
|---|---|
| ആകെ കുട്ടികൾ | 299 |
| ആൺകുട്ടികൾ | 146 |
| പെൺകുട്ടികൾ | 153 |
| എസ്.സി.എസ്.റ്റി. | 28 |
| കെട്ടിടം | 1 |
| ക്ലാസ്സ് മുറി | 9 |
| ഡിവിഷൻ | 8 |
| മൂത്രപ്പുര | 1 |

*ആവശ്യങ്ങൾ*

മൂത്രപ്പുര

ചുറ്റുമതിൽ

ഫർണിച്ചർ

*6. എൽ എം എസ്സ് എൽ പി എസ് ചെമ്പൂര്*

| | |
|---|---|
| ആകെ കുട്ടികൾ | 528 |
| ആൺകുട്ടികൾ | 283 |
| പെൺകുട്ടികൾ | 245 |
| എസ്.സി.എസ്.റ്റി. | 70 |
| ആകെ അദ്ധ്യാപകർ | 14 |
| വസ്തു | 1 ഏക്കർ |
| കെട്ടിടം | 5 |
| ക്ലാസ്സ് മുറികൾ | 16 |
| ഡിവിഷൻ | 14 |
| മൂത്രപ്പുര | 2 |
| കക്കൂസ് | 2 |

വൈദ്യുതീകരിച്ചിട്ടുണ്ട്

ഗ്രന്ഥശാല, പരീക്ഷണ സംവിധാനം

കായിക പരിശീലന സൗകര്യമുണ്ട് അദ്ധ്യാപകനില്ല.

കുടിവെള്ള സൗകര്യമുണ്ട്

സ്കൗട്ട് പരിശീലനമുണ്ട്

*നിർദ്ദേശങ്ങൾ*

ചുറ്റുമതിൽ, ഗേറ്റ്, കളിസ്ഥലം എന്നിവ വേണം

*പൊതു നിർദ്ദേശം*

ആര്യൻകോട് പഞ്ചായത്തിലെ ഉടവാൽ ശിശുമന്ദിരം ഒരു എൽ പി സ്ക്കൂളാക്കി ഉയർത്തണം

# ആരോഗ്യവും കുടിവെള്ളവും

ആര്യൻകോട് പഞ്ചായത്തിന്റെ ആരോഗ്യ ചരിത്രം പരിശോധിച്ചാൽ ഭീകരമായ മലമ്പനിയും മാരകമായ മസൂരിയും അനേകം പേരുടെ ജീവൻ അപഹരിച്ചതായി പഴമക്കാർ പറയുന്നു. സർവ്വസ്വത്തും ഉപേക്ഷിച്ച് നാടുവിട്ട കുടുംബവും കുറവല്ലെന്നാണ് കാരണവ സംഗമത്തിലെ അഭിപ്രായം.

പ്രജാ വൽസലയായ അമ്മ മഹാറാണിയും, ശ്രീ ചിത്തിര തിരുനാൾ മഹാരാജാവും അന്നത്തെ വലിയ ഡോക്ടർ സർവ്വശ്രീ കൃഷ്ണൻ തമ്പി അവർകളും കൂടെ വിദഗ്ധഡോക്ടർമാരും 1112 മിഥുനം 6 ന് ആര്യൻകോട് സ്ഥിതിചെയ്യുന്ന കാവൽ മാടത്തിൽ ഒറ്റശേഖരമംഗലംപോലീസ് ഔട്ട് പോസ്റ്റിൽ എഴുന്നെള്ളി കൊയിനയും ഭക്ഷണവും ധാന്യങ്ങളും നൽകാൻ ഉത്തരവായി എന്ന് പഴമക്കാർ പറയുന്നു.

5380 ഏക്കർ 94 സെൻറ് ഭൂമി വിസ്തൃതിയും 5418 കുടുംബങ്ങളും 23000 ജനസംഖ്യയും ഉള്ള ഈ പഞ്ചായത്തിൽ പണ്ട് മലമ്പനികാലത്ത് ചെമ്പൂര് മുട്ടിയറക്കാർ ദാനം നൽകിയ 10 സെൻറ് തറയിൽ അല്പം കൂടി വാങ്ങിച്ചേർത്ത വസ്തുവിൽ പണ്ടിരുന്ന കെട്ടിടത്തിൽ ജെ.ആർ.വൈ സ്കീമിൽ 8 കിടക്കകളുള്ള മറ്റൊരു കെട്ടിടം ഉണ്ടായെങ്കിലും അവ ഉപയോഗിക്കാതെ ശൂന്യ സ്ഥിതിയിലാണ്. ഒരു ഡോക്ടർ കോർട്ടേഴ്സ് ഭൗതിക സൗകര്യങ്ങൾ ഇല്ലാതെ അടച്ചിട്ടിരിക്കുകയാണ്. പ്രാഥമിക സൗകര്യങ്ങളൊന്നുമില്ലാതെ ഈ പ്രൈമറി ഹെൽത്ത് സെൻറർ ജനങ്ങൾക്ക് പ്രയോജനപ്പെടാനാവാതെ കിടക്കുകയാണ്. ജനങ്ങളുടെ ആരോഗ്യത്തിന്റെ ആശാകേന്ദ്രമായ ഈ സ്ഥാപനത്തിൽ അത്യാവശ്യ മരുന്നുകൾ അനുവദിക്കുന്നില്ലെന്നാണ് മെഡിക്കൽ ഓഫീസറുടെ പരാതി. ഇതിന്റെ കീഴിലുള്ള മൂന്ന് സബ് സെൻററുകൾ അടച്ചുപൂട്ടിയിട്ടിരിക്കുന്നു.

ചെമ്പൂര് ആശുപത്രിയുടെ മെഡിക്കൽ ഓഫീസിൽ നിന്നും കിട്ടിയ ദ്വിതീയ വിവരങ്ങളിൽ ചിലത് ഇവിടെ സൂചിപ്പിക്കാം.

| ജനസംഖ്യ | ആകെ |
|---|---|
| പുരുഷൻമാർ | 9420 |
| സ്ത്രീകൾ | 10320 |
| കുട്ടികൾ 18വയസ്സിനു താഴെ | 7125 |
| ആകെ ജനസംഖ്യ | 26865 |

*നമ്മുടെ പഞ്ചായത്തിലെ കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം*

| പ്രായം | നോർമ്മൽ | | ഒന്നാം ഗ്രേഡ് | | രണ്ടാം ഗ്രേഡ് | | മൂന്നാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിന് താഴെ | 50 | 126 | | | | | | |
| 2-3 വയസ്സ് | 200 | 212 | | | | | | |
| 3-4 വയസ്സ് | | | 3 | 2 | 17 | 13 | 2 | 1 |

*കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെയ്പ് വിവരം*

| കുട്ടികൾ | ബിസിജി | ഡി റ്റി പി | | | | പോളിയോ | | | | ഡി റ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | ID | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിനു താഴെ | 205 | 110 | 130 | 135 | | | | | | | | | - | 130 |
| 1-3 വയസ്സ് | - | | | | 93 | | | | 93 | 6 | 3 | | - | - |
| 3-5 വയസ്സ് | - | - | - | - | - | - | - | - | - | 645 | | | | |

*ചെമ്പൂര് ആശുപത്രിയിൽ 1992-93, 93-94, 94-95, 95-96 വർഷങ്ങളിൽ വന്ന ഔട്ട് പേഷ്യൻറുകളുടെ വിവരക്രമം*

| വർഷം | ഇൻ പേഷ്യൻറ് | ഔട്ട് പേഷ്യൻറ് | രോഗം ബാധിച്ച് വന്നവരുടെ പ്രതിവർഷ എണ്ണം | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധി | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ |
| 1992-93 | | 17836 | 261 | 984 | 72 | | 16519 |
| 1993-94 | | 21447 | 340 | 1141 | 58 | | 19908 |
| 1994-95 | | 31198 | 308 | 1121 | 51 | | 31198 |
| 1995-96 | | 21026 | 281 | 1108 | 47 | | 19690 |

*പകർച്ച വ്യാധി വിവരങ്ങൾ*

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 49 | 1 | 2 | 6 |
| 1994-95 | 43 | 2 | 3 | 3 |
| 1995-96 | 44 | 1 | 2 | |

ഈ പഞ്ചായത്തിൽ പരമ്പരാഗത കുടുംബ വൈദ്യത്തിന് പഴയകാലംതൊട്ടേ ഒരടിത്തറയുണ്ട്. ഈ പഞ്ചായത്തിലെ തറവാട്ടുകാർക്കെല്ലാം തനതു പച്ചമരുന്നുകളും, ഒറ്റമൂലികളും, എണ്ണയും, കുഴമ്പും, കഷായവും ഉപയോഗിച്ചുള്ള ആയുർവേദ ചികിൽസ വീട്ടിൽ വച്ച് ചെയ്ത് ചികിൽസിക്കാറുണ്ട്. യൂനാനിയും, അഷ്ടാംഗഹൃദയവും കൂടി ചികിത്സകളായി നടത്തുന്നു. ശിശുരോഗ ചികിൽസയും പിള്ള വൈദ്യം മർമ്മ ചികിൽസയും, വിഷചികിൽസയും, മാട്ടു ചികിൽസയും മന്ത്രവാദവും, ജ്യോതിഷവും ഈ പഞ്ചായത്തിലെ തറവാട്ടു സ്വത്തുക്കളാണ്. നാടൻ ചികിൽസയുടെയും, ജ്യോതിഷം, മന്ത്രവാദം മുതലായവയുടെ ഏടുകളും ഓല ഗ്രന്ഥങ്ങളും പല കുടുംബങ്ങളിലും തെക്കതിൽ സൂക്ഷിക്കുന്നതായിട്ടാണ് കുടുംബ സർവ്വേയിൽ നിന്നും തെളിഞ്ഞിട്ടുള്ളത്. ഏകദേശം 642 ൽ പരം പരമ്പരാഗത വൈദ്യൻമാർ ഉണ്ടെന്നാണ് ഒരു ഏകദേശ കണക്ക്. വീടുവീടാന്തരം നടത്തിയ വിവരശേഖരണത്തിൽ ഈ പഞ്ചായത്തിലെ പരമ്പരാഗത വൈദ്യൻമാർ ചികിൽസയ്ക്ക് പേരും പെരുമയും പ്രസിദ്ധിയും ഉള്ളവരായിട്ടാണ് പഴമക്കാർ പറയുന്നത്.

ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 5 അലോപ്പതി ആശുപത്രികളും 2 ഹോമിയോ ആശുപത്രികളും ഒരു ക്ലിനിക്കുമാണുള്ളത്. പരമ്പരാഗത വൈദ്യശാഖയിൽ 642 കുടുംബ വൈദ്യൻമാരും വിഷ ചികിൽസകരും മാട്ടു ചികിൽസാ വൈദ്യൻമാരും മറ്റുമുള്ളതായി വിവരങ്ങളിൽ നിന്നും മനസ്സിലാക്കുന്നു.

*ഗ്രാമ സഭാ പ്രശ്നങ്ങൾ*

1. ഈ പഞ്ചായത്തിലെ ഹോട്ടൽ, ചായക്കട, റസ്റ്റോറൻറ് മുതലായവയിൽ നിന്നും ഉണ്ടാകുന്ന മലിന ജലം റോഡിൻെറ ഓടകളിലും മറ്റും കെട്ടികിടക്കുന്നത് അസഹ്യമായ ദുർഗ്ഗന്ധവും, മാരകമായ രോഗങ്ങൾക്കും കാരണമുണ്ടാക്കുന്നു.
2. ഈ പഞ്ചായത്തിൽ ഉദ്ദേശം 712-ഓളം റബ്ബർ റോളർ പ്രവർത്തിപ്പിച്ച് ഉണ്ടാകുന്ന ആസിഡ് ചേർന്ന അശുദ്ധജലം നിരത്തുകളിലും വഴിയോരങ്ങളിലും വീട്ടുമുറ്റങ്ങളിലും കെട്ടിക്കിടന്ന് ആരോഗ്യത്തെ സാരമായി ബാധിക്കുന്ന രോഗ കാരിണികളായും ദുർഗന്ധവും ഉണ്ടാക്കുന്നു.
3. ഈ പഞ്ചായത്തിൽ മൂന്ന് മാർക്കറ്റുകളിലായി ഉണ്ടാകുന്ന ചവറും മറ്റ് അവശിഷ്ടങ്ങളും ശാസ്ത്രീയമായി സൂക്ഷിക്കാതെ ചന്തയിൽ അവിടവിടെ അടിഞ്ഞു കൂടി ദുർഗന്ധങ്ങൾക്കും പകർച്ചവ്യാധികൾക്കും കാരണമാകുന്നു.
4. പൊതു കക്കൂസ് ജനബാഹുല്യമുള്ള സ്ഥലങ്ങളിൽ ഉണ്ടാകാതിരിക്കുന്നത്

സാംക്രമിക രോഗങ്ങൾ കൂടുന്നതിന് ഒരു കാരണമായിരിക്കുന്നു.

5. മുഴുവൻ കിണറും ഇറച്ചതുകൊണ്ട് ഇതിന് പ്രസക്തിയില്ല.

6. പഞ്ചായത്ത് വില വാങ്ങിയ പൊതു ശ്മശാനം അന്യകൈവശമായികൊണ്ടിരിക്കുന്ന ഇടതൂർന്ന് വീടുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ശ്മശാനം ഒരു അനുപേക്ഷണീയ ഘടകമാണ്.

7. കുറ്റിയാണിക്കാട് വാർഡിൽ പെർളക്കോടിന് സമീപം ഒരു സ്വകാര്യ വ്യക്തി വീട്ടിൽ വച്ച് അശാസ്ത്രീയവും അനധികൃതവുമായി നടത്തുന്ന അറവുശാല അന്നാട്ടുകാർക്ക് അസഹ്യതമാത്രവുമല്ല 60- ൽ പരം പട്ടികൾ അയൽവാസി കുടുംബങ്ങളെ ഉപദ്രവിക്കുന്നതായി ജനകീയ പരാതിയുണ്ട്.

8. ആരോഗ്യ ബോധവൽക്കരണവും രോഗ പ്രതിരോധവും പ്രവർത്തനങ്ങളും കുടുംബക്ഷേമ പ്രവർത്തനങ്ങളും നിലവിലുള്ള സംവിധാനങ്ങൾകൊണ്ട് പര്യാപ്തമല്ല.

9. അലഞ്ഞ് തിരിയുന്ന നായ്ക്കൾ ഈ പഞ്ചായത്തിന് ഭീഷണിയാണ്. പേപ്പട്ടി ശല്യം ജനങ്ങളിൽ ഭീതി വളർത്തുന്നു.

10. ലക്ഷംവീട്, കോളനികൾ, ചേരി പ്രദേശങ്ങൾ, ഇവിടങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തത് മലിനീകരണത്തിനും പകർച്ച വ്യാധികൾക്കും കാരണമാകുന്നു.

11. പാറപൊട്ടിപ്പ് ഈ പഞ്ചായത്തിലെ പരിസ്ഥിതിയ്ക്ക് ഒരു ഭീഷണിയും ആരോഗ്യത്തിന് ഒരു വെല്ലുവിളിയുമായി മാറുന്നു.

12. ഈ പഞ്ചായത്തിലെ വീടുവീടാന്തരം നടത്തിയ സർവ്വേയിൽ നിന്നും കിട്ടിയ പ്രാഥമിക വിവരങ്ങൾവച്ച് 30% കുടുംബങ്ങൾക്ക് മാത്രമേ വീടിന് തൊട്ട് കക്കൂസുകൾ ഉള്ളൂ. ബാക്കിയുള്ള മഹാഭൂരിപക്ഷത്തിനും കക്കൂസ് ഇല്ലാത്തത് നിരത്തുകളെ മലീമസമാക്കുന്നു. ഇത് കാരണം ഈ പഞ്ചായത്തിൽ പൊതു ജനാരോഗ്യം ഒരു പ്രശ്നമാണ്.

13. ഈ പഞ്ചായത്തിൽ ഹോമിയോ, ആയുർവേദ, യൂനാനി, പ്രകൃതി ചികിൽസ, ആശുപത്രികൾ ഇല്ലാത്തത് ഈ പഞ്ചായത്തിൽ ആരോഗ്യ സംരക്ഷണത്തിന് ഒരു കുറവാണ്.

14. അമിതമായ രാസവള പ്രയോഗങ്ങൾ കൊണ്ട് ഉല്പാദിപ്പിക്കുന്ന മലക്കറിയും വാഴക്കുലകളും മനുഷ്യന്റെ ആയുസ്സിനെ കുറയ്ക്കുന്നതായിട്ടാണ് പരമ്പരാഗത വൈദ്യൻമാരുടെ അഭിപ്രായം.

15. ഈ പഞ്ചായത്തിലെ കടകളിൽ വയ്ക്കുന്ന ഇറച്ചിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ പഞ്ചായത്തിന് പ്രത്യേക സംവിധാനം ഉണ്ടാകണം.

16. റബ്ബർ തോട്ടങ്ങളുടെ കടന്ന് കയറ്റവും മലിനജലത്തിന് ശാസ്ത്രീയ നിയന്ത്രണവും ഇല്ലാത്തത് കാരണം കൊതുക് ശല്യം ഈ പഞ്ചായത്തിന്റെ ശാപമായി മാറിയിരിക്കുന്നു.

17. മാർക്കറ്റുകളിൽ വരുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പഞ്ചായത്തിന് പ്രത്യേക സംവിധാനം ഉണ്ടാകണം.

*സാധ്യതകൾ*

1. പഠനപര്യടനത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ച അതിപ്രധാനമായ കാര്യം ഈ പഞ്ചായത്തിലെ മലയിടുക്കുകളിലും താഴ്വരകളിലും ആറ്റിൻതീരത്തും അമൂല്യമായ ഔഷധ സസ്യങ്ങൾ കണ്ടെത്താൻ സാധിച്ചതാണ്. ഒറ്റമൂലികളായ മുയൽ ചെവിയൻ, ഇടംപിരി വലംപിരി, ഓരിലതാമര, നറുനണ്ടി, ശതാവേലി, കരുവിലാഞ്ചി, മൂടില്ലാത്താളി, കടലാടി, മുള്ളില്ലാതൊട്ടാവാടി, കുറുന്തോട്ടി, എതിരൊതുക്കി, ആടുതീണ്ടാപാള മുതലായ ഔഷധസസ്യങ്ങൾ കാണാൻ സാധിച്ചു. ഇത് പഞ്ചായത്തിന് മുതൽകൂട്ടാണ്.

2. പൊതു കക്കൂസുകൾ ഉണ്ടാക്കി ലേലം ചെയ്ത് കൊടുത്താൽ നഷ്ടമില്ലാത്ത വരുമാനം ഉണ്ടാക്കാൻ സാധിക്കും.

3. പരമ്പരാഗത വൈദ്യശാഖയെ വളർത്തി ആയൂർവേദ മരുന്ന് ഉല്പാദനം വർദ്ധിപ്പിച്ചാൽ

വിദേശികളെ വരെ ചികിൽസയ്ക്ക് വരുത്തി, വിദേശനാണ്യ വരുമാനം ഉണ്ടാക്കാം. മാത്രമല്ല ആയുർവേദ മരുന്ന് കൃഷി തൊഴിലില്ലായ്മക്കും പരിഹാരം ഉണ്ടാക്കാം. സ്ത്രീകളെ ഈ മേഖലയിൽ പരിശീലിപ്പിച്ച് പരിപോഷിപ്പിക്കാവുന്നതാണ്.

4. ആംഗൻവാടികളിലും സ്ക്കൂളുകളിലും ഉള്ള കുട്ടികളെ വിദഗ്ധ ഡോക്ടർമാരെ കൊണ്ട് പരിശോധന നടത്തിയും ആശുപത്രികളിൽ വിദഗ്ധരെയും ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചും ആരോഗ്യ പരിശോധനയ്ക്ക് ഫീസ് ഈടാക്കാവുന്നതാണ്.

5. റബ്ബർ റോളുകൾക്ക് രജിസ്ട്രേഷനും ഫീസും ഈടാക്കണം.

6. ഹോട്ടലുകൾക്കും റസ്റ്റോറൻറുകൾക്കും ആരോഗ്യപരിപാലന കാര്യങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കണം.

7. ആരോഗ്യ വികസനത്തിൽ ജനപങ്കാളിത്വവും ജനകീയ സേവിംഗ്സും മുടക്കുമുതൽ നിക്ഷേപം നടത്താനും ഉള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുക.

8. കുടുംബ സർവ്വേ നടത്തി കുടുംബങ്ങളെ രജിസ്റ്റർ ചെയ്ത് ഹെൽത്ത് കാർഡ് സംവിധാനം ഉണ്ടാക്കണം. ആവശ്യം വന്നാൽ ഫീസ് ഈടാക്കുന്നതിലും തെറ്റില്ല.

9. വാർഡുകൾ തോറും ഹെൽത്ത് കെയർ സെൻററുകൾ ആരംഭിച്ച് ആരോഗ്യ സംരക്ഷണം ഉറപ്പാക്കണം, ഒരു നിശ്ചിത വരുമാനത്തിന് മുകളിൽ ഉള്ളവർക്ക് ഫീസ് ഈടാക്കണം.

10. നിരാലംഭരായ വൃദ്ധജനങ്ങളെ ശുശ്രൂഷിയ്ക്കാകൻ സാമൂഹ്യാരോഗ്യ സേവന യൂണിറ്റുകൾ ആരംഭിതക്കണം.

11. നമ്മുടെ പഞ്ചായത്തിൻെറ മേൽ നോട്ടത്തിൽ ഈ പഞ്ചായത്തിലെ ഒരു സുഖവാസസ്ഥലം കണ്ടെത്തി 10 ഏക്കർ കുറയാത്ത ഭൂവിസ്തൃയുള്ള വസ്തു വാങ്ങി വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുകയും അവിടെ എല്ലാ വിധ ചികിത്സാ സൗകര്യങ്ങളും സംയോജിപ്പിച്ച് അന്തേവാസികൾക്കും വെളിയിലുള്ളവർക്കും മൊബൈൽ ചികിത്സാ സൗകര്യ സംവിധാനം ഉണ്ടാക്കിയാൽ നല്ല ഫീസ് ഈടാക്കി നല്ല ചികിത്സ നൽകുന്ന ഒരു സ്ഥാപനം പദ്ധതി തയ്യാറാക്കി പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഉണ്ടായാൽ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും അവരുടെ വീട്ടുപടിക്കൽ വിദഗ്ധ ഡോക്ടർമാരെ എത്തിക്കാൻ സാധിക്കു. ഫോൺ ചെയ്താൽ മൊബൈൽ ടീം വീട്ടിൽ എത്തുമെന്ന വിശ്വാസ്യത ഉണ്ടായാൽ സാമ്പത്തികം പ്രശ്നമില്ലാതെ ജനങ്ങളുടെ അത്യാവശ്യത്തിന് ഉപയോഗം ഉണ്ടാകുന്ന ഒരു വിദഗ്ധ ചികിത്സാ സംവിധാനസ്ഥാപനം ഉണ്ടാക്കണം.

ഈ പദ്ധതി നല്ലരീതിയിൽ രൂപകല്പന ചെയ്ത് നടപ്പിലാക്കിയാൽ ഈ പഞ്ചായത്തിലെ ഓരോ വീടുകൾക്കും അത്യാഹിത-ആവശ്യത്തിന് വൈദ്യസഹായവും, സേവനവും എത്തിക്കാനും ഉദ്ദേശം 500ൽ പരം പെൺകുട്ടികൾക്ക് നേരിട്ടും 100ൽ പരം പേർക്ക് ഭാഗികമായും തൊഴിൽ നൽകുവാൻ സാധിക്കും.

പന്തം പാച്ചിയിലും കിഴക്കൻ മലയിലുമായി 20 ഏക്കർ ഭൂമി പാറതരിശ്ശായും കാണിപ്പറ്റായും കിടപ്പുള്ളത് ഇതിന് ഉപയോഗിക്കുന്നതിന് വളരെ പ്രയോജനകരമാകും.

കുറ്റിയായണിക്കാട് വാർഡിൽ കാവല്ലൂർ കേന്ദ്രമാക്കി ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കേണ്ടത് ജനകീയാവശ്യമായി വിവരശേഖരണത്തിൽ നിന്നു മനസ്സിലാക്കുന്നു.

## കുടിവെള്ളം (ശുദ്ധജലവിതരണം)

ഈ പഞ്ചായത്തിൽ ധാരാളം ശുദ്ധജല സ്രോതസ്സുകൾ പണ്ടുകാലം മുതലെ ഉള്ളതാണ്. അവയിൽ പലതും നികന്നും നശിച്ചും സ്വകാര്യവ്യക്തികളുടെ കൈവശത്താകുകയും ചെയ്തിരിക്കുകയാണ്.

പ്രധാനപ്പെട്ട ശുദ്ധജല തടാകങ്ങൾ ഊറ്റുകുഴി (നീരാഴികൾ) പഞ്ചായത്തിൻെറ പലഭാഗത്തും ഉള്ളതിനെ ശാസ്ത്രീയമായി കൂട്ടി യോജിപ്പിച്ചാൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം കുറയ്ക്കാൻ സാധിയ്ക്കും.

ഈ പഞ്ചായത്തിൽ രണ്ട് ശുദ്ധജലവിതരണ പദ്ധതികൾ ഉണ്ട്. 1. ഹരിജനങ്ങൾക്ക് വേണ്ടിയുള്ള ചിലമ്പറ ശുദ്ധജല വിതരണപദ്ധതിയും, 2. ആര്യൻകോട് പഞ്ചായത്ത് ശുദ്ധജല വിതരണപദ്ധതിയും ഉണ്ട്. അതിൽ ചിലമ്പറ പദ്ധതിക്ക് 49 സ്ട്രീറ്റ് ടാപ്പുകളും ആര്യൻകോട് പദ്ധതിക്ക് 139 സ്ട്രീറ്റ് ടാപ്പുകളുമാണ് ഉള്ളത്. എന്നാൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഈ പദ്ധതികളിൽ നിന്നും വീട്ട് കണക്ഷൻ നൽകിയിട്ടില്ലാത്തതുമാകുന്നു. ഈ പദ്ധതികൾ ആവുന്നത്ര നീട്ടിയും പുതിയ സ്ട്രീറ്റ് ടാപ്പുകൾ വച്ച് കുടിവെള്ളം എത്തിയ്ക്കേണ്ടതും വീട്ടു കണക്ഷൻ കൊടുക്കേണ്ടതുമായ ഈ രണ്ടു പദ്ധതിയും (ജനറൽ വാട്ടർ സപ്ലൈ) കാര്യക്ഷമമാക്കേണ്ടതാണ്.

*നിർദ്ദേശങ്ങൾ*

1. ഗ്രാമസഭാ റിപ്പോർട്ടുകൾ പരിശോധിച്ചപ്പോൾ ഏറ്റവും കൂടുതൽ വിമർശനം ഉണ്ടായിട്ടുള്ളത് ഈ പഞ്ചായത്തിലെ ശുദ്ധജല വിതരണ പ്രവർത്തനങ്ങളിലാണ്. ശുദ്ധജലവിതരണ പദ്ധതികൾ ഉണ്ടെങ്കിലും അതൊന്നും കാര്യക്ഷമമായി പ്രവർത്തിയ്ക്കാത്തതു കാരണം ജനങ്ങളുടെ ഏറ്റവും കൂടുതൽ വിമർശനം ഉണ്ടായ ഒരുമേഖലയാണിത്. ആയതിനാൽ ശുദ്ധജല പദ്ധതികൾ പുനഃരേകീകരിച്ച് പ്രവർത്തന ക്ഷമമാക്കി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് സ്ട്രീറ്റ് ടാപ്പുകൾ നീട്ടേണ്ടതും വീടുകൾക്ക് കണക്ഷൻ കൊടുക്കേണ്ടതുമാകുന്നു.
2. ശുദ്ധജല വിതരണം വാട്ടർ അതോറിറ്റിയിൽ നിന്നും മാറ്റി പഞ്ചായത്തിന്റെ കീഴിൽ ആക്കുകയും പ്രത്യേക സംവിധാനം ഉണ്ടാക്കി പ്രവർത്തിപ്പിച്ചാൽ ശുദ്ധജലവിതരണം കാര്യക്ഷമമാക്കാൻ സാധിക്കും.

   മേൽപറഞ്ഞ നിർദ്ദേശങ്ങൾ കാര്യഗൗരവമായി ബന്ധപ്പെട്ട മേലധികാരികൾ കണക്കിലെടുത്താൽ ഈ പഞ്ചായത്തിലെ പൊതു ജനാരോഗ്യവും ശുദ്ധജലവിതരണവും കാര്യക്ഷമമാക്കാവുന്നതാണ്.

*സാദ്ധ്യതകൾ*

1. ഈ പഞ്ചായത്തിൽ പത്തു വാർഡുകളിലും ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായം ഏർപ്പെടുത്തി, ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗപ്പെടുത്താം

*വാർഡുകൾ*

1. കീഴാറൂർ വാർഡിൽ കുക്കുറുണി
2. കുറ്റിയായണിക്കാട് വാർഡിൽ നീർമാലിക്കുന്ന്
3. ആര്യൻകോട് വാർഡിൽ മീനാംവോട് നെല്ലിക്കാല
4. വെള്ളാങ്ങൽ വാർഡിൽ നെടുന്നീർകുന്ന്, പൂഴികുന്ന്
5. മൈലച്ചൽ വാർഡിൽ, കന്യാകുഴികുന്ന്
6. തുടലി വാർഡിൽ, വാഴപ്പൊടു.
7. ഇടവാൽ, പുല്ലച്ചക്കോണം, വിലങ്ങറകുന്ന്
8. ചെമ്പൂര്, കൈലാസപുരം
9. ചിലമ്പറ, എരുമോട്ടുകുന്ന്
10. മണ്ണാംകോണം, മേലേകരിക്കോട്ടുകുഴി

1. ജലസ്രോതസ്സുകളെ കൂട്ടിയോജിപ്പിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടത്തണം
2. വളകുഴികൾ വീട്ടിൽ നിന്നും ദൂരെ വെട്ടി അഴുക്കുചാൽ ഓടതോട്ടങ്ങളിൽ വിടുക.
3. ശുദ്ധജല വിതരണപദ്ധതികൾക്ക് അപ്പർടാങ്കുകൾ താഴെപറയുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കാം.
4. നെട്ടണി, കുക്കുറുണി, വലിയറക്കോണം, മൈലക്കര, കുണ്ടയത്തുകോണം, അവിയൽ കോട്ട് കുന്ന്,. ഇടവാൽ പുല്ലച്ചകോണം വിലങ്ങറ, കരുമ്പാലൂർ, ചെലവൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കണം.

# വ്യവസായം

വ്യാവസായികമായി വളരെ പിന്നിൽ നിൽക്കുന്നതാണ് നമ്മുടെ പഞ്ചായത്തെങ്കിലും നിരവധി ചെറുകിട വ്യവസായ കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. പശ്ചാത്തല സൗകര്യങ്ങൾ വ്യാവസായിക വികസനത്തിന് ഏറെ പര്യാപ്തമാണെങ്കിലും അതിനനുസൃതമായ പുരോഗതി ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വൈദഗ്ധ്യമുള്ള പരമ്പരാഗത, കുടിൽ വ്യവസായ തൊഴിലാളികൾ, പാറ, മണൽ, ഈറ, തടി, പനയോല, നെയ്ത്ത്, ചൂരൽ, തുന്നൽ, മൃഗപരിപാലനം, കോഴിവളർത്തൽ, എണ്ണയാട്ടൽ, റബ്ബർ സംസ്ക്കരണം, കരകൗശല നിർമ്മാണം, നാരുല്പന്നങ്ങൾ, അലങ്കാര വസ്തുക്കൾ, തേനീച്ച വളർത്തൽ, പർപ്പടകം, അച്ചാറു നിർമ്മാണം, പഴവർഗ്ഗ സംസ്ക്കരണം, കാർഷികോല്പന്ന സംസ്ക്കരണം, ബുക്ക് ബയൻറിംഗ്, ബുക്ക് നിർമ്മാണം, കൂൺ കൃഷി, പട്ടു നൂൽ പുഴു തുടങ്ങി ഒട്ടേറെ സാധ്യതകളുണ്ടെങ്കിലും ഇവയൊന്നും പ്രയോജനപ്പെടുത്താൻ നമ്മുക്ക് കഴിഞ്ഞിട്ടില്ല.

*പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ യൂണിറ്റുകൾ*

നമ്മുടെ പഞ്ചായത്തിൽ കൂലിക്ക് എണ്ണയാട്ടിക്കൊടുക്കുന്ന 5 എണ്ണയാട്ടു മില്ലുകൾ പ്രവർത്തിക്കുന്നു. 5 മില്ലും സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. സഹകരണ മേഖലയുടെ സഹായത്തോടെ ഇലവൻ കുഴിയിൽ ആരംഭിച്ച യൂണിറ്റ് അടച്ചു പൂട്ടി. പഞ്ചായത്തിൻെറ വിവിധ മേഖലയിൽ 12 അരിയാട്ടു മില്ലുകളും റൈസ് ആൻറ് ഫ്ലവർ മില്ലുകളും പ്രവർത്തിക്കുന്നുണ്ട്.

വളരെ ആശാവഹമായ രീതിയിൽ നമ്മുടെ നാട്ടിൽ വളർന്നു വരുന്ന ഒരു വ്യവസായ മേഖലയാണ് തടി വ്യവസായം. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപയോഗപ്രദമാകത്തക്ക രീതിയിൽ തടി ഉരുപ്പടികളാക്കുന്നതിന് 3 തടി മില്ലുകൾ പ്രവർത്തിക്കുന്നു. ആധുനിക രീതിയിൽ വിവിധ മോഡലുകളിലുള്ള ഫർണിച്ചർ തയ്യാറാക്കുന്നതിനാവശ്യമായ ഫർണിച്ചർ മാർട്ടുകളും കടച്ചിൽ നടത്തുന്ന യൂണിറ്റുകളും പഞ്ചായത്തിൽ നിരവധി ഉണ്ട്.

വ്യവസായ രംഗത്ത് വളരെയധികം തൊഴിൽ സാധ്യതയുള്ള മേഖലയാണ് ഇരുമ്പുരുക്ക് പണികൾ. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ആരംഗത്ത് പ്രവർത്തിക്കുന്ന 4 വെൽഡിംഗ് ഷോപ്പുകളാണ് ഉള്ളത്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ നിരവധി യുവാക്കൾക്ക് തൊഴിൽ നൽകാൻ കഴിയും.

കഴിഞ്ഞ കുറെ വർഷത്തിനുള്ളിൽ ആരംഭിച്ച തീപ്പെട്ടി കൊള്ളി നിർമ്മാണം നടത്തുന്ന ചെറുകിട യൂണിറ്റുകൾ, റെഡിമെയിഡ് ഗാർമെൻറ്സ്, പ്രിൻറിംഗ് പ്രസ്സ്, പാലുല്പന്ന നിർമ്മാണ കേന്ദ്രം, കയർ ഉല്പന്ന നിർമ്മാണം, നൂൽ ഉല്പാദന യൂണിറ്റുകൾ, പന്നി വളർത്ത കേന്ദ്രം, ഇഷ്ടിക തുടങ്ങിയ ചെറുകിട സംരംഭങ്ങൾ വലിയ തകർച്ച കൂടാതെ നിലനിൽക്കുന്നുണ്ട്.

*വനിതാ ഭവൻ - ആര്യൻകോട്*

ആര്യൻകോട് കേന്ദ്രീകരിച്ച് കേന്ദ്ര മാനവ ശേഷി വികസന വകുപ്പിൻെറയും വിദേശ സാമ്പത്തിക ഏജൻസികളുടെയും സംയുക്ത സഹായത്തോടുകൂടി നടത്തുന്ന ഈ സ്ഥാപനത്തിൽ നിന്നും വിവിധ തൊഴിൽ മേഖലയിൽ പരിശീലനം നൽകി വരുന്നു. ഇതിൻെറ പ്രവർത്തനം പഞ്ചായത്ത് മുഴുവൻ വ്യാപിപ്പിച്ചുകൊണ്ടും പുതിയ ഉല്പാദന യൂണിറ്റുകൾക്ക് തുടക്കം കുറിച്ചുകൊണ്ടും ഈ പഞ്ചായത്തിൻെറ വികസന സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്. അതിനുള്ള ശ്രമം ആരംഭിക്കേണ്ടതാണ്.

*പ്രശ്നങ്ങൾ*

1. ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ഈറ വ്യവസായത്തിന് ആവശ്യമായ ഈറയുടെ ലഭ്യതക്കുറവ്.
2. വ്യവസായ സംരംഭങ്ങളുടെ അഭാവവും അജ്ഞതയും.
3. സാമ്പത്തിക സഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
4. വനിതകൾക്ക് തൊഴിലവസരം പൊതുവേ കുറവ്.
5. വ്യവസായ മേഖലയുമായുള്ള സമ്പർക്ക കുറവ്.
6. നിലവിലുള്ള ഖാദി- നൂൽനൂൽപ്പ് വ്യവസായ യൂണിറ്റിലെ തൊഴിലാളികളുടെ ശമ്പളക്കുറവ്.
7. നമ്മുടെ പഞ്ചായത്തിൽ ഇന്നുള്ള കാർഷിക

ഉല്പന്ന വ്യവസായങ്ങളെ പരിപോഷിപ്പിക്കാൻ കഴിയാത്തത്.

8. സഹകരണ മേഖലയിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ കഴിയാത്ത്.

*പ്രിയദർശിനി മഹിളാ സമാജം.*

ആര്യൻകോട് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന പ്രിയദർശിനി മഹിളാ സമാജം സ്ത്രീകൾക്ക് തേനീച്ച വളർത്തുന്നതിനും പനമ്പ് നെയ്ത്തിനും പരിശീലനം നൽകിയിട്ടുണ്ട്. സാമൂഹ്യ ക്ഷേമ വകുപ്പിൻെറ സഹായത്തോടെ പരിശീലനം നൽകുന്ന ഈ സ്ഥാപനത്തിൻെറ പ്രവർത്തനം ഈ പഞ്ചായത്തിൽ മുഴുവൻ വ്യാപിപ്പിച്ചാൽ ഈ സ്ഥാപനം ഈ പഞ്ചായത്തിൻെറ വികസനത്തിന് ഒരു മുതൽ കൂട്ടായിരിക്കും.

*സാധ്യതകൾ*

**1. ഈറ വ്യവസായം.**

വിദഗ്ധ പരമ്പരാഗത തൊഴിലാളികൾ ഏറെയുള്ള നമ്മുടെ പഞ്ചായത്തിൽ വികസന സാധ്യയുള്ളതാണ് ഈ വ്യവസായം. വാർഡ് അടിസ്ഥാനത്തിൽ ഡിപ്പോകൾ ആരംഭിച്ചുകൊണ്ട് വേണ്ടത്ര അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്തുകൊണ്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിഭവങ്ങൾ ശേഖരിച്ച് വ്യവസായ ഉല്പന്നങ്ങളാക്കി മാറ്റാൻ ശ്രമം ആരംഭിക്കേണ്ടതാണ്.

**2. കയർ, ചൂരൽ, കൊപ്രാ സംഭരണം.**

നമ്മുടെ നാട്ടിൽ സുലഭമായി കിട്ടുന്ന തൊണ്ട് ഉപയോഗിച്ച് കയറും കയറുല്പന്നങ്ങളും നിർമ്മിക്കാൻ കഴിയുന്നത്ര വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ കഴിയും.

വാർഡ് അടിസ്ഥാനത്തിൽ ചൂരൽ വിതരണം ചെയ്തുകൊണ്ട് ചൂരൽ ഉല്പന്നങ്ങൾ നിർമ്മിക്കാനും പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന തേങ്ങ കൊപ്രയാക്കി സംഭരിച്ച് വിപണനം ചെയ്യാൻ ഏറെ സാധ്യതകൾ ഉണ്ട്. താല്പര്യമുള്ള മുഴുവൻ കുടുംബങ്ങളേയും ഇതുമായി ബന്ധപ്പെടുത്താനുള്ള സൗകര്യം ലഭ്യമായാൽ നല്ലൊരു വ്യവസായമായി മാറ്റാൻ സാധിക്കും.

**കാർഷികോല്പന്ന സംസ്ക്കരണം.**

നമ്മുടെ നാട്ടിൽ കൃഷി ചെയ്യുന്ന ഏത്തകായ്, ഇഞ്ചി, കാപ്പി, കുരുമുളക്, അടയ്ക്കാ,റബ്ബർ, മരച്ചീനി, തുടങ്ങിയ കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് വിവിധ ഉല്പന്നങ്ങളാക്കി മാറ്റാൻ കഴിയുന്ന വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കണം.

**പട്ടുനൂൽപുഴു വളർത്തൽ**

കാര്യമായ പരിശീലനം നൽകിയാൽ പെൺകുട്ടികൾക്ക് സമർദ്ധമായി നടത്താവുന്നതും വമ്പിച്ച ആദായകരവുമായ തൊഴിലാണ് പട്ടുനൂൽപുഴു വളർത്തൽ. ഇതിനാവശ്യമായ മൾബറിച്ചെടികൾ പഞ്ചായത്തുവക പുറമ്പോക്കുകളിൽ വളർത്തിയെടുക്കാവുന്നതാണ്.

**കൂൺ കൃഷി**

വലിയ ആയാസം കൂടാതെ വീടുകളിൽ വച്ചു തന്നെ പെൺകുട്ടികൾക്ക് നടത്താവുന്ന പദ്ധതിയാണ് കൂൺ കൃഷി. പരിശീലനവും സാമ്പത്തികവും നൽകിയാൽ വിജയകരമായി നടത്താവുന്നതാണ്.

**നിർമ്മാണ വ്യവസായം**

നമ്മുടെ പ്രദേശത്ത് സുലഭമായി ലഭിക്കുന്ന പ്രകൃതി വിഭവങ്ങളായ കളിമണ്ണ്, മണൽ, കല്ല് എന്നിവ പ്രയോജനപ്പെടുത്തി ചുടുകൽ നിർമ്മാണവും ചല്ലി, പാറപ്പൊടി തുടങ്ങിയ അസംസ്കൃത വിഭവങ്ങൾ, ചുടുകല്ല്, സിമൻറ് കല്ല്, കോൺക്രീറ്റ് ഉല്പന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ഏറെ സാധ്യതയുണ്ട്.

**തേങ്ങാവെള്ള സംസ്ക്കരണം**

പാഴായി പോകുന്ന തേങ്ങാവെള്ളം സംസ്ക്കരിച്ച് പാനീയമായി ഉപയോഗിക്കാൻ കഴിയുന്ന സംസ്ക്കരണ യൂണിറ്റ് ആരംഭിക്കേണ്ടതാണ്. മിനറൽ വാട്ടർ പ്ലാൻറുകൾ, ഡിസ്റ്റിൽഡ് വാട്ടർ പ്ലാൻറുകൾ, ജലസംസ്ക്കരണ യൂണിറ്റുകൾ എന്നിവ ആരംഭിക്കേണ്ടാണ്.

**റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.**

മില്ലുകളിൽ നിന്നും മൊത്തമായി തുണികൾ ശേഖരിച്ച് വനിതാ സംഘങ്ങളെ ഏകോപിപ്പിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്ന കൂട്ടുസംരഭങ്ങൾ ആരംഭിക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്ക് ചെറിയൊരളവുവരെ ഇതൊരു പരിഹാരമാകും.

നമ്മുടെ പ്രദേശത്ത് സുലഭമായി ലഭിക്കുന്ന വിവിധയിനം നാരുകൾ ഉപയോഗിച്ച് വിവിധയിനം നാരുല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവ മറ്റ് സ്ഥല ങ്ങളിൽ കയറ്റി അയയ്ക്കുകയും ചെയ്താൽ നമ്മുടെ പ്രദേശത്ത് വളരെയധികം തൊഴിൽ സാധ്യതയുണ്ടാ ക്കാൻ ഈ മേഖലയിൽ കഴിയും.

ബുക്ക് ബയൻറിംഗും ബുക്ക് നിർമ്മാണവും

വൻകിട പേപ്പർ മില്ലുകളിൽ നിന്നും പേപ്പർ മൊത്തത്തിൽ വാങ്ങി ബുക്ക് നിർമ്മിക്കുകയും അവ ബയിൻറിംഗ് നടത്തി നമ്മുടെ പഞ്ചായത്തിൽ തന്നെ വിറ്റഴിക്കാനും കഴിയും. ഈ രീതിയിൽ വളരെയേറെ ആൾക്കാർക്ക് തൊഴിൽ സാധ്യയുള്ളതാണ്.

ചിരട്ടയിൽ നിന്നും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും ആരംഗത്ത് വളരെയധികം മുന്നോട്ട് പോകാൻ കഴിയുന്ന സാഹചര്യമുണ്ട്. ഉദ്യാനകൃഷി, ക്ഷീരോല്പന്നങ്ങൾ, തീപ്പെട്ടി നിർമ്മാണം, മെഴുകുതിരി, സോപ്പ്, കറി പൗഡർ, ജാം, അച്ചാർ നിർ മ്മാണം, പർപ്പടകം, കൂൺകൃഷി, പട്ടുനൂൽ വ്യവസായം, തേനീച്ച വളർത്തൽ തുടങ്ങിയ മേഖയിൽ വമ്പിച്ച രീതിയിലുള്ള സാധ്യതകൾ ഇന്നുണ്ട്.

*നിർദ്ദേശങ്ങൾ*

1. വാർഡ് അടിസ്ഥാനത്തിൽ ബാംബുകോർപ്പറേ ഷൻ ഡിപ്പോകൾ ആരംഭിക്കേണ്ടതാണ്.
2. ബാംബുല്പ്പെ ഉല്പന്ന വ്യവസായ കേന്ദ്രം ആരംഭിക്കേണ്ടതാണ്.
3. വാർഡ് അടിസ്ഥാനത്തിൽ വിദഗ്ധരായവരെ കണ്ടുപിടിച്ച് 10 കുടുംബത്തിന് ഒരു വ്യവസായ യൂണിറ്റ് എന്നുള്ള നിലയിൽ തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കണം.
4. വാർഡ് അടിസ്ഥാനത്തിൽ ഇളനീർ വിതരണ കേന്ദ്രം സ്ഥാപിക്കുക.
5. വാർഡ് അടിസ്ഥാനത്തിൽ കാർഷിക ഉല്പന്ന പൗഡറിംഗ് യൂണിറ്റുകളും ചിപ്സ് യൂണിറ്റുകളും ആരംഭിക്കേണ്ടതാണ്. അതിനുവേണ്ടി കുടുംബങ്ങളെ സംഘടിപ്പിച്ചുകൊണ്ട് കുടിൽ വ്യവസായവും പഞ്ചായത്ത് തലത്തിൽ വിപുല മായ വ്യവസായ വിപണന കേന്ദ്രങ്ങൾ ആരംഭി ക്കേണ്ടതാണ്. നാണ്യവിള സംഭരണ സംസ്ക്കരണ കേന്ദ്രങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.
6. വാർഡ് അടിസ്ഥാനത്തിൽ റബ്ബർ പച്ചപാൽ സംഭരണ സംസ്ക്കരണ യൂണിറ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതാണ്.
7. റബ്ബർ കുരുവിൽ നിന്നും എണ്ണയും കാലി ത്തീറ്റയും ഉല്പാദിപ്പിക്കുന്ന യൂണിറ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന റബർ സംഭരിച്ച് സംസ്ക്കരിക്കാൻ കഴിയുന്ന റബർ വ്യവസായ കേന്ദ്രം ആരംഭിക്കേണ്ടതാണ്.
8. സഹകരണ മേഖലയിൽ വ്യവസായ യൂണി റ്റുകൾ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരി ക്കണം.
9. ചെറുകിട വ്യവസായ യൂണിറ്റുകൾ വാർഡ് അടിസ്ഥാനത്തിൽ തുടങ്ങാൻ വേണ്ട നടപടി കൾ സ്വീകരിക്കണം.
10. സ്വകാര്യ മേഖലയിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ താല്പര്യമുള്ളവർക്ക് വേണ്ട സാങ്കേതി കവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുക.
11. വനിതകൾക്ക് വ്യവസായം തുടങ്ങാൻ പ്രേരണ നൽകുകയും അതിനുവേണ്ട സഹായങ്ങൾ നൽകുക.
12. കാർഷിക ഉല്പന്ന വ്യവസായങ്ങൾ പരിപോഷി പ്പിക്കാൻ വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുക.
13. ഖാദി വില്ലേജ് ഇൻഡസ്ട്രീസിൻെറ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധനകൾ ഉദാരമാക്കുക.

*പരമ്പരാഗത കുടിൽ വ്യവസായ യൂണിറ്റുകളും തൊഴിലാളികളുടെ എണ്ണവും*

| ക്രമ നമ്പർ | വ്യവസായ യൂണിറ്റുകളുടെ പേര് | സ്ത്രീ തൊഴിലാളി കളുടെ എണ്ണം | പുരുഷ തൊഴിലാ ളികളുടെ എണ്ണം | ആകെ |
|---|---|---|---|---|
| 1 | ഈറ | 129 | 94 | 223 |
| 2 | ചൂരൽ | 11 | 25 | 36 |
| 3 | നാളികേരം | 47 | 47 | 94 |
| 4 | വൈദ്യം | 1 | 21 | 22 |
| 5 | പനയോല | 1 | 11 | 12 |
| 6 | കയർ | 11 | 17 | 28 |
| 7 | പർപ്പടകം | 2 | - | 2 |
| 8. | പാറപൊട്ടിക്കൽ | 5 | 2 | 7 |

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

ഈ ഗ്രാമപഞ്ചായത്തിൻെറ പഴയകാലചരിത്രം പരിശോധിച്ചാൽ ഈ പഞ്ചായത്ത് കാട്ടു പ്രദേശമായി ഒറ്റപ്പെട്ടു അവഗണിക്കപ്പെട്ടിരുന്നു. അമരവിളനിന്ന് മണ്ണടിക്കടവ്വരെയും കാട്ടാക്കടനിന്ന് മണ്ഡപത്തിൻ കടവ് വരെയും റോഡ് ഉണ്ടായിരുന്നെങ്കിലും പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിലേക്ക് ഗതാഗത യോഗ്യമായ റോഡുകൾ കുറവായിരുന്നു. 1112 മിഥുനം 6-ാം തീയതി ശ്രീ. ചിത്തിരതിരുനാൾ മഹാ രാജാവ് അദ്ദേഹത്തിൻെറ കൊട്ടാരം കാറിൽ ആദ്യമായി അതിലൂടെ വരുകയും ആര്യൻകോട് മുതൽ വെള്ളറട വരെയുള്ള കാട്ടുപാതയെ വെട്ടി റോഡ് ആക്കുന്നതിന് തിരുമനസ്സുകൊണ്ട് ഉത്തരവായി ചെമ്പൂര് മുട്ടിയറ ശ്രീ. പാക്യനാഥൻ നാടാർക്ക് ആജ്ഞയും നൽകി. അങ്ങനെ നമ്മുടെ പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളി ലേയ്ക്ക് റോഡ് ഗതാഗതം ആരംഭിച്ചു.

കൊല്ലവർഷം 1118നോടു കൂടി എ.എൻ. സത്യനേശൻ മുതലാളിയുടെ കരിഗ്യാസ് കെ.സി.സി എട്ട് സീറ്റുവണ്ടി നെയ്യാറ്റിൻകരനിന്ന് ആര്യൻകോട് എത്തിയതാണ് ആദ്യത്തെ ബസ് സർവീസ് തുടർന്ന് മാനേജ്മെൻറിൻെറ ബസുകൾ ആര്യൻകോട് വരുകയും പിന്നെ ചെമ്പൂര് വരെ വരുകയും 1962-ൽ നടന്ന ദേശസാൽക്കരണത്തിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ സർക്കാർവക ട്രാൻസ്പോർട്ട് സർവ്വീസ് ആരംഭിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ നെയ്യാറ്റിൻകര, പാറശാല, കാട്ടാക്കട ഡിപ്പോകളിൽ നിന്നും 90-ൽ പരം സർവ്വീസുകൾ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സർവ്വീസ് നടത്തുന്നു എന്നാൽ ജനസാന്ദ്രതയും യാത്രക്കാരുടെ വർദ്ധനയും കണക്കാക്കുമ്പോൾ ഇത് വളരെ കുറവാ ണെന്ന് മനസ്സിലാക്കുവാൻ കഴിയും.

ഈ പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങളെ രണ്ടായി തിരിക്കാം.

***1. റോഡ് ഗതാഗതം***

നമ്മുടെ പഞ്ചായത്തിൽ ആകെ നൂറ്റിനാല്പത് കിലോമീറ്റർ നീളമുള്ള റോഡുകൾ ഉണ്ട്. ഇതിൽ ഗതാഗതയോഗ്യമായിട്ടുള്ള റോഡുകളുടെ ദൈർഘ്യം ടാർ ഇട്ടത് 27 കിലോമീറ്റർ ആണ്. മെറ്റൽ ഇട്ട റോഡ് 12.2 കിലോമീറ്ററും മറ്റ് ഗതാഗതയോഗ്യമല്ലാത്തതും മൺറോഡുകളുമായി 101 കിലോമീറ്ററുമുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമായ സ്ഥിതി വിവരണ കണക്കനുസരിച്ച് വാർഡ് അടിസ്ഥാനത്തിൽ മുൻ ഗണനാ ക്രമത്തിൽ റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

നമ്മുടെ പഞ്ചായത്ത് രൂപംകൊള്ളുന്നതിന് മുൻപ് ടാർ ഇട്ട റോഡ് അമരവിള-ചെമ്പൂർറോഡ് മാത്രമായിരുന്നു. പഞ്ചായത്തിൻെറ മറ്റു പ്രദേശങ്ങളെ ബന്ധപ്പെടുത്തികൊണ്ട് ആറടിപാത മാത്രമാണ് ഉണ്ടായിരുന്നത് 1971-ൽ ആര്യൻകോട് പഞ്ചായത്ത് രൂപം കൊണ്ടതിന് ശേഷമാണ് മറ്റുറോഡുകൾ മെറ്റലും ടാർ ചെയ്തു ഗതാഗതയോഗ്യമാക്കിയത്.

നമ്മുടെ പഞ്ചായത്തിൽ ചെമ്പൂര്, ഒറ്റശേഖര മംഗലം, കീഴാറൂർ എന്നീ പ്രദേശങ്ങൾ കേന്ദ്രമാക്കി അംഗീകൃതമല്ലാത്ത ടെംബോ, ട്രക്കർ, ഓട്ടോ, ടാക്സി സ്റ്റാൻറുകൾ ഉണ്ട്. 60 ശതമാനം യാത്രക്കാരും സമാന്ത രസർവ്വീസുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിൽ 4 കിലോമീറ്റർ ദൂരംവരെ ഇന്നും കാൽനടയാത്ര ചെയ്യേണ്ട സ്ഥിതിയും സർക്കാർ സർവീസുകൾ നടത്താൻ കഴിയാത്തതുമാണ്. ഇതിന് കാരണം ഉൾപ്രദേശങ്ങൾ ഇന്നും ഒറ്റപ്പെട്ട സ്ഥിതിയിലാണ്. പഞ്ചായത്തിലെ റോഡുകൾ സ്ഥിരമായി അറ്റകുറ്റപണികൾ നടത്താൻ തയ്യാറാകാത്തതും ചെയ്യുന്ന പണികൾ ജനോപകാര പ്രദമാക്കാൻ ജനങ്ങൾ ശ്രദ്ധിക്കാത്തതും ഗതാഗത വികസനത്തിന് തടസമാകുന്നു.

*പ്രശ്നങ്ങൾ*

1. റോഡുകളുടെ അശാസ്ത്രീയമായ പുനരുദ്ധാരണ പണികൾ
2. ഗതാഗത യോഗ്യമായ റോഡുകളുടെ വീതി കുറവ്
3. പ്രധാന റോഡുകളിലെ അനധികൃത വാഹനപാർക്കിംഗ്
4. പോസ്റ്ററുകൾ, പരസ്യബോർഡുകൾ എന്നിവ ഗതാഗത തടസ്സവും അപകടവും ഉണ്ടാകുന്നു.

5. റോഡിൽ മലിന ജലമൊഴുകുന്നതും മാലിന്യങ്ങൾ അലക്ഷ്യമായി കുന്നുകൂട്ടി ഇടുന്നതും സാംക്രമിക രോഗങ്ങൾ ഉണ്ടാകുന്നതിനും ഗതാഗതതടസ്സത്തിനും കാരണമാകുന്നു.

6. കാലാകാലങ്ങളിൽ ടെലഫോണിന് വേണ്ടിയും ശുദ്ധജലവിതരണത്തിന് വേണ്ടിയുള്ള റോഡുകളുടെ സൈഡുകൾ കുഴിക്കുന്നതും റോഡ് മുറിക്കുന്നതും ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.

7. വിദ്യാലയങ്ങൾ സ്ഥിതി ചെയ്യുന്ന ജംഗ്ഷനുകളിൽ മുന്നറിയിപ്പ് ബോർഡുകൾ ഇല്ലാത്തതും റോഡിൽ ബംബറുകൾ സ്ഥാപിക്കാത്തതും അപകട സാധ്യത വർദ്ധിപ്പിക്കുന്നു. അപകടകരമായ വളവുകളിൽ മുന്നറിയിപ്പ് ഇല്ലാത്തത്.

കാട്ടാക്കട ഡിപ്പോയിൽ നിന്ന് കന്യാകുമാരി, കോവളം, തുടങ്ങിയ ടൂറിസ്റ്റുകേന്ദ്രങ്ങളിലേക്ക് ആര്യൻകോട് പഞ്ചായത്ത് ബന്ധിപ്പിച്ച് ബസ്സ് സർവ്വീസ് ആരംഭിക്കണം.മുൻപ് ഉണ്ടായിരുന്ന ബസ്സ് സർവ്വീസുകൾ ഉടനെ പുനരാരംഭിക്കണം. കുന്നത്തുകാൽ, വെള്ളറടപഞ്ചായത്ത് വരെ വരുന്ന തമിഴ്നാട് ബസ്സ് സർവ്വീസുകൾ നമ്മുടെ പഞ്ചായത്തിൽ കൂടി സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

8. തിരക്കേറിയ റോഡുകളുടെ സൈഡുകളിൽ ചന്തകൾ കൂടുന്നത് അപകടം വർദ്ധിപ്പിക്കുന്നു.

9. ഗതാഗതയോഗ്യമായ റോഡുകളുടെ സൈഡിൽ അനധികൃത കെട്ടിടം പണിയുന്നതും കെട്ടിട നിർമ്മാണ സാമഗ്രികൾ ഇറക്കുന്നതും ബുദ്ധിമുട്ടുണ്ടാകുന്നു.

10. റോഡിൻെറ സൈഡിൽ ഓടകൾ നിർമ്മിക്കാത്തതും ആവശ്യമായ സ്ഥലത്ത് സൈഡുവാൾ കെട്ടാത്തതും അപകടവും നാശനഷ്ടവും ഉണ്ടാകുന്നു.

11. സമാന്തര സർവ്വീസുകൾ ക്രമാതീതമായി ആൾക്കാരെ കയറ്റിയും നിയന്ത്രണാധീതമായ സ്പീഡും അപകടങ്ങൾ വർദ്ധിപ്പിക്കുന്നു.

*നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കുക.

2. വാഹനബാഹുല്യത്തിന് അനുസൃതമായി റോഡിൻെറ വീതി വർദ്ധിപ്പിക്കണം

3. റോഡിൻെറ അപകടകരമായ വളവുകൾ നിവർത്തിയെടുക്കുക

4. സ്കൂൾ ജംഗ്ഷനിൽമുന്നറിയിപ്പ് ബോർഡും ബംബറും സ്ഥാപിക്കുക

5. ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടം നിർമ്മിക്കുന്നത് കർശനമായി നിയന്ത്രിക്കുക

6. അലക്ഷ്യമായി റോഡ് സൈഡിൽ കെട്ടിട നിർമ്മാണ സാമഗ്രികളും ചപ്പുചവറുകളും ഇറക്കുന്നത് ദിവസങ്ങളോളം കൂട്ടിയിട്ടിരിക്കുന്നത് നിരുൽസാഹപ്പെടുത്തണം.

7. റോഡിൽ അപകട സാധ്യത കൂടിയ ഭാഗത്ത് ലൈറ്റുകൾ സ്ഥാപിക്കുകയും അപകട സൂചന സംവിധാനം ഏർപ്പെടുത്തുകയും വേണം.

8. പഞ്ചായത്തിനകത്തുള്ള വാഹനങ്ങൾ പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യുകയും ഡ്രൈവർമാരെ ബോധവൽക്കരിക്കുകയും ചെയ്യണം.

9. പ്രധാനപ്പെട്ട റോഡുകളുടെ വശങ്ങളിൽ ചന്തകൾ കൂടുന്നത് നിയന്ത്രിക്കുകയും ബദൽ സംവിധാനം ഏർപ്പെടുത്തുകയും വേണം.

10. ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് ടെലഫോൺ പോസ്റ്റുകൾ മാറ്റുന്നതിന് ബന്ധപ്പെട്ടവർ കാണിക്കുന്ന അനാസ്ഥ അവസാനിപ്പിക്കണം.

11. ടെലഫോണിനും ശുദ്ധജലവിതരണത്തിനും വേണ്ടി റോഡ് മുറിക്കുമ്പോഴും സൈഡുകൾ കുഴിക്കുമ്പോഴും നിലവിലുള്ള നിയമം കർശനമായി പാലിക്കുകയും പണി ദ്രുതഗതിയിൽ പൂർത്തിയാക്കുകയും ചെയ്യണം.

12. ബസ് യാത്രകാർക്ക് വേണ്ടി പ്രധാനപ്പെട്ട ബസ്റ്റോപ്പുകളിൽ വിശ്രമകേന്ദ്രം നിർമ്മിച്ച് യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക.

13. ഒറ്റശേഖരമംഗലം, ചെമ്പൂര്,കീഴാരൂറ് ജംഗ്ഷനുകളിൽ ടാക്സി, ട്രക്കർ,സ്റ്റാൻഡുകൾ നിർമ്മിക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

14. റോഡുകളുടെ സംരക്ഷണം വാർഡുതല സമിതികൾക്ക് നൽകുക.

*യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി താഴെപ്പറയുന്ന സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കണം*

1. അരുവിക്കര
2. കീഴാരൂർ
3. മൂന്നാറ്റുമുക്ക്
4. കോളൂർ കടവ്
5. മണ്ണടി ക്ഷേത്രകടവ്
6. തവരുകോണം

*ബസ് സർവ്വീസുകൾ ആരംഭിക്കേണ്ട പ്രധാനപ്പെട്ട റൂട്ടുകൾ*

1. അരുവിക്കര-തെള്ളുകുഴി-കീഴാറൂർ-കാട്ടാക്കട
2. മണവാരി-കിഴക്കൻമല, കുറ്റിയായണിക്കാട്-കാട്ടാക്കട
3. മണവാരി-കോവിലുവിള, ഇടലി-ചെമ്പൂര്
4. ഒറ്റശേഖരമംഗലം-പുല്ലച്ചൽകോണം, മൂക്കോല വിള-മണ്ണാംകോണം
5. മൂന്നാറ്റുംമുക്ക്-ആര്യൻകോട്-ചെമ്പൂര്-വെള്ളറട
6. നെയ്യാറ്റിൻകര, ചെമ്പൂര്, മഞ്ചംകോട്, വാഴിച്ചൽ, അംബൂരി
7. കാട്ടാക്കട-ചെമ്പൂര്-പ്ലാംപഴിഞ്ഞി-വാഴിച്ചൽ

## റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | റോഡിന്റെ പേര് | നീളം കി.മീറ്റർ | വീതി മീറ്റർ | P.W.D | പഞ്ചായത്ത് | ടാർ | മെറ്റൽ | മൺറോഡ് |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| I | ആയക്കാവ്-പുളിംകുടി റോഡ് | 3 | 8 | | ✓ | - | - | ✓ |
| | മൊട്ടലംമൂട് ചിലവൂർ | 4 | 4 | | ✓ | - | | ✓ |
| | തേമ്പാച്ചൽ-മൊട്ടലംമൂട് | 2 | 5 | | ✓ | - | | ✓ |
| | മേലെ കരിക്കോട്ടുകുഴി-ചിലവൂർ | 2 | 4 | | ✓ | - | | ✓ |
| | അയന്തിക്കോണം-ചിലമ്പറ | 2 | 4 | | ✓ | - | | ✓ |
| | കരിക്കോട്ടുകുഴി-വള്ളിത്തറ | 1 | 4 | | ✓ | - | - | ✓ |
| | കരിക്കോട്ടുകുഴി-അയന്തിക്കോണം | 1.5 | 4 | | ✓ | - | | ✓ |
| II | കാവുവിള-തേമ്പാച്ചൽ | 2 | 4 | | ✓ | - | | ✓ |
| | പുനയ്ക്കോട്-വട്ടപ്പറമ്പ് | 2 | 4 | | ✓ | - | | ✓ |
| | L.M.S. H.S ജംഗ്ഷൻ-തുത്തിക്കാട് | 4 | 4 | | ✓ | - | | ✓ |
| | മഞ്ചംകോട്-മുള്ളംകുഴി-കള്ളിമൂട് | 2.5 | 8 | | ✓ | - | | ✓ |
| | മുള്ളംകുഴി-ഇടയ്ക്കോട്-വയലിങ്കൽ | 2.1 | 5 | | ✓ | - | | ✓ |
| | ചിലമ്പറഹരിജൻകോളനി-കരിമ്പാലൂർ | 2 | 8 | | ✓ | - | | ✓ |
| | ഹരിജൻകോളനി-തവരുകോണം | 1.5 | 8 | | ✓ | - | | ✓ |
| | വലിയവഴി-ലക്ഷംവീട്-ചിലമ്പറ | 1.5 | 5 | | ✓ | - | | ✓ |

## റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | റോഡിൻെറ പേര് | നീളം കി.മീറ്റർ | വീതി മീറ്റർ | P.W.D | പഞ്ചായത്ത് | ടാർ | മെറ്റൽ | മൺറോഡ് |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| II | കടവുമണ്ണടി-വലിയവഴി-കാപ്പിയാട് | 3 | 8 | | ✓ | - | - | ✓ |
| | അരുമ്പയം-പൊയ്പ്പാറ | 0.5 | 8 | | ✓ | - | | ✓ |
| | കരിക്കോട്ടുകുഴി-മഞ്ചംകോട് | 3 | 10 | ✓ | - | ✓ | | - |
| | വലിയവഴി-പ്ലാംമ്പഴിഞ്ഞി | 3 | 10 | ✓ | - | ✓ | | - |
| III | ആശുപത്രിജംഗ്ഷൻ-നെല്ലിവിളാകം | 1 | 10 | | ✓ | - | | ✓ |
| | ചെമ്പൂര്-തുടലി | 3.5 | 10 | ✓ | - | ✓ | | ✓ |
| | കട്ടോട്-പുതുവൽ-കരിക്കോട്ടുകുഴി | 1.5 | 8 | | ✓ | - | | ✓ |
| | എതുക്കരവിള-പേപ്പാറകോണം | 1 | 8 | | ✓ | - | | ✓ |
| | പുല്ലച്ചൽകോണം-പള്ളിവിള | 0.75 | 8 | | ✓ | - | | ✓ |
| | ചെമ്പൂര്-ഉടയൻകാവ്-ലക്ഷംവീട് | 0.5 | 8 | | ✓ | - | | ✓ |
| | വിലങ്ങറ-ചെറുത്തലക്കൽറോഡ് | | | | ✓ | - | | ✓ |
| IV | പള്ളിവിള-മുക്കുതലക്കൽ | 1 | 8 | | ✓ | - | | ✓ |
| | കാലായിൽ-കോളൂർ | 0.5 | 6 | | ✓ | - | - | ✓ |
| | ഇഴുവിക്കോട്ടുകോണം-പേപ്പാറ | 1 | 6 | | ✓ | - | | ✓ |
| | കാലായിൽ-കൊട്ടാംവാരം | 0.5 | 6 | | ✓ | - | - | ✓ |
| | പുല്ലച്ചൽകോണം-മണലിവിള | 0.6 | 5 | | ✓ | - | | ✓ |
| | ദർഭവിളാകം-ചിററാർ | 0.5 | 4 | | ✓ | - | | ✓ |
| | മുക്കോലവിള-ഇടവാൽ | 0.3 | 5 | | ✓ | - | | ✓ |
| | മുക്കോലവിള-പാണംവിളാകം | 0.5 | 5 | | ✓ | - | | ✓ |
| | കാലായിൽ-അയണിയറത്താംകാലബണ്ട്റോഡ് | 1 | 5 | | ✓ | - | | ✓ |
| | ഏറത്തുവിള-പുല്ലച്ചൽകോണം | 0.5 | 5 | | ✓ | - | | ✓ |
| | മേലെകാലായിൽ-അയണിയാറത്തുംകാല | 1 | 5 | | ✓ | - | | ✓ |
| | പള്ളിക്കൽപറമ്പ്-ചേണിയാംകോട് | 0.5 | 5 | | ✓ | - | | ✓ |
| | വലിയവളപുറം-തുടലി | 3 | 10 | ✓ | - | ✓ | - | - |

## റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | റോഡിൻെറ പേര് | നീളം കി.മീറ്റർ | വീതി മീറ്റർ | P.W.D | പഞ്ചായത്ത് | ടാർ | മെറ്റൽ | മൺറോഡ് |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| V | തുടലി, പച്ചക്കാട്-കോവിലുവിള | 3 | 8 | | ✓ | - | ✓ | - |
| | ആയക്കാവ്-ആലുംകുഴി-കുഴിച്ചെല്ലൂർ | 2.5 | 6 | | ✓ | - | - | ✓ |
| | ആടോട്ടുകോണം-പഴിഞ്ഞിക്കോണം | 2 | 4 | - | ✓ | - | | ✓ |
| | വലിയതേരി-കുഴിച്ചെല്ലൂർ | 1.5 | 8 | - | ✓ | - | - | ✓ |
| | വാഴപ്പൊടു | 2 | 6 | | ✓ | - | | ✓ |
| | പുലകൽകോണം-വള്ളിച്ചിറ | 3 | 4 | - | ✓ | - | - | ✓ |
| VI | മൈലച്ചൽഹരിജൻകോളനി റോഡ് | 2 | 7 | | ✓ | - | | ✓ |
| | വേയ്ക്കോട്ടുകോണം-മൂങ്ങൂകുഴി | 4.5 | 4 | - | ✓ | - | | ✓ |
| | എച്ച്.എസ്. ഏലാറോഡ് | 0.5 | 4 | | ✓ | - | - | ✓ |
| | എച്ച്.എസ്. മുടിപ്പുരറോഡ് | 0.4 | 3 | | ✓ | - | - | ✓ |
| | ഇലിപ്പിക്കൽ-ഏലാ റോഡ് | 0.4 | 3 | - | ✓ | - | - | ✓ |
| | മൈലച്ചൽ-ഏലാനട റോഡ് | 2 | 5 | - | ✓ | - | - | ✓ |
| | വലിയറക്കോണം-വിട്ടിയോട്-മൈലച്ചൽ | 1.5 | 5 | - | ✓ | - | - | ✓ |
| | പൂവൻകുഴി-പന്തംപാച്ചി-മണവാരി | 3 | 8 | - | ✓ | - | | ✓ |
| VII | ആര്യൻകോട്-പള്ളിവിള | 3 | 7 | - | ✓ | - | - | ✓ |
| | പൂഴിക്കുന്ന്-പള്ളിവിള | 2.5 | 6 | | ✓ | - | - | ✓ |
| | വലിയവീട്-മണ്ണടിക്കടവ് | 0.5 | 6 | | ✓ | - | - | ✓ |
| | തുമ്പക്കാവ്-ഇടവാൽ | 0.5 | 6 | | ✓ | - | | ✓ |
| | പുലിക്കോട്-കുന്നിൻപുറം-മുക്കോലവിള | 3 | 7 | | ✓ | - | | ✓ |
| | കാവുംപുറം-മണിലുവിളാകം | 0.5 | 5 | | ✓ | - | - | ✓ |
| VIII | ആര്യൻകോട്-മൂന്നാറ്റ്മുക്ക് | 1 | 10 | ✓ | - | - | ✓ | - |
| | കണ്ണയ്ക്കോട്-പൂവൻകുഴി | 1 | 4 | - | ✓ | - | - | ✓ |
| | ഇലവൻകുഴി-കിഴക്കമ്മല | 1 | 10 | | ✓ | - | - | ✓ |
| | കുറ്റിയാണിക്കാട്-മൈലക്കര-കണ്ണങ്കര | 1.5 | 6 | | ✓ | ✓ | | ✓ |

## റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | റോഡിൻെറ പേര് | നീളം കി.മീറ്റർ | വീതി മീറ്റർ | P.W.D | പഞ്ചായത്ത് | ടാർ | മെറ്റൽ | മൺറോഡ് |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| VIII | കുറ്റിയാണിക്കാട്-പനങ്കുഴി-മീനാവോട്-മുഴങ്ങിൽ | 3 | 6 | | ✓ | - | | ✓ |
| | കുറ്റിയാണിക്കാട്-പാളയത്തുവിള-ശാസ്താംകുഴി | 1 | 6 | | ✓ | - | | ✓ |
| IX | കരിമ്പാലക്കുഴി-നീർമാലി, ഹരിജൻകോളനി റോഡ് | 2.5 | 6 | | ✓ | - | | ✓ |
| | പിറളക്കോട്-ആറ്റുകടവ് റോഡ് | 2 | 6 | | ✓ | - | | ✓ |
| | പിറളക്കോട്-വഴുതോട്ടുകോണം | 1 | 4 | | ✓ | - | | ✓ |
| | പിറളക്കോട്-കുന്നത്ത് | 1 | 4 | | ✓ | - | | ✓ |
| | പഴിഞ്ഞിപ്പാറ-മുഴങ്ങിൽ | 2 | 7 | ✓ | - | ✓ | | - |
| | പിറളക്കോട്-മണ്ണുക്കാല-പേരയിൽ | 1 | 4 | | ✓ | - | | ✓ |
| | കാവല്ലൂർ-പട്ടംചിറ | 2 | 6 | | ✓ | - | | ✓ |
| | അമ്പവുംതല-കൊല്ലോട്ടുകുഴി | 1 | 4 | - | ✓ | - | | ✓ |
| | കാവല്ലൂർ-സെറ്റിൽമെൻറ് | 0.5 | 3 | | ✓ | - | | ✓ |
| | കുറ്റിയായണിക്കാട്-മണ്ണുക്കാല | 1 | 4 | | ✓ | - | | ✓ |
| | വട്ടംചിറ-വേങ്കോട്ടുകുഴി | 0.5 | 4 | | ✓ | - | | ✓ |
| | കുറ്റിയാണിക്കാട്-കുണ്ടയത്തുകോണം | 1.5 | 4 | - | ✓ | - | | ✓ |
| | കീഴാറൂർ ഹരിജൻകോളനി റോഡ് | 0.5 | 4 | | ✓ | - | | ✓ |
| X | തെള്ളുകുഴി-പശുവണ്ണറ-എലിവാലൻകോണം | 3 | 8 | ✓ | - | - | ✓ | - |
| | കീഴാറൂർ-കുക്കുറുണി-അരുവിക്കര | 3 | 8 | | ✓ | - | ✓ | - |
| | ശാസ്താംകോണം-പശുവണ്ണറ | 1.5 | 3 | | ✓ | - | | ✓ |
| | മരുതംകോട്-കീഴാറൂർ-ആറ്റുകടവ് | 1 | 3 | | ✓ | - | | ✓ |
| | നെടുങ്ങോട്-ആറ്റുകടവ് | 1 | 3 | | ✓ | - | | ✓ |
| | ചെരുത്തംകോട്-മുടിപ്പുരനട | 0.6 | 4 | | ✓ | - | | ✓ |
| | ശാസ്താംകോണം-മണിയാറംകോണം | 0.6 | 4 | | ✓ | - | | ✓ |
| | കൊല്ലംകാല-കല്ലിങ്കവിള | 0.6 | 4 | | ✓ | - | | ✓ |
| | ചെറുവണ്ടൂർ-പശുവണ്ണറ റോഡ് | 1 | 4 | | ✓ | - | | ✓ |
| | പുളിയറക്കോണം-ശാസ്താംകോണംക്ഷേത്രനടവഴി ബണ്ട്റോഡ് | 2 | 4 | | ✓ | - | | ✓ |

തെള്ളുകുഴി മുതൽ മണ്ണാംകോണം വരെയുള്ള 9 കിലോമീറ്റർ സ്റ്റേറ്റ് ഹൈവേ, മണ്ണാംകോണം മുതൽ വുലകൽകോണം വരെയുള്ള 4 കിലോമീറ്റർ സ്റ്റേറ്റ് റോഡ് ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്നു.

മുകളിൽ സൂചിപ്പിച്ച മൺറോഡുകൾ മെറ്റലും ടാറും ഇട്ട് ഗതാഗതയോഗ്യമാക്കണം

# മാർക്കറ്റ്

രാജഭരണക്കാലത്ത് തന്നെ ഈ പ്രദേശം ശ്രദ്ധ ആകർഷിച്ചിരുന്നു. ക്രയവിക്രയങ്ങൾക്ക് ഈ പഞ്ചായത്ത് പ്രദേശങ്ങളിൽ വളരെ പ്രധാന്യമുള്ള ക്രയവിക്രയ സ്ഥലങ്ങൾ ഉണ്ടായിരുന്നു. ഇന്നത്തെ മുക്കുതലക്കൽ ജംഗ്ഷന് സമീപം ഉള്ള ആര്യൻകോട് വീടിന് സമീപത്തുള്ള പാറയിൽ ആയിരുന്നു. പുരാതന ചന്ത സ്ഥിചെയ്തിരുന്നത് എന്നാണ് മനസ്സിലാക്കുന്നത്. ആര്യൻകോട് വീടിന് സമീപം സ്ഥിചെയ്തിരുന്ന ചന്ത മൈലച്ചലിൽ എത്തിയപ്പോൾ ആ സ്ഥലം ആര്യൻകോട് ആയി മാറി എന്നാണ് മുൻനിരക്കാർ പറയുന്നത്.

ചെമ്പൂര് ഇന്നുള്ള ചന്തയും ഇതുപോലെ കൈലാസപുരത്തുനിന്നും മാറ്റികൊണ്ടുവന്നു എന്നാണ് മനസ്സിലാക്കുന്നത്.

ഇന്ന് ഈ പഞ്ചായത്തിൽ 3 പ്രധാന മാർക്കറ്റുകളും ആര്യൻങ്കോട്, ചെമ്പൂര്, കീഴാരൂർ, മണ്ണാംകോണം, തുടലി, മൈലച്ചൽ,കുറ്റിയായണിക്കാട്, എന്നിവിടങ്ങളിൽ ചെറിയ ചന്തകളും കൂടുന്നു. ആര്യൻകോട് പഞ്ചായത്തിന് ഏറ്റവും വലിയ വരുമാനം മാർക്കറ്റുകളിൽ നിന്നും കിട്ടുന്നുണ്ടങ്കിലും ഏകദേശം രണ്ടു ലക്ഷം രൂപ പ്രതിവർഷം, അതിനനുസരിച്ചുള്ള വികസനം നടക്കുന്നിരുന്നില്ല എന്നതിനേക്കാൾ ഉപരി ഉള്ളതിനെ സംരക്ഷിക്കുന്നില്ല എന്നതാണ് വസ്തുത

*പ്രശ്നങ്ങൾ*

1. മാർക്കറ്റുകൾ ശുചിത്വം ഇല്ലായ്മ
2. പഞ്ചായത്ത് നിയമങ്ങൾക്ക് വിരുദ്ധമായ ഗേറ്റ് പിരിവ്
3. സ്ഥലസൗകര്യ കുറവ്
4. പ്രഥമിക ആവശ്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യകുറവ്
5. സ്റ്റാളുകളുടെ അപര്യാപ്ത
6. മാർക്കറ്റുകളുടെ സംരക്ഷണത്തിൽ ബന്ധപ്പെട്ടവരുടെ താല്പര്യകുറവ്

*നിർദ്ദേശങ്ങൾ*

1. മാർക്കറ്റുകളെ വൃത്തിയായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുകയും ചന്തയ്ക്കുള്ളിൽ ചപ്പുചവറുകൾ കുന്നുകൂടുന്നത് നിയന്ത്രിക്കുകയും ഓടകൾകെട്ടി വെള്ളം ഒഴുകിപോകുന്നതിന് സജ്ജീകരണം ഉണ്ടാകുകയും വേണം.
2. പഞ്ചായത്തിൻെറ നിർദ്ദേശങ്ങൾ ലംഘിച്ച് അനധികൃതമായി അമിതമായി ഗേറ്റ് പിരിവ് നടത്തുന്നത് കർശനമായി നിയന്ത്രിക്കുകയും ജനങ്ങളോട് മാന്യമായി പെരുമാറാനുള്ള നടപടി സ്വീകരിക്കണം.
3. മാർക്കറ്റുകളുടെ സ്ഥലസൗകര്യം പരിഹരിക്കാൻ ആവശ്യമായ സ്ഥലം അക്വയർ ചെയ്യുക.
4. ആര്യൻകോട് ചന്തയ്ക്ക് ആവശ്യമായ സ്ഥലം തോട്ടടുത്തുള്ള നെയ്യാർ ചാനലിന് മുകളിൽ സ്ളാബുകൾ നിർമ്മിച്ച് ഉപയോഗപ്പെടുത്തുക.
5. മാർക്കറ്റുകൾക്കുള്ളിൽ ശുദ്ധജല ടാപ്പ് സ്ഥാപിക്കുക
6. പ്രാഥമിക ആവശ്യത്തിന് വേണ്ടി കക്കൂസ്, മൂത്രപ്പുര എന്നിവ സ്ഥാപിക്കുകയും അവ ദൈനംദിനം ശുചിയാക്കിയിടാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.
7. എല്ലാ മാർക്കറ്റുകളും സ്ളാട്ടർ ഹൗസുകൾ നിർമ്മിക്കുകയും ഇറച്ചി വിൽക്കുന്നതിനും ഗുണമേന്മയും ലൈസൻസും ഉറപ്പ് വരുത്തുക.
8. മാർക്കറ്റുകളിൽ ആവശ്യമായ സ്ഥിരം സ്റ്റാളുകൾ നിർമ്മിക്കുകയും അവ സംരക്ഷിക്കുകയും ചെയ്യുക
9. ചുറ്റുമതിൽ കെട്ടി ഗേറ്റുകൾ ഇട്ട് മാർക്കറ്റ് സമയം കഴിഞ്ഞ് പൂട്ടിയിടുക.
10. ഉല്പന്നങ്ങൾ വിൽക്കുന്നതിൽ നിലവിലുള്ള ഇടനിലക്കാരുടെ ശല്യം അവസാനിപ്പിക്കുക
11. മണ്ണാംകോണം, തുടലി, മൈലച്ചൽ,കുറ്റിയായണിക്കാട് തുടങ്ങിയ ചെറിയചന്തകൾക്ക് പഞ്ചായത്ത് വസ്തു നൽകുക.
12. കീഴാറൂർ ചന്തയിൽ ഷോപ്പിംഗ് കോപ്ളക്സ് നിർമ്മിക്കണം.
13. പഞ്ചായത്തിലെ വ്യാപാരസ്ഥാപനങ്ങളിൽ വിലവിവര പട്ടിക സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ജനകീയസമിതി ഇതിന് സഹായം നൽകണം.

## ഊർജ്ജം

സംസ്ഥാനം ഇന്നു നേരിടുന്ന മുഖ്യപ്രശ്നം ഊർജ്ജപ്രതിസന്ധി തന്നെയാണ്. അതിന്റെ രൂക്ഷതകളും ഈ പഞ്ചായത്തിലും അനുഭവപ്പെടുന്നു. ഈ പഞ്ചായത്തിൽ ഗാർഹിക ആവശ്യത്തിനുവേണ്ടിയാകണം ഏറ്റവും കൂടുതൽ വൈദ്യുതി പ്രധാനമായി ഉപയോഗിക്കുന്നത്.

1971-ൽ ആര്യൻകോട് പഞ്ചായത്ത് രൂപംകൊണ്ടതിനുശേഷമാണ് വൈദ്യുതി രംഗം അല്പം ഉഷാറായത് എന്നാൽ ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ മാത്രമേ ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കണ്ടെത്താൻ കഴിയൂ. ഊർജ്ജത്തിന്റെ പ്രഭാവകേന്ദ്രമായി സൂര്യതാപത്തിന്റെ സാധ്യതകളെ ചൂഷണം ചെയ്യാനാവുമെങ്കിലും നാളിതുവരെ ആ വഴിക്ക് ഒരു നീക്കം നമ്മുടെ പഞ്ചായത്തിൽ ഇന്നുവരെ ഒരു സൗരോർജവിളക്കുകളും സ്ഥാപിച്ചിട്ടില്ല.

ഈ പഞ്ചായത്തിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് , ത്രീ ഫെയിസ് ലൈൻവലിച്ച് ഉൾപ്രദേശങ്ങളിൽ വൈദ്യുതി എത്തുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണം.

*പ്രശ്നങ്ങൾ*

1. വോൾട്ടേജ് ക്ഷാമം
2. സ്ട്രീറ്റ് ലൈറ്റുകൾ യഥാസമയം കത്താതിരിക്കുക
3. ഇലക്ട്രിക് ലൈനിന്റെ അറ്റകുറ്റപണികൾ കൃത്യമായി നടക്കുന്നില്ല
4. ഇലക്ട്രിക് ലൈനിൽ ഉള്ള മരച്ചില്ലകൾ വെട്ടിമാറ്റാത്തതിലൂടെ വൈദ്യുതി നഷ്ടമാകുന്നു.
5. യഥാസമയം വൈദ്യുതി കണക്ഷൻ നൽകാത്തത്.
6. ആവശ്യാനുസരണം മണ്ണെണ്ണ ലഭിക്കാത്തത്
7. ഗാർഹിക ഉപഭോക്താക്കളുടെ അലക്ഷ്യമായ വൈദ്യുത ഉപഭോഗം
8. വൈദ്യുതി പഞ്ചായത്തിന്റെ എല്ലാഭാഗത്തും എത്തിയിട്ടില്ല.
9. ഇലക്ട്രിക് ലൈനുകളുടെ അശാസ്ത്രീയത
10. ട്രാൻസ്ഫോർമറുകളുടെ സംരക്ഷണത്തിൽ ബന്ധപ്പെട്ടവർ കാണിക്കുന്ന അനാസ്ഥ.
11. ബയോഗ്യാസ് പ്ളാൻറുകളിൽ ഉള്ള പരാജയം അതിലുള്ള അജ്ഞത
12. വിറക് ക്ഷാമം ഊർജ്ജ പ്രതിസന്ധി ഉണ്ടാക്കുന്നു.
13. ദക്ഷത കൂടിയ വിറക് അടുപ്പുകളെ സംബന്ധിച്ചുള്ള അറിവില്ലായ്മ.

*നിർദ്ദേശങ്ങൾ*

1. വോൾട്ടേജ് ക്ഷാമം ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുക.
2. പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള പോസ്റ്റുകളിൽ വേപ്പർലാമ്പുകൾ, ട്യൂബ് ലൈറ്റുകൾ,ബൾബുകൾ എന്നിവ കൃത്യമായി കത്തിക്കാനുള്ള നടപടി സ്വീകരിക്കുക.
3. ഇലക്ട്രിക്ലൈനിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തുക.
4. ഓടാത്ത മീറ്ററുകൾ മാറ്റി ഓടുന്നവ സ്ഥാപിക്കുകയും വൈദ്യുതി റീഡിംഗ് എല്ലാമാസവും നടത്തുക.
5. വൈദ്യുതി ലൈനിലൂള്ള മരച്ചില്ലകൾ കൃത്യസമയത്ത് വെട്ടിമാറ്റുകയും വൈദ്യുതി നഷ്ടം ഒഴിവാക്കുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക.
6. വൈദ്യുതി കണക്ഷന് വേണ്ടി നൽകുന്ന അപേക്ഷയിൽമേൽ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുക
7. ആവശ്യാനുസരണം മണ്ണെണ്ണ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
8. ട്രാൻസ്ഫോർമറുകളുടെ സംരക്ഷണചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വഹിക്കുക
9. ഇലക്ട്രിക് ലൈനുകൾ ശാസ്ത്രീയമായി പുനക്രമീകരിക്കുക.
10. ബയോഗ്യാസ് പ്ളാൻറ്റുകളെ കുറിച്ചുള്ള സാങ്കേതികവിദ്യ ജനങ്ങളെ

ബോധവൽക്കരിക്കുകയും ഇവ വ്യാപകമാക്കുന്നതിന് വേണ്ട സഹായസഹകരണങ്ങൾ പഞ്ചായത്ത് നൽകണം.

11. വിറകു അടുപ്പു സ്ഥാനത്ത് പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ അറിവും സാങ്കേതിക വിദ്യ പകർന്നുകൊടുക്കുകയും അനർട്ടുമായി സഹകരിച്ച് പഞ്ചായത്ത് പുകയില്ലാത്ത അടുപ്പ് വൻതോതിൽ സ്ഥാപിക്കുക.

12. ആര്യൻകോട് പഞ്ചായത്തിലെ ഒറ്റശേഖരമംഗലം മുക്കുതലക്കൽ ഓവർസിയർ ആഫീസിനെ സെക്ഷൻ ഓഫീസാക്കി ഉയർത്തുക.

13. നെയ്യാർഡാമിൽ അപ്പർഡാം സ്ഥാപിച്ച് ചെറുകിട വൈദ്യുത ഉല്പാദനകേന്ദ്രം സ്ഥാപിക്കുക.

14. സൗരോർജ്ജം ഉപയോഗിച്ച് പ്രധാന ജംഗ്ഷനുകളിൽ വഴിവിളക്ക് സ്ഥാപിക്കുന്നതിനും സൗരോർജ്ജ പദ്ധതികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിച്ച് ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനും അനർട്ടിന്റെ സാങ്കേതിക സഹായങ്ങൾ ലഭിക്കുന്നതിനുംവേണ്ടി പഞ്ചായത്ത് തലത്തിൽ സബ്ഓഫീസ് സ്ഥാപിക്കുക.

15. പ്രഷർകുക്കറുകൾ, വയ്ക്കോൽപ്പെട്ടികൾ ഇവയെ വ്യാപകമായി പ്രചരിപ്പിക്കുക.

16. അമിതവും അലക്ഷ്യവുമായ വൈദ്യുതി ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുക

17. പഞ്ചായത്തിൽ ആവശ്യക്കാർക്ക് മുഴുവൻ സമയബന്ധിതമായി ഗ്യാസ് കണക്ഷൻ നൽകുക

18. ഈ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളായ പന്തംപാച്ചി, കരിമ്പാലൂർ മുകൾ, തുടങ്ങിയ സ്ഥലങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുക.

### ട്രാൻസ്ഫോർമർ

| | |
|---|---|
| 1. മണ്ണാംകോണം | മണ്ണാംകോണം |
| 2. ചിലമ്പറ | ചിലമ്പറ ഹരിജൻ കോളനി, ചിലമ്പറ വാട്ടർസപ്ലൈസ്കീം, പനയറത്തല നട |
| 3. ചെമ്പൂര് | ചെക്കുംമൂട്, കരിയ്ക്കോട്ടുകുഴി |
| 4. ഇടവാൽ | പുല്ലച്ചാൽകോണം |
| 5. തുടലി | കോവിലുവിള |
| 6. മൈലച്ചൽ | |
| 7. വെള്ളാംഗൽ | ഇടവാൽ 1, ഇടവാൽ 2, ടൈൽ ഫാക്ടറി |
| 8. ആര്യൻകോട് | വില്ലേജ് ഓഫീസ് നട, പാലിയത്ത് വാട്ടർസപ്ലൈസ്കീം, മൂന്നാറ്റുമുക്ക് |
| 9. കുറ്റിയണിക്കാട് | കുറ്റിയണിക്കാട് |
| 10. കീഴാറൂർ | പശുവണ്ണറ, നെട്ടണി, തെള്ളുക്കുഴി |

### സ്ട്രീറ്റുലൈറ്റുകളുടെ എണ്ണം

| | | | |
|---|---|---|---|
| ബൾബ് | 622 | പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റിനുവേണ്ടി | |
| ട്യൂബ് | 71 | പ്രതിമാസം അടയ്ക്കുന്ന തുക | 11,332 രൂപ |
| സോഡിയം വേപ്പർലാമ്പ് | 5 | | |

വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ (K.S.E.B, Kattakkada)

| വാർഡ് നമ്പർ | ഹരിജൻ കോളനിയുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യസ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവർ | പണം നൽകിവൈദ്യുതി ഉപയോ ഗിക്കുന്നവർ |
|---|---|---|---|---|
| 1. | കാവല്ലൂർ | 93 | 37 | 36 |
| 2. | കണ്ണങ്കര | 27 | 20 | 7 |
| 3. | കുറ്റിയണിക്കാട് | 12 | 7 | 5 |
| 4. | മൈലച്ചൽ | 68 | 28 | 42 |
| 5. | ആര്യൻകോട് കിഴക്കേക്കര | 17 | 11 | 6 |
| 6. | ആര്യൻകോട് | 9 | 7 | 2 |
| 7. | കാവടിക്കുഴി | 39 | 19 | 20 |
| 8. | മണ്ണുക്കാല | 19 | 15 | 4 |
| 9. | പാലോട്ടുകോണം | 15 | 11 | 4 |
| 10. | ചിറക്കുന്ന് | 30 | 16 | 14 |
| 11. | പേപ്പാറക്കോണം | 20 | 16 | 4 |
| 12. | പ്ലാകുന്ന് | | | |

| | |
|---|---|
| ആകെവീട് | 6260 |
| വൈദ്യുതീകരിച്ചത് | 2327 |
| വൈദ്യുതി ഇല്ലാത്തത് | 3933 |
| മണ്ണെണ്ണ ഉപയോഗിക്കുന്നത് | 2520 |
| പുകയില്ലാത്ത അടുപ്പ് | 214 |
| ഗ്യാസ് ഉപയോഗിക്കുന്നത് | 91 |
| ബയോഗ്യാസ് | 24 |
| വിറക് ഉപയോഗിക്കുന്നത് | 5647 |
| ഫാൻ | 912 |
| മിക്സി | 277 |
| ഫ്രിഡ്ജ് | 68 |
| ടെലിവിഷൻ | 936 |
| റേഡിയോ | 2194 |
| ഗ്രൈൻഡർ | 147 |
| വാഷിംഗ് മെഷീൻ | 6 |
| സോളാർസെൽ | 1 |
| കാർഷിക പമ്പ് സെറ്റ് | 37 |

## വൈദ്യുതി ആവശ്യം വേണ്ട വികസന പ്രവർത്തനങ്ങൾ

| വാർഡ് നമ്പർ | വാർഡിൻെറ പേര് | വൈദ്യുതി സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|
| 1 | മണ്ണാംകോണം | കാവുവിള-തേമ്പാച്ചൽ റോഡ്, കരിക്കോട്ട്കുഴി-തെറ്റിയറ, ആയക്കാവ് പുളികുടി റോഡ്, പ്ലാക്കുന്ന് മൊട്ടലും മൂട്-പ്ലാങ്കുന്ന് റോഡിൻെറ ബാക്കി ഭാഗം, തെറ്റിയറ കാവുവിള തേമ്പാച്ചൽ റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം, കരിയ്ക്കോട്ടുകുഴി പേപ്പാറ-ചെമ്പൂര് റോഡ്, തെറ്റിയറ പുളിങ്കുടി |
| 2 | ചിലമ്പറ | വലിയവഴി-ചിലമ്പറ, അരുമ്പയം, പ്ലാമ്പഴിഞ്ഞി കാഞ്ചിയോട് ട്രാൻഫോർമർ സ്ഥാപിക്കണം. |
| 3 | ചെമ്പൂര് | കാഞ്ചിയോട്-ചാണയ്ക്കോണം, എതുക്കര-ചാരുവിള, പ്രദേശങ്ങളിലും വിലങ്ങറ മുതൽ നെല്ലിയിൽ നടവരെയും അവിടെനിന്ന് ചെറുത്തലകോണം വരേയും എതുക്കര കണ്ണേറുവരെയും, ചെമ്പൂര് പുളിങ്കുടി-പാലോട്ടുകോണം ചിലവൂർ ബണ്ട് ലൈൻ, ആശാരി വിളാകം, കരിക്കോട്ടുകുഴി, തണ്ണിപ്പട്ടം പുതുവൽ, കട്ടോട്. കല്ലുവിള മുതൽ ഉടയൻകാവ് വരെ സ്ട്രീറ്റ് ലൈറ്റ് ഉണ്ടെങ്കിലും കത്താറില്ല. |
| 4 | ഇടവാൽ | ഈഴുവിക്കോട്ടുകോണം-ഹരിജൻകോളനി, ദർഭവിളാകം, വലിയവിളപ്പുറം, ഉതിങ്കലംപാട്, പുല്ലച്ചൽകോണം-മണലിവിളാകം-അയണിയറത്തംകാലവരമ്പ് പള്ളിക്കപറമ്പ് വരമ്പ് റോഡ്, മുക്കോല വിള നടപ്പാത, തെങ്ങിൻതകിടി നടപ്പാത, ചേണിയാംകോട് നടപ്പാത. |
| 5 | തുടലി | വലിയതേരി, ഹരിജൻകോളനി, വള്ളിച്ചിറ, പഴിഞ്ഞിക്കോണം, ആലുംകുഴി വലിയതേരിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. |
| 6 | മൈലച്ചൽ | വേങ്കോട്ടുകുഴി പ്രദേശംമൈലച്ചൽ ഹരിജൻ കോളനി റോഡ്, വേയ്ക്കോട്ടുകോണം തുടലി റോഡ് വലിയറകോണം വിട്ടിയോട്,മറിയാംകോട്, മൈലച്ചൽ എച്ച്.എസ് നെല്ലിക്കാല, ചിറയുന്ന്, വേടൻവിളാകം, കന്യാകുഴി-അമ്പലപ്പുറം ഹരിജൻ കോളനി വലിയറകോണത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണം. |
| 7 | വെള്ളാങ്ങൽ | ആര്യൻകോട്-ചിറ്റിക്കോട്, പള്ളിവിള, പുലിക്കോട്, കുന്നിൻപുറം, പ്ലാക്കോട്ടുകോണം-ഹരിജൻകോളനി, പൂഴിക്കുന്ന് പള്ളിവിള. അമ്പലപ്പുറത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണം |
| 8 | ആര്യൻകോട് | പന്തംപാച്ചി, മൈലക്കര, കണ്ണങ്കര, ശാസ്താംകുഴി, കടയിൽവിള. കണ്ണങ്കരയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം |
| 9 | കുറ്റിയായണിക്കാട് | പട്ടംചിറ-വേങ്കോട്ടുകുഴി, കരിമ്പാലക്കുഴി-നീർമാലി, കീഴാറൂർ ഹരിജൻ കോളനിയിൽനിന്ന് കുഞ്ചുക്കോണം, കാവല്ലൂർ സെറ്റിൽമെൻറ് കോളനി കാവല്ലൂർ-കാഞ്ചിയോട് നിന്ന് മുഴങ്ങ് വരെ, മണ്ണുക്കാല സെറ്റിൽമെൻറ് കോളനി പെരുമാഞ്ചിറയിൽനിന്ന് പുത്തൻവിള, കീഴാറൂർ ഹരിജൻ കോളനി, മിച്ചഭൂമി ഹരിജൻ കോളനി, മലവിള സെറ്റിൽ മെൻറ് കോളനി, ഹരിജൻ കോളനി, നീർമാലി റോഡ് കുറ്റിയാണിക്കാട് വാർഡിൽ പട്ടംചിറയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. |
| 10 | കീഴാറൂർ | കീഴാറൂർ ചെറുമണ്ണൂർ പശുവണ്ണറ, നെല്ലിക്കാല കിടാകുഴി എലിവാലൻ കോണം, പശുവണ്ണറ കടുവാകുഴി, കീഴാറൂർ ജംഗ്ഷനിൽ നിന്ന് പഞ്ചായത്ത് നടപ്പാതവഴി കീഴാറൂർ ആറ്റുകടവ് വരെ, കുക്കുറുണിയിൽ നിന്ന് ശാസ്താംപാറ വഴി എലിവാലൻകോണം. |

**നിർദ്ദേശം** ചെമ്പൂര് ജംഗ്ഷൻ കേന്ദ്രീകരിച്ച് ഇലക്ട്രിസിറ്റി ഓവർസിയർ ഓഫീസ് സ്ഥാപിക്കണം.

# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

കാട്ടുകമ്പും ഓലചെറ്റയും മുളം കഴുക്കോലും പച്ചക്കല്ലും മൺതിണ്ണയും ചുവർ ചാണകം മെഴുകിയ പുല്ലുമേഞ്ഞതും ഓലമേഞ്ഞതുമായ ആറുകാൽ പുരകളും, നിരയും കെട്ടിടങ്ങളും തുടങ്ങി ഇന്നത്തെ ആധുനിക കെട്ടിടങ്ങളായ ഓടും, ടെറസ്സും, ഷീറ്റും മറ്റും കൊണ്ടുള്ളവ ഈ പഞ്ചായത്തിലെ ഭവനങ്ങളുടെ സർവ്വസാധാരണ സ്വഭാവങ്ങളാണ്.

*ഈ പഞ്ചായത്തിൽ 5418 കുടുംബങ്ങളാണുള്ളത്. ഭവനങ്ങളെ നാല് വിഭാഗങ്ങളായി തരംതിരിക്കാം.*

1. കുടിലുകൾ
2. ഇടത്തരം ഓലമേഞ്ഞ വീടുകൾ
3. ഓടിട്ട ബംഗ്ലാവുകളും, ഷീറ്റിട്ടവയും
4. ബഹുനില കെട്ടിടങ്ങൾ

*കുടിലുകൾ*

ദാരിദ്രരേഖയ്ക്ക് താഴെ കഴിഞ്ഞുകൂടുന്ന ബഹുഭൂരിപക്ഷം കുടുംബാംഗങ്ങളുടെ വീടുകൾ കുടിലും ഓലപുരയുമാണ്. ഒരു സെൻറ് മുതൽ 10 സെൻറിന് താഴെയാണ് ഇവരുടെ കൈവശഭൂമി. ഇവരിൽ റോഡുപുറമ്പോക്കുമുതൽ അടകുടിവരെയുള്ളവരുടെ കുടിലുകളുടെ എണ്ണം 1161.

*ഇടത്തരം ഓലമേഞ്ഞവീടുകൾ*

ഈ വിഭാഗം ഈ പഞ്ചായത്തിൽ 1950 കുടുംബങ്ങളാണ്. ഇവർക്ക് 10 മുതൽ 20 വരെ സെൻറ് ഭൂമി മാത്രമാണ് അവകാശം.

*ഓടിട്ട ബംഗ്ലാവുകളും, ഷീറ്റിട്ടവയും ടെറസ്സുകളും*

ഈ വിഭാഗക്കാർ ഈ പഞ്ചായത്തിൽ 2307 കുടുംബങ്ങൾ ഉണ്ട്. ഇവർ ഇടത്തരക്കാരാണ്. ഇവർ 25 സെൻറ് മുതൽ 1 ഏക്കർ വരെ ഭൂസ്വത്തുള്ളവരാണ്, ഇതിൽ 10% ആളുകൾ 1 ഹെക്ടറിന് മുകളിലുള്ള ഭൂവുടമകളാണ്.

ഇതിൽ 1ഉം 2ഉം വിഭാഗക്കാരുടെ ജീവിതം വളരെ മുരടിച്ചതും സ്ഥിതി വളരെ ദയനീയവുമാണ്. കാറും കോളും ആകാശത്ത് ഉരുണ്ടുകൂടുമ്പോൾ, വർഷകാലങ്ങളിൽ ഇടിമുഴങ്ങുമ്പോൾ വീട്ടിനുള്ളിൽ നിരാലംബരായി വിധിയെയും പഴിചാരി സ്വന്തം വീടുകളിൽ കഴിയുന്നു. ഈ രണ്ടു വിഭാഗം ആളുകളുടെയും സ്ഥിതി മാറ്റുന്നതിന് ഭവനങ്ങൾ സൗജന്യമായി നൽകേണ്ടതാണ്.

ഗ്രാമ സഭകളിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രാഥമിക കുടുംബ സർവ്വേയിൽ നിന്നും കിട്ടിയ വിവരമനുസരിച്ച് ഓലപ്പുരയ്ക്ക്താഴെ താമസിക്കുന്ന 3111 കുടുംബങ്ങൾ സൗജന്യ ഭവനങ്ങൾക്ക് അർഹതയുള്ളവരാണ്. ത്രിതല പഞ്ചായത്തിൻെറയോ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയോ സത്വര ശ്രദ്ധ പതിയേണ്ടതാണ്.

*പരിഹാര നിർദ്ദേശങ്ങൾ*

1. ദുർബല വിഭാഗത്തിൽപ്പെട്ട എസ് സി എസ് റ്റി വിഭാഗത്തിന് വീട് പുതുക്കുന്നതിന് ഗ്രാൻറ് കൊടുക്കേണ്ടതാണ്.
2. ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വീട് പുതുക്കുന്നതിന് സാമ്പത്തിക സഹായം നൽകേണ്ടതാണ്.
3. നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ കൂട്ടി നിർമ്മിതി സഹകരണ സംഘം ഉണ്ടാക്കേണ്ടതാണ്.
4. വീട്വയ്ക്കുന്നതിനുള്ള അസംസ്കൃത സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന വിലക്കയറ്റം തടയുക.
5. സഹകരണ സംഘങ്ങൾ വഴി നിർമ്മാണ സാമഗ്രികൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കണം.

| | |
|---|---|
| ലോൺ ലഭിച്ചത് | 441 |
| രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരം ലഭിച്ചത് | 56 |
| സർക്കാർ ഗ്രാൻറ് ലഭിച്ചത് | 98 |
| ഗ്രാൻറ് ലഭിക്കാൻ അർഹതയുള്ളവർ എസ് സി എസ് റ്റി വിഭാഗഹത്തിന് | 1330 |
| മറ്റു പിന്നോക്കം നിൽക്കുന്നവർക്ക് ലഭിക്കേണ്ട ഭവനങ്ങൾ | 1781 |

6. പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി വീടുകൾ നിർമ്മിച്ച് നൽകണം.
7. പഞ്ചായത്തിൽ ഭവന നിർമ്മാണ സംഘം രൂപികരിച്ച് വാർഡുകൾ തോറും യൂണിറ്റുകൾ തുടങ്ങുക.
8. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വീടുകൾ സൗജന്യ ഇൻഷ്വറൻസിന് വിധേയമാക്കണം.

# സാമൂഹ്യ ക്ഷേമം

സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന കർഷക തൊഴിലാളികളും, ദരിദ്ര കർഷകനും, ഹരിജനങ്ങളും മറ്റു അവശ വിഭാഗങ്ങളും കൂടി ഏകദേശം 60% നമ്മുടെ പഞ്ചായത്തിൽ അധിവസിക്കുന്നു. ഇതിൽ 10% വരുന്ന വൃദ്ധൻമാരും വൃദ്ധകളും വളരെ ശോചനീയമായ അവസ്ഥയിലാണ്. 5% വരുന്ന വികലാംഗരും 13% മാരക രോഗബാധിതരും 119 പേർ ബുദ്ധിഭ്രമം ഉള്ളവരും ഇവിടെയുണ്ട്. പോഷകാഹാരക്കുറവ്മൂലം ക്ഷീണിച്ച കുട്ടികളും 60%ഓളം ഉണ്ട്.

'ദുർബല വിഭാഗങ്ങളെ ക്ഷേമവൽക്കരിക്കുന്നതിനുവേണ്ടി, സർക്കാർ പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നിർഭാഗ്യവശാൽ ആര്യൻകോട് പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. ഉദാഹരണത്തിന് എസ് എൻ പി, എ എൻ പി, ഡബ്ല്യൂ എഫ് പി തുടങ്ങിയ പദ്ധതികൾ കൂട്ടിച്ചേർത്ത് ഐ സി ഡി എസ് പ്രോഗ്രാമാക്കിയതോടുകൂടി കിട്ടിയിരുന്ന ആനുകൂല്യം പലതും ലഭിക്കാതെയായി.

ഒരു വാർഡിൽ രണ്ടും മൂന്നും ഉണ്ടായിരുന്ന ടി പ്രോഗ്രാമുകൾ ഒറ്റ അംഗൻവാടി വഴി ഐ സി ഡി എസ് പ്രോഗ്രാമായപ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇല്ലാതെയായി. ഐ സി ഡി എസ് പ്രകാരം അംഗൻവാടി വഴി യഥാസമയം ലഭിക്കേണ്ട സി എസ് എം, സി എസ് ബി, ഡബ്ല്യൂ എസ് ബി Bulgor Wheat എന്നിവയും Oil-ഉം നിർബന്ധമായും നൽകണം. Oilകളിൽ Sold Oil, Peanut Oil, Buttor Oil ഇവയിൽ ഏതെങ്കിലുമൊന്ന് ആയിരിക്കണം ലഭിക്കേണ്ടത്. കുട്ടികളിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പ്രത്യേക ന്യൂട്രിഷ്യൻ പ്രോഗ്രാം അനുസരിച്ച് Milk Powder ഉം Vitamin ഗുളികകളും നൽകണം. അംഗൻവാടി വഴി എ എൻ പി പ്രോഗ്രാമോ, എസ് എൻ പി പ്രോഗ്രാമോ കൂടി ഉൾപ്പെടുത്തണം. ഓ സി എഫ് പ്രോഗ്രാം പഞ്ചായത്ത് തലത്തിൽ ഓർഫ്നൈജ് പ്രോഗ്രാം ഉണ്ടാവണം. അംഗൻവാടിയില്ലാത്ത വാർഡുകളിൽ അനുവദിക്കണം.

*ക്രഷ്*

സെൻട്രൽ സോഷ്യൽ വെൽഫയർ ബോർഡിന്റെ കീഴിൽ, സ്റ്റേറ്റ് സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡ് വഴി ക്രഷുകൾ, കണ്ടൻസർ കോഴ്സ്, ഡയറി പ്രോഗ്രാം സ്ത്രീകൾക്ക് വേണ്ടിയുള്ള മറ്റ് സ്വയം തൊഴിൽ പദ്ധതികളും ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ 5418 കുടുംബങ്ങളും 21667 സ്ത്രീ പുരുഷൻമാരും 5 വയസ്സിന് താഴെയുള്ള 1860 കുട്ടികൾ ഉള്ളതിൽ 3 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം 1300 ആണ്. ഇതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലുള്ള കുട്ടികളും നിരാലംബമായ കുടുംബങ്ങളിലെ കുട്ടികളും തിരാവ്യാധി ബാധിച്ച അമ്മമാരുടെ കുട്ടികളും ഉൾപ്പെടുന്നു. ഇവർക്ക് പ്രത്യേക സഹായത്തോടുകൂടി ക്രഷ് പ്രോഗ്രാം വാർഡിൽ രണ്ടെന്ന ക്രമത്തിൽ നടപ്പിലാക്കുക. കൂടാതെ നടത്തിക്കൊണ്ടിരിക്കുന്ന ക്രഷുകൾ ഉടനെ തുടരണം. ഈ ആനുകൂല്യങ്ങൾ സ്ക്കൂളുകളിലും ശിശുമന്ദിരത്തിലും ഉള്ള പ്രീ പ്രൈമറി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും നൽകണം. നിർത്തിയിരിക്കുന്ന ക്രഷുകൾ തുടങ്ങുന്നതിന് അടിയന്തിര നടപടി ഉണ്ടാവണം.

*ഡയറി*

ഡയറി പ്രോഗ്രാമിന് ആവശ്യമില്ലാത്ത അനവധി റിക്കാർഡുകൾ ചോദിക്കുന്ന കാരണമാണ് നിർദ്ധനരായ വനിതകൾക്ക് ഈ പ്രോഗ്രാമിന് അപേക്ഷിക്കാൻ കഴിയാത്തത്. നിലവിലിരിക്കുന്ന അനാവശ്യമായ രേഖകൾ ലഘൂകരിക്കുക.

*അനാഥ മന്ദിരവും അഗതി മന്ദിരവും*

നിർധനരായ കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നതിനും ഓർഫണേജ് സെൻറർ അനുവദിക്കണം നിരാലംബരായ വൃദ്ധരേയും പുനരധിവസിപ്പിക്കേണ്ടതിന് വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കണം

*അംഗൻവാടി*

150 വീടിന് ഒരു അംഗൻവാടി എന്ന ക്രമത്തിൽ അനുവദിക്കണം. അംഗൻവാടി, ക്രഷ്, പ്രീപ്രൈമറി എന്നിവയിലെ ടീച്ചർ, ആയ തുടങ്ങിയ മറ്റു ജീവനക്കാരെ സർക്കാർ അംഗീകരിക്കണം. എല്ലാ അംഗൻവാടിക്കും കെട്ടിടവും, പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തണം. കളിപ്പാട്ടങ്ങൾ നൽകണം. അംഗൻവാടി വഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകണം. പ്രോജക്ട് ഓഫീസർ, ഡോക്ടർമാർ ഓരോ മാസവും നിർബന്ധമായും അംഗൻവാടികൾ സന്ദർശിക്കണം. എസ് എസ് ഡബ്ല്യൂ എ ബി -ൽ നിന്നുള്ള ഗ്രാൻറിൽ റെക്കറിംഗ്, നോൺ റെക്കറിംഗ് എന്നിവ ഇരട്ടിയാക്കണം. എ ജി പി ക്യാമ്പുകൾ കണ്ടൻസർ ട്യൂർ പ്രോഗ്രാം എന്നിവ നടപ്പിലാക്കണം. എസ് എസ് ഡബ്ല്യൂ എ ബി-ലെ നിയമങ്ങൾ ഉദാരമാക്കണം. എ ജി പി ക്യാമ്പ് നടത്തിയതിന്റെ ധനസാഹായവും ലഭിക്കാൻ ഉണ്ട്. മാസത്തിൽ ഒരു ദിവസം എല്ലാ ശിശു ക്ഷേമ മന്ദിരങ്ങളിലും വൈദ്യ പരിശോധന നിർബന്ധമാക്കണം അംഗൻവാടികൾ ഇല്ലാത്ത വാർഡുകളിൽ ക്രഷുകൾ സ്ഥാപിക്കണം.

# വനിതാ കോർപ്പറേഷൻ

ആര്യൻകോട് ഗ്രാമ പഞ്ചായത്തിൽ വനിത കോർപ്പറേഷന്റെ യാതൊരുവിധ പ്രവർത്തനവും ഇതേവരെയുള്ളതായി അറിവില്ല. സർക്കാരിന്റെ വിവിധ പിപാടികൾ കോർപ്പറേഷൻ മുഖാന്തിരം മറ്റു സ്ഥലങ്ങളിൽ നടക്കുമ്പോൾ ഈ പഞ്ചായത്തിൽ പേരിനുപോലും പറയാനായി ഒന്നുമില്ല. കോർപ്പറേഷന്റെ തൊഴിൽ സംവിധാന പദ്ധതികളും സ്വയംതൊഴിൽ പരിശീലന പരിപാടികളും ഈ പഞ്ചായത്തിലെ വനിതകൾക്ക് അന്യമായി നിൽക്കുകയാണ്.

*നിർദ്ദേശങ്ങൾ*

1. വനിതാ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിന് ശാഖ സ്ഥാപിക്കണം.

2. സ്വയംതൊഴിൽ പരിശീലന പരിപാടികളിൽ ഈ പഞ്ചായത്തിലെ വനിതകളെ ഉൾപ്പെടുത്തി പരിശീലനം നൽകുകയും അവർക്ക് ഇവിടെ തൊഴിൽ ചെയ്യാനുള്ള അവസരവും ഉണ്ടാക്കണം.

3. ഈ പഞ്ചായത്തിലെ സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ തെരഞ്ഞെടുത്ത് നാനാവിധ വികസന പ്രവർത്തനങ്ങൾ ആരംഭിപ്പിക്കുന്നതിനായി ഫാമുകളും ഗവേഷണശാലകളും കൃഷിയെ സംബന്ധിച്ച് പഠിക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങളും ആധുനികമായ ശാസ്ത്ര സാങ്കേതിക വിദ്യകൾ കൃഷി മേഖലയിൽ പ്രാവർത്തികമാക്കുന്നതിനുള്ള പുത്തൻ പദ്ധതികളും നടപ്പിലാക്കുന്നതിന് ഇവിടത്തെ തൊഴിലില്ലാത്ത യുവതി യുവാക്കളെ പരിശീലിപ്പിക്കേണ്ടതാണ്.

*പെൻഷൻ പദ്ധതികൾ*

വാർദ്ധക്യം ചെന്നവർക്കുള്ള അംഗീകാരമാണ് പെൻഷൻ. വിധവകളുടെയും വികലാംഗരുടേയും നിലനിൽപ്പിനും ക്ഷേമത്തിനും പെൻഷൻ അത്യാവശ്യമാണ്. മാരകമായ രോഗംബാധിച്ചവർക്കും മണ്ണിനോട് മല്ലടിച്ച് വാർദ്ധക്യം ചെന്ന കർഷകന്റെ വീര്യം വീണ്ടെടുക്കുന്നതിനും ഉതകുന്നതുമാണ് പെൻഷൻ. പെൻഷൻ ആനുകൂല്യങ്ങൾ പഞ്ചായത്തു മുഖാന്തിരം നടപ്പിലാക്കുകയും അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തിനുണ്ടായിരിക്കണം. അനുവദിക്കുന്ന പെൻഷൻ അർഹതപ്പെട്ടവർക്ക് വീട്ടിലെത്തിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

നിരാലംബരായ നിവാസികൾ മരണപ്പെടുമ്പോൾ പഞ്ചായത്തിന്റെ ചുമതലയിൽ കർമ്മങ്ങൾ നടത്തി ശവസംസ്ക്കാരം നടത്താനുള്ള ചുമതല പഞ്ചായത്ത് ഏറ്റെടുക്കണം. ഇന്ന് പഞ്ചായത്ത് വക അന്യാധീനപ്പെട്ടുകിടക്കുന്ന ശ്മശാനം ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പുനരുദ്ധരിക്കേണ്ടതാണ്. ഓരോ വാർഡിലും ഓരോ പൊതു സ്മശാനം ആവശ്യമാണ്.

*സാമൂഹ്യ വനവൽക്കരണ പരിപാടി*

നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാവുകൾ നിലനിന്നിരുന്നു. പുരാതന തറവാടുകൾക്ക് ഒരു കാവും അതോടനുബന്ധിച്ച് ഒരു കുളവും അനുഷ്ഠാനങ്ങളിൽ ഉൾപ്പെട്ടതാണ്. ആരാധനയ്ക്കാണ് കാവുപയോഗിച്ചിരുന്നതെങ്കിലും ആധുനിക ശാസ്ത്രം പരിസ്ഥിതി പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. വൃക്ഷങ്ങൾ കാലവർഷത്തേയും ഭൂപ്രകൃതിയേയും സാരമായി സ്വാധിനിക്കുന്നു എന്നതാണ് ശാസ്ത്ര ബോധം തെളിയിക്കുന്നത്.

പഴയ കാലങ്ങളിലുണ്ടായിരുന്ന വൻമരങ്ങളും കുറ്റിക്കാടുകളും മൺമറഞ്ഞപ്പോൾ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് മാറ്റംവരുകയുളം കാലവർഷങ്ങൾക്ക് ഇടവേളകൾ ഉണ്ടാവുകയും ചെയ്തു. തൽഫലമായി മഹത്തായ നിരുറവകൾ നശിക്കുകയും കൃഷിക്ക് അത്യന്താപേക്ഷിതമായ ജലസ്രോതസ്സുകൾ അപ്രത്യക്ഷമാകുകയും ചെയ്തു.

ഇത് മനസ്സിലാക്കിയ സർക്കാർ സാമൂഹ്യ വനവൽക്കരണത്തിന് രൂപം കൊടുക്കുകയും അവരുടെ ചിലവിൽ വൃക്ഷതൈകൾ വിതരണം ചെയ്യുകയും ചെയ്തു. പക്ഷെ നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യ വനവൽക്കരണത്തിന്റെ വൃക്ഷതൈ വിതരണവും സംരക്ഷണവും പഞ്ചായത്തിനെ ഏൽപ്പിക്കാൻ വകുപ്പ് തയ്യാറാകാത്തതു കാരണം ഈ പഞ്ചായത്തിൽ വനവൽക്കരണം നടന്നിട്ടില്ല. പഴമക്കാരുടെ പഴഞ്ചൊല്ലായ കാവു തീണ്ടിയാൽ കുളം വറ്റും എന്ന സങ്കല്പം ആധുനികതയുമായി തട്ടിച്ചുനോക്കുമ്പോൾവൃക്ഷം നശിക്കുന്നത് പ്രകൃതിക്ക് ദോഷം സംഭവിക്കുന്നു എന്ന വസ്തുത ഇവിടെ സത്യമാകുന്നു. ഉദാഹരണത്തിന് ഈ പഞ്ചായത്തിൽ ഇപ്പോൾ ഒരു കാവും അതോടൊപ്പമുള്ള കുളവും ചെമ്പിയാരോട് തറവാട്ടിലാണ് ആ കുളത്തിൽ ഇന്ന് ഉറവ വറ്റാത്ത ജലസ്രോതസ്സുകൊണ്ട് കുളം സംപുഷ്ടമാണ്.

പഞ്ചായത്തിന്റെ ചുമതലയിൽ വൃക്ഷതൈകൾ സാമൂഹിക സാംസ്ക്കാരിക സംഘടനകൾ വഴി വിതരണം ചെയ്തം പരിപോഷിപ്പിക്കാനുള്ള നടപടികൾ ആവിഷ്ക്കരിക്കണം.

# വനിത

ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ വനിതകളുടെ പങ്ക് നിർണ്ണായകമായിരുന്നു. ഝാൻസിയിലെ റാണി ലക്ഷ്മിഭായി തുടങ്ങി വിജയ ലക്ഷ്മി പണ്ഡിറ്റും അഹല്യ രംഗനേക്കറും അക്കമ്മ ചെറിയാനും ഇന്ദിരാഗാന്ധിയും ഇൻഡ്യൻ സ്ത്രീത്വത്തിന്റെ പ്രതീകങ്ങളായി നിലനിൽക്കുന്നു. ഇൻഡ്യൻ സാമൂഹ്യ വ്യവസ്ഥിതിയിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ ഇൻഡ്യൻ സ്ത്രീത്വത്തിന് സാധിച്ചിട്ടുണ്ട്. ഇവർക്ക് ഇണങ്ങുന്ന മട്ടിലുള്ള വനിതാ വിമോചനം ഇനിയും ആർജിക്കേണ്ടിയിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 33.5% വനിതാസംവരണം ഏർപ്പെടുത്തി നടപ്പാക്കിയത് പ്രശംസനീയമാണെങ്കിലും ഇന്ത്യൻ പാർലമെന്റിലും സംസ്ഥാന നിയമ നിർമ്മാണ സഭകളിലും വനിതകൾക്കുള്ള സംഭരണ ബില്ല് പാസ്സാകാതെ പോയത് എന്തുകൊണ്ടാണെന്ന് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലും സ്ത്രീകൾ പ്രശ്നങ്ങൾ വേണ്ടവണ്ണം അറിയാതെ വീട്ടിൽ ഒതുങ്ങി കൂടിയിരിക്കുന്ന സ്ഥിതിയാണ്. മാത്രമല്ല സാമൂഹിക സാമ്പത്തിക ഉല്പാദനത്തിൽ വനിതകൾ നിർവ്വഹിച്ചു വരുന്ന പങ്കുപോലും അറിയാതെയാണ് വനിതകളെ അടുക്കളയ്ക്കുള്ളിൽ തളച്ചിടുന്നത്.

സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായാൽ മാത്രമേ ശരിയായ വികസന പ്രവർത്തനം പൂർണ്ണമാക്കാൻ കഴിയുകയുള്ളൂ. പരസ്പരമുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ തോളോട്തോൾ ചേർന്നു നിൽക്കുന്ന പുരുഷനും സ്ത്രീയും അടങ്ങുന്ന സമൂഹത്തിന് മാത്രമേ മുന്നേറാനാകൂ.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയകാലത്ത് സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു. ഒരു കാലഘട്ടത്തിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം അപ്രാപ്യമായിരുന്നു. ഇങ്ങനെയുള്ള അനവധി പ്രശ്നങ്ങൾ ഉള്ളതിനാൽ സ്ത്രീകൾ പൊതുരംഗത്ത് നിന്ന് ഒറ്റപ്പെട്ടുകൊണ്ടിരുന്നു. ശിശു വിവാഹം, സതി തുടങ്ങിയ അനാചാരങ്ങളും സ്ത്രീകളുടെ ഉന്നമനം തടസ്സപ്പെടുത്തി. സ്ത്രീകളുടെ നിരക്ഷരത സാംസ്കാരിക രംഗങ്ങളിൽ ഒറ്റപ്പെടൽ ഉണ്ടാക്കും.

20-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അലയടിച്ചുയർന്ന നവോത്ഥാന സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളിലേയ്ക്ക് ഈ പ്രദേശത്തുനിന്നും ആരും ഉയർന്നു വരാത്തത് സ്ത്രീകളുടെ സ്ഥിതി വ്യക്തമാക്കുന്നു.

കാർഷിക- വ്യാവസായിക- ടൂറിസം മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറഞ്ഞിരുന്നുവെങ്കിലും അടുത്ത കാലത്തായി ഈ രംഗങ്ങളിൽ സ്ത്രീകൾ കൂടിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ പൊതു രംഗത്ത് സ്ത്രീകൾ ഉണ്ട്. ജില്ലാ ബ്ലോക്ക് മെമ്പർമാർ, പഞ്ചായത്തിൽ വൈസ് പ്രസിഡന്റ് ഉൾപ്പെടെ 4 അംഗങ്ങൾ ഉണ്ട്. എന്നാൽ സഹകരണ രംഗങ്ങളും സ്ത്രീകളെ നേതൃത്വത്തിൽ കൊണ്ടുവരേണ്ടതാണ്. ഈ പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘം നിലവിലുണ്ട്. എന്നാൽ വനിതാ അംഗങ്ങൾ 100 മാത്രമാണ് എന്ന വസ്തുത ആ സംഘത്തിന്റെ പ്രവർത്തനങ്ങളെ കുറിക്കുന്നു. ഔപചാരികം എന്ന നിലയിൽ പ്രസിഡന്റും, സെക്രട്ടറിയും ശരിയായ രീതിയിലുള്ളതല്ല.

8849 വനിതകളുള്ള ആര്യൻകോട് പഞ്ചായത്തിൽ 10%ൽ താഴെ വനിതകൾ മാത്രമാണ് ചെറുകിട വ്യവസായങ്ങളിലും സ്വയം തൊഴിൽ സംരംഭങ്ങളിലും കാണുന്നത്. കൂടാതെ ഈ പഞ്ചായത്തിൽ എം.എസ്.എസ്. എന്ന സംഘടന നിലവിൽ ഉണ്ട്. ഇതിൽ കുറേ വനിതകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇത് ആരോഗ്യ വകുപ്പിനെ സഹായിക്കുന്ന ഒരു കണ്ണിയാണ്. ഈ പ്രവർത്തകരെ ഗവൺമെന്റ് അംഗീകരിച്ച് എന്തെങ്കിലും പ്രതിഫലം നൽകണം.

ഈ പഞ്ചായത്തിൽ മഹിളാസമാജങ്ങൾ വളരെ ഉണ്ടെങ്കിലും പ്രവർത്തനത്തിൽ മെല്ലേപോക്കാണ്. ആര്യൻകോട് വിമൻസ് വെൽഫെയർ, സെൻറർ, വെള്ളാങ്ങൽ മഹാത്മാഗാന്ധി മെമ്മോറിയൽ വിമൻസ്റൂറൽ ഡവലപ്മെന്റ്സൊസൈറ്റി, കീഴാറൂർ നവോദയ, ചെമ്പൂര് പ്രിയദർശിനി എന്നീ സമാജങ്ങൾ പ്രവർത്തനരംഗത്ത് മുന്നിലാണ്. ക്രഷ്, നഴ്സറി സ്ക്കൂളും, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നു. ഇന്നുള്ള വനിതാ രംഗങ്ങളിൽ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്ന സഹായ സഹകരണങ്ങൾ ചെയ്ത് കൊടുക്കണം.

*വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ*

1. മദ്യപാനം മൂലം കുടുംബങ്ങളിൽ ഉണ്ടാകുന്ന അരക്ഷിതാവസ്ഥ വളരെയേറെയാണ്.
2. എല്ലാ രംഗങ്ങളിലും സ്ത്രീകൾ അവഗണിക്കപ്പെടുന്നു.
3. സ്ത്രീകൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കുന്നില്ല.
4. വേതനം കിട്ടുന്ന കാര്യത്തിൽ സ്ത്രീകൾ ഇന്നും പിന്നിലാണ്.
5. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായ മാർഗ്ഗങ്ങൾ തടസ്സപ്പെടുത്തുന്നു.
6. സ്ത്രീകൾ മാത്രം കൈകാര്യം ചെയ്യുന്ന വ്യവസായ യൂണിറ്റുകളും ഉണ്ടാകണം ഖാദി, നെയ്ത്ത്, നൂൽനൂൽപ്പ്, തയ്യൽ ബ്രായൂണിറ്റ്, റെഡിമെയിഡ് സെൻറർ.
7. നിലവിലുള്ള മഹിളാ സമാജനങ്ങളുടെ പ്രവർത്തനം പുരോഗമിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. ഈ മഹിളാ സമാജങ്ങളെ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് പ്രവർത്തനം നിയന്ത്രിക്കുകയും ആവശ്യമായ സാമ്പത്തികസഹായങ്ങൾ നൽകുകയും ചെയ്യുക.
8. പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകൾക്ക് ടൂറിസം-വിദ്യാഭ്യാസ രംഗങ്ങളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകി സംരംഭങ്ങൾ സൃഷ്ടിക്കുക.
9. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കുക.

*പരിഹാരങ്ങൾ*

1. സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ ധനസഹായം നൽകുക. ഉദ്യാന കൃഷി, പച്ചക്കറികൃഷി, ഔഷധച്ചെടികൃഷി രീതികളെക്കുറിച്ചും മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യകൃഷി, കോഴി വളർത്തൽ എന്നി രംഗങ്ങളിൽ കൂടുതൽ ബോധവൽക്കരണം നടത്തി ഈ രംഗത്തേയ്ക്ക് ആവശ്യമായ തൊഴിൽ സംരഭങ്ങൾ ഉണ്ടാക്കുക.
2. അച്ചാർ നിർമ്മാണം, മറ്റു ഭക്ഷ്യധാന്യങ്ങൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
3. സ്ത്രീ പീഢനം നിർത്തുക, സാധുക്കളായ പെൺകുട്ടികളുടെ വിവാഹത്തിന് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകുക.
4. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
5. വിധവകളുടെ പെൺമക്കൾക്ക് വിവാഹധന സഹായം 10,000രൂപയെങ്കിലും ആക്കുക.
6. വനിതകൾക്ക് തൊഴിലവസരം നൽകുന്നതിനും, പരിശീലനം നൽകുന്നതിന് വനിതാ വികസന കോർപ്പറേഷൻെറ പ്രവർത്തനം പഞ്ചായത്തിൽ വിപുലപ്പെടുത്തുക.
7. പഞ്ചായത്തിലെ 1,000 സ്ത്രീകൾക്ക് എങ്കിലും തൊഴിലവസരം നൽകൽ, കുറഞ്ഞപലിശയ്ക്ക് 10,000 രൂപയെങ്കിലും സാമ്പത്തിക സഹായം നൽകൽ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നാഷണൽ ബാങ്കുകളും, പ്രാഥമിക സഹകരണ സംഘങ്ങളും തയ്യാറാകണം. അത്തരത്തിൽ നൽകുന്ന വായ്പകൾ യഥാവിധി ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തണം.
8. അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യത്തിന് പ്രത്യേക താല്പര്യം കാണിക്കുക. ഫാമിലി വെൽഫെയർ സബ്സെൻററുകളുടെ പ്രവർത്തനം മുഴുവൻ സമയവും ഉണ്ടാക്കുക. പഞ്ചായത്തിൽ നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വനിതാ ഡോക്ടറേയും നിയമിക്കണം. ഫാമിലി സബ്സെൻററുകൾ ഇല്ലാത്ത വാർഡിൽ പുതിയതായി പണി കഴിപ്പിക്കുക.
9. എം.എസ്.എസ്. പ്രവർത്തകരെ ഗവൺമെൻറ് അംഗീകരിക്കുകയും അവർക്ക് എന്തെങ്കിലും സഹായങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
10. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം ഉറപ്പാക്കണം.

*പഞ്ചായത്തിലെ ജനസംഖ്യ*

| | |
|---|---|
| ആകെ ജനസംഖ്യ | -25,009 |
| സ്ത്രീകൾ | -12,435 |
| ആകെ ഗർഭിണികൾ | 170 |
| മുലയൂട്ടുന്ന അമ്മമാർ | 147 |
| ഗർഭിണികളിൽ പ്രത്യേകം പരിചരണം ആവശ്യമുള്ളവർ | 10 |
| പട്ടികജാതി വനിതകൾ | 1,227 |
| വിദ്യാഭ്യാസമുള്ള സ്ത്രീകൾ | 8,176 |
| 0-1 വയസ്സുവരെയുള്ള കുട്ടികൾ | 220 |
| 1-3 വയസ്സുവരെയുള്ളത് | 412 |
| 2-3 വയസ്സുവരെയുള്ളത് | 944 |

*പ്രായാടിസ്ഥാനത്തിൽ സ്ത്രീയുടെ ദമ്പതിമാർ*
*പ്രായക്രമം*

| | |
|---|---|
| 15-19 | 80 |
| 20-24 | 812 |
| 25-29 | 992 |
| 30-34 | 657 |
| 35-39 | 649 |
| 40-44 | 200 |
| ആകെ വീടുകൾ | 6,396 |
| ആകെ സ്ത്രീകൾ | 8,644 |
| വിധവകൾ | 730 |
| പെൻഷൻ ലഭിക്കുന്ന സ്ത്രീകൾ | 690 |
| ഉദ്യോഗസ്ഥർ | 125 |
| വികലാംഗർ | 76 |
| സ്വയം തൊഴിൽ ചെയ്യുന്നവർ | 138 |
| മഹിളാ സമാജങ്ങൾ | 18 |

*ജനകീയ ആസൂത്രണ പരിപാടി ആര്യൻകോട് ഗ്രാമ പഞ്ചായത്ത് പ്രാഥമിക വിവര ശേഖരണം (വനിത)*

| | മണ്ണാംകോണം | പിലമ്പറ | വെമ്പൂർ | ഇടവാൽ | തുടലി | മൈലച്ചൽ | വെള്ളാംഗൽ | ആര്യൻകോട് | കുറ്റിയാണിക്കാട് | കീഴാറൂർ |
|---|---|---|---|---|---|---|---|---|---|---|
| ആകെ വീടുകൾ | 515 | 715 | 549 | 793 | 579 | 439 | 533 | 507 | 1117 | 649 |
| ആകെ സ്ത്രീകൾ | 1312 | 1504 | 936 | 737 | 709 | 726 | 460 | 572 | 1293 | 700 |
| വിധവകൾ | 90 | 162 | 76 | 40 | 30 | 24 | 40 | 37 | 182 | 45 |
| പെൻഷൻ ലഭിക്കുന്ന സ്ത്രീകൾ | 60 | 100 | 70 | 55 | 44 | 125 | 70 | 45 | 75 | 50 |
| ഉദ്യോഗസ്ഥർ | 15 | 15 | 18 | 22 | 13 | 6 | 19 | 4 | 6 | 7 |
| വികലാംഗർ | 7 | 10 | 4 | 10 | 5 | 8 | 7 | 5 | 8 | 12 |
| സ്വയംതൊഴിൽ ചെയ്യുന്നവർ | 7 | 5 | 50 | 18 | 14 | 6 | 8 | 5 | 10 | 15 |
| മഹിളാസമാജങ്ങൾ | 1 | 1 | 2 | 3 | | 2 | 2 | 2 | 3 | 2 |

# സഹകരണം

ചൂഷണ വിമുക്തമായ ഒരു സമൂഹ സൃഷ്ടിക്കുവേണ്ടിയും അംഗങ്ങൾക്കിടയിലുള്ള സ്വാശ്രയത്വം, സാമ്പത്തിക സാമൂഹിക വളർച്ച തുടങ്ങിയവ കൈവരിക്കുന്നതിന് വേണ്ടിയും രൂപംകൊണ്ട സഹകരണപ്രസ്ഥാനംഇന്ന് ജീവിതത്തിന്റെ സമസ്തമേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നു വെന്ന് വിശേഷിപ്പിക്കേണ്ടതില്ലല്ലോ. 1904-ൽ ഇൻഡ്യയിൽ തുടക്കം കുറിച്ച സഹകരണപ്രസ്ഥാനം 1909-ൽ കേരളത്തിലെ പഴയ മലബാർപ്രദേശമായ പാലക്കാട് കണ്ണന്ത്രയിലാണ് ആരംഭിച്ചത്. എന്നാൽ ആര്യൻകോട് പഞ്ചായത്തിലെ സഹകരണപ്രസ്ഥാനത്തിന് ദേശീയപ്രസ്ഥാനത്തോളം പഴക്കമുണ്ട്. ഇന്ന് സഹകരണമേഖല ഈ പഞ്ചായത്തിലെ ജനജീവിതത്തെ നിർണ്ണായകമായി സ്വാധീനിക്കുന്നു.

ജനസംഖ്യാ അടിസ്ഥാനത്തിൽ ശരാശരി അഞ്ചിൽ ഒന്നു പേർ പോർ സഹകരണപ്രസ്ഥാനവുമായി ബന്ധപ്പെടുമ്പോൾ നമ്മുടെ പഞ്ചായത്തിൽ മൂന്നിൽ ഒന്നു പേർ സഹകരണപ്രസ്ഥാനവുമായി ബന്ധപ്പെടുന്നവരാണ്. പഞ്ചായത്തിലെ മുഴുവൻ ആളുകളെയും ഉൾക്കൊള്ളാൻ കഴിയുംവിധം ഈ മേഖലയ്ക്ക് മാറ്റം വരുത്തികൊണ്ട് മാത്രമേ ഗ്രാമീണസാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ കഴിയൂ. അതിനുവേണ്ടിയുള്ള ബോധപൂർവ്വമായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

ഈ നൂറ്റാണ്ടിന്റെ പകുതിക്ക് മുൻപ് തന്നെ മൈലച്ചൽ-കുറ്റിയായണിക്കാട് പ്രദേശങ്ങളിൽ രണ്ടു ക്രയ വിക്രയ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിരുന്നു എങ്കിലും മൈലച്ചൽ കേന്ദ്രീകരിച്ച് പ്രവർത്തിപ്പിച്ചിരുന്ന സംഘം കാലക്രമത്തിൽ സഹകരണബാങ്കായി മാറി. കുറ്റിയായണിക്കാട് സംഘം പ്രവർത്തനരഹിതവുമായി ഇടയ്ക്ക് ചെമ്പൂര് കേന്ദ്രീകരിച്ച് ഒരു വിവിധോദ്ദേശ്യവായ്പാ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചുവെങ്കിലും 1970-ൽ അതും ലിക്വിഡേറ്റ് ചെയ്യപ്പെട്ടു.ചെമ്പൂര് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന നെയ്ത്ത് സഹകരണസംഘം ഇന്ന് നിലവില്ല എങ്കിലും അതിനുവേണ്ടി നിർമ്മിച്ച വീവിംഗ് കോളനി പത്ത് വീടുകൾ ഇന്നും നിലവിലുണ്ട്. ആര്യൻകോട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന എണ്ണയാട്ട് സഹകരണസംഘവും നിലവില്ല. ഇന്ന് നിരവധി സംഘങ്ങൾ രജിസ്റ്റർ ചെയ്യുവാനുള്ള താൽപര്യം ഈ രംഗത്ത് ആശാവഹമായ പുരോഗതി നേടാൻ കഴിയുമെങ്കിലും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് പ്രവർത്തിക്കാൻ ഇവയ്ക്ക് കഴിയുന്നില്ല.

*പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ*

1. മൈലച്ചൽ സർവ്വീസ് സഹകരണ ബാങ്ക്
2. പ്രിയദർശിനി വനിതാസഹകരണസംഘം
3. തുടലി വനിതാ വ്യവസായ സഹകരണസംഘം
4. എക്സ്-സർവ്വീസ് മേൻ വ്യാവസായിക സഹകരണ സംഘം- ഒറ്റശേഖരമംഗലം
5. ഒറ്റശേഖരമംഗലം പ്രിൻറ്റിംഗ് ആൻറ് പബ്ലിഷിങ്ങ് സഹകരണസംഘം
6. മലഞ്ചരക്ക് വിപണ-സംഭരണ-സംസ്ക്കരണ സഹകരണസംഘം
7. ആര്യൻകോട് കൺസ്യൂമർ സഹകരണസംഘം
8. ആര്യൻകോട് സൈക്കിൾ കൺസ്യൂമർ സൊസൈറ്റി
9. കീഴാറൂർ,മൈലച്ചൽ,ചെമ്പൂര് ഹൈസ്കൂൾ സഹകരണസംഘങ്ങൾ
10. സ്വാദേശാഭിമാനി സഹകരണ പാരലൽ കോളേജ്-ചെമ്പൂര്
11. മണ്ണാംകോണം, ചെമ്പൂര്, ആര്യൻകോട് ക്ഷീരോൽപാദക സഹകരണസംഘം
12. ചെമ്പൂര്, ഇടവാൽ, ആര്യൻകോട്, കുറ്റിയായണിക്കാട് റബ്ബർ ഉത്പാദകസംഘങ്ങൾ

കൂടാതെ ബ്ളോക്ക് തലത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട പെരുങ്കടവിള കോഴിവളർത്തൽ സഹകരണ സംഘം തെള്ളുകുഴി, എന്ന സ്ഥാപനത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ് നമ്മുടെ പഞ്ചായത്തിലെ എസ്.സി, എസ്.റ്റി വിഭാഗത്തിന് അംഗത്വവും ആനുകൂല്യവും മാനൂർ ഹരിജൻ സർവ്വീസ് സഹകരണസംഘവും, വാളികോട് സാംബവർ സഹകരണസംഘവുമാണ് നൽകിവരു

ന്നത്. ദീർഘകാല അടിസ്ഥാനത്തിൽ മുഖ്യമായും കാർഷികവായ്പാവിതരണം ചെയ്യുന്നത് നെയ്യാറ്റിൻ കര താലൂക്ക് സഹകരണ കാർഷിക ഭൂവികസന ബാങ്കാണ് ഇതിന്റെ ഒരു ശാഖ നമ്മുടെ പഞ്ചായത്തിൽ ചെമ്പൂര് കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ കുറ്റിയായണിക്കാട്, കീഴാറൂർ പ്രദേശങ്ങളിലെ ക്ഷീരോത്പാദകർ പെരുങ്കടവിള യിലെ തെള്ളുകുഴി ക്ഷീരോത്പാദക സഹകരണസം ഘവുമായി ബന്ധപ്പെട്ടുവരുന്നു.

***മൈലച്ചൽ സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ - 683***

1924-ൽ ക്രയവിക്രയ സംഘമായി ആരംഭിച്ച മൈലച്ചൽ സർവ്വീസ്സഹകരണസംഘം 1976-ൽ സർവ്വീസ് സഹകരണബാങ്കായി മാറി. നിലവിൽ 5966 എ ക്ളാസ്സ് അംഗങ്ങളും 1214476 രൂപ ഓഹരി മൂലധനവും 44 ലക്ഷം രൂപ നിക്ഷേപവും 1കോടി 7 ലക്ഷം രൂപ വായ്പാവിതരണവും ഉണ്ട്. ഗ്രാമീണ കർഷകന് ഏറ്റവും ലഘുവായി സ്വീകരിക്കാൻ കഴിയുന്ന നിലയിൽ വായ്പാ സംവിധാനം ക്രമീകരി ച്ചിട്ടുണ്ട്. കർഷകരുടെ സാമ്പത്തിക പിന്നോക്കാ വസ്ഥ തിരിച്ചടവിനേ കാര്യമായി ബാധിക്കുന്നു. ഈ സ്ഥാപനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങ ളിൽ ഒന്ന് വായ്പാകുടിശ്ശികയിൽ വരുന്ന ഗണ്യമായ വർദ്ധനവ് തന്നെയാണ്. നിക്ഷേപ ദാരിദ്ര്യവും നിർണ്ണായക ഘടകമാണ്. ഇത് പരിഹരിച്ച് കൃത്യമായ തിരിച്ചടവും, മുഴുവൻ ജനങ്ങളുടെയും ഗവൺമെന്റ് മേഖലയിലെ നിക്ഷേപവും സഹകരണമേഖയിലൂടെ യായാൽ ഈ പഞ്ചായത്തിലെ മുഴുവൻ കർഷകരു ടെയും ഇടത്തരം ജനവിഭാഗങ്ങളുടെയും സാമ്പത്തിക ആവശ്യങ്ങൾ പരിഹരിച്ചുകൊണ്ട് ശക്തമായ സാമ്പത്തിക അടിത്തറ ഈ സ്ഥാപനം വഴി ഉണ്ടാക്കാൻ കഴിയും നിലവിൽ കാർഷിക-കാർഷികേതര സ്വർണ്ണപണയ ഹയർ പർച്ചേസ് വായ്പകളും വളം, സിമന്റ്, ടെക്സ്റ്റയിൽസ് വ്യാപാരവും വിവിധ ചിട്ടികളും നടത്തുന്നു.

***പ്രിയദർശിനി വനിതസഹകരണസംഘം- റ്റി 909-85***

ആര്യൻകോട് പഞ്ചായത്തിൽ വനിതകൾക്ക് മാത്രമായി 1985-ൽ രജിസ്റ്റർചെയ്ത് പ്രവർത്തനം

**മൈലച്ചൽ സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ - 683. സ്ഥാപിതം. 1924**

| ക്രമ നമ്പർ | അംഗങ്ങൾ | പിരിഞ്ഞുകിട്ടിയ മൂലധനം | നിക്ഷേപം | മറ്റു സ്ഥാപന ങ്ങളിൽനിന്നും ലഭിച്ച വായ്പ | നൽകിയിട്ടുള്ള കാർഷികകാർഷി കേതര വായ്പകൾ | കുടിശ്ശിഖ |
|---|---|---|---|---|---|---|
| 1 | 5966 | 1214476 | 4400000 | 8520215 | 10,623123 | 40% |

**ക്ഷീരോല്പാദക സഹകരണ സംഘം.**

പഞ്ചായത്തിലെ 10 വാർഡുകളിലേക്കായി 3 ക്ഷീര സംഘങ്ങളാണ് നിലവിലുള്ളത്.

1. മണ്ണുംകോണം ക്ഷീരോല്പാദക സഹകരണ സംഘം. 2. ചെമ്പൂര് ക്ഷീരോല്പാദക സഹകരണ സംഘം.

3. ആര്യൻകോട് ക്ഷീരോല്പാദക സഹകരണ സംഘം. ഇവ മൂന്നും നിലവാരം പുലർത്തുന്ന നിലയിൽ പ്രവർത്തിക്കുന്നു.

| ക്രമ നമ്പർ | പേര് രജിസ്റ്റർ നമ്പർ | മൊത്തം അംഗസംഖ്യ | ശേഖരി ക്കുന്ന പാൽ | പഞ്ചായത്തിൽ വിതരണം ചെയ്യുന്നത് | പുറത്തേക്ക് അയയ്ക്കു ന്നത് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | മണ്ണുംകോണം ക്ഷീരോല്പാദക സഹകരണ സംഘം. T 26(D)APCOS | 324 | 1051319 ലിറ്റർ | 185296 ലിറ്റർ | 866023 ലിറ്റർ | സ്വന്തമായി കെട്ടിടമുണ്ട് |
| 2 | ചെമ്പൂര് ക്ഷീരോല്പാദക സഹകരണ സംഘം T 122(D)APCOS | 641 | 313754.3 ലിറ്റർ | 49350.8 ലിറ്റർ | 264403.5 ലിറ്റർ | സ്വന്തമായി കെട്ടിടമുണ്ട് |
| 3 | ആര്യൻകോട് ക്ഷീരോല്പാദക സഹകരണ സംഘം | 390 | 199318 ലിറ്റർ | 22318.1 ലിറ്റർ | 176999.9 ലിറ്റർ | സ്വന്തമായി കെട്ടിടമുണ്ട് |
| | ആകെ | 1355 | 1564391.3 ലിറ്റർ | 256964.9 ലിറ്റർ | 1307426.4 ലിറ്റർ | |

ആരംഭിച്ചു. ഈ സംഘത്തിൽ 100 അംഗങ്ങൾ മാത്രമാണുള്ളത്. ഈ സംഘത്തിന്റെ നേതൃത്വത്തിൽ ഒരു തയ്യൽ യൂണിറ്റ് പ്രവർത്തിക്കുന്നു. പുതിയതൊഴിൽ മേഖലആരംഭിക്കുന്നതോടൊപ്പം തന്നെ ഇതിന്റെ പ്രവർത്തനം പഞ്ചായത്ത് മുഴുവൻ കേന്ദ്രീകരിക്കുന്ന നിലയിൽ മുഴുവൻ വനിതകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

മറ്റ് സഹകരണസംഘങ്ങളുടെ പ്രവർത്തനം ആരംഭം കുറിച്ചതോ പ്രവർത്തനക്ഷമംഅല്ലാത്തതോ ആയതിനാൽ വിശാദാംശം പ്രതിപാദിക്കുന്നില്ല.

*ആവശ്യങ്ങൾ*

1. വാർഡ് തലത്തിൽ ക്ഷീരസംഘങ്ങൾ ആരംഭിക്കണം
2. തേനീച്ചവളർത്തൽ സഹകരണസംഘം
3. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘം
4. കെട്ടിട നിർമ്മാണ തൊഴിലാളി ഉപകരണ സഹകരണസംഘം
5. കോ-ഓപ്പറേറ്റീവ് റെസ്റ്റോറന്റ്
   1. ചെമ്പൂര്, 2.ഒറ്റശേഖരമംഗലം, 3. കീഴാറൂർ
6. സഹകരണ ആശുപത്രി
7. ഔഷധ സസ്യോത്പാദന വിപണന-വിതരണ സഹകരണസംഘം
8. കൊപ്രസംസ്ക്കരണ സഹകരണസംഘം
9. അഗ്രികൾച്ചറൽ നേഴ്സറി സഹകരണസംഘം
10. കാലിത്തീറ്റ, കോഴിത്തീറ്റ സഹകരണസംഘം
11. ഭക്ഷ്യ സംസ്ക്കരണ സഹകരണസംഘം
12. ലേബർ കോൺട്രാക്ട് സഹകരണസംഘം
13. കാർഷികകോത്പന്ന സംസ്ക്കരണ-വിപണന സഹകരണസംഘം
14. ഉദ്യാനകൃഷി,പച്ചക്കറി,ഫലപുഷ്പ ഉത്പാദന സംഭരണ-വിതരണ സഹകരണസംഘം

*നിർദ്ദേശങ്ങൾ*

1. സർക്കാർ മേഖലയിലെ മുഴുവൻ സാമ്പത്തിക ഇടപാടുകളും സഹകരണമേഖലയിൽ ആകണം.
2. ദീർഘകാല കാർഷിക-ഭവന വായ്പാ പദ്ധതികൾ ഗ്രാമീണ സഹകരണ സ്ഥാപനങ്ങൾ വഴിയാക്കുക.
3. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും ഉൾക്കൊള്ളാൻ കഴിയുന്ന നിലയിൽ വായ്പാസംഘം ബ്രാഞ്ച് തുറന്ന് പ്രവർത്തിപ്പിക്കണം.
4. പഞ്ചായത്തിലെ മുഴുവൻ സംഘങ്ങളുടെയും സാമ്പത്തിക ഇടപാടുകൾ വായ്പാസംഘം വഴിയും,ഇവയുടെ സാമ്പത്തിക ആവശ്യങ്ങൾ വായ്പാസംഘവും പരിഹരിക്കുന്ന നിലയിൽ സഹകരണസംഘങ്ങൾ തമ്മിലുള്ള ഗ്രാമീണ മേഖലയിൽ ഉറപ്പാക്കേണ്ടാതാണ്
5. സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള താത്പര്യംപ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ കാണുന്നില്ല. രജിസ്റ്റർചെയ്യുന്ന സ്ഥാപനങ്ങൾ സമയബന്ധിതമായി പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.
6. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം ആരംഭിക്കുക
7. ഓരോ കർഷകനും ഒരു വർഷത്തേയ്ക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുൻപ് തന്നെ പാസാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സംവിധാനം നടപ്പാക്കി വിനിയോഗം ഉറപ്പുവരുത്തുക.
8. സർക്കാരിൽനിന്നും കർഷകർക്ക് അനുവദിക്കുന്ന പലിശ സബ്സിഡി വായ്പ തിരിച്ചടക്കുന്ന സമയത്തുതന്നെ കിട്ടുമെന്ന് ഉറപ്പ് വരുത്തുക.
9. കർഷകന് ലഭിക്കുന്ന ഇളവുകൾ, മറ്റുസൗജന്യങ്ങൾ കാർഷികവായ്പാസംഘങ്ങൾ വഴി വിതരണം ചെയ്യുക
10. നിയന്ത്രിത വിപണന സൗകര്യം ഏർപ്പെടുത്തുക.
11. ഗ്രാമപഞ്ചായത്ത് സമിതി, കൃഷിഭവൻ, സഹകരണസ്ഥാപനങ്ങൾ എന്നിവയുടെ പരസ്പരസഹകരണ പ്രവർത്തനത്തിലൂടെ ഭക്ഷ്യ-സാമ്പത്തിക സ്വയം പര്യാപ്തത ഉറപ്പുവരുത്തുക.
12. മിൽക്ക് സൊസൈറ്റികൾ വഴി കറവമാട് വായ്പകൾ നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
13. ക്ഷീരോത്പാദക സംഘങ്ങളോട്അനുബന്ധിച്ച് ക്ഷീരകർഷകകുടുംബങ്ങൾക്ക് ക്രഷ് സംഘടിപ്പിക്കുക
14. വാണിജ്യ അടിസ്ഥാനത്തിലുള്ള തീറ്റപുല്ല് കൃഷി വ്യാപമാക്കുക
15. ഗുണമേൻമയുള്ള പശുക്കളെ വളർത്തിയെടുക്കാൻ കാലിതീറ്റ സബ്സിഡി സംവിധാനം വിപുലപ്പെടുത്തുക

# പട്ടിക ജാതി-പട്ടികവർഗ്ഗം

## ആമുഖം

ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാരുടെ സ്ഥിതി പരിശോധിക്കുമ്പോൾ പുരാതനകാലം മുതലുള്ള സ്ഥിതിയെക്കുറിച്ച് വിലയിരുത്തേണ്ടതായിട്ടുണ്ട്. ഈ വിഭാഗത്തിലെ പഴമക്കാരുടെ സ്ഥിതിപരിശോധിച്ചാൽ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന ഭൂമിയും ഈ വിഭാഗത്തിന്റെ അധീനതയിലും സ്വന്തമായി അദ്ധ്വാനിക്കുകയും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്തിരുന്നതായി മനസ്സിലാക്കുന്നു. എന്നാൽ അറിവില്ലായ്മ, അജ്ഞത, ഭാവിയെക്കുറിച്ചുള്ള ദീർഘവീക്ഷണമില്ലായ്മ കൊണ്ടും അടിമ ഉടമ വ്യവസ്ഥ നിലനിന്നിരുന്നതുകൊണ്ടും ഇവരുടെ വസ്തുവകകൾപലരും തട്ടിയെടുക്കുകയുണ്ടായി അതിന്റെ ഫലമായി ഇവരിൽ ഭൂരിഭാഗവും ഭൂരഹിതരായിതീരാൻ ഒരു പ്രധാന കാരണമായിതീർന്നു.

മാത്രമല്ല തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും നിലനിന്നിരുന്ന കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലും ഈ ഉച്ചനീചത്വം നിലനിന്നിരുന്നു. ഇവർക്ക് സമൂഹത്തിൽ വലിയ അവഗണന നിലനിന്നിരുന്നു. ഉദാഹരണമായി ചായക്കടയിൽ ഇവർക്ക് ചിരട്ടകളിലായിരുന്നു ചായ നൽകിയിരുന്നത് മാത്രവുമല്ല ബാർബർഷാപ്പ് ഇതു പോലുള്ള സ്ഥാപനങ്ങളിൽ ഇവർക്കു വിലക്കും കല്പിച്ചിരുന്നു. അതിന്റെ ഫലമായി അവർ ജന്മിമാരുടെയും ജാതിമേധാവികളുടെയും പീഠനത്തിനു വിധേയരാവുകയും, അവർ കൃഷിചെയ്തിരുന്ന സ്ഥലവും അവർ ഉല്പാദിപ്പിച്ചിരുന്ന ഉല്പന്നങ്ങളും അന്നത്തെ ജന്മിമാരുടെ ചൂഷണത്തിന് വിധേയരാകേണ്ടിവന്നു.

അതിനെതുടർന്ന് ഈ വിഭാഗം ജനങ്ങളുടെ ജീവിതലക്ഷ്യത്തിന് പുതിയ മാനം കൈവരിക്കാൻ കാരണമായി. ഉച്ചനീചത്വത്തിനെതിരെയും അനാചാരങ്ങൾക്കെതിരായും ഈ വിഭാഗത്തിന് വിദ്യാഭ്യാസ രംഗത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടും പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളുടെ ഫലമായി ഈ വിഭാഗത്തിനിടയിൽ ഒരു നവോത്ഥാനം ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞു. അതിന്റെ ഫലമായി വിദ്യാഭ്യാസരംഗത്തും സാംസ്ക്കാരിക സാമൂഹിക രംഗങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എങ്കിലും അത് പൂർണ്ണമായി നടപ്പിലായിയെന്ന് അവകാശപ്പെടാൻ കഴിയുന്നില്ല.

ഈ വിഭാഗം ആളുകൾ മതപരമായി ഭൂരിപക്ഷം ഹിന്ദുക്കളാണെങ്കിലും ന്യൂനപക്ഷം വരുന്ന ക്രിസ്ത്യാനികളും ഉണ്ട്. നിലവിലിരുന്ന ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷം പേരും ക്രിസ്തുമതം സ്വീകരിച്ചവരായിരുന്നു. ഈ പഞ്ചായത്തിൽ ചെമ്പൂര് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ഹിന്ദുമിഷന്റെ പ്രവർത്തനഫലമായി ഇവരെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം നടത്തുകയും സർക്കാരിന്റെ ആനുകൂല്യം നേടുന്നതിൽ പ്രാപ്തരാക്കുകയും ചെയ്തു.

ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരം മുൻകാലഘട്ടത്തെ അപേക്ഷിച്ച് വളരെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ഇവരുടെ ജീവിത സാഹചര്യം പരിശോധിച്ചാൽ കൂലി വേല ചെയ്ത് ഉപജീവനം നടത്തുന്നവരാണ് ബഹുഭൂരിപക്ഷം. നെൽകൃഷി മന്ദീഭവിച്ചതിന്റെ ഫലമായി ഇതിനെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു.

ഈ പഞ്ചായത്തിൽ പ്രധാനപ്പെട്ട രണ്ട് പട്ടിക ജാതി കോളനികൾ നിലവിലുണ്ട്. ഇവ കിഴാറൂർ പട്ടികജാതി കോളനി, ചെലമ്പറ പട്ടിക ജാതി കോളനി. ഇവിടത്തെ താമസക്കാർക്കുള്ള സ്ഥിര അവകാശ പട്ടയം 1969-ൽ കേരളം ഭരിച്ചിരുന്ന കേരളത്തിലെ പട്ടികജാതി വർഗ്ഗ വികസന വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എം. കെ കൃഷ്ണൻ പട്ടയം നൽകി സ്ഥിരാവകാശം നൽകിയിട്ടുള്ളതും ഈ കോളനിയിൽ പൊതു കിണർ.വൈദ്യുതി,റോഡ് എന്നിവ മെച്ചപ്പെടുത്തിയിട്ടുണ്ട്. ചിലമ്പറ പട്ടികജാതി കോളനിയിൽ റോഡും വൈദ്യുതിയും കുടിവെള്ളവും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത കോളനിയിലെ താമസക്കാരുടെ വീടുകൾ പുതുക്കി പണിയുന്നതിനോ,വൈദ്യുതികരിക്കുന്നതിനോ കക്കൂസ്, കുളിമുറി മുതലായ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനോ യാതൊരു സൗകര്യവും ഇല്ലാതായി കാണുന്നു. ഈ കോളനികൾ ലഭിച്ചപ്പോൾ 100% ഈ വിഭാഗക്കാർക്ക് ആയിരുന്നു ലഭിച്ചത്. പിൽക്കാലത്ത് പലകാരണത്താൽ ഒഴിഞ്ഞുപോവുകയും മറ്റുസമുദായങ്ങളിൽപ്പെട്ടവർ ആണ്. ഇവിടെ താമസിക്കുന്നത് ഇവർ ഏകദേശം 40% വരുന്നുണ്ട്.

കൂടാതെ സെറ്റിൽമെൻറ് കോളനികളായി 19 എണ്ണം ഉണ്ട്. ഈ കോളനികളിൽ ഇവരുടെ പ്രാഥമിക സൗകര്യങ്ങൾക്കു ആവശ്യമായ കക്കൂസുകളോ മറ്റ് കിണറുകളോ മറ്റ് സൗകര്യങ്ങളോ ഒന്നും തന്നെയില്ല. മാത്രമല്ല. അവരുടെ കിടപ്പാടം വെറും ഓലക്കൂര കളിലുള്ള വീടുകൾ പുതിക്കിപണിയേണ്ടതും അടിയന്തരമായി ഈ കോളനികളിൽ വൈദ്യുതി, കുടിവെള്ളം ഇവ അത്യാവശ്യമാണ്.

ഈ വിഭാഗങ്ങളിൽ പാരമ്പര്യ ആയോധന കലാപ്രവർത്തനങ്ങളും വൈദ്യ ചികിൽസയും നടത്തിയിരുന്നു. എന്നാൽ കാലഘട്ടത്തിൽ ഉണ്ടായ മാറ്റത്തിൻെറ ഫലമായി ഇപ്പോൾ ഇവയും നശിച്ചു കൊണ്ടിരിക്കുന്നു. ഇവ പ്രധാനമായും നടത്തിവന്നിരുന്നത് കോൽകളി,കാക്കാരിശി, നാടൻ ആയോധ മുറകൾ തുടങ്ങിയവയായിരുന്നു. എന്നാൽ എടുത്തു പറയത്തക്കതായ ഒരു വ്യക്തിയാണ് ആര്യൻകോട് വാർഡിൽ കാവടിക്കുഴി ഗോവിന്ദൻ എന്നാൽ ഇവ നശിക്കാൻ പ്രധാനമായ കാരണം ഇവർക്കു ആവശ്യമായ പ്രോത്സാഹനമോ സാമ്പത്തിക സഹായമോ നൽകാൻ ആരും തന്നെ മുന്നോട്ട് വന്നിട്ടില്ല. ഈപഞ്ചായത്തിൽ ചിലവാർഡുകളിൽ വൈദ്യശാലകൾ പ്രവർത്തിച്ചുവരുന്നു. സർക്കാർ ആനുകൂല്യം അത്യാന്താപേക്ഷിതമാണ്.

സാമ്പത്തിക പരാധീനത പരമ്പാരഗത തൊഴിലുകൾ നടത്താൻ കഴിയാതെയും നിലവിലുള്ള വ്യവസായങ്ങൾക്ക് ക്രയവിക്രയ സംവിധാനങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെ ദൗർബല്യം കൊണ്ട് നിത്യവൃത്തിക്ക് ഗതിയില്ലാതെ ദാരിദ്ര്യത്തിലേക്ക് നീങ്ങക്കൊണ്ടിരിക്കുന്ന ഒരു വിഭാഗത്തെയാണ് ഇപ്പോഴും ഈ പഞ്ചായത്തിൽ ദർശിക്കാൻ കഴിയുന്നത്. സർട്ടിഫിക്കറ്റുകൾ മറ്റ് ക്ഷേമപദ്ധതികൾ എന്നിവയ്ക്കു വേണ്ടി ഓഫീസുകളിൽ പോകേണ്ടിവരുമ്പോൾ അവ യഥാസമയം നേടിയെടുക്കാൻ കഴിയാത്ത അവസ്ഥയാണ്.

*പ്രശ്നങ്ങൾ*

1. വിദ്യാഭ്യാസ പുരോഗതി വേണ്ടത്ര കൈവരിച്ചില്ല.
2. കാർഷികമേഘലയിൽ തൊഴിലില്ലായ്മ വളരെയധികമാണ്.
3. സ്വന്തമായി വീടില്ലാത്തവരുടെ എണ്ണം വളരെ കൂടുതലാണ്.
4. ഭൂരഹിതരുടെ എണ്ണം വളരെ കൂടുതലാണ്.

**പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗ സങ്കേതങ്ങൾ വാർഡുതിരിച്ചുള്ളവ**

| സങ്കേതം | വാർഡ് |
|---|---|
| ചെമ്പൂർദേശം | ചെമ്പൂര് |
| ഇടവാൽദേശം | ഇടവാൽ |
| ചിലമ്പറദേശം | ചിലമ്പറ |
| മൈലച്ചൽ-കുററിയായണിക്കാട് | മൈലച്ചൽ |
| കൈതക്കുഴി | മൈലച്ചൽ |
| കിഴാറൂർ | കിഴാറൂർ |
| കുക്കുറുണി, കണ്ണയ്ക്കോട് | കിഴാറൂർ |
| എലിവാലൻകോണം | കിഴാറൂർ |
| കാവടിക്കുഴി | ആര്യൻകോട് |
| മൂന്നാറ്റുമുക്ക് | ആര്യൻകോട് |
| കന്യാകുഴി | മൈലച്ചൽ |
| ചിറക്കുന്ന് | മൈലച്ചൽ |
| വലിയതേരി | തുടലി |
| പ്ലാക്കോട്ടുകോണം | വെള്ളാങ്ങൽ |
| അമ്പലപ്പുറം | മൈലച്ചൽ |
| പാലോട്ടുകോണം | കുറ്റിയായണിക്കാട് |

5. കോളനികളിൽ വൈദ്യുതി, കിണർ, കക്കൂസ് എന്നിവയില്ല.
6. ആരോഗ്യസംരക്ഷണത്തിൻെറ കുറവ്
7. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിൽസക്കും പെൺമക്കളുടെ വിവാഹത്തിനും ആവശ്യമായ ധനസഹായം ലഭിക്കുന്നില്ല.
8. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ കൂടുതലാണ്
9. ഈ വിഭാഗത്തിലെ സ്ത്രീതൊഴിലാളികളുടെ തൊഴിലില്ലായ്മ
10. ഗതാഗത സൗകര്യമില്ലാത്ത റോഡുകൾ
11. പട്ടികജാതി സഹകരണസംഘത്തിൻെറ കുറവ്

12. പരമ്പരാഗത തൊഴിലിൽ ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യത

13. സർക്കാർ ഏജൻസികൾ പട്ടികജാതി ക്ഷേമത്തി നുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയൊക്കുറി ച്ചുള്ള അജ്ഞത.

14. പുറമ്പോക്ക് ഭൂമികളിലും 4 സെൻറ്റ് കോളനി കളിലും താമസിക്കുന്നവരുടെ കൈവശഅവകാ ശങ്ങൾ

15. കോളനികൾ കേന്ദ്രീകരിച്ചുള്ള പൊതുശ്മശാനം ഇല്ലായ്മ.

16. കൃഷിഭവനിൽനിന്നും ഈ വിഭാഗക്കാർക്കു ലഭിച്ചുകൊണ്ടിരുന്ന തൈകൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ലഭിക്കുന്നില്ല.

*പരിഹാരമാർഗ്ഗങ്ങൾ*

1. പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ മുഴുവൻ പഠനചെലവും സർക്കാർ പഞ്ചായത്ത് വഹിക്കുക.

2. സാക്ഷരതാപ്രവർത്തനം ഊർജ്ജസ്വലമാക്കണം

3. വയലേലകൾ നെൽകൃഷിക്ക് ഉപയുക്തമാക്കി ക്കൊണ്ട് കൃഷി സൗകര്യം മെച്ചപ്പെടുത്തുക

4. പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ഭൂമിയും പുറമ്പോക്ക് ഉൾപ്പടെ പട്ടികജാതി പട്ടികവർഗ്ഗ ക്കാർക്കു പതിച്ചുകൊടുക്കുകയും. ഭവനരഹിത രായവർക്കു വീടും മറ്റ് പ്രാഥമിക സൗകര്യ ങ്ങൾക്ക് ആവശ്യമായ ധനസഹായവും നൽകുക.

5. പട്ടികജാതിവർഗ്ഗക്ഷേമപ്രവർത്തനങ്ങൾക്ക് വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പഞ്ചായത്തു തലത്തിൽ ആക്കുക.

6. പഞ്ചായത്തു കേന്ദ്രീകരിച്ച് പട്ടികജാതി സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും ഈ സംഘംവഴി ചെറുകിട തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക അതിനുവേണ്ട ബോധവൽ ക്കരണം സംഘടിപ്പിക്കുക. സംഘത്തിൻെറ നേതൃത്വത്തിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുക.

7. പട്ടികജാതി പട്ടിവർഗ്ഗത്തിൽപ്പെട്ട നിർദ്ധനരായ കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടു ത്തുന്നതിന് സാമ്പത്തികമായും തൊഴിൽപര മായും പദ്ധതികൾ നടപ്പിലാക്കുക.

8. പട്ടികജാതി പട്ടിവർഗ്ഗകോളനികൾ കേന്ദ്രീക രിച്ച് പദ്ധതികൾ നടപ്പിലാക്കുക.

9. ചെമ്പൂര് ബാംബുകോർപ്പറേഷൻെറ പ്രവർ ത്തനം വിപുലീകരിച്ച് കൂടുതൽ തൊഴിൽ സാധ്യതകൾ സൃഷ്ടിച്ച് ഈ വിഭാഗത്തിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെ ടുത്തുക.

10. കോളനികൾ കേന്ദ്രീകരിച്ച് പോകുന്ന റോഡു കൾ സഞ്ചാരയോഗ്യമാക്കി ഗതാഗതം ആരംഭി ക്കുക. ഗതാഗതസൗകര്യമില്ലാത്ത കോളനി കളിൽ ഗതാഗതസൗകര്യം ഏർപ്പെടുത്തുക.

11. പുറമ്പോക്ക് കോളനികളിൽ താമസിക്കുന്ന വർക്ക് കൈവശാഅവകാശ സർട്ടിഫിക്കറ്റ് നൽകുക.

15. മിശ്രവിവാഹിതർക്കുള്ള ധനസഹായം 15000 രൂപവരെ ആക്കുക ഇവർക്ക് തൊഴിൽ ഉറപ്പു വരുത്തുക

16. ലക്ഷംവീട് കോളനികളിൽ ഒരു കുടുംബത്തിന് ഒരു വീട് നടപ്പിലാക്കുക

17. ഭവനനിർമ്മാണ ഗ്രാൻറ് 50000 രൂപയാക്കി വർദ്ധിപ്പിക്കുക

18. എസ്.എസ്.എൽ.സി പഠനം പൂർത്തിയാക്കിയ വർക്ക് തൊഴിൽ ഉറപ്പുവരുത്തുക

19. പട്ടികജാതി പട്ടിവർഗ്ഗക്കാർക്കുവേണ്ടി സാങ്കേ തിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

20 സഹകരണസംഘങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും 25000രൂപ വരെ സ്വന്തം ജാമ്യത്തിലും കുറഞ്ഞപലിശയിലും ലോൺ നൽകുക.

21. ബാംബു ഫ്ളൈവുഡ് ഫാക്ടറി സ്ഥാപിക്കുക ഇതിന് ആവശ്യമായ ഈറ്റ ഉപയോഗശൂന്യമായി കിടക്കുന്ന ആറ്റുപുറമ്പോക്കിൽ പഞ്ചായത്തു ചെലവിൽ നട്ടുവളത്തുക.

22. കൃഷിഭവനിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന വിത്തുകൾ, തൈകൾ കാർഷിക ആവശ്യത്തി നുള്ള മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.

23. കുടിലുകളിൽ താമസിക്കുന്ന ഭവനരഹിതരായ

കുടുംബങ്ങൾക്ക് 5 വർഷത്തിനുള്ളിൽ പഞ്ചായത്തുതലത്തിൽ സമഗ്ര സൗജന്യ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുക.

24. വിദ്യാസമ്പന്നരും തൊഴിൽ രഹിതരുമായവർക്ക് പോൾട്രിഫാറം, ആടുവളർത്തൽ തുടങ്ങി വ്യവസായങ്ങൾക്ക് ധനസഹായം നൽകുക.

25. പട്ടികജാതി പട്ടിവർഗ്ഗകോളനികളിൽ ശുദ്ധജലം ഉറപ്പുവരുത്തുക.

26. പട്ടികജാതി പട്ടിവർഗ്ഗകോളനി പ്രദേശങ്ങൾ മുഴുവൻ മദ്ധ്യവിരുദ്ധ മേഖലയാക്കുക

27. താഴെ പറയുന്ന പ്രദേശങ്ങൾ പട്ടികജാതി പട്ടിവർഗ്ഗം കോളനികളായി അംഗീകരിക്കേണ്ട വയാണ്

ചെമ്പൂര്- പാണയിൽക്കോണം-എതുക്കരവിള, പരുവിളാകം

മണ്ണാംകോണം വലിയവഴിഭാഗം

ചിലമ്പറ ചിലമ്പറദേശം

ഇടവാൽ കൊട്ടാംവാരം

മൈലച്ചൽ - പുതുവൽ

വെള്ളാങ്ങൽ അവിയൻകോട് ആണ്ടിക്കുഴി-പൂഴിക്കുന്ന്

ആര്യൻകോട്- ശാസ്താംകുഴി, മീനാവോട്

കീഴാരൂർ കാറാത്തല- പശുവണ്ണറ

28. പൊതുശ്മാശനം നിർമ്മിക്കുക

29. പട്ടികജാതി പട്ടിവർഗ്ഗ സഹകരണസംഘം ആരംഭിക്കുക

30. ബോധവൽക്കരണത്തിനുവേണ്ടി കോളനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക

31. കോളനികളിൽ ആരോഗ്യബോധവൽക്കരണം നടത്തുന്നതിന് ഡോക്ടറൻമാരുടെ പ്രവർത്തനം മെച്ചപ്പെടുത്തുക

***അത്യവശ്യമായി ഇലക്ട്രിഫിക്കേഷൻ ആവശ്യമായ ഹരിജൻകോളനി***

ചിലമ്പറ സെറ്റിൽമെൻറ് കോളനി

വെള്ളാങ്ങൽ പ്ളാക്കോട്ടുകോണം, ആണ്ടിക്കുഴി, അവിയൻകോട്, ചിറ്റിക്കോട്

കീഴാറൂർ

മുഴുവൻ ഹരിജൻകോളനിയും പൂർണ്ണമായി വൈദ്യുതികരിച്ചിട്ടില്ല

ഇടവാൽ പേപ്പാറകോണം. ഇഴവിക്കോട്ടുകോണം. കൊട്ടാംവാരം, കുളത്തൂർക്കോണം

മൈലച്ചൽ - അമ്പലപ്പുറം, നെല്ലിവിളാകം, ചിറക്കുന്ന്, കന്യാകുഴി, വേങ്കാട്ടുകുഴി

കുറ്റിയാണിക്കാട്

കാവല്ലൂർ സെറ്റിൽമെൻറ് കോളനി

മണ്ണാംകോണം പാലോട്ടുകോണം

ആര്യൻകോട് ശാസ്താംകുഴി, കണ്ണംകരകോളനി, മൂന്നാറ്റ്മുക്ക് കോളനി, കാവടിക്കുഴി

തുടലി വലിയതേരി, വള്ളിച്ചിറ

കിഴാറൂർ കണ്ണയ്ക്കോട്

***അത്യാവശ്യമായി റോഡുകൾ നിർമ്മിക്കേണ്ട ഹരിജൻകോളനികൾ***

കുറ്റിയായണിക്കാട് മലവിള പാലോട്ടുകോണം സെറ്റിൻമെൻറ് കോളനി- പിർളക്കോട്-മണ്ണുക്കാല

കീഴാറൂർ - കുക്കുറുണി ഹരിജൻ കോളനി റോഡ്

ആര്യൻകോട് കണ്ണങ്കര ഹരിജൻ കോളനി റോഡ്

വെള്ളാങ്ങൽ - പൂഴിക്കുന്ന് പ്ലാക്കോട്ടുകോണം എന്നി കോളനി റോഡുകൾ, അവിയംകോടെ ആര്യൻകോട് കാളനി റോഡ്

മൈലച്ചൽ മൈലച്ചൽ ഹരിജൻകോളനി റോഡ്, അമ്പലപ്പുറം ഹരിജൻ കോളനി റോഡ്, കന്യാകുഴി ഹരിജൻ കോളനി റോഡ്

ഇടവാൽ - പേപ്പാറക്കോണം ഹരിജൻ കോളനി റോഡ്, പൊട്ടാംവാരം ഹരിജൻ കോളനി റോഡ്

തുടലി വലിയതേരി ഹരിജൻ കോളനി റോഡ്

ചെമ്പൂര് കല്ലുവിള എതുക്കര ഹരിജൻ കോളനി റോഡ്, പേപ്പാറക്കോണം ലക്ഷംവീട് കോളനി റോഡ്

ചിലമ്പറ മുള്ളംകുഴി ഇടയ്ക്കോട് ചിലമ്പറ കോളനിറോഡ്, ചിലമ്പറ ലക്ഷംവീട് കോളനി റോഡ്

മണ്ണാംകോണം - ചിലവൂർ ഹരിജൻ കോളനി റോഡ്, പാലോട്ടുകോണം ഹരിജൻ കോളനി റോഡ്, മണ്ണാംകോട് കാവുവിള ഹരിജൻ കോളനി റോഡ്

# സംസ്കാരം

കേരളത്തിൽ പഞ്ചായത്തുകൾ നിലവിൽ വന്നപ്പോൾ ഇന്നത്തെ ആര്യൻകോട് പഞ്ചായത്ത് പെരുങ്കടവിള പഞ്ചായത്തിൻെറ ഭാഗമായിരുന്നു. 1971-ൽ പഞ്ചായത്ത് വിഭജനം നടന്നപ്പോൾ അത് രണ്ട് പഞ്ചായത്തായി. അങ്ങനെ രൂപംകൊണ്ട ആര്യൻകോട് പഞ്ചായത്ത് തനി ഗ്രാമങ്ങൾ നിറഞ്ഞതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമാണ്. എന്നാൽ സാംസ്ക്കാരികമായി വളരെ പുരാതന കാലം മുതലേ ഒരു പൈതൃകമുള്ള പഞ്ചായത്താണിത്. സമൂഹത്തിൽ അന്നു നിലനിന്നിരുന്ന വർണ്ണ വിവേചനം, അന്ധവിശ്വാസം, അനാചാരം എന്നിവയ്ക്ക് എതിരായും മത സൗഹാർദ്ദത്തിനും ദേശീയതയ്ക്കും വേണ്ടി പോരാടിയ ചരിത്രം ഈ പഞ്ചായത്തിനുണ്ട്.

മൺമറഞ്ഞതും നിലനിൽക്കുന്നതുമായ വളരെയധികം പാരമ്പര്യ കലകൾക്കും ഈ പഞ്ചായത്ത് സാക്ഷ്യം വഹിച്ചിട്ടുണ്ട്. കാക്കാരിശ്ശി നാടകം, ഐവർ കളി, കോൽകളി, ഉറിയടി, വിൽമേള, കമ്പിടുകളി, തിരുവാതിര കളി, ഭദ്രകാളിപ്പാട്ട്, രാപ്പാട്ട്, തോറ്റം, വന്തൂണിപ്പാട്ട്, റബാൻ കളി, കടുവാകളി മുതലായ കലാരൂപങ്ങൾ അവതരിപ്പിച്ചവരും, ഇന്നും അവതരിപ്പിക്കാൻ താല്പര്യമുള്ളവരുമായ ധാരാളം കലാകാരൻമാർ പഞ്ചായത്തിലെ അമൂല്യ സമ്പത്തുക്കളായി ഇവിടെയുണ്ട്. എന്തുകൊണ്ടോ അവയെ തേച്ചുമിനുക്കി കാന്തിയും മൂല്യവുമുള്ളതാക്കിമാറ്റാൻ കഴിഞ്ഞിട്ടില്ല.

ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായിട്ടാണ് ഈ പഞ്ചായത്തിൽ സാംസ്ക്കാരിക രംഗത്ത് പല ചലനങ്ങളുമുണ്ടായത്. തൊട്ടടുത്ത പഞ്ചായത്തുകളും നമ്മുടെ സാംസ്ക്കാരിക പുരോഗതിക്ക് വളരെയേറെ സഹായിച്ചിട്ടുണ്ട്. വിശേഷിച്ചും ഗ്രന്ഥശാലാ പ്രസ്ഥാനം. ഏറ്റവും സുസംഘടിത ജനകീയ പ്രസ്ഥാനമായ ഗ്രന്ഥശാല പ്രസ്ഥാനം ഗ്രാമങ്ങളുടെ സാംസ്ക്കാരിക ജീവിതത്തിൻെറ മുന്നണി പടയാളിയാണ് ഗ്രാമപ്രദേശങ്ങളിലെ നവോത്ഥാന പ്രസ്ഥാനത്തിൻെറ പ്രചരണ മാധ്യമങ്ങളിൽ പ്രഥമസ്ഥാനവും ഗ്രന്ഥശാലകൾക്കായിരുന്നു. "വായിച്ചുവളരുക" എന്ന മഹത്തായ മുദ്രാവാക്യം ഗ്രാമീണർക്ക് കരുത്തും വെളിച്ചവും നൽകിയിരുന്നു. വായനയിലൂടെ അറിവു നേടാനും സമൂഹത്തിൽ നിലനിന്നിരുന്ന ദുഷിച്ച പ്രവണതയ്ക്കെതിരെ പോരാടാൻ ജനതയെ നയിക്കാനും ഗ്രന്ഥശാലകൾക്കു കഴിഞ്ഞിരുന്നു. വയോജന വിദ്യാഭ്യാസം, സാക്ഷരതാ പ്രവർത്തനം എന്നിവയ്ക്കു നേതൃത്വപര മായ പങ്ക് ഗ്രന്ഥശാലകൾ വഹിച്ചിട്ടുണ്ട്. ഇക്കാര്യ ത്തിൽ നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലകളും മോശമല്ലാത്ത പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്.

## ഗ്രന്ഥശാലകൾ

ഒറ്റശേഖരമംഗലം പഞ്ചായത്തിലുള്ളതും ഈ പഞ്ചായത്തിൻെറ തൊട്ടടുത്തുള്ളതുമായ വളരെ പുരാതനമായ ഒരു ഗ്രന്ഥശാലയാണ് കാസാൻ ഗ്രന്ഥശാല അതിൻെറ അംഗങ്ങളും പ്രവർത്തകരും കൂടുതലുള്ളതും നമ്മുടെ പഞ്ചായത്തിലാണ്. ദേശീയ സമരത്തിന് ആക്കം കൂട്ടാനും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കും ഈ പഞ്ചായത്തിലെ മൂന്നു വാർഡുകളിലെ സാംസ്ക്കാരിക പുരോഗതിക്കും ഈ ഗ്രന്ഥശാല വളരെ സഹായിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കേവലം 4 ഗ്രന്ഥശാലകളാണ് ഇന്നുള്ളത്. ഇവ മൂന്നു വാർഡുകളിലായി സ്ഥിതിചെയ്യുന്നു. ഇവയിൽ ഏറ്റവും പഴക്കമുള്ള ഗ്രന്ഥശാലയാണ് ചെമ്പൂര് ദാമോദരവിലാസം ഗ്രന്ഥശാല. ഇന്ത്യൻ സ്വാതന്ത്ര്യസമരക്കാലത്ത് ജനങ്ങളെ ബോധവൽക്കരിച്ചു സമരത്തിൽ പങ്കാളികളാക്കാൻ പല മാർഗ്ഗങ്ങളും നടപ്പാക്കിയിരുന്നു. ഹിന്ദി ക്ലാസ്സുകൾ ഖാദിനിർമ്മാണം, മദ്യവർജ്ജനം എന്നിങ്ങനെ പല പരിപാടികൾ നടപ്പാക്കിയിരുന്നു അതിനു ഇപ്പോഴത്തെ ആര്യൻകോട് പഞ്ചായത്തിലെ അന്നത്തെ നേതൃത്വം വഹിച്ചിരുന്നവരിൽ ഒരാളായിരുന്നു മുട്ടിയറ ശ്രീമാൻ ചാൾസ് മാനേജർ. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ നാട്ടുകാരുടെ സഹകരണത്തോടെ ചെമ്പൂര് ഒരു വായനശാല ആരംഭിക്കാനും, കേരളത്തിലെ ദേശീയ പ്രവർത്തകനായിരുന്ന ശ്രീ. ദാമോദരനാശാൻെറ പേരിടാനും തീരുമാനിച്ചു. ശ്രീ. ചാൾസ് മാനേജർ നല്കിയ രണ്ടു സെൻറു വസ്തുവിലാണ് ആ വായനശാല സ്ഥാപിച്ചത്. അതാണ് ഇന്നത്തെ ദാമോദരവിലാസം ഗ്രന്ഥശാല. ഇന്ന് ആ സ്ഥാപനത്തിനുള്ള കുറവുകൾ പരിഹരിച്ചാൽ ആ പ്രദേശത്ത് നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയും.

മറ്റൊരു സാംസ്ക്കാരിക സ്ഥാപനമാണ് 1978ൽ മൈലച്ചൽ ആരംഭിച്ച ഗ്രാമീണ ഗ്രന്ഥശാല. ഇന്ന് ഈ സ്ഥാപനം വെള്ളാംഗൽ വാർഡിലാണ് സ്ഥിതിചെയ്യുന്നത്. സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടമോ മറ്റു സൗകര്യങ്ങളോ ഇല്ലാതെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

ഇപ്പോഴത്തെ കുറ്റിയായണിക്കാട് വാർഡിൽ രണ്ടു ഗ്രന്ഥശാലകളുള്ളതിൽ ഒന്നാണ് കൈരളി ഗ്രന്ഥശാല. കുറ്റിയായണിക്കാടു സ്വന്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഗ്രന്ഥശാല 1961ൽ സ്ഥാപിതമായി. പഞ്ചായത്തിൽ നിന്നും ഒരു ടെലിവിഷനും റേഡിയോയും നല്കിയിട്ടുണ്ട്. ഗ്രന്ഥശാല മാസം തോറും പുറത്തിറക്കുന്ന കൈയ്യെഴുത്തു മാസികയിലൂടെ സാഹിത്യ മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. സാഹിത്യരചനയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്.

ഈ വാർഡിലെ മറ്റൊരു ഗ്രന്ഥശാലയാണ് കീഴാറൂരിൽ സ്ഥിതിചെയ്യുന്ന നവീന ഗ്രന്ഥശാല 1974-ൽ രൂപംകൊണ്ട ഈ സ്ഥാപനം സാമാന്യം നല്ലരീതിയിൽ പ്രവർത്തിക്കുന്നു. എന്നാൽ പല കാര്യങ്ങളും ഇന്ന് സാമ്പത്തിക പരാധീനതയാൽ നിറവേറ്റാൻ കഴിയുന്നില്ല. സാഹിത്യാഭിരുചിയുള്ളവരെ വളർത്തിയെടുക്കാൻ നയജ്ഞ എന്ന ഒരു കൈയ്യെഴുത്തുമാസിക പ്രസിദ്ധീകരിക്കുന്നു. ഒരു സ്പോർട്സ് ക്ലബ്ബും ഇവിടെ പ്രവർത്തിക്കുന്നു. കായികമത്സരങ്ങളും നടത്തുന്നുണ്ട്.

വായനയിൽ സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കാൻ ആഴ്ചയിൽ രണ്ടുദിവസം വീതം 50 വീടുകളിൽ പുസ്തകങ്ങൾ എത്തിക്കുന്നു. ലൈബ്രറിയിൽ ഒരു വായന പുസ്തകകോർണറും പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ നിന്നും നല്കിയ ഒരു ടെലിവിഷൻ തകരാറിലായിരിക്കുന്നു. കേടുപാട് സംഭവിച്ച കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തുകയും ഉപകരണങ്ങളുടെ കുറവും പരിഹരിച്ചാൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയും.

## സാംസ്ക്കാരിക നിലയം

ആര്യൻകോട് വാർഡിലാണ് പഞ്ചായത്തു വകയായ സാംസ്ക്കാരിക നിലയം സ്ഥിതിചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസം, ഗവേഷണം, എന്നിവയ്ക്കാവശ്യമായി അമൂല്യങ്ങളായ അറുന്നൂറോളം ഗ്രന്ഥങ്ങൾ ഇവിടെയുണ്ട്. ആവശ്യമായ ഉപകരണങ്ങളും സ്ഥല സൗകര്യങ്ങളും ഉണ്ടെങ്കിലും അത് ആവശ്യക്കാർക്ക് പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ച് ഉപദേശകസമിതി രൂപീകരിക്കുക, സ്ഥാപനത്തിൽ അംഗത്വം നല്കുക. ഗ്രന്ഥശാല സംഘത്തിൽ അഫിലിയേഷൻ നടത്തുക. അവശ്യക്കാർക്കു പ്രയോജനപ്പെടുംവിധം പ്രവർത്തന സമയം നിശ്ചയിക്കുക, ഇതൊന്നുംതന്നെ നടക്കുന്നില്ല. ബയല അനുസരിച്ച് A ക്ലാസ്സ് 100രൂപയും B ക്ലാസ്സ് 5 രൂപയുമായുള്ള അംഗത്വമാണുള്ളത്, അതു നല്കാത്തതിനാൽ ആ സ്ഥാപനത്തിന് ഇതേവരെ ഭാരിച്ച സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. അംഗത്വം ആവശ്യക്കാർ ധാരാളമുണ്ട്. പലരും അവിടെവന്നിരുന്നു ഗ്രന്ഥങ്ങൾ റഫർചെയ്യുന്നു. ഇതേവരെ വൈദ്യുതിലഭിച്ചിട്ടില്ല. ഒരു സെക്രട്ടറിയുണ്ട് കുറെ ദിനപത്രങ്ങളുമുണ്ട്

## വായനശാല

കുറ്റിയായണിക്കാടു വാർഡിൽ രണ്ടുവർഷമായി കാവല്ലൂരിൽ ഒരു വായനശാല നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. സ്വന്തമായി കെട്ടിടമില്ല. ഇവിടെ നാലിലധികം ദിനപ്പത്രങ്ങളും, മറ്റുവാരികകൾ മാസിക എന്നിവയുമുണ്ട്. ധാരാളം പേർ ദിവസവും ഇവിടെ വന്ന് വായന നടത്താറുണ്ട്. ഇതേവരെ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ല.

## കലാ-കായിക സ്ഥാപനങ്ങൾ

നവീന ഗ്രന്ഥശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കലാ-കായിക സ്ഥാപനമാണ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. വർഷംതോറും കലാകായിക മത്സരങ്ങൾ നടത്തുന്നു. പഞ്ചായത്തുതല മേളകളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ഫുട്ബാൾ, ക്രിക്കറ്റ് ബാൾ ടീമുകളുണ്ട്. സാമ്പത്തിക പ്രയാസം മൂലം ആവശ്യമായത്ര സ്പോർട്സ് സാധനങ്ങൾ വാങ്ങാനോ, വിജയികളെ ഉയർന്ന മത്സരങ്ങളിൽ പങ്കെടുപ്പിക്കാനോ കഴിയുന്നില്ല. യാതൊരുവിധ സാമ്പത്തിക സഹായവും ഒരു കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല.

കുറ്റിയായണിക്കാട് വാർഡിൽ പഴിഞ്ഞിപ്പാറ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന കലാ-കായിക സമിതിയാണ് നെഹ്റു യൂത്ത് കബ്ബ് സ്വന്തമായ കെട്ടിടമോ, ആവശ്യമായത്ര കളിക്കാനുള്ള

സാധനങ്ങളോ സംഭരിക്കാൻ സാമ്പത്തികമോ ഇല്ല. ഓരോ വ്യക്തിയും സ്വന്തമായി വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കുന്നു. സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല.

ഇടവാൻ വാർഡിൽ മുക്കോലവിള കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കലാസ്ഥാപനമാണ് ബാലകലാവേദി. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സമിതിയ്ക്ക് വളരെകുറച്ചു സ്പോർട്സ് സാധനങ്ങളേ ഉള്ളൂ. ഈ പ്രദേശത്ത് നടക്കുന്ന കലാകായിക പ്രവർത്തനങ്ങളിൽ സമിതി അംഗങ്ങൾക്ക് നേതൃത്വപരമായ പങ്കുണ്ട്. വാർഷിക മത്സരങ്ങൾ നടത്താറുണ്ട്. നാട്ടുകാരുടെ സാമ്പത്തിക സഹായംകൊണ്ട് പ്രവർത്തിക്കുന്നു.

ചെമ്പൂര് വാർഡിലെ പുളിങ്കുടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കലാകായിക സമിതിയാണ് സംഗമം കലാസമിതി. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കലാകായിക മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. സമിതിയ്ക്ക് സംഘവേദി എന്ന ഒരു നാടകസംഘവും ഉണ്ട്. വളർന്നുവരുന്ന കലാകാരൻമാർ തന്നെ നാടകരചന, സംവിധാനം, ഗാനരചന ഇതെല്ലാം സ്വന്തമായി നടത്തി അവതരിപ്പിച്ച നാടകം പല സ്ഥലങ്ങളിലും അവതരിപ്പിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് സമിതി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

കൈരളി ഗ്രന്ഥശാലയുടെ കീഴിലും ഒരു കലാകായിക സമിതി പ്രവർത്തിക്കുന്നു. മത്സരങ്ങൾ നടത്തിവിജയികൾക്ക് സമ്മാനം നല്കാറുണ്ട്. കായിക താരങ്ങൾക്കാവശ്യമായത്ര സാധനങ്ങൾ സംഭരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. കാരണം സാമ്പത്തിക പ്രയാസം തന്നെ.

കഴിഞ്ഞ 10 വർഷക്കാലമായി ആര്യൻകോട് പ്രദേശത്തെ സാമൂഹ്യ സാംസ്കാരികരംഗത്ത് സജീവമായി പ്രവർത്തിക്കുകയും, സമൂഹത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്കുവളരെയധികം സഹായങ്ങൾ വർഷംതോറും നൽകി വരുന്നു ഒരു സംഘടനയാണ് സർഗ്ഗാസമിതി. പഠനോപകരണങ്ങൾ നല്കുക, കുട്ടികളെ എഴുത്തിനിരുത്തുക, എസ്.എസ്.എൽ.എസിക്ക് കൂടുതൽ മാർക്ക് നേടിയവർക്ക് സമ്മാനം നൽകുക, വെയിറ്റിംഗ് ഷെഡ്, ശുദ്ധീകരണ പ്രവർത്തനങ്ങൾ ഓണക്കിറ്റു വിതരണം. മുതലായ പ്രവർത്തനങ്ങൾ വർഷംതോറും നടത്തുന്നു.

കായികതാരങ്ങളെ വളർത്തിയെടുക്കാൻ വളരെ നല്ല രീതിയിൽ നടക്കുന്ന ഒരു സ്പോർട്സ് ക്ലബ്ബും സമിതിക്കുണ്ട്. കേരളത്തിലെ പ്രമുഖരായ വോളീബാൾ ടീമുകളെ പങ്കെടുപ്പിച്ചുള്ള ടൂർണമെൻറുകൾ വർഷംതോറും നടത്തി ജേതാക്കൾക്ക് റോളിംഗ് ട്രോഫി, ട്രോഫികൾ, ഷീൽഡുകൾ ഇവ നല്കുന്നു. പൊതു ജനങ്ങൾക്കുപകാരപ്രദമാകും വിധം സമിതി ഒരു ടെലിവിഷൻ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കലാമത്സരങ്ങൾ, ഫിലം പ്രദർശനങ്ങൾ, ഗാനമേള ഇവയും നടത്താറുണ്ട്. സാമ്പത്തികമായ ചെലവുകൾക്കാവശ്യമായതുകകൾ സമിതി അംഗങ്ങളും നാട്ടുകാരും ചേർന്നാണ് സ്വരൂപിക്കുന്നത്. ചുരുക്കത്തിൽ ഈ പ്രദേശത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന സംസ്ക്കാരിക സമിതിയാണ് സർഗ്ഗാ സമിതി.

ഒരുകാലഘട്ടത്തിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നതും ഈ പ്രദേശത്തെ സാംസ്ക്കാരിക രംഗത്തെ വഴികാട്ടിയായിരുന്നതുമായ പല സംഘടനകളും ഇന്ന് പ്രവർത്തനരഹിതമായി തീർന്നിരിക്കുന്നു. അതിൽ എടുത്തുപറയേണ്ട ഒരു സംഘടനയാണ് ഒറ്റശേഖരമംഗലം, ചങ്ങമ്പുഴ തീയേറ്റേഴ്സ്. ചങ്ങമ്പുഴയുടെ നേതൃത്വത്തിൽ നിലനിന്നിരുന്ന യുവസായാഹ്നം എന്ന സംഘടന ആര്യംകോട് ഒറ്റശേഖരമംഗലം പഞ്ചായത്തുകളിലെ വളർന്നുവന്നിരുന്ന യുവകലാകാരൻമാരുടെ ആശാകേന്ദ്രമായിരുന്നു. ഈ വേദി മാസംതോറും തങ്ങളുടെ കലാസൃഷ്ടികൾ ഈ വേദിയിൽ അവതരിപ്പിച്ചു. അവയിൽ പോരായ്മകൾ ഉണ്ടെങ്കിൽ അതു തിരുത്തി വീണ്ടും വീണ്ടും നല്ല സൃഷ്ടികൾ കാഴ്ചവയ്ക്കാൻ അവർക്ക് പ്രോത്സാഹനം നല്കിയിരുന്നു. ഇന്നു കേരളത്തിൽ അറിയപ്പെടുന്ന പല എഴുത്തുകാരും ഇവിടെവന്ന് ക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നു.

ജില്ലയിൽ അങ്ങോളമിങ്ങോളം നൃത്തനാടകപരിപാടികൾ അവതരിപ്പിച്ചിരുന്ന ഒരു കലാസമിതിയാണ് ഒറ്റശേഖരമംഗലം ചങ്ങമ്പുഴ തിയേറ്റേഴ്സ് ഇതിന്റെ ആസ്ഥാനവും ഈ പഞ്ചായത്തിലെ മുക്കുതലയ്ക്കൽ ആണ്. എന്നാൽ സാമ്പത്തികമായി ഉണ്ടായ പ്രയാസങ്ങൾ സമിതിയുടെ മുന്നോട്ടുള്ള പ്രയാണത്തെ തടയപ്പെട്ടു.

ഇവ കൂടാതെ തെള്ളുകുഴി സംഘം തീയേറ്റേഴ്സ്, ആര്യൻകോട് ആര്യൻസ്, കാലായിൽ ചൈതന്യ, പുല്ലിച്ചൽക്കോണം ആർട്സ് ക്ലബ്ബ് എന്നിവ ഇന്നു പ്രവർത്തനരഹിതമാണ്.

## മഹാത്മാഗാന്ധിമെമ്മോറിയൽ വിമൻസ് റൂറൽ ഡവലപ്പ്മെൻറ് സൊസൈറ്റി വെള്ളാങ്ങൽ

ഈ അടുത്തക്കാലത്ത് രൂപംകൊണ്ട ഈ സ്ഥാപനം വെള്ളാങ്ങൽ കേന്ദ്രമായി പ്രവർത്തിക്കുന്നു. വനിതകളുടെ സാംസ്ക്കാരിക സാമൂഹ്യ ഉന്നമനം ലക്ഷ്യമാക്കി രൂപംകൊണ്ട ഈ സ്ഥാപനം പ്രവർത്തനരംഗത്തു സജീവമാണ്.

## പ്രിയദർശിനി മഹിളാസമാജം

വെലള്ളാങ്ങൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ മഹിളാസമാജം വനിതകളുടെ സ്വയംതൊഴിൽ കണ്ടെത്തൽ രംഗങ്ങളിൽ പലസംഭാവനകളും ചെയ്തിട്ടുണ്ട്. തേനീച്ചവളത്തൽ, റെഡിമെയിഡ് ഗാർമെൻസ് പരിശീലനം, ക്ഷീരഉല്പാദനയൂണിറ്റുകൾ തുടങ്ങിയവ ഈ പ്രസ്ഥാനത്തിലൂടെ നടന്നുവരുന്നു.

## വനിതാഭവൻ പൂഴിക്കുന്ന്

സാമൂഹികസാംസ്ക്കാരിക രംഗത്ത് വിപുലമായ സേവനം വെള്ളാങ്ങൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലൂടെ നടക്കുന്നു.

## ഡോക്ടർ അംബേദ്ക്കർ ഹരിജൻ മഹിളാസമാജം ആൻറ് നേഴ്സറി കുക്കുറുണി

ഹരിജനങ്ങളെ ഉദ്ധരിക്കുവാൻ ഈ സമാജത്തിന് കഴിഞ്ഞിട്ടുണ്ട്. നേഴ്സറിസ്കൂൾ നടത്തിയിരുന്നു. മറ്റു പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## നവോദയ മഹിളാസമാജം കീഴാറൂർ

ഈ സമാജം പലതരത്തിലുള്ള കൈതൊഴിലുകളും പഠിപ്പിക്കുന്നു.

## ദി ആര്യൻസ്

യുവജനങ്ങളുടെ കലാകായികവാസനകളെ വളർത്തിയെടുക്കുവാനുള്ള ഉദ്ദേശത്തോടെ രൂപംകൊണ്ട ഈ പ്രസ്ഥാനം വെള്ളാങ്ങൽ വാർഡിൽ ആര്യൻങ്കോട് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. സാമ്പത്തികബുദ്ധിമുട്ടുകൾ ഈ സ്ഥാപനത്തിൻെറ ലക്ഷ്യപ്രാപ്തിക്കുള്ള പ്രയാണം മന്ദഗതയിലാണ്.

## നേതാജി മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി

സ്ഥിചെയ്യുന്നത് ഒറ്റശേഖരമംഗലം പഞ്ചായത്തിൽ ആണെങ്കിലും കഴിഞ്ഞ 25 വർഷക്കാലംകൊണ്ട് നമ്മുടെ പഞ്ചായത്തിൻെറ സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസമേഖലകളിൽ അമൂല്യസംഭാവനകൾ നല്കുവാൻ നേതാജി പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ആരംഭക്കാലത്ത് പലവെല്ലുവിളകളും തരണം ചെയ്ത് നേതാജി പ്രസ്ഥാനം സാമൂഹ്യസേവനരംഗത്ത് നാട്ടിൻെറ ഭാഗമായിത്തീർന്നു. നിർദ്ദനവിദ്യാർത്ഥികൾക്ക് നല്കിയിരുന്ന സൗജന്യട്യൂഷൻ ഇന്നാട്ടിലെ വിദ്യാഭ്യാസമേഖലയ്ക്ക് ഒരു സംഭാവന ആയിരുന്നു. നാട്ടിൽനശിച്ചുവന്ന പല നാടൻകലകളെയും വളർത്തുവാനും പ്രോത്സാഹിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

## ഇന്ദിരാജി കൾച്ചറൽ ഡവലപ്പ്മെൻറ്

ആൾഇൻഡ്യ രജിസ്ട്രേഷൻ ഉള്ള സംഘടന കുറ്റിയായണിക്കാട് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. കേന്ദ്രവാർത്താവിനിമയ പ്രക്ഷേപണ വകുപ്പിൻെറ സഹായസഹകരണത്തോടെ ക്യാമ്പുകളും സെമിനാറുകളും നടത്തിയിരുന്ന കുട്ടികൾക്കുവേണ്ടി കലാമത്സരങ്ങൾ ക്വിസ്സ് മത്സരങ്ങൾ തുടങ്ങിയവ നടത്തി അറിവ് വർദ്ധിപ്പിച്ചിരുന്നു. നാഷണൽ ഇൻറഗ്രേഷൻ പ്രോഗ്രാം, മദ്യവർജ്ജന പ്രവർത്തനം തുടങ്ങിയവയും അവേർണസ് ജനറേഷൻ ക്യാമ്പ് എ.ജി.പി ക്രഷുകൾ തുടങ്ങിയവയും നടത്തിയിരുന്ന സാമ്പത്തിക പരാധീനത പ്രവർത്തനം മന്ദീഭവിച്ചു.

വളരെയധികം പാരമ്പര്യകലകൾക്ക് നമ്മുടെ പഞ്ചായത്ത് നേതൃത്വംവഹിച്ചിട്ടുണ്ട്. അവയുടെ ഓർമ്മകൾ നിലനിറുത്തി ജീവിക്കുന്ന ധാരാളം കലാകാരൻമാർ നമുക്കുന്നുണ്ട്. കാക്കാരശ്ശി നാടകം, ഐവർകളി, കമ്പടികളി, തിരുവാതിരകളി, വിൽമേള, ചെണ്ടമേളം കൂടാതെ നാടൻപാട്ടുകൾ, രാപ്പാട്ട്, ഭദ്രകാളിപ്പാട്ട്, ഭജനപ്പാട്ടുകൾ ഇവയും കുറഞ്ഞു കുറഞ്ഞു വരുന്നു. എന്നാൽ ഈ കലാരൂപങ്ങൾ തേച്ചുമിനുക്കി വരും തലമുറക്കുവേണ്ടി സൂക്ഷിക്കുവാൻ കഴിഞ്ഞിട്ടില്ല.

മുക്കുതലയ്ക്കൽ കേന്ദ്രീകരിച്ച് മുമ്പു പ്രവർത്തിച്ചിരുന്നതും ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നതുമായ ഒരു സാംസ്ക്കാരിക സംഘടനയായിരുന്നു എഫ്.എൽ.ഡി.എ. സമൂഹത്തിൽ താഴെതട്ടിൽ കഴിയുന്നവർക്ക് പലരീതിയിലുള്ള സഹായങ്ങൾ നല്കുകയായിരുന്നു ലക്ഷ്യം. കറവമാടുകൾ ലോൺ വ്യവസ്ഥയിൽ കൊടുക്കുക. മറ്റു പലരീതിയിലുള്ള സാമ്പത്തിക സഹായം, നൽകൽ പാരലൽകോളേജ് ആരംഭിച്ച് നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം നല്കുക എന്നിങ്ങനെ വിവിധതരങ്ങളിൽ ഈ സംഘടന പ്രവർത്തിച്ചിരുന്നു. ഇന്ന് ഇടവാൽ വാർഡിൽ വളരെ ഭംഗിയായി പ്രവർത്തിച്ചുവന്നിരുന്ന ഖാദിഉല്പാദകകേന്ദ്രം ഈ സംഘടനയുടെ പ്രവർത്തനഫലമുണ്ടായതാണ്.

ചിലമ്പറ വാർഡിലെ മഞ്ചാംകോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു സാംസ്ക്കാരികസംഘടനയാണ് കാർഡ് എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന കേരളാ അസോസിയേഷൻ ഫോർ റൂറൽ ഡവലപ്പ്മെൻറ് ആൻറ് പീസ് രജി നമ്പർ 562-85 സംസ്ഥാന വ്യാപകമായി പ്രവർത്തിക്കുന്ന ഈ സംഘടനയുടെ ഒരു യൂണിറ്റാണിത്. [redacted] സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ധാരാളം പദ്ധതികൾ ഈ സംഘടിത ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. കൂടാതെ സാംസ്കാരിക നിലവാരം ജീവിതനിലവാരം ഇവ ഉയർത്തിസമൂഹത്തിൽ മാന്യമായ സ്ഥാനം നേടിയെടുക്കുവാനും ഈ സംഘടന ശ്രമിക്കുന്നു. വിവിധ ഏജൻസികളിൽനിന്നും ലഭിക്കാവുന്ന സാമ്പത്തികാനുകൂല്യങ്ങൾ വാങ്ങി ജനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നു.

## കരാട്ടെ സ്കൂൾ

ഇടവാൽ വാർഡിൽ കാലായിൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു സ്വകാര്യസ്ഥാപനമാണ് ബ്രദേഴ്സ് ജിംനേഷ്യം ആൻറ് കരാട്ടെ സ്കൂൾ. ഇൻഡ്യ മുഴുവൻ അംഗീകാരമുള്ള ഈ സംഘടയുടെ കേന്ദ്രം മദ്രാസാണ്. ഇവിടെ ഓരോ ബാച്ചിലും 15 പേർക്കു വീതം അഭ്യാസം നൽകുന്നു. അവരിൽനിന്നും ഈടാക്കുന്ന ഫീസാണ് ഈ സ്ഥാപനത്തിൻെറ പ്രവർത്തനഫണ്ട് ഓരോ കോഴ്സിൻെറയും കാലാവധി 3 വർഷമാണ്. വ്യക്തിയുടെ മാനസികവും ശാരിരികവുമായ തയ്യാറെടുപ്പിലാണ് ഈ അഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്. അമിതാവേശവും , ചിന്തിക്കാതെ പ്രവർത്തിക്കുന്ന പ്രവണതയും തടഞ്ഞ് മനസിനെ നിയന്ത്രിച്ചു നിറുത്താൻ ഈ അഭ്യാസം വളരെയേറെ സഹായിക്കുന്നു. ഈ സ്ഥാപനം ആരംഭിച്ചിട്ട് 10 വർഷമായെങ്കിലും യാതൊരുവിധ സാമ്പത്തിക സഹായത്തിനും ശ്രമിച്ചിട്ടില്ല.

## കളരിസംഘം

ഈ പഞ്ചായത്തിലെ ചിലമ്പറ വാർഡിൽ പ്രവർത്തിക്കുന്ന ആയോധനകലാകേന്ദ്രമാണ് രാജമർമ്മതിരുമ്മൽകളരിസംഘം രജിസ്റ്റർ-നമ്പർ 57-84, സ്പോർട്ട്സ് കൗൺസിലിൻെറ അംഗീകാരമുള്ള ഈ സ്ഥാപനം ഓരോ ബാച്ചിലും 10 പേർക്കുവീതം പ്രവേശനം നൽകുന്നു. പരിശീലനകാലാവധി 12 വർഷമാണ് പഠിതാക്കൾക്ക് മെയ്‌വഴക്കം, ക്ഷമാശീലം, ആത്മനിയന്ത്രണം, സ്വഭാവരൂപികരണം, ഗുരുശിഷ്യബന്ധം, മുതലായ ഗുണവിശേഷങ്ങൾ ഈ പഠനക്കാലത്ത് ലഭിക്കുന്നു. രോഗങ്ങളിൽനിന്നു രക്ഷനേടാനും അപകടങ്ങളിൽ നിന്നും സ്വയം രക്ഷനേടാനും മറ്റുള്ളവരെ രക്ഷപ്പെടുത്താനും ഈ പരിശീലനം പ്രയോജനപ്പെടുന്നു. പലതരത്തിലുള്ള ആയുധ അഭ്യാസങ്ങളും ഈ പരിശീലനകാലത്തു നൽകുന്നു.

ഈ സ്ഥാപനത്തിൽ ഒരു ഏജൻസികളിൽനിന്നും യാതൊരു ധനസഹായവും ലഭിച്ചിട്ടില്ല. പത്രമാധ്യമരംഗവും മറ്റുവാർത്തമാധ്യമങ്ങളും പരിശോധിച്ചാൽ ഈ പഞ്ചായത്ത് വളരെ പിന്നിലാണ് പ്രാഥമിക വിവരശേഖരണത്തിൽനിന്നും ലഭിച്ച കണക്കനുസരിച്ച് 2109 റേഡിയോയും 929 ടെലിവിഷനും നമ്മുടെ പഞ്ചായത്തിലുണ്ട്. ദിന പത്രങ്ങൾ 870-ംവാരികയുടെ കൃത്യമായ വിവരം ലഭിച്ചിട്ടില്ല. ഏറ്റവും കൂടുതൽ പേർ വരുത്തുന്ന ദിനപത്രം മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി, ദേശാഭിമാനി എന്നീ ക്രമത്തിലും വാരികകൾ മനോരമ, മാതൃഭൂമി, മംഗളം, ചലചിത്രവാരികകൾ, കലാകൗമുദി, ചിന്ത എന്നീ ക്രമത്തിലും മാസിക വനിത,സിനിമാമാസികകൾ, ബാലമാസിക പൂമ്പാറ്റ, കളിക്കുടുക്ക എന്നീക്രമത്തിലുമാണ്. വാരിക, മാസിക ഇവ കൂടുതലായ വാങ്ങുന്നതും വായിക്കുന്നതും സ്ത്രീകളാണ്. [redacted] സമൂഹത്തിൽ ആർഭാടജീവിതം നയിക്കുന്നതിനുള്ള താല്പര്യം വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. ചില പ്രസിദ്ധീകരണങ്ങൾ, ചലചിത്രങ്ങൾ, വീഡിയോ കാസറ്റുകൾ എന്നിവയുടെ പ്രചാരം

വളർന്നുവരുന്ന തലമുറയെ തെറ്റായ പാന്ഥാവിലൂടെ നയിക്കുന്നില്ലെയെന്നു സംശയിക്കേണ്ടതായിരിക്കുന്നു. ടെലിവിഷന്റെ എപ്പോഴുമുള്ള ഉപയോഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ ചെറിയ തോതിലെങ്കിലും ബാധിക്കുന്നു.

പഞ്ചായത്തിലെ ജാതിമതവിഭാഗങ്ങൾ പരിശോധിച്ചാൽ ഹിന്ദു-ക്രിസ്തുമത വിശ്വാസികൾ മാത്രമാണുള്ളത്. 75ലധികം ചർച്ചുകളും 25 ലധികം ഹൈന്ദവ ആരാധനാലയങ്ങളും ഉണ്ട്. ഇസ്ലാം മതവിഭാഗം ഒരു ശതമാനംപോലും ഇല്ല. ഇസ്ലാംമത ആരാധനലയവും ഇല്ല. കൂടുതൽ പേരും അധ്വാനം മാത്രം കൈമുതലായുള്ള തൊഴിലാളികളാണ് ദരിദ്രകർഷരും ഇടത്തരം കർഷകരും ഏകദേശം 30 ശതമാനത്തോളം വരും വിരലിലെണ്ണാവുന്ന ധനിക കൃഷിക്കാരാണ് ഈ പഞ്ചായത്തിലുള്ളത് രാഷ്ട്രീയപാർട്ടികളോട് ആഭിമുഖ്യമുള്ള മതവിഭാഗങ്ങളാണ് ഇവിടെയുള്ളത്.

സാമൂഹ്യആചാരങ്ങൾ വർദ്ധിച്ചുവരുന്നു. കൃസ്ത്യാനികൾ ക്രിസ്തുമസ്, വാർഷികപ്പിറവ്, ദുഖവെള്ളിയാഴ്ച, എന്നീ ആഘോഷങ്ങളും ഹിന്ദുക്കൾ ശ്രീകൃഷ്ണജയന്തി, ചതയദിനം, മഹാശിവരാത്രി, ദീപാവലി, ആഘോഷങ്ങളും നടത്തുന്നു.എന്നാൽ ഓണം, ദീപാവലി എന്നിവ ജാതിമതം കൂടാതെ ഏവരും ആഘോഷിക്കുന്നു. മതസൗഹാർദ്ദപരമായി പരസ്പരസഹകരണത്തോടെ എല്ലാ ആഘോഷങ്ങളിലും എല്ലാ വിഭാഗക്കാരും പങ്കെടുക്കുകയും സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നുണ്ട്. തിരുവാതിര മഹോൽസവം ഈ പഞ്ചായത്തിലെ ഒരു പ്രധാന ആഘോഷമാണ്. വളരെയധികം ഭംഗിയുള്ള പല പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട് ഇന്നും നാം സന്ദർശിക്കുന്ന വിനോദസഞ്ചാരകേന്ദ്രങ്ങളെക്കാൾ മേൻമയുള്ള പ്രദേശം ഇന്ന് നാം അവഗണിച്ചിരിക്കുകയാണ്.

കീഴാറൂർ വാർഡിൽ നെയ്യാറിന്റെ തീരപ്രദേശങ്ങളായ ഈരാറ്റുപുറം അരുവിക്കര, മൈലച്ചൽ വാർഡിലെ ചരിത്രപ്രധാന്യമുള്ള പന്തംപാച്ചിപാറ അതിനോടു ചേർന്ന് രാജഭരണകാലമുതലേ പ്രാധാന്യമുള്ള കദളി വാഴയും ചുന ഇടവാൻ വാർഡിൽ ചിറ്റാറിനോടു ചേർന്നുള്ള കോളൂർ ക്ഷേത്രവും കോളൂർ വെള്ളച്ചാട്ടവും ചിലമ്പറ വാർഡിലെ കരിമ്പാറമുകൾ മുതലായ പ്രദേശങ്ങൾ പഞ്ചായത്തും ടൂറിസംവകുപ്പും ശ്രദ്ധിച്ചാൽ നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തികരംഗത്തിനും സാംസ്കാരികപുരോഗതിക്കും വൻപിച്ച നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

*സാദ്ധ്യതകൾ*

ഗ്രന്ഥശാലകളും വായനശാലകളും വളരെ കുറവാണ്. നിലവിലുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിടം മറ്റുപകരണങ്ങൾ ഇവയുടെ പരിമിതിപ്രനർത്തനത്തെ സാരമായി ബാധിക്കുന്നു.

കായികകലാസമിതികൾ ആവിർഭവിച്ച് ഒരു വാർഷികാഘോഷത്തോടെ പ്രവർത്തനം നിലക്കുന്നു. അവയ്ക്കു സ്വന്തംകെട്ടിടം മറ്റുസൗകര്യങ്ങൾ ഇവ ഉണ്ടാകണം. കളി സ്ഥലങ്ങൾ വളരെ കുറവാണ്.

*സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കണം*

മൺമറഞ്ഞ കലാരൂപങ്ങൾ നിലനിറുത്താൻ ആവശ്യമായ ഏർപ്പാടുകൾ

സ്ത്രീകളിൽ വായനാശീലം വർദ്ധിപ്പിക്കാൻ ഗ്രന്ഥശാലകൾ പ്രത്യകം താല്പര്യം കാണിക്കണം.

മതസൗഹാർദ്ദം നിലനിർത്താനുള്ള ബോധവൽക്കരണ പ്രചരണം നടത്തുക

മദ്യപാനം, അന്ധവിശ്വാസം, അനാചാരം എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക

നിലവാരം കുറഞ്ഞ പുസ്തകങ്ങൾ ലൈബ്രറികളിൽ വാങ്ങാതിരിക്കുക

*നിർദ്ദേശം*

വാർഡുതോറും ഓരോ ഗ്രന്ഥശാല സ്ഥാപിക്കുകയും ഫർണിച്ചറുകളും നിലവാരമുള്ള പുസ്തകങ്ങൾ ശേഖരിച്ച് വിതരണം നടത്തുക.

ഗ്രന്ഥശാലകൾക്ക് പഞ്ചായത്തിൽ നിന്നും റേഡിയോ, ടെലിവിഷൻ ഇവ നല്കുക

ലൈബ്രറികൾക്ക് ഗ്രാൻറ് വർഷംതോറും നല്കുക. സ്ത്രീകളിൽ വായാനാശീലം വർദ്ധിപ്പിച്ച് ഗ്രന്ഥശാലകളിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പി

ക്കാൻ വിടുകളിൽ പുസ്തകങ്ങൾ എത്തിക്കാൻ ലൈബ്രറിയൻ അലവൻസ് വർദ്ധിപ്പിക്കുക. ഗ്രന്ഥശാല, സാംസ്ക്കാരികനിലയം സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ളബ്ബുകൾ ഇവയുടെ ഉന്നമനത്തിന് വേണ്ടി പഞ്ചായത്തു നിലവാരത്തിൽ ഉപദേശകസമിതി രൂപികരിക്കുക.

സാംസ്ക്കാരികനിലയത്തിലെ ഗ്രന്ഥങ്ങൾ ആവശ്യക്കാർക്ക് ഉപയോഗിക്കത്തക്കവിധം അംഗത്വം നല്കി പ്രവർത്തനം ത്വരിതപ്പെടുത്തുക.

പഞ്ചായത്തിൻെറ സ്റ്റേഡിയം അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കുക.

സ്കൂളുകളിൽ കളി സ്ഥലങ്ങൾ നിർബന്ധമാക്കുക.

വാർഡുതോറും ഓരോ സ്റ്റേഡിയം സ്ഥാപിക്കുക.

പഞ്ചായത്തു കലാ-കായിക മേളയിൽ വിജയിക്കുന്നവർക്ക് കൂടുതൽ പരിശീലനത്തിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും സാമ്പത്തിക സഹായവും നല്കുക. നശിച്ചുകൊണ്ടിരിക്കുന്ന പഴയനാടൻകലാരൂപങ്ങൾ നിലനിറുത്താൻ ഇന്നുള്ള കലാകാരൻമാർക്കു ആവശ്യമായ സഹായം നല്കുക.

നാടൻപാട്ടുകൾ മുതലായവ റിക്കാർഡ്ചെയ്തു സൂക്ഷിക്കുക.

എൽ.പി.എസ് മുതൽ സ്പോർട്ട്സ് പരിശീലനം നൽകുക.

എല്ലാ ഗ്രന്ഥശാലകളിലും ബാലവിഭാഗം രൂപികരിക്കുക

പ്രകൃതിഭംഗിയുള്ള പ്രദേശങ്ങൾ ടൂറിസ്റ്റു കേന്ദ്രങ്ങളാക്കിമാറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

ഗ്രന്ഥശാലകളിൽ വരുത്തുന്ന പത്രമാസികകളും ചെലവും വൈദ്യുതിചിലവും പഞ്ചായത്തു വഹിക്കുക.

ഈ കാര്യങ്ങളിൽ പരിഹാരം കാണാൻ കഴിഞ്ഞാൽ സാംസ്ക്കാരികരംഗത്ത് നമ്മുടെ പഞ്ചായത്തിന് ഒരു കുതിച്ചുകയറ്റം നടത്താൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

പഞ്ചായത്തുതലത്തിൽ ഒരു ബാലസാഹിത്യ കേന്ദ്രം സ്ഥാപിക്കണം

മണ്ണാംകോണം വാർഡിലെ പ്രവർത്തനരഹിതമായി സ്ഥിചെയ്യുന്ന കമ്മ്യൂണിറ്റി ഹാളിൽ ഒരു ലൈബ്രറി തുടങ്ങുന്നതിനുള്ള നടപടി ഉണ്ടാകണം.



## ഗ്രന്ഥശാലകൾ

| ക്രമനമ്പർ | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തക ശേഖരം | അംഗങ്ങൾ | വരുത്തുന്ന പ്രസിദ്ധീകരണം: ദിനപ്പത്രം | വാരിക | മാസിക | മറ്റുള്ളവ | പ്രതിദിന വിതരണം | അനുബന്ധ പ്രവർത്തനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദാമോദരവിലാസം ഗ്രന്ഥശാല ചെമ്പൂര് | 1942 | സി | 5020 | 601 | 1 | 1 | 7 | | 25-30 | |
| 2 | ഗ്രാമീണ ഗ്രന്ഥശാല, മൈലച്ചൽ | 1978 | സി | 3001 | 362 | 5 | 5 | 4 | | 13-18 | |
| 3 | കൈരളി ഗ്രന്ഥശാല,കുറ്റിയായണിക്കാട് | 1961 | ഡി | 2872 | 724 | 3 | | 4 | | 17-21 | കൈയ്യെഴുത്തുമാസിക, സാഹിത്യകലാമൽസരം |
| 4. | നവീന ഗ്രന്ഥശാല, കീഴാറൂർ | 1974 | ഡി | 2872 | 959 | 4 | 2 | 4 | | 14-19 | കൈയ്യെഴുത്തുമാസിക, ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് ഗ്രാമീണ പുസ്തക കോർണർ, വന പുസ്തക കോർണർ |
| 5 | കാവല്ലൂർ വായനശാല | 1995 | | - | 40 | 3 | 2 | 2 | | | |

## കലാ-കായിക കേന്ദ്രങ്ങൾ

| ക്രമനമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | സ്പോർട്ട്സ് കൗൺസിൽ അംഗീകാരമുണ്ടോ | സ്വന്തമായി കെട്ടിടമുണ്ടോ | റേഡിയോ ടി.വി. | പുസ്തകം |
|---|---|---|---|---|---|---|---|
| 1 | യുവബാല കലാവേദി | 1992 | 125 | രജിസ്റ്റർ നമ്പർ-648 | | | |
| 2 | നവീന ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | 1975 | 26 | രജിസ്റ്റർ നമ്പർ-303 | | | |
| 3 | നെഹറു യൂത്ത് ക്ലബ്ബ് | 1975 | 50 | രജിസ്റ്റർ നമ്പർ-150 | | | |
| 4 | സംഗമം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, പുളിങ്കുടി | 1996 | 40 | രജിസ്റ്റർ നമ്പർ-574 | | | |
| 5 | സർഗ്ഗാസമിതി | 1985 | 100 | | | ടിവിഉണ്ട് | |
| 6 | ദി ആര്യൻസ് | 1987 | 122 | | | | |
| 7 | മാസ്ക് | 1996 | 50 | | | | |

# വിഭവ സമാഹരണം

അനുഗ്രഹിത ഭൂപ്രകൃതിയും നയനമനോഹരങ്ങളായ കുന്നൻ ചരിവുകളും മലയോര പ്രദേശങ്ങളും, താഴ്വരകളും, പറകെട്ടുകളും, നീർമറി പ്രദേശങ്ങളും പ്രകൃതിദത്തമായ ജലസ്രോതസുകളും, വയലേലകളും, അരുവികളും, കുളങ്ങളും, ആറുകളും നെയ്യാർ ചാനലും ഉൾപ്പെടെ വിഭവസമൃദ്ധമായ ഒരു ഗ്രാമാന്തരീക്ഷവും അതിൽ കൃഷി ചെയ്യുവാൻ ആഗ്രഹമുള്ള പൗരാണിക കാർഷികകൃഷി സമ്പ്രദായത്തിന്റെ മധുരസ്മരണകൾ മനസ്സിലൊതുക്കു കഴിയുന്ന ഒരു സമൂഹവും ഒത്തിണങ്ങിയ സവിശേഷിതയുള്ള ഈ പഞ്ചായത്തും കാലോചിതമായി കൃഷിക്ക് സാമ്പത്തിക പരാധീനതകൾ ഉണ്ടെങ്കിലും കൃഷി തൊഴിലായി സ്വീകരിച്ചു കഴിയുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയാണ് ഈ പഞ്ചയാത്തിലുടനീളം നിലനിൽക്കുന്നത്.

മനുഷ്യ സമ്പത്ത് കൂടുതലുള്ള ഈ പഞ്ചായത്തിൽ ഒരേക്കറിന് താഴെ മാത്രം വസ്തുവും അതിനുള്ളിൽ ഒരു കിടപ്പാടവുമുള്ള ബഹുഭൂരിപക്ഷം ജനങ്ങൾക്ക് നാനാവിധമായ കൃഷികളും, ചെറുകിട പരമ്പരാഗത് കുടിൽ തൊഴിലുകൾ ചെയ്യുന്നതിന് സർക്കാർ സഹായങ്ങളോ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളോ കിട്ടാത്തതു കാരണം നിത്യ ദാരിദ്ര്യത്തിലാണ്. വീടുപുലർത്താനോ, കുഞ്ഞുങ്ങളെ യഥാവിധി വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിനോ, ദേശീയ മുഖ്യധാരയിലേയ്ക്ക് കടന്നുവരുന്നതിനോ സാമ്പത്തിക പ്രതിബന്ധം ഒരു തടസ്സമാണ്. ജനങ്ങളിൽ ഉണ്ടായികൊണ്ടിരിക്കുന്ന സാമ്പത്തിക പിന്നോക്കാവസ്ഥ ഈ പഞ്ചായത്തിലെ എല്ലാ മേഖലകളിലും നിഴലിച്ചുകാണാവുന്നതും പഞ്ചായത്തുൾപ്പെടെയുള്ള ജനകീയ സ്ഥാപനങ്ങളുടെ സ്വജനീയവസ്ഥയ്ക്കും സാമ്പത്തിക ദൗർലഭ്യം ഒരു പരിധിവരെ വികസനത്തിന് വെല്ലുവിളിയായി തീർന്നിരിയ്ക്കുകയാണ്.

പ്രകൃതിവിഭവവും, മനുഷ്യ വിഭവവും, സാമ്പത്തിക ശാസ്ത്ര വൈദഗ്ധ്യവും ഒത്തിണക്കി സാമ്പത്തിക സഹായം കാലോചിതമായി ഉണ്ടായാൽ ഈ പഞ്ചായത്തിന്റെ വിഭവശേഷി ഇന്നിരിയ്ക്കുന്നതിന്റെ പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിന് തദ്വാര ഈ പഞ്ചായത്തിലെ ഓരോ കുടുംബങ്ങളേയും അതുൾപെട്ട പഞ്ചായത്തിനേയും, സാമൂഹ്യമായും, സാമ്പത്തികമായും, ഭൗതികമായും ഉയർത്തിയെടുക്കാനാകും എന്നതാണ് ജനകീയ ആസൂത്രണ സമിതി നടത്തിയ പ്രാഥമിക കുടുംബ വിഭവശേഖരണത്തിലും പഞ്ചായത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച ദ്വതീയ വിവരങ്ങളിൽ നിന്ന് മനസ്സിലാകുന്നത്.

ഗ്രാമീണ വായ്പാ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | ഒറ്റശേഖരമംഗലം |
| 2. | സർവ്വീസ് സഹകരണ കരണ ബാങ്ക് | മൈലച്ചൽ |
| 3. | കാർഷിക വികസന ബാങ്ക് ഭൂപണ ബാങ്ക് | ചെമ്പൂര് |
| 4. | ഫെഡറൽ ബാങ്ക് | ചെമ്പൂര് |

ഈ ബാങ്കുകളിൽ നിന്നും ഗ്രാമീണകർക്കാവശ്യമായ വായ്പകൾ നല്കുന്നു. ഇതിനുപുറമേ അഞ്ച് വ്യക്തിഗത ബാങ്കുകളും ഉണ്ട്.

| | | |
|---|---|---|
| 1. | എസ്.യു. ഫണ്ട് | ചെമ്പൂര് |
| 2. | എസ്.എസ്.ഫണ്ട് | ചെമ്പൂര് |
| 3. | രാധാകൃഷ്ണ ജൂവല്ലറി | മൈലച്ചൽ |
| 4. | രാധാകൃഷ്ണ ഫണ്ട് | മൈലച്ചൽ |
| 5. | ശ്രീകുമാർ ഫണ്ട് | ഒറ്റശേഖരമംഗലം |

ഈ പഞ്ചായത്തിന്റെ ഇന്ന് നിലവിലിരിക്കുന്ന വരുമാനം കൊണ്ട് ദാരിദ്ര്യ രേഖയ്ക്കു താഴെ കഴിയുന്നവരെ സഹായിക്കാൻ കവിയുന്നില്ല. സർക്കാരിൽ നിന്നു കിട്ടുന്ന വിവിധ ഇനം ധനസഹായങ്ങൾ കൊണ്ടുമാത്രമാണ് പഞ്ചായത്ത് നിലനിന്നുപോരുന്നത്. ഫസ്റ്റ് ഗ്രേഡ് പഞ്ചായത്താണെങ്കിലും പഞ്ചായത്തിന്റെ വരുമാനം കൊണ്ട് ഭരണപരമായ

ചെലവുകൾക്കും, വൈദ്യുത ചാർജ്ജ്, വെള്ളകരം, ലോൺ തിരിച്ചടക്കൽ എന്നിവയ്ക്കുപോലും തികയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ക്ഷേമ പ്രവർത്തനത്തിനോ, കലാസാംസ്ക്കാരിക മേഖലയെ പരിഭോഷിപ്പിക്കുന്നതിനോ സാധിക്കുന്നില്ല.

*നിർദ്ദേശങ്ങൾ*

1. ഈ പഞ്ചായത്തിൽ 27 കുളങ്ങളുള്ളതിൽ 5 എണ്ണത്തിലെങ്കിലും നല്ലയിനം മത്സ്യം കൃഷി ചെയ്താൽ ഉദ്ദേശം 25000 രൂപ വാർഷിക വരുമാനത്തിൽ ലഭ്യമാകും മാത്രമല്ല 30 പേർക്കെങ്കിലും തൊഴിലും ലഭിയ്ക്കും.

2. കുളവരമ്പുകളിലും തോട്ടവരമ്പുകളിലും തെങ്ങ്, മൽബറി, കുരുമുളക്, കാപ്പി, പുല്ല് എന്നിവ കൃഷി ചെയ്താൽ പ്രതിവർഷം ഒരു ലക്ഷം 1,00,000 രൂപയോളം വരുമാനം ഉണ്ടാക്കാം.

3. ആറ്റിന്റെ കരകളിൽ ഈറയും, മുളയും, വാറ്റുപുല്ലും കൃഷിചെയ്താൽ ഒരു ലക്ഷംരൂപയോളം വരുമാനം ഉണ്ടാകുകയും കൂടാതെ പരമ്പരാഗത ഈറത്തൊഴിലാളികൾക്ക് തൊഴിലിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാവുന്നതാണ്.

4. പാറത്തരിശ്, റവന്യൂ പുറമ്പോക്ക് എന്നീ സ്ഥലങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് വിവിധ പദ്ധതികൾക്കു രൂപം നൽകി കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കു രൂപം നൽകി കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കു ഉപയോഗിച്ചാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

5. പ്രകൃതിസുന്ദരമായ വിട്ടിയോട്, ഈരാറ്റിൻപുറം, അരുവിക്കര, എലിവാലൻകോണം, പഴിഞ്ഞിപ്പാറ, കിഴക്കൻമല, കോളൂർ വെള്ളച്ചാട്ടം ഇവയെ സംയോജിപ്പിച്ചുകൊണ്ട് ഒരു ടൂറിസ്റ്റ് ശൃംഖല വികസിപ്പിച്ചാൽ ഉദ്ദേശം രണ്ടുലക്ഷം 2,00,000 രൂപയോളം പ്രതിവർഷ വരുമാനം ഉണ്ടാക്കാം.

6. പഞ്ചായത്തിന്റെ അധീനതയിലുള്ള ഏകദേശം 390 ഏക്കർ സ്ഥലം കൈവശപ്പെടുത്തി സംരക്ഷിച്ച് ഉപയോഗപ്പെടുത്തിയാൽ വരുമാനം വർദ്ധിപ്പിക്കാം.

7. ഭൂനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകുക.

8. ഭൂമിയുടെ നില്നിൽപ്പ് അനുസരിച്ച് ജനകീയാസൂത്രണ വികസനത്തിനു വേണ്ടി ലൻറ്സെസ് ഏർപ്പെടുത്തണം.

9. പുറമ്പോക്കു വൃക്ഷങ്ങൾക്ക് നമ്പരിട്ട് കരം ഈടാക്കാവുന്നതാണ്.

10. മാർക്കറ്റുകളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്കു കൊടുക്കുക.

11. പഞ്ചായത്തിൽ ഒരു കല്യാണ മണ്ഡപം നിർമ്മിച്ചാൽ വരുമാനം വർദ്ധിപ്പിക്കാം.

12. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ, കാർസ്റ്റാൻറുകൾ നിർമ്മിച്ച് ലേലം ചെയ്തുകൊടുക്കാവുന്നതാണ്.

13. പത്തുവാർഡുകലിലേയും ഗ്രാമസഭകളിലുള്ള ആളുകളുടെ മാനവശേഷി സംഭാവന ചെയ്യാനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് ശുഭോദർക്കമായ കാര്യമാണ് ഈ സന്നദ്ധതയെ സമാഹരിച്ച് നാടിന്റെ വികസനത്തിന് ഉതകുന്നവിധം ഉപയോഗിക്കുവാൻ പര്യാപ്തമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കാൻ പഞ്ചായത്ത് ടാസ്ക്ഫോഴ്സ് രൂപീകരിക്കേണ്ടതാണ്.

14. നെൽപ്പാടങ്ങളിൽ നാണ്യവിളകൃഷി ചെയ്യുന്നവരിൽ നിന്ന് അധികനികുതി ചുമത്താവുന്നതാണ്.

15. ഈ പഞ്ചായത്തിൽ ഇപ്പോൾ വിദേശത്തു കഴിയുന്നവരുടെ സമ്പത്തുകൾ ക്രോഡീകരിച്ച് അവരെ മാന്യമായി പുനരധിവസിപ്പിച്ച് അവരുടെ സമ്പത്ത് പഞ്ചായത്തിലൂടെ പത്യല്പാദനപരമായ സംരംഭങ്ങൾക്ക് വിനിയോഗിച്ചാൽ പഞ്ചായത്തിന് സമ്പത്ത് വർദ്ധിപ്പിക്കാവുന്നതാണ്.

## വിദേശത്ത് ജോലി ചെയ്യുന്നവരുടെ കണക്ക്

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| ജോലിചെയ്യുവന്നവർ | 15 | | 30 | 75 | 13 | 16 | 5 | 22 | 36 | 33 |

മേൽ നിർദ്ദേശിച്ച വിഭവങ്ങളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിൻെറ വരുമാന മാർഗ്ഗങ്ങളെ വർദ്ധിപ്പിക്കാനും നഷ്ടം നികത്തി ലാഭകരമാക്കാനും, കലാസംസ്ക്കാരിക മേഖലയെ പരിപോഷിപ്പിക്കാനും, പുതിയ മേഖലകളെ വികസിപ്പിക്കാനും കഴിയും.

16. വളർത്തുനായ്ക്കൾക്ക് ഫീസും ലൈസൻസും ചുമതലപ്പെടുത്തുന്നതുവഴി നായ്ക്കളെ നിയന്ത്രിച്ച് പേപ്പട്ടിശല്യം ഒഴിവാക്കിയും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിയ്ക്കാം,

17. പാരലൽ കോളേജുകളെയും പ്രൈവറ്റ് ആശുപത്രികളുടേയും, പഞ്ചായത്ത് തല രജിസ്ട്രേഷനിലൂടെ വാർഷിക വരുമാനം കണ്ടെത്താം.

18. 5 ഏക്കറിനുമുകളിലുള്ള തോട്ടങ്ങൾ ഒരു നിശ്ചിത നിരക്ക് സെസ് ചുമത്തിയാൽ പഞ്ചായത്തിലെ വരുമാനം കണ്ടെത്താം.

## പഞ്ചായത്തിൻെറ കഴിഞ്ഞ 5 വർഷത്തിലെ വരുമാനം

| ക്രമ നമ്പർ | ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | പ്രാരംഭനിബാക്കി | | 122667.65 | 41766.50 | 192442.65 | 174546.20 |
| 2. | തൊഴിൽ നികുതി | 45743.00 | 45015.00 | 51221.00 | 61225.00 | 74445.00 |
| 3. | കെട്ടിടനികുതി | 64010.60 | 43463.05 | 78665.30 | 77033.00 | 51976.00 |
| 4. | ലൈസൻസ് ഫീസ് | 2891.00 | 6545.00 | 6115.00 | 7400.00 | 5580.00 |
| 5. | കുത്തകപ്പാട്ടം | 4471.00 | 3842.00 | | 1979.00 | 13755.00 |
| 6. | അൺടൈഡ് ഫണ്ട് | 115303.00 | 131000.00 | 198600.00 | 388004.00 | 292290.00 |
| 7. | ജനനമരണം | 260.00 | 169.00 | 174.00 | 198.00 | 280.00 |
| 8. | ഗ്രാൻറുകൾ | 184577.00 | 726311.00 | 328533.00 | 276254.00 | 641896.00 |
| 9. | ചന്തവരുമാനം | 137880.00 | 141384.00 | 129751.80 | 140582.00 | 130789.00 |
| 10. | നികുതിയേതരവരുമാനങ്ങൾ | 10222620 | 135582.30 | 148758.30 | 79701.40 | 73751.60 |
| 11. | മണൽ ലേലം | | 281.65. | 38101.00 | 42100.00 | 11650.00 |
| 12. | ഷോപ്പിംഗ് കോംപ്ലക്സ് | 25327.40 | 17029.80 | 14286.55 | 14358.40 | 10995.50 |
| 13. | ഡെപ്പോസിറ്റ് | 36153.00 | 6650.00 | 17981.00 | | 14100.00 |
| | ആകെ | 718882.20 | 1276731.80 | 1429804.05 | 1281277.45 | 1493624.30 |

## പഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷത്തെ ചെലവ്‌വിവരം

| ക്രമ നമ്പർ | ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെന്റ് | 242501.70 | 356712.30 | 403922.40 | 409832.60 | 483677.00 |
| 2. | പൊതുമരാമത്ത് | 98038.50 | 266623.00 | 466315.00 | 223966.00 | 56400.00 |
| 3. | ആരോഗ്യം | 700.00 | 8620.00 | 280.00 | 200.00 | 7000.00 |
| 4. | തെരുവ് വിളക്ക് | 94751.00 | 122493.00 | 135807.00 | 125466.00 | 132003.00 |
| 5. | ഫോൺചാർജ് | 2355.50 | 15590.00 | 4133.00 | 8298.00 | 5907.00 |
| 6. | ഗ്രന്ഥശാലയംക്ക് ടി.വി |  |  | 17848.00 |  | 20000.00 |
| 7. | സ്റ്റേഷനറി, രജിസ്റ്റർ ഫാറങ്ങൾ | 7412.00 | 27763.00 | 14090.00 | 16084.00 | 21698.00 |
| 8. | ഇലക്ഷൻ | 4552.00 |  |  | 46722.00 | 33222.00 |
| 9. | ബാലമേളത്തിനുള്ളധനസഹായം |  |  | 25000.00 |  | 30000.00 |
| 10. | കോടതി ചിലവുകൾ |  | 8052.50 | 10101.00 | 13458.00 | 6418.00 |
| 11. | ഡെപ്പോസിറ്റ് മടക്കികൊടുത്തത് | 39616.00 | 31991.00 | 8748.00 | 4663.00 | 14100.00 |
| 12. | പട്ടിപിടുത്തം |  |  | 5068.00 |  | 1010.00 |
| 13. | കേരളോത്സവം | 5984.00 | 4995.00 | 500.00 | 181.00 | 5884.00 |
| 14. | സാക്ഷരതാ ചിലവ് | 1150.00 | 13424.00 | 4979.00 | 1971.00 | 600.00 |
| 15. | വിദ്യാഭ്യാസം | 3573.00 | 2787.50 | 21020.00 | 6870.00 | 20825.00 |
| 16. | മറ്റുചിലവുകൾ | 700.00 | 44.00 | 119550.00 | 256665.00 | 472637.35 |
|  | ആകെ | 601133.70 | 859115.30 | 1237361.40 | 1114376.60 | 1309371.35 |

മനുഷ്യ വിഭവശേഷികൊണ്ട് ഈ പഞ്ചായത്തിൽ ഉണ്ടായ ഒരു വൻനേട്ടവും വിഭവശേഷിയും കഴിഞ്ഞ ഒരു വർഷം കൊണ്ട് (1998) നാട്ടുകാരുടെ ശ്രമഫലമായി വെട്ടിയ റോഡുകളുടെ ഒരു പട്ടിക ചുവടെ ചേർക്കുന്നു. (പുനരർപ്പണം ഉൾപ്പെടെ.)

| ക്രമ നമ്പർ | റോഡുകളുടെ വിവരം | നീളം കി. മീറ്റർ | മനുഷ്യാദ്ധ്വാനം ഏകദേശഎണ്ണം | ഏകദേശ മൂല്യം |
|---|---|---|---|---|
| 1. | ചെറുവണ്ണൂർ പശുവണ്ണറ റോഡ് (കീഴാറൂർ) | 1 | 280 | 22,400 |
| 2. | പശുവണ്ണറ, മുട്ടപ്പുറ, മണിയാറാംകോണം റോഡ് (കീഴാറൂർ) ബണ്ട്റോഡ് | 2 | 300 | 24,000 |
| 3. | പട്ടംചിറ നിരപ്പുവിള റോഡ് (കുറ്റിയായണിക്കാട്) | 1 | 250 | 20,000 |
| 4. | ശാസ്താംകുഴി പാളയത്തുവിള റോഡ് (ആര്യൻകോട്) | 1.05 | 300 | 24,000 |
| 5. | കരിമ്പാലക്കുഴി നിർമ്മാലി റോഡ് (കുറ്റിയായണിക്കാട്) | 1.5 | 400 | 32,000 |
| 6. | പൂഴിക്കുന്ന് അവിയൻകോട് റോഡ് (വെള്ളാങ്ങൽ) | .75 | 125 | 10,000 |
| 7. | ആടോട്ടുകോണം-പഴിഞ്ഞികോണം റോഡ് (തുടലി) | 0.5 | 90 | 7,200 |
| 8. | മൊട്ടലുംമൂട് - ചിലവൂർ ഹരിജൻ കോളനി റോഡ് (മണ്ണാംകോണം) | 1.5 | 300 | 24,000 |
| 9. | കാവുവിള തേമ്പാച്ചൽ റോഡ് (മണ്ണാംകോണം) | 1.5 | 400 | 32,000 |
| 10. | ചിലമ്പറ കോളനി കീഴ്പ്പാറ റോഡ് (ചിലമ്പറ) | 2 | 700 | 56,000 |
| 11. | മുള്ളൻകുഴി, കട്ടോട്, മണലിറോഡ് (ചിലമ്പറ) | 2 | 650 | 52,000 |
| 12. | മീനാകോട് മുഴങ്ങിൽ റോഡ് (കുറ്റിയായണിക്കട്) | 1 | 300 | 24,000 |
| 13. | മൊട്ടലുംമൂട് - പാറനട റോഡ് (മണ്ണാംകോണം) | 0.5 | 400 | 32,000 |
| 14. | കുഴിച്ചല്ലൂർ - ആലുംകുഴി - ആയക്കാവ് റോഡ് (തുടലി) | 2 | 450 | 36,000 |
| 15. | വേക്കോട്ടുകോണം തുടലി റോഡ് (മൈലച്ചൽ) | 1.5 | 600 | 48,000 |
| 16. | കുളത്തൂർകോണം, മണലുവിളാകം, തുമ്പക്കാവ് (ഇടമാൽ വെള്ളാങ്ങൽ) | 2 | 750 | 60,000 |
| 17. | നെടുമ്പാറ - മുളമുട്ടുനട റോഡ് (ഇടമാൽ) | 0.5 | 150 | 12,000 |
| 18. | വിലങ്ങറ - കൈലാസപുരം റോഡ് (ചെമ്പൂര്) | 0.5 | 150 | 12,000 |
| 19. | ആര്യൻകോട് തേരിനട, മൈലച്ചൽ ബണ്ടു റോഡ് (മൈലച്ചൽ) | 1.25 | 800 | 64,000 |
| 20. | വഴുതോട്ടുകോണം പിറളക്കോട് റോഡ് (കുറ്റിയായണിക്കാട്) | 750 | 300 | 24,000 |

# ഉപസംഹാരം

രാഷ്ട്രപിതാവിന്റെ സ്വപ്നം സഫലീകരിയ്ക്കാൻ രാഷ്ട്രീയ ആചാര്യനായ ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ അശ്രാന്ത പരിശ്രമത്തിൽ രൂപം കൊള്ളുന്ന ജനകീയ ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ ഞാൻ കൃതാർത്ഥനാണ്.

ഇന്നു കാണുന്നതും നാം അനുഭവിയ്ക്കുന്നതുമായ എല്ലാ നേട്ടങ്ങളും കഴിഞ്ഞ പഞ്ചവത്സര പദ്ധതികളുടേതുതന്നെയാണ്. എന്നാൽ ഗ്രാമീണ ജനതയ്ക്ക് ചൂഷണ വിമുക്തമാകാനോ അർഹമായതു നേടാനോ കഴിഞ്ഞില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. ജനങ്ങളുടെ ആവശ്യവും, ആശയും യഥാർത്ഥ പങ്കാളിത്തവും ഉറപ്പുവരുത്തികൊണ്ടും പ്രകൃതിവിഭവങ്ങളേയും മനുഷ്യശക്തിയേയും ഭരണവും കൂട്ടിയിണക്കികൊണ്ട് നീതിപൂർവ്വമായ വിതരണവും സുതാര്യതയും ദ്രുതഗതിയിലുള്ള നടത്തിപ്പിലും ലക്ഷ്യവച്ചുകൊണ്ടുള്ള ഒരു വികസന സംസ്ക്കാരത്തതിന് നേതൃത്വപരമായ പങ്കുവഹിക്കാൻ ഭരണസമിതികൾ തയ്യാറാകുകയാണ്.

നമ്മുടെ പഞ്ചായത്തിലെ 65ശതമാനം കുടുംബങ്ങളും ദരിദ്രരാണ്. ഭൂരിപക്ഷം ആളുകളും കുടുംബം പുലർത്താൻ തൊഴിൽ തേടി അലയുന്നു. എന്നാൽ എല്ലാപേർക്കും തൊഴിലും ,ചൂഷണം ചെയ്യപ്പെടാത്ത സമൂഹത്തേയും വാർത്തെടുക്കാൻ നാം ഒറ്റക്കെട്ടായി നിൽക്കുകയും നാം ആവശ്യപ്പെടുന്നതനുസരിച്ചുള്ള സഹായങ്ങൾ ഭരണകർത്താക്കൾ ചെയ്തു തരുകയും ആണെങ്കിൽ മോചിതരാകും. നമ്മുടെ നാട്ടിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ വിഭവങ്ങളും ഇവിടെ തന്നെ സംസ്ക്കരിച്ച് ഉല്പന്നങ്ങളും ഉപകരണങ്ങളും ആക്കുകയും ഓരോ വീടിനും അവരവരുടെ അഭിരുചിക്കനുസരിച്ച് ഒരോ കുടിൽ വ്യസായം തുടങ്ങാനും കഴിയണം. എല്ലാ വീട്ടിലും ഒരു കറവമാട് നിർബന്ധമാക്കിയും, പാൽ ഉല്പന്നങ്ങളും, റെഡിമേഡ് വസ്ത്രങ്ങൾ, അച്ചാറുകൾ, മെഴുകുതിരികൾ, ശാമ്പ്രാണിത്തിരികൾ, കരകൗശവലവസ്തുക്കൾ, ചിപ്സ് അയിറ്റങ്ങൾ, ഇറച്ചികൾ, നാളികേര അനുബന്ധഉൽപന്നങ്ങൾ, റബ്ബർ ഉല്പന്നങ്ങൾ, മരിച്ചീനി, മധുരകിഴങ്ങ്, തേൻ ഉൽപ്പന്നങ്ങൾ തുടങ്ങി നഗരവാസികൾക്ക് ആവശ്യമായ കാർഷിക ഉല്പന്നങ്ങൾ കയറ്റി അയയ്ക്കാൻ നമുക്ക് കഴിയണം. ഇതിനാവശ്യമായ മുഴുവൻ സമ്പത്തും ഒൻപതാം പദ്ധതിയിൽ നമുക്കു തരും എന്നു പ്രതീക്ഷിച്ചുകൊണ്ട് ഈ വികസന രേഖ തയ്യാറാക്കാൻ സഹായിച്ച എൽ.ആർ.പി.മാർ, ഡി.ആർ.പി.മാർ, വാർഡുതല പ്രവർത്തകർ, സ്വാഗതസംഘം പ്രവർത്തകർ, ഓഫീസ് മേധാവികൾ, വിദഗ്ധ നിർദ്ദേശം നൽകിയ ഗുരുജനങ്ങൾ, എല്ലാത്തിനും നേതൃത്വം നൽകിയ ഭരണസമിതി അംഗങ്ങൾ എന്നിവർ ജാതിമത കക്ഷിരാഷ്ട്രീയം മറന്ന് ഒന്നായി അഹോരാത്രം പ്രവർത്തിച്ചതിന്റെ പരിണിതഫലമാണ് ഈ രേഖ. ഇതിൽ ഉള്ള തെറ്റുകൾ തിരുത്തിയും ആവശ്യമായതു കൂട്ടിചേർത്തും പൂർണ്ണമാക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

സഹകരിച്ച എല്ലാവർക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ!

വിനയപുരസ്സരം

പി. കരുണാകരൻ നായർ
*പ്രസിഡന്റ്*
*ആര്യൻകോട് ഗ്രാമപഞ്ചായത്ത്*